
ഇന്ത്യൻ ഭരണഘടനയും നീതിന്യായവ്യവസ്ഥയും

ഒരു മാർക്സിസ്റ്റ് അന്വേഷണം

ഇ എം എസ് നമ്പൂതിരിപ്പാട്
ബി ടി രണദിവെ
പി ഗോവിന്ദപ്പിള്ള



PG
335.42

ഇന്ത്യൻ ഭരണഘടനയും നീതിന്യായവ്യവസ്ഥയും

ഒരു മാർക്സിസ്റ്റ് അന്വേഷണം

indian bharanaghadanayum neethinyaya vyavastayum oru marxist anveshanam • e m s, b t r, p g • first edition march 2005 • second edition july 2007 • typesetting by anil vega • published by chintha publishers, thiruvananthapuram • distributed by deshabhimani book house • printed at akshara offset, thiruvananthapuram.

cover : anil vega *price : rupees eighty only*

വിതരണം : ദേശാഭിമാനി ബുക്ക് ഹൗസ്
H O തിരുവനന്തപുരം-695 001
ബ്രാഞ്ചുകൾ : തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം
എറണാകുളം, തൃശൂർ, കോഴിക്കോട്, കൽപ്പറ്റ, കണ്ണൂർ

CR - 717 / 1765

ഇന്ത്യൻ ഭരണഘടനയും നീതിന്യായവ്യവസ്ഥയും

ഒരു മാർക്സിസ്റ്റ് അന്വേഷണം

9887

ഇ എം എസ്
ബി ടി രണദിവെ
പി ഗോവിന്ദപ്പിള്ള



ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം-695 001
വില : 80.00 രൂപ

PG
335.42

ഉള്ളടക്കം

ആമുഖം
പി ഗോവിന്ദപ്പിള്ള 7

നിയമ-നീതിന്യായവ്യവസ്ഥകളെക്കുറിച്ചുള്ള
മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ചിന്തകൾ
ബി ടി രണദിവെ 13

ഇന്ത്യൻ ഭരണഘടന ചൂഷക വർഗത്തിന്റെ ഉപകരണം
ബി ടി രണദിവെ 29

ഇന്ത്യൻ ഭരണഘടനയും സോഷ്യലിസവും
ഇ എം എസ് നമ്പൂതിരിപ്പാട് 71

കുറ്റം ചുമത്തപ്പെട്ടവൻ കുറ്റം ചുമത്തുന്നു
ഇ എം എസ് നമ്പൂതിരിപ്പാട് 96

പത്രാധിപർക്കൊരു കത്ത്
ഇ എം എസ് നമ്പൂതിരിപ്പാട് 111

ഭരണഘടനാഭേദഗതികളെ സംബന്ധിച്ച്
സി പി ഐ (എം) 118

ഇന്ത്യൻ നീതിന്യായവ്യവസ്ഥയുടെ
ഉയർച്ചയും വീഴ്ചയും
പി ഗോവിന്ദപ്പിള്ള 146

ആമുഖം

ചൈന കഴിഞ്ഞാൽ ജനസംഖ്യകൊണ്ട് ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രമാണ് ഇന്ത്യ. അതുകൊണ്ട് ചൈനീസ് സോഷ്യലിസ്റ്റ് വ്യവസ്ഥയെ ജനാധിപത്യമായി അംഗീകരിക്കാത്തവർ ഇന്ത്യയെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായി വിശേഷിപ്പിക്കുന്നു. ചൈനയെ ഏറ്റവും വലിയ ജനകീയ ജനാധിപത്യ രാഷ്ട്രമെന്നോ തൊഴിലാളിവർഗജനാധിപത്യ രാഷ്ട്രമെന്നോ വിശേഷിപ്പിക്കുന്നപക്ഷം ഇന്ത്യയെ ഏറ്റവും വലിയ ബൂർഷ്വാ ജനാധിപത്യരാഷ്ട്രം എന്നു വിശേഷിപ്പിക്കാവുന്നതാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാന സ്രോതസ് ഇന്ത്യൻ ഭരണഘടനയാണ്. പാർലമെന്റിന് പ്രത്യേക നിബന്ധനകൾ അനുസരിച്ച് ഭരണഘടന ഭേദഗതി ചെയ്യാൻ അധികാരമുണ്ടെങ്കിലും ഭരണഘടനയെ മറികടക്കാൻ പാർലമെന്റിന് അധികാരമില്ല. അതുകൊണ്ടാണ് എഴുതി ഉണ്ടാക്കിയ ഒരു ഭരണഘടന ഇല്ലാത്ത ബ്രിട്ടനിൽ (യുണൈറ്റഡ് കിങ്ഡം ഓഫ് ബ്രിട്ടൻ ആന്റ് നോർതേൺ അയർലാൻണ്ട് എന്നാണ് അംഗീകൃത നാമധേയം) പരമാധികാരം (sovereignty) പാർലമെന്റിന്റെ ജനകീയമണ്ഡലമായ ഹൗസ് ഓഫ് കോമൺസിൽ നിക്ഷിപ്തമായിരിക്കുമ്പോൾ, ഇന്ത്യയുടെ പരമാധികാരം പാർലമെന്റിൽനിന്ന് വ്യത്യസ്തമായി ഭരണഘടനയിൽ നിക്ഷിപ്തമായിരിക്കുന്നു എന്നു പറഞ്ഞുവരുന്നത്.

1947 ആഗസ്റ്റ് 15-ന് ബ്രിട്ടനിൽനിന്നും അവരുടെ പാർലമെന്റ് നിശ്ചയപ്രകാരം ഭരണാധികാരം അന്നു നിലവിലിരുന്ന പാർലമെന്റ് മുഖേന ഇന്ത്യക്കാരുടെ കൈകളിലേക്ക് പകർന്നതിനുശേഷം ആ പാർലമെന്റ് തന്നെ

ഒരു കോൺസ്റ്റിസ്റ്റ്യുവന്റ് അസംബ്ലി അഥവാ നിയമനിർമാണസഭയായി മാറി. നിയമമന്ത്രിയായിരുന്ന ഡോ. ഭീംറാവു അംബേദ്കറുടെ അധ്യക്ഷതയിൽ പ്രവർത്തിച്ച ഡ്രാഫ്റ്റിങ്സമിതി തയ്യാറാക്കിയ കരട് ഭരണഘടന വാശിയേറിയ വിവാദങ്ങൾക്കും ഭേദഗതികൾക്കും ശേഷം 1949 നവംബർ 26-ന് ഭരണഘടനാനിർമാണസമിതിയായി പ്രവർത്തിച്ച അന്നത്തെ പാർലമെന്റ് അന്തിമമായി അംഗീകരിച്ചു. ഭരണഘടനാസമിതിയുടെ അധ്യക്ഷനായിരുന്ന ഡോ. രാജേന്ദ്രപ്രസാദ്, പ്രധാനമന്ത്രി ജവാഹർലാൽനെഹ്റു, അംഗങ്ങളായിരുന്ന ഗോപാലസ്വാമി അയ്യങ്കാർ, അല്ലാടി കൃഷ്ണസ്വാമി അയ്യർ, കെ എം മുൻഷി തുടങ്ങിയവരും സോമനാഥ് ലാഹിരി, അനന്തൻ നമ്പ്യാർ തുടങ്ങിയ കമ്യൂണിസ്റ്റ് അംഗങ്ങളും ഭരണഘടനയ്ക്ക് അന്തിമരൂപം നൽകുന്നതിൽ വലിയ പങ്കുവഹിച്ചു.

1929 ജനുവരി 26ന് ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനം അംഗീകരിച്ച പൂർണസ്വാതന്ത്ര്യ പ്രമേയത്തിന്റെ അനുസ്മരണമായി 1950- ജനുവരി 26-ന് ഇന്ത്യയുടെ ഭരണഘടന നടപ്പിൽ വന്നു. 1951 അവസാനവും 1952 ആദ്യവുമായി ഭരണഘടനാപ്രകാരമുള്ള ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പ് നടന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യസാക്ഷാത്കാരത്തിലും ജനാധിപത്യ പുരോഗതിയിലും ഇന്ത്യൻ ഭരണഘടന വലിയൊരു മുന്നേറ്റത്തിനാണ് പ്രതിനിധീഭവിച്ചത്. ഇക്കാര്യം സംബന്ധിച്ച് ഇ എം എസ് നമ്പൂതിരിപ്പാട് ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്ന *ഖാലേ സ്മാരക പ്രഭാഷണ*ത്തിൽ പറയുന്നു:

> നമ്മുടെ റിപ്പബ്ലിക്കൻ ഭരണഘടനയെക്കുറിച്ചു നമുക്ക് അഭിമാനമുണ്ട്. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ ഒരു അവിസ്മരണീയസംഭവമാണ് ഭരണഘടനാനിർമ്മാണസമിതി അതിന് നൽകിയ അംഗീകാരം എന്നു നാം വിചാരിക്കുന്നു. വിദേശാധിപത്യത്തിന്റേയും ജാതിക്കുശുമ്പിന്റേയും പിന്തിരിപ്പൻ സാമൂഹ്യ സാംസ്കാരിക വ്യവസ്ഥകളുടേയും കാലഘട്ടങ്ങൾക്ക് പര്യവസാനംകുറിച്ച സംഭവമാണതെന്നു നാം കണക്കാക്കുന്നു. രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റേയും പാർലമെന്ററി ജനാധിപത്യത്തിന്റേയും ആവേശഭരിതമായ മുദ്രാവാക്യങ്ങളെ നമ്മുടെ കൊടിക്കൂറയിൽ അത് വരഞ്ഞുവച്ചു. മാത്രമല്ല എല്ലാ രൂപത്തിലുള്ള സാമൂഹ്യാസമത്വങ്ങളേയും അവസാനിപ്പിക്കുമെന്നും സാർവത്രികപുരോഗതി നേടിയെടുക്കുമെന്നും അത് നമുക്ക് ഉറപ്പുനൽകി.
>
> (പുറം 63)

ഇങ്ങനെ ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ പുരോഗതിയുടെ നീണ്ട ഒരു കാൽവയ്പായിരുന്നു നമ്മുടെ റിപ്പബ്ലിക്കൻ ഭരണഘടനയെങ്കിലും അതിന്റെ ദൗർബല്യങ്ങൾ നിരവധിയാണെന്ന് കഴിഞ്ഞ അഞ്ചുപതി

റ്റാണ്ടിലേറെ കാലത്തെ അനുഭവം സംശയങ്ങൾക്ക് ഇടയില്ലാത്തവിധം തെളിയിക്കുന്നു. ഈ സമാഹാരത്തിലെ *ഖാലേ സ്മാരക പ്രഭാഷണം* വളരെ സംഗ്രഹിച്ചാണെങ്കിലും ഈ പോരായ്മകളുടെ നീണ്ട പട്ടിക അവതരിപ്പിച്ച് യുക്തിയുക്തം നമ്മെ ബോധ്യപ്പെടുത്തുന്നു.

ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന രണ്ടാമത്തെ ലേഖനത്തിൽ *-ഇന്ത്യൻ ഭരണഘടന ചൂഷകവർഗ്ഗത്തിന്റെ ഉപകരണം-* ഇ എം എസ് ഉന്നയിച്ച വിമർശനം ബി ടി രണദിവെ മറ്റൊരുതരത്തിൽ അവതരിപ്പിക്കുന്നു. ഈ സമാഹാരത്തിലെ ഒന്നാമത്തേതായ ബി ടി ആറിന്റെ *നിയമ-നീതിന്യായ വ്യവസ്ഥകളെക്കുറിച്ചുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ചിന്തകൾ* എന്ന ലേഖനവും നാലാമത്തേതായ *കുറ്റം ചുമത്തപ്പെട്ടവൻ കുറ്റം ചുമത്തുന്നു* എന്ന ലേഖനവും അഞ്ചാമത്തേതായ *പത്രാധിപർക്കൊരു കത്ത്* എന്ന ലേഖനവും ഇന്ത്യൻ നീതിന്യായസ്ഥാപനങ്ങളുടെയും വ്യവസ്ഥയുടെയും വർഗപക്ഷപാതത്തിലേക്ക് വെളിച്ചം വീശുന്ന രേഖകളാണ്. ഇന്ത്യൻ ഭരണകൂടത്തിന്റെ അവിഭാജ്യമായ മൂന്ന് ഘടകങ്ങളിൽ ഒന്നായ നീതിന്യായവ്യവസ്ഥയുടെ വർഗസ്വഭാവം ഭരണകൂടത്തിന്റെതന്നെ വർഗസ്വഭാവമാണ് (ഭരണനിർവാഹകഘടകം അഥവാ എക്സിക്യൂട്ടീവും നിയമനിർമാണസഭകൾ അഥവാ ലെജിസ്ലേച്ചറും ആണ് മറ്റ് രണ്ട് ഘടകങ്ങൾ). എന്താണ് ഇന്ത്യൻഭരണഘടനയുടെ വർഗസ്വഭാവം? സി പി ഐ (എം) ന്റെ പരിപാടിയിൽ നിർവചിക്കുന്നു:

> മുതലാളിത്തവികസനപാത പിന്തുടരുന്നതിനായി വിദേശ ഫിനാൻസ് മൂലധനവുമായി കൂടുതൽ കൂടുതൽ സഹകരിക്കുന്നതും വൻകിട ബൂർഷ്വാസിയാൽ നയിക്കപ്പെടുന്നതുമായ ബൂർഷ്വാ -ഭൂപ്രഭുവർഗഭരണത്തിന്റെ ഉപകരണമാണ് ഇന്നത്തെ ഇന്ത്യൻ ഭരണകൂടം. നാടിന്റെ ജീവിതത്തിൽ ഭരണകൂടം നിർവഹിക്കുന്ന പങ്കിന്റേയും നടത്തുന്ന പ്രവർത്തനത്തിന്റേയും സത്ത അടിസ്ഥാനപരമായി നിർണയിക്കുന്നത് ഈ വർഗസ്വഭാവമാണ്.
>
> (5.1)

ഇ എം എസിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട രണ്ടാമത്തെ മന്ത്രിസഭാകാലത്ത് നീതിന്യായവ്യവസ്ഥയുടെ ഈ വർഗസ്വഭാവത്തെക്കുറിച്ചുള്ള ഒരു പരാമർശത്തെത്തുടർന്ന് അദ്ദേഹത്തിനെതിരെ കേരളാ ഹൈക്കോടതി 'കോടതിയലക്ഷ്യ'ത്തിന് കേസെടുത്തതും അതിന്റെ വിധിയും അപ്പീലിനെത്തുടർന്നുള്ള സുപ്രീംകോടതിവിധിയും സംബന്ധിച്ച മൂന്നുലേഖനങ്ങൾ ഈ സമാഹാരത്തിൽ ചേർത്തിട്ടുണ്ട്.

മുഖ്യമന്ത്രി എന്ന നിലയിൽ ഇ എം എസ് 1967 നവംബർ 9-ന് നടത്തിയ ഒരു പരാമർശം പത്രങ്ങളിലും റേഡിയോയിലും വിപുലമായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. അവയിൽ *ഇന്ത്യൻ എക്സ്പ്രസ്* പത്രത്തിൽ വന്ന വാർത്തയെ അടിസ്ഥാനപ്പെടുത്തി തലശേരിയിലെ കോൺഗ്രസ് പ്രവർത്തകനായ അഭിഭാഷകൻ ടി നാരായണൻ നമ്പ്യാർ ഹൈക്കോട

തിയിൽ നൽകിയ കോർട്ടലക്ഷ്യക്കേസിൽ ഇ എം എസ് നൽകിയ സത്യവാങ്മൂലമാണ് നാലാമത്തെ ലേഖനം.

1968 ഫെബ്രുവരി 9-ാം തീയതി ജസ്റ്റിസ് രാമൻ നായർ, ജസ്റ്റിസ് ടി എസ് കൃഷ്ണമൂർത്തി അയ്യർ, ജസ്റ്റിസ് കെ കെ മാത്യു എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ച് രണ്ടുപേരുടെ ഭൂരിപക്ഷത്തോടെ ഇ എം എസിനെ കോർട്ടലക്ഷ്യത്തിനായി 1000 രൂപ പിഴയൊടുക്കാനും അല്ലാത്തപക്ഷം ഒരു മാസം വെറും തടവനുഭവിക്കാനും ശിക്ഷിച്ചു. ജസ്റ്റിസ് മാത്യു ആണ് വിധിന്യായത്തോട് വിയോജിപ്പിച്ച് പ്രകടിപ്പിച്ചത്. ഹൈക്കോടതിവിധിക്കെതിരെ സുപ്രീം കോടതിയിൽ ഭരണഘടനയിലെ 134 (1) (സി) വകുപ്പ് പ്രകാരം അപ്പീൽ നൽകി. ചീഫ് ജസ്റ്റിസായിരുന്ന ഹിദായത്തുള്ളയും ജസ്റ്റിസ് മിറ്ററും, ജസ്റ്റിസ് റെയും ചേർന്ന ബഞ്ച് ഹൈക്കോടതി വിധി ശരിവച്ച് അപ്പീൽ തിരസ്കരിച്ചു. പക്ഷേ പിഴ 1000 രൂപയിൽ നിന്ന് അമ്പതുരൂപയാക്കി കുറച്ചു. പിഴ ഒടുക്കാത്തപക്ഷം ഒരാഴ്ചത്തെ വെറും തടവ് അനുഭവിക്കണം. 1970 ജൂലായ് 31-നാണ് സുപ്രീം കോടതി ഈ വിധി പ്രസ്താവിച്ചത്. (1970 കെ എൽ ടി 588)

മാർക്സിന്റെയും എംഗൽസിന്റെയും യഥാർഥ സിദ്ധാന്തങ്ങൾ സംബന്ധിച്ച് ഇ എം എസിന് അറിവില്ലെന്നും നീതിന്യായവ്യവസ്ഥ അഥവാ ജുഡീഷ്യറിക്ക് വർഗപക്ഷപാതമോ സ്വഭാവമോ ഉണ്ടെന്ന അദ്ദേഹത്തിന്റെ വാദം ശരിയല്ലെന്നും അഭിപ്രായപ്പെട്ടുകൊണ്ടാണ് ചീഫ് ജസ്റ്റിസ് ഹിദായത്തുള്ളയും രണ്ട് സഹജഡ്ജിമാരും അപ്പീൽ തിരസ്കരിച്ചതും ശക്ഷയിൽ ഇളവ് വരുത്തിയതും. ഈ വാദത്തെ നിശിതമായി വിമർശിച്ചുകൊണ്ടും ഭരണകൂടത്തിന്റെ വർഗസ്വഭാവം തന്നെ ജുഡീഷ്യറിക്കും ബാധകമാണെന്നും സ്ഥാപിച്ചുകൊണ്ടുള്ളതാണ് ഈ പുസ്തകത്തിലെ ഒന്നാമത്തെ ബി ടി ആർ ലേഖനം. തനിക്ക് മാർക്സിസം ലെനിനിസത്തെ പറ്റി വിവരമില്ലെന്നും ജുഡീഷ്യറിക്ക് വർഗസ്വഭാവം ഉണ്ടെന്ന് മാർക്സും എംഗൽസും പറഞ്ഞിട്ടില്ലെന്നും മറ്റുമുള്ള സുപ്രീംകോടതി പരാമർശങ്ങളെ യുക്തിയുക്തമായും ചിലപ്പോൾ നർമരസത്തോടെ പരിഹസിച്ചുകൊണ്ടും ഇ എം എസ് ചീഫ് ജസ്റ്റിസ് ഹിദായത്തുള്ളയ്ക്ക് എഴുതിയ തുറന്ന കത്തിന്റെ ഉള്ളടക്കമാണ് ഈ സമാഹാരത്തിൽ ചേർത്തിരിക്കുന്ന അഞ്ചാമത്തെ ലേഖനം. സുപ്രീം കോടതിയുടെ അപ്പീൽ വിധിന്യായം പ്രസിദ്ധീകരിച്ച *കേരള ലോ ടൈംസി*ന്റെ പത്രാധിപർക്കുള്ള ഒരു കത്തിന്റെ രൂപത്തിലാണ് ഇതു തയ്യാറാക്കിയിട്ടുള്ളത്. കെ എൽ ടിയിൽ അതു പ്രസിദ്ധീകരിച്ചു.

ഈ സമാഹാരത്തിലെ ആറാമത്തെ ലേഖനം വളരെ പ്രധാനപ്പെട്ട ഒരു രേഖയാണ്. 1975 മുതൽ 1977 വരെ നീണ്ടുനിന്ന അടിയന്തരാവസ്ഥ കാലത്ത് ഭരണഘടനയിൽ കുറേയേറെ മാറ്റങ്ങൾ വരുത്താൻ അടിയന്തരാവസ്ഥയുടെ ഉപജ്ഞാതാവും ഗുണഭോക്താവും ആയ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി തീരുമാനിച്ചു. ഇന്ദിരാഗാന്ധിയുടെ ലോകസഭാംഗത്വം റദ്ദാ

ക്കിയ അലഹാബാദ് ഹൈക്കോടതിവിധിയെയും അതിനെ മിക്കവാറും സ്ഥിരീകരിച്ചുകൊണ്ട് സുപ്രീംകോടതി ജസ്റ്റിസ് വി ആർ കൃഷ്ണയ്യർ പുറപ്പെടുവിച്ച വിധിന്യായത്തെയും അസ്ഥിരപ്പെടുത്തുന്നതുൾപ്പെടെ അടിയന്തരാവസ്ഥയ്ക്കും പൗരസ്വാതന്ത്ര്യ നിഷേധങ്ങൾക്കും നിയമപരമായ അടത്തറനൽകാൻ ഉതകുന്ന ഭേദഗതികൾ ഭരണഘടനയിൽ എഴുതിച്ചേർക്കുകയായിരുന്നു ഇന്ദിരാഗാന്ധിയുടെ ലക്ഷ്യം. അതേസമയം അടിയന്തരാവസ്ഥ പ്രഖ്യാപനവും ഭരണഘടനാ ഭേദഗതിയും മറ്റും തന്റെ ഫാസിസ്റ്റ് പ്രവണതയെ അല്ല നേരെമറിച്ച് ഫാസിസ്റ്റ് പ്രവണതക്കാരെ പരാജയപ്പെടുത്തി ജനാധിപത്യവും സോഷ്യലിസവും നടപ്പാക്കാനുള്ള ശ്രമമാണെന്നും വരുത്തിത്തീർക്കാനുള്ള ചിലഭേദഗതികളും ഭരണഘടനയ്ക്കായി അവർ നിർദേശിച്ചിരുന്നു. ഉദാഹരണത്തിന് ഭരണഘടനയുടെ പീഠികയിൽ ആദ്യം ഇന്ത്യ ഒരു സോവറിൻ ഡെമോക്രാറ്റിക് റിപ്പബ്ലിക് എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ അടിയന്തരാവസ്ഥക്കാലത്തെ ഭേദഗതികളിൽ ഒന്ന് ഇന്ത്യ മതനിരപേക്ഷവും സോഷ്യലിസ്റ്റും ആണെന്നുകൂടി എഴുതിച്ചേർത്തു. ഇതുപോലെ മറ്റു പലതും പൊതുജനാഭിപ്രായത്തെ അടിയന്തരാവസ്ഥയ്ക്ക് അനുകൂലമാക്കുക എന്ന ലക്ഷ്യത്തിൽ എഴുതിച്ചേർത്തതാണ്. ഈ ഭേദഗതി നിർദേശങ്ങൾ മുൻകൂറായി വിവിധ പാർട്ടികൾക്ക് അയച്ചുകൊടുക്കുകയും അവയുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ക്ഷണിക്കുകയും ചെയ്തിരുന്നു. ഈ ക്ഷണപ്രകാരം സി പി ഐ (എം) ഭരണഘടനയ്ക്ക് നിർദേശിച്ച ഭേദഗതികളും അടിയന്തരാവസ്ഥയെ ന്യായീകരിക്കുന്നതുൾപ്പെടെ ഇന്ദിരാഗാന്ധിയുടെ നടപടികളെ തുറന്നുകാട്ടുന്നതും ആയ പഠനാർഹവും പ്രസക്തവും ആയ വിലപ്പെട്ട രേഖയാണ് ആറാമത്തെ അധ്യായം.

ഈ സമാഹാരത്തിലെ ഏഴാമത്തെ ലേഖനം ഈ അടുത്ത കാലത്ത് ഈ ലേഖകൻ എഴുതിയതാണ്. സ്വാതന്ത്ര്യാനന്തരകാലത്ത് ഇന്ത്യൻ ജൂഡീഷ്യറിയുടെ നിലപാടുകളിൽ വന്ന സ്വാഗതാർഹവും അല്ലാത്തതും ആയ മാറ്റങ്ങളുടെ വിവരണമാണ് അതിലുള്ളത്. 1950 കളിലും 1960 കളിലും യാഥാസ്ഥിതികത്വത്തിന്റെയും സ്ഥാപിതതാൽപര്യ സംരക്ഷണത്തിന്റെയും നെടുങ്കോട്ടകളായിരുന്ന കോടതികളിൽ 1970-കളിൽ എങ്ങനെ മാറ്റം വന്നു എന്ന് അതിൽ വിവരിക്കുന്നു. 1960 കളുടെ അവസാനത്തോടെ കോൺഗ്രസിലുണ്ടായ ഭിന്നിപ്പും ഇന്ത്യൻ രാഷ്ട്രീയത്തിൽ സംഭവിച്ച തിരിമറികളും അടിയന്തിരാവസ്ഥയും അതോടുകൂടി കോൺഗ്രസിന്റെ ഭരണകുത്തക അവസാനിച്ചതും കോൺഗ്രസിതര സർക്കാരുകൾ കേന്ദ്രത്തിൽ വരാൻ തുടങ്ങിയതും മറ്റും ആയ രാഷ്ട്രീയ മാറ്റങ്ങൾ ജുഡീഷ്യറിയെ ചിലപ്പോൾ നന്മയ്ക്കും മറ്റു ചിലപ്പോൾ തിന്മയ്ക്കും ഉതകും വിധം മാറ്റി തീർത്തതെങ്ങനെ എന്നും ഈ ലേഖനത്തിൽ വിവരിക്കുന്നു.

1970 കളിൽ ജുഡീഷ്യൽ ആക്ടിവിസം അഥവാ കോടതികളുടെ കർമോന്മുഖമായ മുൻകൈകൾ നമ്മുടെ നീതിന്യായ നടത്തിപ്പിൽ സ്വാത

ന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും കാറ്റും വെളിച്ചവും പകരാൻ തുടങ്ങിയ കഥയും ഇവിടെ വിവരിക്കുന്നു. ഈ ജുഡീഷ്യൽ ആക്റ്റിവിസം ചിലർ ദുരുപയോഗപ്പെടുത്താൻതുടങ്ങിയതും പൗരസ്വാതന്ത്ര്യത്തെയും ജനാധിപത്യ അവകാശങ്ങളെയും സംരക്ഷിക്കാൻ ജസ്റ്റിസ് കൃഷ്ണയ്യരും ജസ്റ്റിസ് സുബ്രഹ്മണ്യം പോറ്റിയും ജസ്റ്റീസ് ജീവൻ റെഡ്ഢിയും മറ്റും പ്രചാരം നൽകിയ ആക്ടിവിസത്തെ പണിമുടക്കും ഹർത്താലുകളും നിരോധിക്കാനും വിദ്യാർഥി രാഷ്ട്രീയത്തെ അപലപിക്കാനും വരെ ചിലർ ദുരുപയോഗപ്പെടുത്തിയത് എങ്ങനെ എന്നും ഇതിൽ വിവരിക്കുന്നു.

ഇന്ത്യൻ ഭരണഘടനയുടെയും ഇന്ത്യൻ ജുഡീഷ്യറിയുടെയും പക്ഷപാതങ്ങൾ കൂടുതൽ പ്രകടമാവുകയും പുരോഗമന പ്രവണതകൾ പ്രക്ഷീണമാവുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ ജനകീയ താൽപ്പര്യങ്ങളും മനുഷ്യാവകാശങ്ങളും സംരക്ഷിക്കാനുള്ള പോരാട്ടം ഈ തെറ്റായ പ്രവണതകൾക്കെതിരെയും തിരിയേണ്ടിയിരിക്കുന്നു എന്ന തിരിച്ചറിവാണ് ഈ ലേഖനസമാഹാരം പ്രസിദ്ധീകരിക്കാൻ ഞങ്ങൾക്ക് പ്രചോദകമായത്. ഈ പുസ്തകം വിപുലമായി പ്രചരിക്കപ്പെടുമെന്നും അവകാശ സമരങ്ങൾക്കായി ഇതിൽക്കൂടെ നൽകുന്ന കരുക്കൾ പ്രയോജനപ്പെടുമെന്നും പ്രതീക്ഷിക്കുന്നു.

പി ഗോവിന്ദപ്പിള്ള

നിയമ-നീതിന്യായ വ്യവസ്ഥകളെക്കുറിച്ചുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ചിന്തകൾ

ബി ടി രണദിവെ

ഇ എം എസ് കേസിന്റെ വിധിപ്രഖ്യാപനം നടത്തിയ സുപ്രീം കോടതി ജഡ്ജിമാർ, ഒരു വർഗ ഉപകരണമായി ഭരണകൂടത്തെ കാണുമ്പോൾ തന്നെ ജഡ്ജിമാരെയും നീതിന്യായ വ്യവസ്ഥയെയും അതിൽനിന്ന് ഒഴിവാക്കുകയാണ് മാർക്സും എംഗൽസും ലെനിനും ചെയ്തതെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഇന്ത്യൻ ഭരണഘടനക്കുകീഴിലുള്ള നിയമങ്ങളെ വ്യാഖ്യാനിക്കുന്നതുമായി ബന്ധപ്പെടാത്ത ഒരു വിഷയമെന്ന നിലയിൽ, ഈ അഭിപ്രായപ്രകടനം, ജഡ്ജിമാർക്ക് മാർക്സിസത്തിൽ പ്രാഥമികജ്ഞാനംപോലുമില്ലെന്ന് തെളിയിക്കുന്നതായി പറയാൻ ഏതൊരാൾക്കും അവകാശം നൽകുന്നു.

കോടതികളെയും മറ്റു നിയമസ്ഥാപനങ്ങളെയുമെല്ലാം സമൂഹത്തിന്റെ മേൽപ്പുരയായി മാർക്സ് പരിഗണിക്കുകയും അവ വർഗയാഥാർഥ്യങ്ങളെയും വർഗതാൽപര്യങ്ങളെയും പ്രതിഫലിപ്പിക്കുകയാണ് ചെയ്യുന്നത് എന്നു പറയുകയും ചെയ്തിട്ടുണ്ടെന്ന് മാർക്സിന്റെ ചിന്തയെക്കുറിച്ച് - ചരിത്രപരമായ ഭൗതികവാദത്തെക്കുറിച്ച്-പ്രാഥമിക പരിചയമുള്ള എല്ലാവർക്കും അറിയാവുന്നതാണ്. മാർക്സ് പൊലീസിനെയും സൈന്യത്തെയുംപോലെ നിയമത്തെയും കോടതികളെയും വർഗനീതിയുടെയോ വർഗാധിപത്യത്തിന്റെയോ ഉപകരണമായിട്ടാണ് കാണുന്നത്.

സമൂഹത്തിന്റെ ആശയപരമായ ഉൽപ്പന്നങ്ങളെല്ലാം - തത്ത്വചിന്താപരമോ മതപരമോ ധർമനീതിപരമോ നിയമപരമോ രാഷ്ട്രീയമോ ആയ ആശയങ്ങൾ - മാറിക്കൊണ്ടിരിക്കുന്ന വർഗബന്ധങ്ങളുടെയും സാമൂഹ്യ ഉൽപ്പാദനത്തിന്റെ പുതിയ സ്ഥിതിവിശേഷങ്ങളുടെയും ഫല

ങ്ങളാണെന്നും മേധാവിത്വമുള്ള ആശയങ്ങളെല്ലാം ഭരണവർഗത്തിന്റെ ആശയങ്ങളായിരിക്കുമെന്നും കണ്ടെത്തിയതാണ് മാർക്സിന്റെ ഈ രംഗത്തുള്ള പ്രധാന സംഭാവന. മുതലാളിത്തവ്യവസ്ഥയിലെ ജഡ്ജിമാരുടെ 'സ്വതന്ത്രത' എന്നു പറയുന്നത് വെറും ജാട മാത്രമാണെന്ന് വിശദീകരിക്കുക മാത്രമല്ല എങ്ങനെയാണ് ഈയൊരു സങ്കൽപ്പനം ഉയർന്നുവന്നതെന്നും അത് എങ്ങനെയാണ് ഉയർന്നുവരുന്ന ബൂർഷ്വാ ഭരണത്തെ സംരക്ഷിക്കുന്നതിനുള്ള ഒരു സങ്കല്പനമായിത്തീർന്നതെന്നും അദ്ദേഹം വ്യക്തമാക്കി. മാർക്സും എംഗൽസും ലെനിനും എല്ലായ്പ്പോഴും കോടതികളെയും ജഡ്ജിമാരേയും കുറിച്ച് നേരിട്ട് പരാമർശിക്കാതിരുന്നതിന് കാരണം ജഡ്ജിമാർ വിശ്വാസപൂർവം വ്യാഖ്യാനിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന നിയമവ്യവസ്ഥകളെയും അതിന്റെ തത്ത്വങ്ങളെയും അവർ നേരിട്ട് ആക്രമിച്ചുകൊണ്ടിരുന്നതിനാലാണ്. ഭരണഘടനയോ, വർഗതാൽപ്പര്യമുള്ള വ്യവസ്ഥതന്നെയോ ഉണ്ടാക്കിയ നിയമങ്ങൾക്ക് കീഴ്പ്പെട്ടവരാണ് ജഡ്ജിമാർ എന്നതുകൊണ്ടും അവർക്ക് സ്വന്തമായി നിയമങ്ങളൊന്നും രൂപപ്പെടുത്താൻ കഴിയില്ലെന്നതുകൊണ്ടും അവർ വർഗത്തിന്റെ ഏജന്റുമാർ മാത്രമായി മാറുന്നു.

ബാങ്ക് ദേശസാൽക്കരണ ഓർഡിനൻസിനെക്കുറിച്ച് ഉണ്ടായ വിധി ന്യായത്തിൽ നിന്ന് എങ്ങനെയാണ് സുപ്രീം കോടതി ജഡ്ജിമാർ ഇന്ത്യൻ നിയമങ്ങളുടെ പരിമിതിക്കകത്ത് തളയ്ക്കപ്പെട്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. അവർ ഭരണഘടനയിലെ "സ്വത്തവകാശം" ഉയർത്തിപ്പിടിക്കുകയും മതിയായ നഷ്ടപരിഹാരത്തിന് ഉത്തരവിടുകയും ചെയ്തു. ബാങ്കർമാർക്കും അവരുടെ ഓഹരിയുടമകൾക്കും വൻനഷ്ട പരിഹാരം കൊടുക്കേണ്ടതില്ലെന്ന് ചിന്തിച്ച രാജ്യത്തെ പുരോഗമന അഭിപ്രായക്കാരെ ആ വിധി നിരാശപ്പെടുത്തി. എന്നാൽ കോടതിയെ സംബന്ധിച്ചിടത്തോളം അവർക്ക് ഭരണഘടനയിലെ സ്വത്തവകാശത്തെ സംബന്ധിച്ച വ്യവസ്ഥകൾ കണിശമായി പിന്തുടരേണ്ടിയിരുന്നു.

ഇ എം എസ് കേസിന്റെ വിധിന്യായത്തിൽ ഇങ്ങനെ പറയുന്നു: "ഞങ്ങൾ കണ്ടിട്ടുള്ളതോ, ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതോ ആയ മാർക്സിന്റെയും എംഗൽസിന്റെയും കൃതികളിലൊന്നിലും അപ്പീൽവാദി ഉദ്ധരിച്ചതുപോലെ പറഞ്ഞതായി കാണുന്നില്ല. അപ്പീൽവാദി പറഞ്ഞിട്ടുള്ളതുപോലെ ജഡ്ജിമാരെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ഒന്നും എഴുതിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്." വിധിന്യായത്തിൽ മാർക്സിനും എംഗൽസിനും നിയമനിർവഹണവും നിയമവും സമൂഹത്തിന്റെ മാറ്റത്തിനൊപ്പം മാറണമെന്ന് അറിയാമായിരുന്നതായി പറയുന്നുണ്ട്. "നീതിന്യായവ്യവസ്ഥ ഭരണകൂടത്തിന്റെ ഒരു ഊന്നുവടി"യാണെന്ന് പറയുമ്പോൾ തന്നെ ജഡ്ജിമാരെ പ്രത്യേകം എടുത്തു പറയേണ്ടതില്ല.

ബൂർഷ്വാ വർഗഭരണത്തിൽ നീതിന്യായവ്യവസ്ഥയുടെയും ജുഡീ

ഷ്യറിയുടെയും പങ്ക് തുറന്നുകാട്ടുന്നതിൽ മാത്രമായി മാർക്സും എംഗൽസും ലെനിനും പൊതുവെ ഒതുങ്ങിനിന്നു എന്നത് ശരിയാണ്. എന്നാൽ അവർ ജഡ്ജിമാരെയോ കോടതിയെയോ പ്രത്യേകമായെടുത്ത് ഒരിക്കലും ആക്രമിച്ചിട്ടില്ലെന്നു പറയുന്നത് ശരിയല്ല. ജഡ്ജിമാരുടെ നഗ്നമായ 'പക്ഷപാതിത്വത്തെയും പാദസേവയെയും' സന്ദർഭം കിട്ടുമ്പോഴൊക്കെ അവർ പരസ്യമായി വിമർശിച്ചിട്ടുണ്ട്.

പൊലീസുകാർ ബന്ധപ്പെട്ട ഒരു കൊലക്കേസിൽ പ്രതികൾക്ക് ലഘുവായ ശിക്ഷ നൽകിയതിനെക്കുറിച്ച് ലെനിൻ എഴുതി:

> ഒറ്റവാക്കിൽ പറഞ്ഞാൽ കുറ്റവാളികളെ ലഘുശിക്ഷ നൽകി വിടുന്നതിന് എന്തൊക്കെ ചെയ്യാമോ അതാണ് കോടതി ചെയ്തത്. രാജകീയ ന്യായാധിപന്മാരുടെയും ഭൂപ്രഭുപ്രതിനിധികളുടെയും ഈ സ്വഭാവവിശേഷത്തെ നമുക്ക് പരിഗണിക്കാതെ വിടാനാവില്ല; ഒരു പൊലീസുകാരനെയാണ് വിസ്തരിക്കുന്നതെങ്കിൽ അവർ പരമാവധി ദാക്ഷിണ്യം കാണിക്കുന്നു. എന്നാൽ പൊലീസിനെതിരായി നടന്ന ഒരു കുറ്റകൃത്യമാണെങ്കിൽ അവർ പരമാവധി ശിക്ഷതന്നെ നൽകുന്നു. ഒരു ഉയർന്ന പൊലീസുദ്യോഗസ്ഥനോട് എങ്ങനെയാണ് കോടതിക്ക് ദാക്ഷിണ്യം കാണിക്കാതിരിക്കാനാവുക? ഒരു സാധാരണ മനുഷ്യന്റെ വീക്ഷണത്തിൽ ഹനോവ് കേസിലെ വിധി നീതിന്യായത്തെ പ്രഹസനമാക്കി മാറ്റലാണ്. അതിൽ താഴെ നിലവാരത്തിലുള്ള പൊലീസുകാരെ കുറ്റപ്പെടുത്തി, ആരുടെ അംഗീകാരത്തോടെയും അനുമതിയോടെയുമാണോ ഈ ക്രൂരകൃത്യം അവർ ചെയ്തത്, അവരെ ആ ഉയർന്ന പൊലീസുദ്യോഗസ്ഥനെ രക്ഷിക്കാനുള്ള അഭിവാഞ്ഛയാണ് പ്രകടമാക്കുന്നത്. പൊലീസ് മേധാവികളാൽ മാറ്റം ചെയ്യപ്പെടാനാവാത്തവരെങ്കിലും ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളായ ജഡ്ജിമാരുടെ വിതണ്ഡവാദത്തിന്റെ ഉത്തമോദാഹരണമാണ് ഈ വിധി. നയതന്ത്രജ്ഞന്മാർ പറയുന്നത് വാക്കുകളാൽ ചിന്തയെ മറച്ചുവെക്കാമെന്നാണ്. കുറ്റത്തെയും അതിലുള്ള ഉത്തരവാദിത്വത്തെയും മറച്ചുവെക്കാൻ നിയമത്തെ ഉപയോഗിക്കാമെന്നായിരിക്കും നമ്മുടെ ജഡ്ജിമാർ പറയുക. വൈവിധ്യമാർന്ന പീഡനത്തെ കളിയാക്കൽ സ്വഭാവമാക്കി മാറ്റാൻ ഏത് നിയമകലയ്ക്കാണ് കഴിയുക? (*സമ്പൂർണകൃതികൾ*–വാള്യം 4, ലെനിൻ, പേജ് 380, 390, 391)

ഇവിടെയാണ് മാർക്സ് കോടതികളെക്കുറിച്ച് നടത്തിയ പരാമർശം പ്രസക്തമാകുന്നത്.

> പൗരസമൂഹത്തിന്റെ വളർച്ചയോടുകൂടി വ്യക്തിതാൽപര്യങ്ങൾ വർഗതാൽപ്പര്യങ്ങളായി മാറി നീതിയുടെ ബന്ധങ്ങൾക്ക്

സാംസ്കാരികഭാവം കൈവന്നു. അവ വ്യക്തിപരമല്ലാതാവുകയും സാർവലൗകികമായിത്തീരുകയും ചെയ്തു. തൊഴിൽ വിഭജനം വ്യക്തികളുടെ വിരുദ്ധതാൽപ്പര്യങ്ങളുടെ സംരക്ഷണം ചിലരുടെ കൈകളിൽ ഏൽപ്പിച്ചു. അതോടെ കാടത്തപരമായ നീതിനടപ്പാക്കൽ അപ്രത്യക്ഷമായി - ഈ ഭൗതികവളർച്ചയും തൊഴിൽവിഭജനത്തിലൂടെ ഉണ്ടായ നീതിന്യായബന്ധങ്ങളുടെ ചരിത്രപരമായ വളർച്ചയും തമ്മിലുള്ള പരസ്പരബന്ധം പ്രകടമാണ്. അതുകൊണ്ടാണ് ഫ്യൂഡൽ പ്രഭുക്കൾക്ക് ഈ വളർച്ചയിൽ പരാതിയുണ്ടാവുന്നത്... കുലീനരും ഉദ്യോഗസ്ഥരും ഭരിക്കുന്നതിൽനിന്നുണ്ടാകുന്ന സ്വാഭാവിക പ്രതിഭാസമാണത്. എന്തുകൊണ്ടെന്നാൽ ഇതിന് പിന്നിലുള്ളത് വർഗതാൽപ്പര്യങ്ങളുടെ ഏറ്റുമുട്ടലാണ്. യൂറോപ്യൻരാജ്യങ്ങൾ തമ്മിലുള്ള കച്ചവടം വർധിച്ചപ്പോൾ നിയമവ്യവസ്ഥക്ക് പ്രാധാന്യം കിട്ടി. സാർവദേശീയബന്ധങ്ങൾ മുതലാളിത്തസ്വഭാവം കൈവരിച്ചപ്പോൾ ഇതിന് കൂടുതൽ അംഗീകാരം കിട്ടി. ആ സമയത്താണ് മുതലാളിത്ത വ്യവസ്ഥയിൻകീഴിൽ കോടതികളുടെ അധികാരം പ്രധാനമായത്. തൊഴിൽവിഭജനം കൂടുതൽ ശക്തവും സ്ഥിരവുമായതോടെ കോടതികളുടെ അധികാരം അതിന്റെ പാരമ്യത്തിലെത്തി. എന്നാൽ തൊഴിൽവിഭജനത്തിന്റെ വേലക്കാരായ ജഡ്ജിമാരും നിയമജ്ഞരുമൊക്കെ ഏറെ നിരുത്തരവാദിത്വത്തോടെയാണ് ഇതിൽ പ്രവർത്തിക്കുന്നത്. (*ജർമൻ തത്ത്വശാസ്ത്രം*, മാർക്സ് എംഗൽസ്, പ്രോഗ്രസ് പബ്ലിഷേഴ്സ്, മോസ്കോ, പുറം 82)

ചുരുക്കത്തിൽ ഫ്യൂഡൽ ഭരണമേധാവിത്വത്തിനെതിരെ ബൂർഷ്വാസി നടത്തിയ വർഗസമരത്തിന്റെ ഒരു ഉപകരണമായാണ് കോടതികളുടെ അധികാരം വളർന്നുവന്നത്.

ഫ്രാൻസിലെ മുതലാളിത്ത ഭരണകൂടത്തെ തൊഴിലാളി വർഗത്തിനെതിരായ ഒരു മർദ്ദനോപകരണമായി വിവരിക്കുന്നതിനിടയിൽ നീതിന്യായവ്യവസ്ഥയ്ക്കുവേണ്ടി പ്രത്യേകം സ്ഥലം കണ്ടെത്തുന്നുണ്ട്. ആധുനിക ഭരണകൂടത്തിന്റെ വളർച്ചയെ മുതലാളിത്തവർഗത്തിന്റെ വളർച്ചയുമായി ബന്ധപ്പെടുത്തുന്നതിലാണ് അദ്ദേഹം ഊന്നൽ നൽകിയത്:

> കേന്ദ്രീകരിക്കപ്പെട്ട ഭരണകൂടാധികാരം, അതിന്റെ മർദ്ദനോപാധികളായ സ്ഥിരസൈന്യം, പൊലീസ്, ഉദ്യോഗസ്ഥവൃന്ദം, പുരോഹിതന്മാർ, *നീതിന്യായവ്യവസ്ഥ* (ഊന്നൽ കൂട്ടിച്ചേർത്തത്)- വ്യവസ്ഥാപിതവും ശ്രേണീബദ്ധവുമായ തൊഴിൽ വിഭജന പദ്ധതിയുമായി വികസിച്ചുവന്നവ – രൂപംകൊണ്ടത് രാജവാഴ്ചക്കാലത്തിൽനിന്നുമാണ്. പിന്നീടത് ഫ്യൂഡലിസത്തിനെതിരായ പോരാട്ടത്തിൽ മധ്യവർഗത്തെ സേവിക്കാൻ തുടങ്ങി, തുടർന്നുണ്ടായ ഭരണരൂപ

ങ്ങൾ പാർലമെന്ററി ജനാധിപത്യക്രമത്തിൻ കീഴിലായി, അത് സമ്പന്നന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായി എന്നു മാത്രമല്ല വൻതോതിലുള്ള ദേശീയകടത്തിന്റെ പിടിയിലുമായി. ഭരണകൂടാധികാരം പടിപടിയായാണ് തൊഴിലിന് മേലുള്ള ദേശീയ മൂലധനശക്തിയുടെ സ്വഭാവമാർജിച്ച് വർഗതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായിട്ടുള്ള സാമൂഹ്യാടിമത്തരൂപീകരണത്തിന്റെ പൊതു അടിത്തറയായി മാറിയത്. (*ഫ്രാൻസിലെ ആഭ്യന്തരയുദ്ധം — തെരഞ്ഞെടുത്ത കൃതികൾ*, കാൾ മാർക്സ് മോസ്കോ - വാള്യം 1, പുറം 516-7)

നീതിന്യായവ്യവസ്ഥയുടെ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള മാർക്സിന്റെ അഭിപ്രായം കൃത്യമായി രേഖപ്പെടുത്തപ്പെട്ടത് പാരീസ് കമ്യൂണിന് തിരഞ്ഞെടുക്കപ്പെട്ട ജഡ്ജിമാർ വേണം എന്ന അഭിപ്രായത്തിലൂടെയാണ്.

നീതിന്യായരംഗത്ത് പ്രവർത്തിക്കുന്നവർക്ക് സ്വാതന്ത്ര്യത്തിന്റെ മുഖംമൂടി നൽകി ഇതുവരെയുണ്ടായിരുന്ന ഗവൺമെന്റുകളെല്ലാം അവരുടെ വിധേയത്വത്തെ മറച്ചുവെക്കുകയായിരുന്നു. എന്നിട്ടവർ അവരുടെ സത്യപ്രതിജ്ഞ ലംഘിച്ചുകൊണ്ടേയിരുന്നു. അതിനാൽ മറ്റെല്ലാ പൊതുസ്ഥാപനങ്ങളിലെ ജീവനക്കാരെയുംപോലെ മജിസ്ട്രേട്ടുമാരും ജഡ്ജിമാരുമൊക്കെ തെരഞ്ഞെടുക്കപ്പെട്ടവരും ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരും ജനങ്ങൾക്ക് തിരിച്ചുവിളിക്കാൻ കഴിയുന്നവരുമായിരിക്കണം. (*ഫ്രാൻസിലെ ആഭ്യന്തരയുദ്ധം, തെരഞ്ഞെടുത്ത കൃതികൾ*, കാൾ മാർക്സ്, വാള്യം 1, പേജ് 520)

തൊഴിലാളിവർഗവിപ്ലവവും വഞ്ചകനായ കൗത്സ്കിയും എന്ന ഗ്രന്ഥത്തിൽ ലെനിൻ മുതലാളിത്ത വ്യവസ്ഥയിലെ, "നിയമത്തിനുമുമ്പിലെ തുല്യത" എന്ന തത്ത്വത്തിലെ കാപട്യം തുറന്നുകാണിക്കുകയും ജഡ്ജിമാരുടെ പങ്കിനെ തുറന്നുകാണിക്കുകയും അവരെ ആക്ഷേപിക്കുകയും ചെയ്യുന്നു:

ആധുനിക ഭരണകൂടങ്ങളുടെ "മൗലികാവകാശനിയമങ്ങൾ, അവരുടെ ഭരണനിർവഹണം, സമ്മേളിക്കാനുള്ള സ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, നിയമത്തിനു മുമ്പിൽ എല്ലാ പൗരന്മാരുടെയും തുല്യത" എന്നിവയെടുത്താൽ വർഗബോധമുള്ള തൊഴിലാളികൾക്കെല്ലാം ബൂർഷ്വാജനാധിപത്യത്തിന്റെ കാപട്യം മനസ്സിലാവും... നമ്മൾ ഭരിക്കപ്പെടുന്നത് (നമ്മുടെ പുതിയ ഭരണകൂടം രൂപപ്പെട്ടതു മുതൽ). മുതലാളിത്ത ഉദ്യോഗസ്ഥരാലും, മുതലാളിത്ത അംഗങ്ങളടങ്ങിയ പാർലമെന്റിനാലും, *മുതലാളിത്ത ജഡ്ജി*മാരാലുമാണ് എന്ന കാര്യം വളരെ ലളിതമായും തർക്കരഹിതമായും പ്രകടമായി. മുതലാളിത്ത രാജ്യങ്ങളിലെ ലക്ഷക്കണക്കിന്

> വരുന്ന അടിച്ചമർത്തപ്പെട്ടവർക്ക്, ആ രാജ്യങ്ങൾ എത്രയേറെ ജനാധിപത്യപരമാണെന്ന് പറഞ്ഞാലും, സ്വന്തം അനുഭവത്തിൽനിന്ന് അറിയാവുന്നതാണ്. (*സമാഹൃതകൃതികൾ,* വാള്യം 28, ലെനിൻ, പുറം 248)

റഷ്യൻ കമ്യൂണിസ്റ്റ് പാർട്ടി (*ബോൾഷെവിക്*)യുടെ കാര്യപരിപാടിയിൽ ലെനിൻ എഴുതി:

> തൊഴിലാളിവർഗ സർവാധിപത്യത്തിലൂടെ കമ്യൂണിസത്തിലേക്കുള്ള പാതയിൽ കമ്യൂണിസ്റ്റ് പാർട്ടി ജനാധിപത്യ മുദ്രാവാക്യങ്ങൾ ഉപേക്ഷിക്കുകയും ***പഴയകോടതി*** പോലുള്ള മുതലാളിത്തത്തിന്റെ (ഊന്നൽ കൂട്ടിച്ചേർത്തത്) എല്ലാ ഭരണകൂട ഉപകരണങ്ങളെയും ഉപേക്ഷിക്കുകയും തൊഴിലാളി - കർഷകവർഗ കോടതികളെ പകരം വയ്ക്കുകയും ചെയ്യുന്നു. (*സമാഹൃതകൃതികൾ,* വാള്യം 29, പുറം 131)

"തൊഴിലാളിവർഗ സർവാധിപത്യവും ബൂർഷ്വാജനാധിപത്യവും സംബന്ധിച്ച സിദ്ധാന്തവും റിപ്പോർട്ടും" എന്ന കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ ഒന്നാം കോൺഗ്രസ് രേഖയിൽ ലെനിൻ വീണ്ടും എഴുതി:

> ബൂർഷ്വാ ഭരണകൂട ഉപകരണങ്ങളായ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം, *നീതിന്യായ സംവിധാനം* (ഊന്നൽ ചേർത്തത്) സൈന്യം, പൊലീസ് എന്നിവയാകെയും അതിന്റെ അടിത്തറയെയും തച്ചുതകർത്തെറിയുകയും അതിന്റെ സ്ഥാനത്ത് തൊഴിലാളിവർഗത്തിന്റേതായ ഒരു സ്വയംഭരണത്തെ — ഭരണനിർവഹണാധികാരവും നിയമനിർമാണ സംവിധാനവും തമ്മിൽ വ്യത്യാസമില്ലാത്ത ഒരു സംവിധാനത്തെ - സൃഷ്ടിക്കുകയാണ് കമ്യൂണിസത്തിന്റെ പ്രസക്തി. (*സമാഹൃതകൃതികൾ,* വാള്യം 28, പുറം 459)

മാർക്സും എംഗൽസും നിരന്തരമായി ഓർമ്മിപ്പിച്ചുകൊണ്ടിരുന്ന അടിസ്ഥാന വസ്തുത ജഡ്ജിമാർ നടപ്പിലാക്കുന്ന നിയമം വർഗനിയമമാണെന്നതാണ്; ആ നിയമമെന്ന് പറയുന്നത് മേധാവിത്വം വഹിക്കുന്ന ചൂഷകവർഗത്തിന്റേതാണ്; അതാണ് അവർ നടപ്പിലാക്കാൻ നിർബന്ധിതരാവുന്നത്. വർഗസമൂഹം ഈ നിയമത്താൽ പരസ്പരബന്ധിതമായി നിലനിൽക്കുകയും അത് ആ ചൂഷകബന്ധത്തെ നിലനിർത്തുകയും ജഡ്ജിമാരെപ്പോലും ലംഘിക്കുവാൻ ധൈര്യമില്ലാത്തവരാക്കുകയും ചെയ്യുന്നു. വർഗനിയമത്തെ നടപ്പിലാക്കാനുള്ള ഉപകരണങ്ങളായി ജഡ്ജിമാർ മാറുകയും നീതിന്യായം വർഗനിയമത്തിന്റെ നടത്തിപ്പും പൂർത്തീകരണവുമായിത്തീരുകയും ചെയ്യുന്നു.

അതുകൊണ്ടുതന്നെ ഒരു ജഡ്ജിയുടെ സത്യസന്ധതയ്ക്കോ ഗുണ

കാംക്ഷയ്ക്കോ ഒന്നും യാതൊരു പ്രസക്തിയുമില്ല. എത്ര നല്ല ലക്ഷ്യങ്ങളുള്ളവരും ജഡ്ജിയായിത്തീരുമ്പോൾ വർഗനിയമമാണവർ നടപ്പിലാക്കുന്നതെന്ന് മനസ്സിലാക്കുന്നില്ല. അവർ സ്കൂൾക്ലാസ്സുകളിലും കോളേജുകളിലും ഒക്കെ പഠിച്ചത് ഭരണവർഗത്തിന്റെ തത്ത്വശാസ്ത്രങ്ങളും നീതിബോധങ്ങളുമൊക്കെയാണ്. ഇവയാണ് ശാശ്വതസത്യമായി പ്രകീർത്തിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ജഡ്ജിമാരുടെ വ്യക്തിപരമായ ലക്ഷ്യങ്ങൾ ഇവിടെത്തെ ചർച്ചയുമായി ബന്ധപ്പെടുത്തിയിട്ട് കാര്യമില്ല.

ഭരണകൂടം ഒരു വർഗം മറ്റൊരു വർഗത്തെ ഭരിക്കാൻ ഉണ്ടാക്കിയിട്ടുള്ളതാണെന്ന് വ്യക്തമാക്കിക്കൊണ്ട് മാർക്സും എംഗൽസും എഴുതുന്നു:

> ഭരണകൂടമെന്നത് ഭരണവർഗത്തിലെ വ്യക്തികളുടെ പൊതുതാല്പര്യങ്ങൾ മുഴുവൻ പൗരസമൂഹത്തിന്റേതാക്കിത്തീർക്കുന്ന ഒരു പ്രതിഭാസമായതിനാൽ, എല്ലാ പൊതുസ്ഥാപനങ്ങളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നത് ഭരണകൂടമായിത്തീരുകയും എല്ലാ സ്ഥാപനങ്ങളും രാഷ്ട്രീയരൂപം കൈക്കൊള്ളുകയും ചെയ്യുന്നു. അതിനാൽ ഒരു സ്വതന്ത്ര മനഃസാക്ഷിയുടെ അടിസ്ഥാനത്തിലാണ്, അല്ലാതെ അതിന്റെ ശരിയായ അടിസ്ഥാനത്തിലല്ല, അത് എന്ന തോന്നലുണ്ടാക്കുന്നു. അതേപോലെയാണ് നിയമങ്ങളും നീതിയും തമ്മിലുള്ള ബന്ധവും. (*ജർമൻ പ്രത്യയശാസ്ത്രം*, കാൾ മാർക്സ്, പുറം 80)

നിയമം എന്നാൽ വർഗനിയമവും നീതി എന്നാൽ ഈ നിയമത്തിനെ അതിന്റെ വർഗാടിസ്ഥാനത്തിലുള്ള നടപ്പാക്കലുമാണ്.

അർത്ഥശാസ്ത്രവിമർശനം എന്ന ഗ്രന്ഥത്തിൽ മാർക്സ് പറഞ്ഞു:

> ഉൽപ്പാദനബന്ധങ്ങളുടെ ആകെത്തുകയാണ് സമൂഹത്തിന്റെ സാമ്പത്തികാടിത്തറയെ നിശ്ചയിക്കുന്നത്. ആ അടിത്തറയിലാണ് നിയമപരവും രാഷ്ട്രീയവുമായ മേൽക്കൂരയും സാമൂഹ്യബോധത്തിന്റെ വിവിധ രൂപങ്ങളുമൊക്കെ ഉയർന്നുവരുന്നത്. ഭൗതികജീവിതത്തിലെ ഉൽപ്പാദനഘടനയാണ് പൊതുവെ സാമൂഹികവും രാഷ്ട്രീയവും ബുദ്ധിപരവുമായ ജീവിതക്രമത്തെ നിയന്ത്രിക്കുന്നത്.

ബൂർഷ്വാനിയമത്തിന്റെ വർഗസ്വഭാവത്തെ സ്ഥാപിച്ചുകൊണ്ട് മാർക്സും എംഗൽസും *കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ*യിൽ പറഞ്ഞു:

> എന്നാൽ *സ്വാതന്ത്ര്യം, സംസ്കാരം, **നിയമം*** (ഊന്നൽചേർത്തത്) മുതലായവയെ സംബന്ധിച്ച നിങ്ങളുടെ ബൂർഷ്വാധാരണകളുടെ

> മാനദണ്ഡംവച്ച്, ബൂർഷ്വാസ്വത്ത് ഇല്ലാതാക്കാനുള്ള ഞങ്ങളുടെ ഉദ്ദേശ്യത്തെ അളന്നു നോക്കുന്നിടത്തോളംകാലം നിങ്ങൾ ഞങ്ങളുമായി വഴക്കിടാൻ വരേണ്ട. നിങ്ങളുടെ വർഗത്തിന്റെ താൽപ്പര്യത്തെ – അതിന്റെ സത്തയായ സ്വഭാവത്തെയും ദിശാമുഖത്തെയും നിർണയിക്കുന്നത് നിങ്ങളുടെ വർഗത്തിന്റെ സാമ്പത്തികോപാധികളാണ് – എല്ലാവർക്കും വേണ്ടി നിയമമാക്കി മാറ്റിയതാണ് നിങ്ങളുടെ നീതിന്യായശാസ്ത്രം. അതുപോലെതന്നെ നിങ്ങളുടെ ആശയങ്ങൾ നിങ്ങളുടെ ബൂർഷ്വാ ഉൽപ്പാദനത്തിന്റെയും ബൂർഷ്വാ സ്വത്തിന്റെയും സാഹചര്യങ്ങളുടെ ഒരു ബാഹ്യവളർച്ച മാത്രമാണ്.

ചൂഷകരുടെ നിയമമാണ് ജഡ്ജിമാരോട് നടപ്പിലാക്കാൻ വേണ്ടി ആവശ്യപ്പെട്ടിരിക്കുന്നത്. നീതി എന്ന് പറയുന്നത് ഈ നിയമത്തിന്റെ നടപ്പാക്കലാണ്. അതിനാലാണ് മാർക്സും എംഗൽസും ജഡ്ജിമാരുടെ പ്രഖ്യാപിതസ്വാതന്ത്ര്യം എന്ന് പറയുന്നത് മിഥ്യയാണെന്ന് പറഞ്ഞത്.

ജഡ്ജിമാർക്ക് നീതിമാന്മാരായിരിക്കാൻ കഴിയുക നിയമം നീതിപരമായിരുന്നാൽ മാത്രമാണ്. ജഡ്ജിമാർക്ക് വർഗതാൽപ്പര്യം വിട്ട് ഉയരാൻ കഴിയുക നിയമം വർഗതാൽപര്യം വിട്ട് ഉയരുമ്പോൾ മാത്രമാണ്. ജഡ്ജിമാർക്ക് നിഷ്പക്ഷമായിരിക്കാൻ കഴിയുക നിയമം വർഗങ്ങൾക്കിടയിൽ നിഷ്പക്ഷമായിരിക്കുമ്പോൾ മാത്രമാണ്. നിയമത്തിനുമുമ്പിലെ തുല്യത ഫലത്തിൽ ഭരണവർഗത്തിനിടയിലെ അംഗങ്ങൾക്കിടയിലെ തുല്യത മാത്രമായി മാറുന്നു. വർഗപ്രശ്നങ്ങൾ ഉള്ളേടത്തോളം കാലം ഇത് അങ്ങനെയാവാനേ തരമുള്ളു. എന്നാൽ വ്യക്തികൾക്കിടയിലുള്ള സ്വകാര്യകേസുകളിൽ ഇത് ഇങ്ങനെയാണെന്ന് തെറ്റിദ്ധരിക്കപ്പെടരുത്. ഇതാണ് മാർക്സിസ്റ്റ് ചിന്തയുടെ കാതൽ. ഒരിക്കൽക്കൂടി പറയട്ടെ ജഡ്ജിമാരുടെ വ്യക്തിപരമായ ലക്ഷ്യങ്ങൾക്ക് ഇതിൽ യാതൊരു പ്രസക്തിയുമില്ല. വ്യവസ്ഥയ്ക്ക് മാത്രമേ പൂർണമായി ഇതിൽ എന്തെങ്കിലും ചെയ്യാനാവൂ.

മാർക്സും എംഗൽസും ഇതേ ആശയം പൊതുവായി ഇങ്ങനെ രേഖപ്പെടുത്തി:

> ഈ വ്യവസ്ഥയിൽ അധികാരമേൽക്കുന്ന വ്യക്തികൾ, ഭരണകൂടാധികാരത്തിന്റെ രൂപത്തിൽ അവരുടെ അധികാരം ചെലുത്തുക മാത്രമല്ല, നിശ്ചിതമായ പരിതഃസ്ഥിതിയിൽ അവരുടെ ഇച്ഛയെ, ഭരണകൂടത്തിന്റെ സാർവലൗകികമായ പ്രകടനമെന്ന നിലയിൽ, വർഗബന്ധങ്ങളുടെ ഉള്ളടക്കത്തിന്റെ പ്രകടനമെന്ന നിലയിൽ, നിയമങ്ങളായി പ്രതിഫലിപ്പിക്കുന്നു. സിവിൽ ക്രിമിനൽ നിയമങ്ങൾ ഇവയുടെ പ്രകടിതരൂപങ്ങളാണ്.

ഇത് കാണിക്കുന്നത് സിവിൽ നിയമത്തിന്റെ വികാസമെന്നത് മാറി

ക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ വർഗതാൽപ്പര്യങ്ങളാൽ നേരിട്ട് സ്വാധീനിക്കപ്പെട്ടുകൊണ്ടും മതം പോലുള്ള നിയമങ്ങൾക്ക് വികസിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യബന്ധങ്ങളിൽനിന്ന് വ്യത്യസ്തമായി സ്വതന്ത്രമായ നിലനില്പില്ലെന്നുമാണ്.

> സ്വാഭാവിക സമൂഹത്തിന്റെ തകർച്ചയിൽനിന്ന് സ്വകാര്യസ്വത്ത് രൂപമെടുക്കാൻ തുടങ്ങിയതോടെയാണ് സിവിൽനിയമം വികസിച്ചുവന്നത്. റോമാക്കാർക്ക് സ്വകാര്യസ്വത്തിന്റെ രൂപീകരണത്താലും സിവിൽ നിയമങ്ങളാലും വ്യാവസായിക, വ്യാപാരരംഗങ്ങളിൽ കാര്യമായ മാറ്റങ്ങളൊന്നുമുണ്ടായില്ല. അവരുടെ ഉൽപ്പാദനസമ്പ്രദായത്തിൽ മാറ്റമൊന്നും വന്നില്ലെന്നതാണതിന് കാരണം. എന്നാൽ ആധുനിക ജനങ്ങൾക്ക്, അതായത് ഫ്യൂഡൽ വ്യവസ്ഥ വ്യവസായ വാണിജ്യവികസനങ്ങളാൽ തകർന്നയിടങ്ങളിൽ, സ്വകാര്യസ്വത്തിന്റെയും സിവിൽ നിയമത്തിന്റെയും ഉദയം കൂടുതൽ വികസനത്തിന് സഹായകമായിത്തീർന്നു. മധ്യകാലഘട്ടത്തിൽ വിപുലമായ തോതിൽ കടൽമുഖേന വ്യാപാരം നടത്തിക്കൊണ്ടിരുന്ന അമാൽഫി നഗരം സ്വന്തമായൊരു കടൽവ്യാപാരനിയമംതന്നെ വളർത്തിയെടുത്തു. വ്യാപാരവും വ്യവസായവും വികസിക്കുകയും സ്വകാര്യസ്വത്ത് കൂടുതൽ ശക്തിപ്പെടുകയും ചെയ്തതോടെ ആദ്യം ഇറ്റലിയിലും തുടർന്ന് മറ്റു രാജ്യങ്ങളിലും റോമൻ സിവിൽനിയമം അംഗീകരിക്കുകയും അതിന് കൂടുതൽ അംഗീകാരം കൊടുക്കുകയും ചെയ്തു. പിന്നീട് ബൂർഷ്വാസി കൂടുതൽ അധികാരം കൈക്കലാക്കുകയും പ്രഭുത്വകുലീനതയെ പകരംവയ്ക്കുകയും ചെയ്തപ്പോൾ എല്ലാ രാജ്യങ്ങളിലും – ഫ്രാൻസിൽ 16-ാം നൂറ്റാണ്ടിൽ – നിയമത്തിന്റെ വളർച്ച ആരംഭിച്ചു. റോമൻ നിയമങ്ങളേക്കാൾ മുന്നേറിയിരുന്നതുകൊണ്ട് ഇംഗ്ലണ്ടിൽ മാത്രമാണ് ഇതുണ്ടാവാതിരുന്നത്. ഇംഗ്ലണ്ടിൽതന്നെ റോമാനിയമതത്ത്വങ്ങൾ പലതും സിവിൽ നിയമവികസനത്തിന്റെ ഭാഗമായി പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടു – പ്രത്യേകിച്ചും ഇളകുന്ന മുതലുകളുടെ കാര്യത്തിൽ. (മതത്തിനുള്ളതുപോലെ നിയമത്തിനും അതിന്റെ വളർച്ചയുടേതായ ഒരു സ്വതന്ത്രചരിത്രമുണ്ടെന്ന് മറക്കാതിരിക്കുക). (*ജർമൻ പ്രത്യയശാസ്ത്രം*, മാർക്സ് – എംഗൽസ്, പുറം 80)

ഓരോ ഘട്ടത്തിലുമുള്ള നിയമത്തിന്റെ വളർച്ച അതത് കാലത്തെ വർഗബന്ധങ്ങളുടെ ബഹിർസ്ഫുരണങ്ങളാണ് എന്നാണ് മാർക്സും എംഗൽസും പഠിപ്പിച്ചത്. അതുതന്നെയാണ് നീതിന്യായവ്യവസ്ഥയുടെ പങ്കും നിർണയിക്കുന്നത്.

കൊട്ടിഘോഷിക്കപ്പെടുന്ന അധികാരവിഭജനത്തെക്കുറിച്ച്

മാർക്സിനും എംഗൽസിനും എന്താണ് പറയാനുള്ളത്?

> എല്ലാ ഘട്ടത്തിലും മേധാവിത്വമുള്ള ആശയങ്ങൾ മേധാവിവർഗത്തിന്റേതായിരിക്കും. അതായത് സമൂഹത്തെ ഭരിക്കാനുള്ള ഭൗതികശക്തി കൈവശമുള്ള വർഗം തന്നെയായിരിക്കും അവിടത്തെ ബൗദ്ധികശക്തിയെയും നയിക്കുന്നത്. ഉദാഹരണത്തിന് ഒരു രാജ്യത്ത് ഒരു കാലഘട്ടത്തിൽ രാജകീയാധികാരവും, കുലീന - മുതലാളിത്ത ശക്തികളും തമ്മിൽ അധികാരവടംവലി നടക്കുകയും മേധാവിത്വം പങ്കുവയ്ക്കപ്പെടുകയുമാണെങ്കിൽ അധികാരവിഭജന സിദ്ധാന്തമായിരിക്കും അവിടെ അന്തിമ നിയമമെന്ന നിലയിൽ കൊട്ടിഘോഷിക്കപ്പെടുന്നതും മേധാവിത്വം വഹിക്കുന്നതുമായ ചിന്താധാര. (*ജർമൻ പ്രത്യയശാസ്ത്രം*, പുറം 81)

ലുദ്വിഗ് ഫൊയർബാഹും ക്ലാസിക്കൽ ജർമൻ പ്രത്യയശാസ്ത്രത്തിന്റെ അന്ത്യവും എന്ന ഗ്രന്ഥത്തിൽ എംഗൽസ് സാമ്പത്തികബന്ധങ്ങളാൽ നിശ്ചയിക്കപ്പെടുന്നത് പൊതുനിയമവും ഭരണകൂടസ്വഭാവവും മാത്രമല്ല സ്വകാര്യനിയമങ്ങൾ കൂടെയാണെന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട്. നിയമം അതിന്റെ പഴയരൂപത്തിൽ തുടരുമ്പോൾതന്നെ പുതിയ പരിതഃസ്ഥിതികൾക്ക് അനുയോജ്യമായ വിധത്തിൽ അതിന്റെ വർഗപരമായ ഉള്ളടക്കം മാറുന്നതെങ്ങനെയെന്നും അദ്ദേഹം കാണിച്ചുതന്നു. നിയമത്തിന്റെ ഉള്ളടക്കത്തിൽ വരുന്ന ഈ മാറ്റം നിയമജ്ഞർക്ക് പുതിയ വർഗബന്ധങ്ങളുടെ രൂപത്തിലല്ല മറിച്ച് പുതിയ കോടതിവിധികളായാണ് പ്രത്യക്ഷപ്പെടുക. അവ നിയമത്തിന്റെയും നീതിയുടെയും സങ്കൽപ്പനങ്ങളുടെ വികസനമായിട്ടായിരിക്കും അവതരിപ്പിക്കപ്പെടുക.

ഭരണകൂടരൂപവും പൊതുനിയമങ്ങളും സാമ്പത്തികബന്ധങ്ങളാൽ നിർണയിക്കപ്പെടുന്നതുപോലെ സ്വകാര്യനിയമങ്ങളും നിലനിൽക്കുന്ന സാമ്പത്തികബന്ധങ്ങൾക്കകത്ത് വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയാണ് സ്വാഭാവിക പരിതഃസ്ഥിതിയിൽ നിർണയിക്കുന്നത്. ഇതിന്റെ രൂപങ്ങൾ സന്ദർഭങ്ങൾക്ക് അനുസരിച്ച് വ്യത്യസ്തമായിരിക്കും. ഇംഗ്ലണ്ടിൽ ഉണ്ടായതുപോലെ മൊത്തം ദേശീയവികസനത്തിന് യോജിച്ചുപോകുകയും പഴയ ഫ്യൂഡൽനിയമങ്ങളുടെ പ്രധാനപ്പെട്ട രൂപം അതേപടി നിലനിർത്തുകയും അവയ്ക്ക് ബൂർഷ്വാ ഉള്ളടക്കം നൽകുകയുമാവാം. വാസ്തവത്തിൽ ഫ്യൂഡൽ വാക്കുകൾക്ക് ബൂർഷ്വാ അർഥതലങ്ങൾ കണ്ടെത്തലാണുണ്ടായത്. പടിഞ്ഞാറൻ യൂറോപ്പിൽ ഉണ്ടായതുപോലെ ചരക്കുൽപ്പാദനവ്യവസ്ഥയുടെ ലോകത്തിലെതന്നെ ആദ്യത്തെ നിയമമായ റോമൻ നിയമം ചെറുകിട ചരക്കുടമസ്ഥരുടെ - കൊടുക്കൽ വാങ്ങലുകാർ, ഉത്തമർണരും അധമർണരും, കരാറുകാർ, കട ഉടമകൾ തുടങ്ങിയ ബന്ധങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് വികസിപ്പിച്ചിരുന്നത്. കൂടുതൽ ചെറുകിടയായ ബൂർഷ്വാസിക്കും അർധഫ്യൂഡൽ സമൂഹത്തിനും

അത് കൂടുതൽ ചുരുക്കി, ക്രമപ്പെടുത്തി പൊതുനിയമമായോ പ്രായോഗികനിയമമായോ ഉപയോഗപ്പെടുത്താനാവുമായിരുന്നു. അല്ലെങ്കിൽ ധാർമികനീതിജ്ഞന്മാരുടെ സഹായത്തോടെ സാമൂഹ്യസ്ഥിതിക്കൊത്ത വിധം പ്രവർത്തിപ്പിക്കാവുന്ന ഒരു പ്രത്യേക നിയമസംഹിതയാക്കി അതിനെ മാറ്റാമായിരുന്നു. നിയമപരമായ വീക്ഷണകോണിൽ നോക്കിയാൽ ആ സാഹചര്യത്തിൽ നല്ലതല്ലാത്തതുണ്ടെങ്കിലും - ഉദാഹരണത്തിന് പ്രഷ്യൻ ഭൂനിയമം - ഫ്രാൻസിൽനിന്നു മഹത്തായ ബൂർഷ്വാവിപ്ലവത്തിനുശേഷം അവിടത്തെ റോമൻനിയമത്തെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ സിവിൽനിയമം തന്നെ നടന്നത് വർഗനിയമത്തിന്റെ ഈ പ്രത്യേകതയാണ് കാണിക്കുന്നത്. ബൂർഷ്വാനിയമം നിയമത്തിന്റെ രൂപത്തിൽ സമൂഹത്തിന്റെ സാമ്പത്തികസ്ഥിതി മാത്രമാണ് പ്രതിഫലിപ്പിക്കുന്നതെങ്കിൽ അതിന് സാഹചര്യത്തിനനുസരിച്ച് നന്മയും തിന്മയും ചെയ്യാനാവും.

നീതിന്യായവ്യവസ്ഥയ്ക്ക് നിയമനിർവഹണ വിഭാഗത്തിൽനിന്നുള്ള സ്വാതന്ത്ര്യത്തിന്റെ സ്ഥിതിയോ? ചില മുതലാളിത്ത രാജ്യങ്ങളിലെ എഴുതപ്പെട്ട ഭരണഘടനകളും ഒപ്പം ചരിത്രപരമായ ചില പാരമ്പര്യങ്ങളും നീതിന്യായ വ്യവസ്ഥയുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടെന്നതിന് സംശയമില്ല. എന്നിട്ടുപോലും ഈ സ്വാതന്ത്ര്യം വളരെ ഔപചാരികമാണ്. ജഡ്ജിമാർ നിയമിക്കപ്പെടുന്നത് ഭരണനിർവഹണവിഭാഗത്താലാണ്; നിയമനമാവട്ടെ രാഷ്ട്രീയരക്ഷാകർത്തൃത്വത്തിന്റെ അടിസ്ഥാനത്തിലും. ചില നിയമനിർമാണങ്ങൾ തെറ്റാണെന്ന് വിധിക്കലും ചില ഭരണനിർവഹണ നടപടികൾ തെറ്റാണെന്ന് വിധിക്കലുമൊക്കെ കോടതിക്ക് ഭരണനിർവഹണവിഭാഗത്തിൽനിന്നുള്ള പരിമിതമായ സ്വാതന്ത്ര്യത്തെ തന്നെയാണ് കാണിക്കുന്നത്. എന്നാൽ, ഇതെല്ലാം നിലനിൽക്കുന്ന ഭരണഘടനയുടെ നാലതിരുകൾക്കുള്ളിൽ നിന്നുകൊണ്ടാണ്; നിലനിൽക്കുന്ന ആ നിയമമാവട്ടെ വർഗനിയമമാണുതാനും. അന്തിമവിശകലനത്തിൽ ജഡ്ജിമാർ വർഗനിയമത്തിൽനിന്ന് സ്വതന്ത്രമല്ലെന്നാണ് മാർക്സിന്റെ സുപ്രധാനമായ വീക്ഷണം. അവർ വർഗനിയമത്തിന്റെ നടത്തിപ്പുകാരാണ്. ചൂഷിതനെ അടിച്ചമർത്തുന്ന വർഗനിയമത്തിന്റെ പരിധിയിൽനിന്ന് പുറത്തുകടക്കാൻ എത്ര സ്വതന്ത്രനും ഗുണകാംക്ഷിയുമായ ജഡ്ജിക്കുപോലും കഴിയില്ല. ഒരിക്കൽകൂടി പറയട്ടെ, ഒരു ജഡ്ജിയുടെയോ അല്ലെങ്കിൽ മറ്റൊരാളുടെയോ ലക്ഷ്യബോധമൊന്നും പ്രസക്തമാവുന്നില്ല.

നിയമത്തിന്റെ സ്വയം വികസനസ്വഭാവമെന്ന വ്യാമോഹത്തിലേക്ക് നയിച്ച ഒന്നാണ് ഇംഗ്ലണ്ടിലെ ഫ്യൂഡൽ മാതൃകയിലുള്ള നിയമം. അത് ബൂർഷ്വാനിയന്ത്രണകാലത്തും പിടിച്ചുനിന്നു എന്നത് യാദൃച്ഛികമായ ഒരു സംഭവമല്ല. ഇംഗ്ലണ്ടിലെ അക്കാലത്തെ വർഗബന്ധങ്ങളുടെ സമതുലിതാവസ്ഥയുടെ അനന്തരഫലമാണിത്. *സോഷ്യലിസം സാങ്കല്പികവും*

ശാസ്ത്രീയവുമെന്ന ഗ്രന്ഥത്തിൽ എംഗൽസ് എഴുതുന്നു:

> മഹത്തായ ഫ്രഞ്ച് വിപ്ലവം ബൂർഷ്വാസിയുടെ മൂന്നാമത്തെ ഉയിർത്തെഴുന്നേൽപ്പായിരുന്നു. അതിൽ ആദ്യത്തേത് മതപരമായ മൂടുപടത്തെ പിച്ചിച്ചീന്തി. അതിനെതിരെ രാഷ്ട്രീയ വീക്ഷണത്തോടെ പോരാടി. അത് ശക്തനായ കുലീനതയെന്ന പോരാളിക്കെതിരെ യുദ്ധം നയിക്കുകയും മുതലാളിത്തത്തെ വിജയശ്രീലാളിതമാക്കുകയും ചെയ്തു. എന്നാൽ ഇംഗ്ലണ്ടിൽ വിപ്ലവപൂർവ - വിപ്ലവാനന്തരസ്ഥാപനങ്ങൾ തുടരുന്നതും *മുതലാളിത്തവും ഫ്യൂഡലിസവും* (ഊന്നൽ കൂട്ടിച്ചേർത്തത്) തമ്മിലുള്ള സന്ധിയും നീതിന്യായ കീഴ്വഴക്കങ്ങളുടെ തുടർച്ചയും അതോടൊപ്പം തന്നെ ഫ്യൂഡൽരൂപത്തിലുള്ള നിയമങ്ങളുടെ മതപരമായ സ്ഥിരപ്പെടുത്തലും ദൃശ്യമാവുന്നു. ഫ്രാൻസിൽ നടന്നത് കഴിഞ്ഞകാലപരമ്പര്യത്തിന്റെ പൂർണമായ വിച്ഛേദമായിരുന്നു. അത് ഫ്യൂഡലിസത്തിന്റെ എല്ലാ അവശിഷ്ടങ്ങളേയും തുടച്ചുനീക്കുകയും പഴയ റോമൻ നിയമത്തിനോട് സമർഥമായി പൊരുത്തപ്പെടുത്തിക്കൊണ്ട് ഒരു സിവിൽ നിയമസംഹിത രൂപപ്പെടുത്തുകയും ചെയ്തു. ചരക്കുകളുടെ ഉൽപ്പാദനവുമായി ബന്ധപ്പെടുത്താവുന്ന സാമ്പത്തിക ഘട്ടത്തിന് അനുയോജ്യമായ നിയമബന്ധങ്ങളുടെ സമഗ്രമായ പ്രകാശനമായിരുന്നു ആ നിയമം. അതായത് ആധുനിക മുതലാളിത്ത കാലഘട്ടത്തിൽ ഏറ്റവും അനുയോജ്യമായത്... (*തെരഞ്ഞെടുത്ത കൃതികൾ*, വാല്യം രണ്ട്, മാർക്സ്, എംഗൽസ്, പുറം 107

നിയമത്തിന്റെയും നീതിന്യായവ്യവസ്ഥയുടെയും മുതലാളിത്ത ഭരണത്തിൻകീഴിലുള്ള വർഗപരമായ സ്വഭാവം എന്ന പ്രശ്നത്തെ യാന്ത്രികമായി മനസിലാക്കരുത്. കോടതിക്കു മുമ്പിലുള്ള ഓരോ കേസിലും തൊഴിലാളിക്കോ അടിച്ചമർത്തപ്പെട്ടവർക്കോ എതിരായിട്ടായിരിക്കും, വിധി പ്രഖ്യാപിക്കപ്പെടുക എന്ന് ഇതിന് അർഥമില്ല. ഒരു ജഡ്ജിക്കും അഭിപ്രായസ്വാതന്ത്ര്യമില്ലെന്നോ, നിയമത്തെ വ്യാഖ്യാനിക്കുന്നതിൽ സ്വതന്ത്രമായ നിലപാട് സ്വീകരിക്കാനാവില്ലെന്നോ, ഒരേ സ്വഭാവമുള്ള കേസുകളിൽ വ്യത്യസ്ത ജഡ്ജിമാർ വ്യത്യസ്ത വിധികൾ നൽകുകയില്ലെന്നോ ഇതുകൊണ്ട് അർഥമാക്കരുത്.

മുതലാളിത്ത സമൂഹത്തിന് മുന്നോട്ടു പൊയ്ക്കൊണ്ടേയിരിക്കണം; ഉൽപ്പാദനം തടസ്സപ്പെടരുത്; മുതലാളിമാർക്ക് ലാഭമുണ്ടാക്കാൻ കഴിഞ്ഞുകൊണ്ടേയിരിക്കണം. ഇതിനായി ഭരണവർഗ അംഗങ്ങൾതന്നെ ചില ആദർശങ്ങൾ അംഗീകരിക്കണം. അല്ലാത്തപക്ഷം അത് സമൂഹത്തെത്തന്നെ തകർത്തുകളയും. മുതലാളിവർഗത്തിന് സ്വകാര്യസൈന്യത്തെ നിലനിർത്താനോ പണിമുടക്കുന്ന തൊഴിലാളികളെ തന്നിഷ്ടപ്രകാരം വെടിവെച്ചുകൊല്ലാനോ അനുമതി കൊടുക്കുന്നില്ല. ആ അവകാശം മുത

ലാളിവർഗത്തിനുവേണ്ടി ഭരണകൂടം ഏറ്റെടുത്തിരിക്കുന്നു. വ്യക്തിപര മായി ഇതോ മറ്റേതെങ്കിലും നിയമത്തെയോ ലംഘിക്കുന്നവരെയും അതു വഴി ചൂഷകന്റെ പൊതുവായ താല്പര്യത്തെ ഹനിപ്പിക്കുന്നവരെയും ശിക്ഷയ്ക്ക് വിധേയമാക്കുന്നു. ചില ഇളവുകളോ നേട്ടങ്ങളോ ഒക്കെ കോട തികളിൽനിന്ന് തൊഴിലാളികൾക്ക് ലഭിച്ചുകൂടെന്നില്ല. എന്നാൽ തൊഴി ലാളിവർഗ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള എല്ലാ പ്രധാന പോരാട്ട ങ്ങളിലും, ചൂഷണത്തിനെതിരായ പോരാട്ടത്തിലും, ഒരു വർഗം മറ്റൊരു വർഗത്തിനോട് ഏറ്റുമുട്ടുമ്പോൾ വിധി എല്ലായ്പ്പോഴും തൊഴിലാളിവർഗ ത്തിനെതിരായിരിക്കും. ലാഭം നേടാനുള്ള അവകാശം പലവട്ടം സ്വത ന്ത്രമായി ഉയർത്തിപ്പിടിക്കുന്ന കോടതിതന്നെ തൊഴിലിനുള്ള അവകാ ശത്തെ അങ്ങനെ അംഗീകരിക്കാൻ തയ്യാറാവുന്നില്ല. നിയമസമാധാന പാലനം ഉയർത്തിപ്പിടിക്കുന്ന കോടതിതന്നെ അത് ചൂഷകവർഗത്തിന്റെ താൽപ്പര്യത്തിനുവേണ്ടിയാണ് ഉപയോഗപ്പെടുത്തുന്നത്.

ഇതെല്ലാമാണ് നിയമവ്യവസ്ഥാവികസനത്തിന് പിന്നിലെ വർഗയാ ഥാർഥ്യങ്ങൾ. എന്നാൽ ഈ വർഗയാഥാർഥ്യങ്ങളെ സംബന്ധിച്ച് ബൂർഷ്വാ നിയമജ്ഞരും ജഡ്ജിമാരും അജ്ഞരാണ്.

കമ്യൂണിസത്തിന്റെ സ്ഥാപകർ നീതിന്യായവ്യവസ്ഥകൾ തീരുമാ നിക്കപ്പെടുന്നത് വർഗബന്ധങ്ങളാണെന്ന് മനസിലാക്കിയിരുന്നതിനാൽ ബൂർഷ്വാജഡ്ജിമാർക്കും നിയമജ്ഞർക്കുമുള്ള പരിമിതിയെക്കുറിച്ച് ബോധവാന്മാരായിരുന്നു. 1908 ഒക്ടോബർ 27-ന് എംഗൽസ് ഷ്മിറ്റിന് എഴുതി:

> സാമ്പത്തികബന്ധങ്ങൾ നിയമതത്ത്വങ്ങളായി പ്രതിഫലിക്കുമെ ന്നത് ഒരു കുഴഞ്ഞുമറിഞ്ഞ പ്രശ്നമാണ്. ആരാണോ അത് കൈകാര്യം ചെയ്യുന്നത് അയാൾ അതിനെക്കുറിച്ച് ബോധവാനാ യിരിക്കില്ല. നിയമജ്ഞർ ഭാവിക്കുന്നത് അവർ മഹത്തായ ചില പ്രസ്താവങ്ങൾ നടത്തുകയാണെന്നാണ്; എന്നാൽ അവ വാസ്ത വത്തിൽ സാമ്പത്തിക പ്രതിഫലനങ്ങൾ മാത്രമാണ്, എല്ലാം കീഴ്മേൽമറിഞ്ഞതായി അനുഭവപ്പെടുന്നു. അതുകൊണ്ട് ഈ കീഴ്മേൽമറിയൽ പ്രത്യയശാസ്ത്രം അതിന്റെ സാമ്പത്തികാടിത്ത റമേൽ നടത്തുന്ന പ്രതിപ്രവർത്തനമായിട്ടാണ് എനിക്ക് തോന്നു ന്നത്.

അദ്ദേഹം തുടർന്നു:

> രാഷ്ട്രീയം തൊഴിലാക്കിയവരിലും, പൊതുനിയമത്തിന്റെ തത്ത്വ നിർമാതാക്കളിലും സ്വകാര്യനിയമവ്യാഖ്യാതാക്കളിലും ഒക്കെ സാമ്പത്തികമായ ഈ ബന്ധം നീതിക്കുവേണ്ടി നഷ്ടപ്പെടുന്ന തായി തോന്നുന്നു. ഓരോ കേസിലും സാമ്പത്തിക വസ്തുക്കൾ നിയമത്തിന്റെ അംഗീകാരം കിട്ടുന്നതിനായി നിയമലക്ഷ്യങ്ങളുടെ

രൂപം കൈവരിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ നിലവിൽ പ്രവർത്തനക്ഷമമായ നിയമവ്യവസ്ഥയ്ക്ക് പൂർണമായ അംഗീകാരം കൊടുക്കുകയും നിയമരൂപത്തെ ഉയർത്തിക്കാട്ടി സാമ്പത്തിക ഉള്ളടക്കത്തെ അപ്രസക്തമാക്കുകയും ചെയ്യുന്നു. പൊതു നിയമവും സ്വകാര്യനിയമവും രണ്ട് സ്വതന്ത്രമേഖലകളിൽ പ്രവർത്തിക്കുന്നതായാണ് കരുതുന്നത്. ഓരോന്നിനും വ്യത്യസ്തമായ ചരിത്രപരമായ വളർച്ചയുമുണ്ട്. അവയ്ക്ക് ആഭ്യന്തരവൈരുധ്യങ്ങളെ ഒഴിവാക്കി വ്യവസ്ഥാപിതമായി അവതരിപ്പിക്കപ്പെടാനുള്ള കഴിവും ആവശ്യകതയുമുണ്ട്. (*ലുദ്വിഗ് ഫൊയർ ബാഹും ജർമൻ ക്ലാസിക്കൽ പ്രത്യയശാസ്ത്രവും തെരഞ്ഞെടുത്ത കൃതികൾ*, വാല്യം രണ്ട്, എംഗൽസ്, പുറം 397)

വർഗബന്ധങ്ങളെയോ സാമ്പത്തികയാഥാർഥ്യങ്ങളെയോ നിയമം മറയില്ലാതെ അവതരിപ്പിക്കില്ല എന്നുതന്നെയാണ് എംഗൽസ് പറയുന്നത്. മാത്രവുമല്ല ആധുനിക മുതലാളിത്തനിയമം സമത്വത്തിൽ അധിഷ്ഠിതമായ ഒന്നായാണ് സ്വയം പ്രത്യക്ഷപ്പെടാൻ ശ്രമിക്കുന്നത്. പൗരന്മാരുടെ തുല്യതയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വർഗബന്ധങ്ങൾ നിയമപരമായി അവതരിപ്പിക്കപ്പെടണം. വർഗസ്വഭാവം പുറത്തുകാണിക്കുന്നതോ വർഗതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് അപ്രാപ്തമോ ആയ ആഭ്യന്തര വൈരുധ്യങ്ങളൊന്നും ഈ നിയമവ്യവസ്ഥയിൽ പ്രകടമാകരുത്.

ഭരണവർഗ താൽപ്പര്യങ്ങൾക്കനുസരിച്ചും, അടിച്ചമർത്തപ്പെടുന്ന വർഗങ്ങൾക്ക് ഇളവുകൾ കൊടുത്തുകൊണ്ടുമൊക്കെ കാലാനുസൃതമായി ഈ നിയമങ്ങൾ വെട്ടിയൊതുക്കിക്കൊണ്ടിരിക്കും. എംഗൽസ് വ്യത്യസ്ത രാജ്യങ്ങളിലെ വ്യത്യസ്ത നിയമങ്ങളെക്കുറിച്ചും ചൂണ്ടിക്കാട്ടി. ഉദാഹരണത്തിന് പാരമ്പര്യസ്വത്തുദായക്രമത്തെ സാമ്പത്തികബന്ധങ്ങളാൽ വിശദീകരിക്കാനാവില്ല. പഴയകാലചരിത്രവും മറ്റു കാരണങ്ങളുമാണ് അതിന് അടിസ്ഥാനമായിട്ടുള്ളത്. എന്നിരിക്കിലും നിർണായകഘടകം വർഗബന്ധങ്ങൾ തന്നെയാണ്. എന്നാൽ അത് സംസ്കരിച്ചേ പറയാനാവൂ; തുല്യ അവകാശങ്ങളുടെ പേരിൽ; അതോടൊപ്പം ജഡ്ജിമാരും നിയമജ്ഞരും ആണ് മാറ്റങ്ങൾ സൃഷ്ടിക്കുന്നതെന്ന തോന്നൽ ഉണ്ടാക്കുകയും വേണം. ഇത് തീർച്ചയായും ജഡ്ജിമാരുടെയും നിയമജ്ഞരുടെയും പൊങ്ങച്ചത്തെ ഒരേപോലെ തൃപ്തിപ്പെടുത്തുകയും സ്വാതന്ത്ര്യത്തിന്റെയും പുരോഗതിയുടേതുമായ പ്രതീതി സൃഷ്ടിക്കുകയും ചെയ്യുന്നു.

ഒരു ആധുനിക ഭരണകൂടത്തിൽ നിയമം സാധാരണ സാമ്പത്തികാവസ്ഥയുമായി യോജിച്ചുപോകണമെന്നു മാത്രമല്ല, അതിന്റെ

ആഭ്യന്തരവൈരുധ്യങ്ങൾമൂലം, അത് പ്രകടിപ്പിക്കാതെ ശൂന്യാവസ്ഥയിലെന്ന് തോന്നിക്കുകയും ചെയ്യുന്നു. ഇത് നേടിയെടുക്കുന്നതിനായി സാമ്പത്തികസ്ഥിതിയുടെ വിശ്വസ്തമായ പ്രതിഫലനങ്ങൾ ഏറെ പരിക്കേൽക്കേണ്ടതായി വരുന്നു. അതുകൊണ്ട് വളരെ അപൂർവമായി മാത്രമേ നിയമങ്ങൾ മായം ചേർക്കാത്ത, പരുക്കനായ, മൂർച്ചയേറിയ ഭരണവർഗ ഉപാധിയായി പ്രത്യക്ഷപ്പെടുന്നുള്ളു - അതുപോലും ധാർമികതയുടെ മറവിലായിരിക്കും... അങ്ങനെ വലിയൊരളവുവരെ ധാർമികതയുടെ വികസനമാണ് ആദ്യം വരുന്നത്. സാമ്പത്തികബന്ധങ്ങളെ നിയമതത്ത്വങ്ങളാക്കുമ്പോഴുണ്ടാകുന്ന വൈരുധ്യങ്ങളെ അതില്ലാതാക്കാൻ ശ്രമിക്കുന്നു; എന്നിട്ട് സമന്വയത്തിന്റേതായ ഒരു നിയമവ്യവസ്ഥയുണ്ടാക്കാൻ ശ്രമിക്കുന്നു. തുടർന്നുണ്ടാകുന്ന സാമ്പത്തികവളർച്ചകൊണ്ട് നിയമവ്യവസ്ഥയിലുണ്ടാകുന്ന ലംഘനങ്ങളെ സ്വാധീനിക്കാനും അടിച്ചമർത്താനും ശ്രമിക്കുന്നു. ഞാനിപ്പോൾ സംസാരിച്ചത് സിവിൽ നിയമങ്ങളെക്കുറിച്ച് മാത്രമാണ്. (*ഷ്മിറ്റിനെഴുതിയ കത്ത്*, മാർക്സ് - എംഗൽസ് തെരഞ്ഞെടുത്ത കൃതികൾ വാല്യം രണ്ട്, പുറം 493-4)

മാർക്സിന്റെയും എംഗൽസിന്റെയും അഭിപ്രായത്തിൽ നീതിന്യായവ്യവസ്ഥ ഒരു ഭരണകൂടഉപകരണം മാത്രമാണ് - വർഗപരമായ അടിച്ചമർത്തലിനുള്ള ഉപകരണം. ഇത് കോടതികളെ സംബന്ധിച്ച് അവർ എഴുതിയിട്ടുള്ളതിൽനിന്ന് വ്യക്തമാണ്.

ഇതുംപോരാതെ മുഴുവൻ നിയമവ്യവസ്ഥയും അതിന്റെ സിദ്ധാന്തങ്ങളും അതിന് കീഴിൽ നിയമം കൈകാര്യം ചെയ്യുന്നവരും ഒക്കെ മേധാവിവർഗത്തിന്റെ താൽപ്പര്യങ്ങളെ സേവിക്കുകയാണെന്നും മാർക്സും എംഗൽസും കാണിച്ചുതന്നു. ഭരണനിർവഹണവിഭാഗവുമായുള്ള ബന്ധത്തിൽ പോലും നീതിന്യായവിഭാഗത്തിന്റെ ബന്ധം വാസ്തവത്തിൽ സ്വതന്ത്രമല്ല. ഏത് വർഗമാണോ സമൂഹത്തിൽ മേധാവിത്വം വഹിക്കുന്നത്, ആ വർഗമാണ് ഭരണവർഗം എന്നതുമായി ബന്ധപ്പെടുത്തിനോക്കുമ്പോൾ അത് ഒട്ടുംതന്നെ ശരിയല്ല. നീതിന്യായ വിഭാഗത്തിലെ ആളുകൾക്ക് പരിശീലനം കൊടുക്കുന്നത് ബൂർഷ്വാനിയമജ്ഞരാണ്. അവരോട് നിയമം കൈകാര്യം ചെയ്യാൻ ആവശ്യപ്പെടുമ്പോൾ അവർ നിയമത്തിലെ വർഗതാൽപ്പര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാനും അത് സാക്ഷാത്കരിക്കാനും തയ്യാറാവുന്നു - ഇതാണ് മാർക്സ് നമ്മളെ പഠിപ്പിച്ചത്.

സുപ്രീം കോടതിയിലെ ജഡ്ജിമാർക്ക് മാർക്സിസത്തെ തള്ളിക്കളയാനുള്ള അവകാശമുണ്ടെന്നതിൽ തർക്കമില്ല. മാർക്സിസ്റ്റ് വീക്ഷണം സ്വാംശീകരിച്ചതായി സംശയിക്കാൻപോലും ഇടവരുത്താത്തവിധം അകലത്തിലാണ് അവരുടെ സ്ഥാനങ്ങൾ എന്ന കാര്യം വാസ്തവമാണ്. എന്നാൽ മാർക്സിനെക്കുറിച്ചുള്ള അവരുടെ വ്യാഖ്യാനം അവരുടെ ആഴത്തിലുള്ള അജ്ഞതയാണ് വെളിവാക്കുന്നത്. മാർക്സിസം - ലെനിനി

സമെന്നാൽ സാർവദേശീയ തൊഴിലാളിവർഗത്തിന്റെ ലോകവീക്ഷണമാണ്. അത് സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശാസ്ത്രമാണ്. മാർക്സിസം - ലെനിനിസത്തിൽ വിശ്വസിക്കുന്ന പാർട്ടികൾ ലോകത്തിന്റെ മൂന്നിലൊന്നു ഭാഗത്തെ സ്വതന്ത്രമാക്കിയിട്ടുണ്ട്. ലോകത്തിലെ മൂന്നിലൊന്നു ഭാഗത്തെ ഭരിക്കുന്നത് ഈ പാർട്ടികൾ നയിക്കുന്ന ഗവൺമെന്റുകളാണ്. അതിനെ സംബന്ധിച്ച് പൊതുവൽക്കരണം നടത്തണമെങ്കിൽ ആഴത്തിൽ പഠിക്കുകയും തൊഴിലാളിവർഗവീക്ഷണത്തോടെ അത് സ്വാംശീകരിക്കാനുള്ള കഴിവുണ്ടായിരിക്കുകയും വേണം.

ചൂഷകവർഗത്തിന് മേധാവിത്വം വഹിക്കാനുള്ള ഒരു ഉപകരണമായി ഭരണകൂടത്തെ ഉപയോഗിക്കാനുള്ള ഉപാധികളാണ് നിയമം, നീതിന്യായവ്യവസ്ഥ എന്നിവയെന്ന് മാർക്സിസം - ലെനിനിസം പഠിപ്പിക്കുന്നു. വർഗബന്ധങ്ങളെയാണ് നിയമബന്ധങ്ങൾ പ്രതിഫലിപ്പിക്കുന്നത്. ഭരണവർഗത്തിന്റെ താൽപ്പര്യങ്ങൾക്കൊത്ത വിധം നിയമങ്ങൾ മാറുമെന്നും, നിയമങ്ങൾ വ്യാഖ്യാനിക്കാൻ മാത്രമാണ് ജഡ്ജിമാരെന്നും ഉള്ള ആശയങ്ങൾ ഭരണവർഗതാൽപ്പര്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ ബാധകമായിരിക്കുന്നു. നിയമത്തിന് വർഗബന്ധങ്ങളുടെ ചരിത്രത്തിൽനിന്ന് വ്യത്യസ്തമായ ഒരു സ്വതന്ത്രചരിത്രമുണ്ടെന്ന ധാരണയും സ്വതന്ത്രബുദ്ധിയിൽനിന്ന് ജഡ്ജിമാരും നിയമജ്ഞരുമാണ് നിയമതത്ത്വങ്ങൾ രൂപീകരിക്കുന്നതെന്ന ധാരണയും സ്വപ്നസദൃശമായ ഒരു കൽപ്പിതകഥ മാത്രമാണ്.

മറ്റൊരു വിഷയത്തിലെ ആശയപരവും അസംബന്ധവുമായ ഒരു ആശയത്തെക്കുറിച്ച് വിമർശിച്ചുകൊണ്ട് മാർക്സും എംഗൽസും എഴുതി:

> ഈ 'തലയോട്ടി' വ്യവസ്ഥ ഈജിപ്ഷ്യൻ പിരമിഡുകളോളം പഴക്കമുള്ളതും അതുമായി നിരവധി സാമ്യങ്ങളുള്ളതുമാണ്; എന്നാൽ ഈ അടുത്ത കാലത്ത് തലസ്ഥാനം തകർക്കപ്പെട്ട പ്രഷ്യൻ രാജവാഴ്ചയോളം നവീനവുമാണ് നിത്യഹരിതമായ ഒരു അവസ്ഥ. ആദർശവാദിയായ ദലായ് ലാമയ്ക്ക് അദ്ദേഹത്തിന്റെ ഈ പ്രതിരൂപത്തിനോട് ഇതിലെങ്കിലും സമാനതയുണ്ട്. അവർ അവരെ തന്നെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത് അവർ ജനിച്ചുവീണ ഭൂമിയിൽ അവരുടെ വിശുദ്ധസ്ഥലമില്ലാതെ അവർക്ക് തുടർന്ന് നിലനിൽപില്ലെന്നാണ്." (*ജർമൻ പ്രത്യയശാസ്ത്രം*, പേജ് 601)
>
> (*പീപ്പിൾസ് ഡമോക്രസി*, 1970 ആഗസ്ത് 9)

ഇന്ത്യൻ ഭരണഘടന
ചൂഷക വർഗത്തിന്റെ ഉപകരണം

ബി ടി രണദിവെ

ഇന്ത്യയുടെ ഭരണഘടന ജന്മി-മുതലാളിഭരണത്തിന്റെ ഒരു ഉപകരണമാണെന്ന് ഇരുപതു വർഷത്തിനിടയിൽ അതുതന്നെ സ്വയം നമുക്ക് തെളിയിച്ചുതന്നു. മൗലികാവകാശങ്ങളുടെ ഘനഗംഭീരമായ ഒരു പ്രഖ്യാപനം അതിൽ ചേർത്തിട്ടുണ്ടെങ്കിലും യാതൊരു വിശേഷവുമില്ല. അതിന്റെ ഉപജ്ഞാതാക്കളും വക്താക്കളും തന്നെ തങ്ങൾ ഭരണഘടനയെ വ്യഭിചരിക്കുകയാണെന്ന് അന്യോന്യം കുറ്റപ്പെടുത്തുന്നതുകൊണ്ട് അതിന്റെ പരിശുദ്ധി അമ്പേ അവഹേളിക്കപ്പെട്ടുകഴിഞ്ഞു. ബൂർഷ്വാ പാർട്ടികൾക്ക് എത്രത്തോളം കീഴ്പോട്ടു പോകാം എന്നതിന് പ്രസിഡന്റ് തിരഞ്ഞെടുപ്പുകാലത്ത് അവ പരസ്പരം നടത്തിയ ആക്ഷേപ കോലാഹലം തെളിവാണ്.

പരിശുദ്ധരിൽ പരിശുദ്ധനായ പ്രസിഡന്റ് സുപ്രീംകോടതിയുടെ മുമ്പാകെ ഹാജരാക്കപ്പെട്ടു. അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത് ശരിയായ വിധത്തിലായിരുന്നുവോ അല്ലയോ എന്നു തീരുമാനിക്കാൻ പൊതുഖജനാവിൽനിന്നു ശമ്പളം പറ്റുന്ന ജഡ്ജിമാർ ഗൗരവപൂർവം വിചാരണ നടത്തി. ഭരണഘടനയിൽ മൗലികനിയമങ്ങളെ സ്പർശിക്കുന്ന ഭാഗത്ത് വല്ല മാറ്റവും വരുത്താൻ പാർലമെന്റിന് അധികാരമില്ലെന്ന് സുപ്രീംകോടതി പറഞ്ഞിരിക്കുന്നു. സ്വത്തുടമസ്ഥതയ്ക്കുള്ള മൗലികാവകാശം സംബന്ധിച്ചാണ് ഈ വിധി ഉണ്ടായിട്ടുള്ളത്.

മൗലികാവകാശങ്ങൾ ആറ്റിക്കുറുക്കിയാൽ സ്വകാര്യസ്വത്തിന്റെ പരിശുദ്ധിയാണെന്ന നില വന്നിരിക്കുന്നു. വൻകിട സ്വത്തുടമസ്ഥന്മാർക്ക് സ്വകാര്യസ്വത്തിലുള്ള അവകാശമാണിവിടെ വിവക്ഷിക്കപ്പെടുന്നത്.

എന്നുവച്ചാൽ, മറ്റുള്ളവരുടെ സ്വകാര്യസ്വത്ത് തട്ടിയെടുക്കാനോ അത് അവർക്കു നിഷേധിക്കാനോ ഇവർക്ക് അവകാശമുണ്ടെന്നർഥം. ഈ വ്യവസ്ഥ ഇല്ലായിരുന്നുവെങ്കിൽ, സ്വത്തുടമസ്ഥതയ്ക്കുള്ള മൗലികാവകാശത്തിന്റെ ഫലമായി ഭൂമി ചുരുക്കം ചില ഉടമകളുടെ കൈയിൽ കേന്ദ്രീകരിക്കുകയില്ലായിരുന്നു; അതില്ലായിരുന്നുവെങ്കിൽ, മൂലധനോൽപ്പാദനത്തിന്റെ ഗണ്യമായ ഒരു ഭാഗം കയ്യടക്കിവയ്ക്കുകയും ഗവൺമെന്റിന്റെയും പത്രങ്ങളുടെയും ജനങ്ങളുടെ സാമ്പത്തിക ജീവിതത്തിന്റെയും മീതെ നിയന്ത്രണമേർപ്പെടുത്തുകയും ചെയ്യുന്ന ഇരുപത്തേഴ് കുത്തക കുടുംബങ്ങളുടെ ഉയർച്ച സംഭവിക്കുകയില്ലായിരുന്നു.

അസംഖ്യം ആളുകളുടെ തൊഴിലുകളും ജീവിതങ്ങളുംകൊണ്ട് യഥേഷ്ടം പന്താടാനുള്ള അവകാശമാണ് ഭരണഘടന ഇക്കൂട്ടരുടെ കൈയിൽ ഏൽപ്പിച്ചത്.

ഭരണഘടനയുടെ പ്രഖ്യാപിതലക്ഷ്യങ്ങളിൽ ഓരോന്നും അതിന്റെ നേരെ വിപരീതത്തിൽ എത്തിയിരിക്കുന്നു. ആരാധനാസ്വാതന്ത്ര്യം ഉറപ്പുചെയ്തതിനെത്തുടർന്ന് മുസ്ലിം ന്യൂനപക്ഷം (ഉദാ: അഹമ്മദാബാദിൽ) ഏറ്റവും മൃഗീയമായ വിധത്തിൽ കൂട്ടക്കൊലക്കിരയാവുന്നു. ഗുജറാത്തിലെ ഗവണ്മെന്റിനെ കേന്ദ്രം പിരിച്ചുവിട്ടില്ല; ഭരണഘടന ഉയർത്തിപ്പിടിക്കാൻ അതിന് പ്രാപ്തിയില്ലെന്നും ആരും പറഞ്ഞില്ല. ആരാധനാസ്വാതന്ത്ര്യം ഔപചാരികമായി ഒരവകാശമെന്നനിലയ്ക്ക് പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞാൽ, പിന്നെ മുസ്ലിങ്ങളുടെ വീടുകൾക്കു തീ വയ്ക്കാം; നിരപരാധികളായ സ്ത്രീപുരുഷന്മാരെയും കുഞ്ഞുങ്ങളെയും കൂട്ടക്കൊലചെയ്യാം; അതൊന്നും ഭരണഘടനയുടെ ആന്തരാത്മാവിനെ ബാധിക്കുകയില്ല!

രാഷ്ട്രത്തിന്റെ തലവൻ തന്റെ വിജയമാഘോഷിക്കാൻ ദിവ്യമായ ഒരു തേങ്ങ ഉടയ്ക്കുന്നു; മറ്റൊരു തലവൻ മാർപാപ്പയെക്കാണാൻ പാഞ്ഞുചെല്ലുന്നു; അല്ലെങ്കിൽ ഒരു ശങ്കരാചാര്യരുടെ കൈയിൽ നിന്ന് പ്രസാദം വാങ്ങുന്നു. എത്രയും കൊട്ടിഘോഷിക്കപ്പെടുന്ന ഭരണഘടനയിലെ മതേതരത്വത്തിന്റെ തനിനിറമാണ് ഇവിടെയെല്ലാം പ്രത്യക്ഷപ്പെടുന്നത്. ഇത് മതേതരത്വമല്ല, മറിച്ച്, എല്ലാ മതപീഠങ്ങളുടെയും മുമ്പിൽച്ചെന്ന് കപടഭക്തി കാണിക്കുന്ന ഒരു സമ്പ്രദായമാണ്.

മറുവശത്താകട്ടെ, ജനസംഘത്തിന്റെ ദൃഷ്ടാന്തം ഉദാഹരിക്കുന്നതുപോലെ, മുസ്ലിം ന്യൂനപക്ഷങ്ങളെ വേട്ടയാടാനും ഈ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും ഉപകരിക്കുന്നുണ്ട്. മതഭ്രാന്തരായ മുസ്ലിം നേതാക്കൾക്ക് അധ്വാനിക്കുന്ന ജനങ്ങളെ ഭിന്നിപ്പിക്കാൻ ഇതൊരായുധമാണ്. ദൈവത്തെക്കൊണ്ടും ആത്മീയ ലഹരിപദാർഥങ്ങൾകൊണ്ടും കച്ചവടം നടത്തുന്നതിന് ലൈസൻസുള്ള കത്തോലിക്കാ തിരുസഭ ഇപ്പോൾ അതിലുമപ്പുറം കടന്നിരിക്കയാണ്. ചില പുരോഹിതന്മാർ കേരളത്തിൽ നിന്നുള്ള പെൺകിടാങ്ങളെ കൊണ്ട് കച്ചവടം തുടങ്ങിയിരിക്കുന്നു.

ഭരണഘടനയുടെ പ്രഖ്യാപിത ലക്ഷ്യമായ മദ്യനിരോധനത്തിന്റെ കൂടെ ഇപ്പോൾ കള്ളക്കടത്തും നിയമവിരുദ്ധ മദ്യവിൽപ്പനയും ധാരാളം പ്രചാരത്തിലുണ്ട്. മദ്യനിരോധനം നടപ്പാക്കാനോ കൂടുതൽ അത് പരീക്ഷിച്ചു നോക്കാനോ ഒരു സ്റ്റേറ്റിനും ഇപ്പോൾ ധൈര്യമില്ല. നേരെ മറിച്ച്, അത് ഇന്ത്യയിൽ സർവത്ര പരിഹാസവിഷയമായിരിക്കുന്നു. ബോംബെ പോലുള്ള നഗരങ്ങളിൽ കള്ളക്കടത്തുകാരാണ് അതിനെ ഏറ്റവും ശക്തിപൂർവം പിന്താങ്ങുന്നവർ. പല കോൺഗ്രസ് മന്ത്രിമാരും ഒരേയൊരു കാരണംകൊണ്ടാണ് എത്രയോമുമ്പുതന്നെ മദ്യനിരോധനപരിപാടി നിർത്തിവയ്ക്കാതിരുന്നത്. കോൺഗ്രസിനകത്തു തന്നെയുള്ള തങ്ങളുടെ എതിരാളികൾ അതു ഉപയോഗിച്ച് തങ്ങളെ താഴെ ഇറക്കിയേക്കുമെന്നും, അതിനുവേണ്ടി ഗാന്ധിയുടെ പേർപോലും ഉപയോഗിച്ചേക്കുമെന്നും അവർ ഭയപ്പെട്ടു.

തൊഴിലിനുള്ള അവകാശം പട്ടണങ്ങളിലുള്ള നാൽപ്പതു ലക്ഷത്തോളം തൊഴിൽരഹിതരുടെ എണ്ണത്തിൽ നിന്ന് നമുക്കു കാണാം. ലക്ഷക്കണക്കിലുള്ള വ്യവസായ തൊഴിലാളികൾ മാത്രമല്ല, ആയിരക്കണക്കിലുള്ള ബിരുദധാരികൾ, ബിരുദമില്ലാത്തവർ, എഞ്ചിനീയർമാർ തുടങ്ങിയവരും ഈ സംഖ്യയിൽ ഉൾപ്പെടും. നാട്ടിൻപുറങ്ങളിലെ തൊഴിൽരഹിതർ ഒരുകോടിയിലധികമുണ്ട്. ആകെമൊത്തം തൊഴിൽരഹിതരുടെ എണ്ണം ഭീമമായ ഒരു സംഖ്യയോളം–1 കോടി 12 ലക്ഷമോ 14 ലക്ഷമോ വരെ–ഇതിനകം ഉയർന്നിട്ടുണ്ടാവണം.

സ്ത്രീകളുടെ സമത്വത്തിന്റെ ചിത്രവും ഇതിനേക്കാൾ ഭേദമല്ല. വിവാഹം കഴിച്ച സ്ത്രീകളെ അവർ വിവാഹിതകളാണെന്ന കാരണത്താൽ പിരിച്ചുവിട്ടപ്പോൾ കോടതികൾ ആ നടപടിയെ ന്യായീകരിച്ചിട്ടുണ്ട്. തുല്യജോലിക്കു തുല്യവേതനം ഇല്ലെന്നു മാത്രമല്ല, ലിംഗഭേദത്തിന് അതീതമായ സമത്വവും ഇല്ല തന്നെ. സ്ത്രീകളെ ഭരണസർവീസുകളിൽ റിക്രൂട്ട് ചെയ്യുന്ന സമ്പ്രദായം നിർത്തണമെന്ന് ഉത്തർപ്രദേശിലെ മുൻമുഖ്യമന്ത്രി ചരൺസിങ്ങ് ആവശ്യപ്പെട്ടുവെന്നത് ഇതിന് ഏറ്റവും ഒടുവിലത്തെ ദൃഷ്ടാന്തമാണ്. കേന്ദ്രമാകട്ടെ, ഈ നിർദേശത്തെ കാര്യമായി പരിഗണിക്കാനും പോകുന്നുണ്ടത്രെ!

ബഹുജനങ്ങളുടെ വർഗസമരത്തെ നേരിട്ടു സ്പർശിക്കുന്ന സംഘടനാ സ്വാതന്ത്ര്യവും മറ്റും ഫലത്തിൽ തീർച്ചയായും തകർക്കപ്പെട്ടിരിക്കയാണ്. കരുതൽ തടങ്കൽ നിയമങ്ങൾ പാസ്സാക്കിയെടുത്തിട്ടുണ്ട്. ഏതൊരു പണിമുടക്കം നടക്കുമ്പോഴും 144–ാം വകുപ്പ് എടുത്തുപയോഗിക്കാം; തൊഴിലാളികളെ യഥേഷ്ടം അറസ്റ്റു ചെയ്യാം; ഇതിനെല്ലാം പുറമേ, നക്സലൈറ്റുകാരെ അമർത്താനാണെന്ന പേരിൽ ബ്രിട്ടീഷ് ഭരണകാലത്തെ മാതൃകയിലുള്ള ഏറ്റവും ദുഷിച്ച നിയമങ്ങളാണ് പശ്ചിമബംഗാളിൽ പാസാക്കിക്കൊണ്ടിരിക്കുന്നത്.

അയിത്തം ഇല്ലായ്മ ചെയ്യുമെന്നുള്ള ഭരണഘടനാപ്രഖ്യാപനം പ്രയോഗത്തിൽ കൊണ്ടുവരുന്നത് ഗ്രാമങ്ങളിൽ ഹരിജനങ്ങളുടെ നേരെ

ക്രൂരമായ പാതകങ്ങൾ ചെയ്തുകൊണ്ടാണ്. ഹരിജനങ്ങളുടെ കുടിലുകൾക്കു തീവെക്കലും ചിലപ്പോൾ അവരെത്തന്നെ ജീവനോടെ ദഹിപ്പിക്കലും ഈ പാതകങ്ങളിൽ ഉൾപ്പെടുന്നു. നഗരങ്ങളിൽ അയിത്തം ഇല്ലാതായിരിക്കുന്നുവെന്ന് രണ്ടു കൊല്ലം മുമ്പ് ആരോ ബഡായി പറഞ്ഞപ്പോൾ, ജഗ്ജീവൻറാം പോലും അതിനു മറുപടി കൊടുക്കുന്നതിനിടയിൽ പരാതിപ്പെട്ടു, സെക്രട്ടറിയേറ്റിൽ തനിക്കു പ്രത്യേകമായി ഒരു വെള്ളക്കൂജ ഏർപ്പെടുത്തിയിട്ടുണ്ടെന്ന്!

പത്രസ്വാതന്ത്ര്യത്തിന്റെ അർഥം, ഗോയങ്കമാർക്കും ടാറ്റാമാർക്കും ബിർളമാർക്കും ബഹുജനങ്ങൾക്ക് എതിരായും നിക്ഷിപ്തതാൽപ്പര്യക്കാർക്ക് അനുകൂലമായും വിഷലിപ്തമായ കള്ളപ്രചാരവേല നടത്താനുള്ള സ്വാതന്ത്ര്യം എന്നതാണെന്ന് ഇതിനകം വ്യക്തമായി. വിപുലമായ പ്രചാരമുള്ള ഭൂരിപക്ഷം പത്രങ്ങളും ഈ കുത്തകമുതലാളിമാരുടെ "പത്രശൃംഖലകളു"ടെ ഉടമസ്ഥതയിലാണ് പ്രവർത്തിക്കുന്നത്. ഗവണ്മെന്റിന്റെ പരസ്യങ്ങൾകൊണ്ട് അവ തടിച്ചുകൊഴുക്കുന്നു.

എല്ലാ മൗലികാവകാശങ്ങളെയും ഇപ്പോൾ അധികാരികൾ തീയിലിട്ടു ദഹിപ്പിച്ചുകൊണ്ടിരിക്കുന്നത് നാം കാണുന്നു. സി ആർ പി യും സി ഐ എസ് എഫും മൗലികാവകാശങ്ങൾ പ്രായോഗികമാക്കിത്തീർക്കുന്നതിനുള്ള പുതിയ ഉപകരണങ്ങളാണ്. കോടതികളുടെ ഏർപ്പാടുകൾക്കുള്ള സ്ഥാനത്ത് ഗവണ്മെന്റ് സംഘടിപ്പിച്ച സി ആർ പി എന്ന പുതിയതരം സൈന്യമാണ് പ്രവർത്തിക്കുന്നത്. മൗലികാവകാശങ്ങളുടെ ഈ അഭിനവസംരക്ഷകന്മാർ സർവകലാശാലകൾ കൈയ്യേറുന്നു. പ്രൊഫസർമാരേയും വിദ്യാർത്ഥികളേയും ഒരുപോലെ തല്ലിത്തകർക്കുന്നു. അങ്ങനെ വിദ്യാഭ്യാസത്തിനുള്ള അവകാശത്തേക്കാൾ ഉപരിയാണ് ലാത്തിയുടെ മേധാവിത്വമെന്ന് വിളിച്ചോതുകയും ചെയ്യുന്നു.

ബഹുജനപ്രസ്ഥാനങ്ങളെ സംബന്ധിച്ചാണെങ്കിൽ, അവയ്ക്കുള്ള സ്വാതന്ത്ര്യവും പുതിയ നിബന്ധനകൾകൊണ്ടും നിയമങ്ങൾകൊണ്ടും കൽപ്പനകൾകൊണ്ടും അനുദിനം വെട്ടിച്ചുരുക്കപ്പെടുകയാണ്. പോരെങ്കിൽ, അവസാനം ജയിലുകളുണ്ട്; സി ആർ പി യുടെ സായുധാക്രമണങ്ങളുമുണ്ട്. പണിമുടക്കങ്ങൾ നിരോധിക്കുന്നതിനുള്ള പുതിയ നിയമങ്ങൾ അണിയറയിൽ ഊട്ടിയുണ്ടാക്കപ്പെടുന്നു. തൊഴിലാളികൾക്ക് തങ്ങൾക്കിഷ്ടമുള്ള സംഘടനയിൽ ചേരാനുള്ള ഏറ്റവും ചെറിയ അവകാശം പോലും നിഷേധിക്കപ്പെടുന്നു. ഇതിനെല്ലാം പുറമെ പണിമുടക്കങ്ങൾ നടക്കുമ്പോൾ തൊഴിലാളികളെ ഭീഷണിപ്പെടുത്താൻ അവരുടെ നേർക്ക് സി ആർ പി യെ കെട്ടഴിച്ചുവിടുകയും ചെയ്യുന്നു. ദുർഗാപ്പൂരിൽ സംഭവിച്ചതെല്ലാം ഒരു ദൃഷ്ടാന്തമാണ്: പണിമുടക്കിയ തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുന്ന ആഹാരസാധനങ്ങൾപോലും സി ആർ പി തടഞ്ഞുനിർത്തുന്നു; ശത്രുപക്ഷത്തുള്ള ഒരു നഗരത്തിനു ചുറ്റുമെന്നപോലെ ഫലത്തിൽ ഒരു ഉപരോധം ഏർപ്പെടുത്തുന്നു, തൊഴിലാളികളുടെ വീടുകൾ ആക്രമിക്കുന്നു; അവരെ അവരുടെ ഭാര്യമാരുടെ

മുമ്പിൽവച്ച് ദണ്ഡനങ്ങൾക്ക് ഇരയാക്കുന്നു. അവരെ ഇലക്ട്രിക്ക് ഷോക്കുകൾക്ക് ഇരയാക്കുന്നു. ഇതൊക്കെ ചെയ്യുന്നത് അവരുടെ പണി മുടക്കം പൊളിക്കാൻ മാത്രമാണുതാനും.

മൗലികാവകാശങ്ങളെ സംബന്ധിച്ച യഥാർഥ സത്യം—ബൂർഷ്വാസിയുടെ വർഗതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന പൊതുക്രമത്തിന് വിധേയമാണ് അവ എന്ന സത്യം—ഇപ്പോൾ പട്ടാപ്പകൽപോലെ വ്യക്തമായിട്ടുണ്ട്. റിവിഷനിസ്റ്റുകാരെപ്പോലുള്ള രാഷ്ട്രീയ വിദൂഷകന്മാരും മടയന്മാരായ നിയമജ്ഞരും നിയമത്തിന്റെ വാഴ്ചയിൽ ഇപ്പോഴും വിശ്വസിക്കുന്നുണ്ടാവാം; നിയമത്തിന്റെ മഹത്വത്തെപ്പറ്റി അവർ ജൽപ്പിച്ചേക്കാം; പക്ഷെ, എല്ലാ നിയമവും ചൂഷകവർഗങ്ങൾക്ക് ചൂഷിതവർഗങ്ങളുടെ ചെറുത്തു നിൽപ്പിനെ മർദ്ദിച്ചൊതുക്കാനുള്ള ആവശ്യത്തിന് വിധേയമാണെന്നതാണ് പരമാർഥം.

എന്നാൽ, ഈ സംഭവവികാസം യാദൃച്ഛികമല്ല. ചൂഷകവർഗത്തിന്റേതായ ഒരു ഭരണകൂടത്തിൽ അവകാശങ്ങളുടെയും മറ്റും പ്രഖ്യാപനം എല്ലായ്പോഴും ഔപചാരികമാണ്. വർഗഭരണമെന്ന യാഥാർഥ്യം മൂടിവെക്കാനുള്ള ഒരു മറയാണത്. ഏത് തത്ത്വവും ഭരണാധികാരി വർഗത്തിന്റെ ആവശ്യങ്ങൾക്ക് ഉതകുന്നിടത്തോളം മാത്രമേ സ്വീകാര്യമാകൂ എന്നതാണ് യാഥാർഥ്യം. ഒരവകാശം തത്ത്വമെന്നനിലയ്ക്കു പ്രഖ്യാപിക്കപ്പെടുന്നതിന്റെ ഫലമായി ഭരണകൂടമോ ഭരണഘടനയോ വർഗാതീതമാണെന്ന വ്യാമോഹം സൃഷ്ടിക്കപ്പെടുമെങ്കിൽ-പ്രസ്തുത ഭരണകൂടം, അല്ലെങ്കിൽ ഭരണഘടന, എല്ലാ താൽപ്പര്യങ്ങളെയും എല്ലാ വ്യക്തികളെയും പ്രതിനിധാനം ചെയ്യുന്നുണ്ടെന്ന ഒരു തോന്നൽ അതുവഴി ഉണ്ടാക്കുമെങ്കിൽ—ആ പ്രഖ്യാപനം പ്രയോജനകരമാണ്. പക്ഷേ, ആ തത്ത്വം നടപ്പാക്കുന്നതുകൊണ്ട് വർഗമേധാവിത്വത്തിനു ക്ഷീണം തട്ടുമെങ്കിൽ, തത്ത്വം നിരാകരിക്കേണ്ടിവരും; അഥവാ, ആദ്യം മുതൽക്കേ ഭരണഘടനയിൽ അത് ചേർക്കാൻ പാടുള്ളതല്ല.

ലെനിൻ ഈ യാഥാർഥ്യങ്ങൾ കണ്ടിട്ടാണ് ഇപ്രകാരം പ്രസ്താവിച്ചത്:

> ആധുനിക ഭരണകൂടങ്ങളിലെ മൗലിക നിയമങ്ങളോരോന്നും-അവയിലെ ഭരണസമ്പ്രദായം 'യോഗം കൂടാനുള്ള സ്വാതന്ത്ര്യം നിയമത്തിന്റെ മുമ്പിൽ എല്ലാ പൗരന്മാർക്കുമുള്ള സമത്വം' ഇവയൊക്കെ-എടുത്തു പരിശോധിച്ചു നോക്കുക. ഓരോ പതനത്തിലും നിങ്ങൾ കാണുന്നത് ബൂർഷ്വാജനാധിപത്യത്തിന്റെ കാപട്യമാണ്; ആത്മാർഥതയും വർഗബോധവുമുള്ള ഓരോ തൊഴിലാളിക്കും അതു സുപരിചിതവുമാണ്. "പൊതുസമാധാനത്തിന് ഭംഗം സംഭവിക്കുക"യോ, ചൂഷിതവർഗം അതിന്റെ അടിമത്ത നിലക്ക് "ഭംഗം" വരുത്തി അഴിമതികളില്ലാത്ത നിലയിൽ പെരുമാറുകയോ ചെയ്താൽ, തൊഴിലാളികൾക്കെതിരായി പട്ടാളത്തെ അയ

യ്ക്കാനും പട്ടാള നിയമം പ്രഖ്യാപിക്കാനും ബൂർഷ്വാസിക്ക് ഉറപ്പു നൽകുന്ന കരുതൽ വ്യവസ്ഥകളും പഴുതുകളും ഉൾക്കൊള്ളാത്ത ഒരൊറ്റ ഭരണഘടനയും ആധുനിക ഭരണകൂടങ്ങളിലില്ല, കൗത്സ്കി ബൂർഷ്വാ ജനാധിപത്യത്തെ നിർലജ്ജം വെള്ളപൂശിക്കാണിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന്, അമേരിക്കയിലോ സ്വിറ്റ്സർലണ്ടിലോ ഉള്ള ഏറ്റവും മികച്ച ജനാധിപത്യ-റിപ്പബ്ലിക്കൻ ബൂർഷ്വാസിപോലും അവിടെ പണിമുടക്കുന്ന തൊഴിലാളികളോട് എങ്ങനെ പെരുമാറുന്നു എന്നതിനെപ്പറ്റി അദ്ദേഹം മിണ്ടുന്നില്ല. (*തൊഴിലാളിവർഗ വിപ്ലവവും വഞ്ചകനായ കൗത്സ്കിയും*, ലെനിൻ, മോസ്കോ, 1970, പുറം 20-21)

കൂട്ടത്തിൽ പറയട്ടെ: ബൂർഷ്വാ ജനാധിപത്യത്തെ വെള്ളപൂശിക്കാണിക്കുന്ന പണി നമ്മുടെ രാജ്യത്ത് ഏറ്റെടുത്തിരിക്കുന്നത് വലതു കമ്യൂണിസ്റ്റ് പാർട്ടിയിലെ റിവിഷനിസ്റ്റുകളാണ്; സാർവദേശീയ രംഗത്ത് സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ റിവിഷനിസ്റ്റ് നേതാക്കളും.

ലെനിൻ തന്റെ കാലത്തെ ബൂർഷ്വാ ഭരണഘടനകളുടെ സ്ഥിതി മാത്രമല്ല ശരിയായി വിവരിച്ചിട്ടുള്ളത് "പൊതുസമാധാന"ത്തിനു ഭംഗം വരുന്നതിനെപ്പറ്റി പരാമർശിക്കുമ്പോൾ അദ്ദേഹം ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥകൾ മുൻകൂട്ടി കണ്ടിരുന്നുവോ എന്നു തോന്നും. ഇന്ത്യൻ ഭരണഘടനയിലെ 19-ാം വകുപ്പ് പ്രസംഗ സ്വാതന്ത്ര്യവും, അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യവും സമാധാനപരമായും ആയുധം കൂടാതെയും യോഗം ചേരാനുള്ള അവകാശവും, സംഘങ്ങളും യൂണിയനുകളും രൂപീകരിക്കാനുള്ള അവകാശവും ഉറപ്പുചെയ്യുന്നുണ്ട്; പക്ഷെ, അതോടൊപ്പം ഈ അവകാശങ്ങളെല്ലാം പൊതുസമാധാനം, രാഷ്ട്രത്തിന്റെ ഭദ്രത മുതലായ പല പരിഗണനകളുടെയും അടിസ്ഥാനത്തിൽ ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയവുമാണ്.

പൊതുസമാധാനത്തിന്റെയോ രാഷ്ട്രത്തിന്റെ ഭദ്രതയുടെയോ പേരിൽ ഈ അവകാശങ്ങളുടെ മേൽ ന്യായമായ നിയന്ത്രണങ്ങളേർപ്പെടുത്താൻ ഭരണകൂടത്തിനുള്ള അധികാരം നിയന്ത്രിക്കപ്പെടുന്നില്ലെന്ന് 2, 3, 4 എന്നീ, ഉപവകുപ്പുകൾ പ്രസ്താവിക്കുന്നുണ്ട്. ഒരു പക്ഷെ ലെനിന്റെ കാലത്തെ ഭരണഘടനകളിൽ കാര്യങ്ങൾ ഇത്ര നേരെ ചൊവ്വേ വ്യക്തമാക്കിയിട്ടില്ലായിരിക്കാം. എന്നാൽ ഭാരതം ആകുന്ന ഇന്ത്യയുടെ ഭരണഘടനയിൽ ഏതൊരവകാശവും പൊലീസുകാരന്റെ ലാത്തിക്കു വിധേയമാണെന്ന സംഗതി സംശയാതീതമായി വെളിപ്പെടുത്തിയിട്ടുണ്ട്. അവകാശത്തിന്റെ പ്രയോഗം ഭരണാധികാരിവർഗത്തിന്റെ താൽപ്പര്യങ്ങളുമായി ഏറ്റുമുട്ടാത്ത കാലത്തോളം അതിനെ സഹിഷ്ണുതയോടെ വീക്ഷിക്കുന്നതാണ്.

പൊതുസമാധാനം എന്നാൽ എന്താണർഥം? മുതലാളിമാർക്ക് തൊഴിലാളികളുടെ ഓരോ സമരവും-ഓരോ പണിമുടക്കവും-പൊതുസമാധാനത്തിന്റെ ഭാഗമാണ്! ലെനിൻ പറഞ്ഞതുപോലെ, തൊഴിലാളിവർഗത്തിന്റെ അടിമത്ത നിലയുടെ ഭംഗമാണ്. ഭൂവുടമകളുടെ ദൃഷ്ടിയിൽ കർഷകരുടെ ഓരോ ഭൂപ്രക്ഷോഭവും കർഷകത്തൊഴിലാളികളുടെ പ്രകടനവും പൊതുസമാധാനത്തിന്റെ ഭംഗമാകുന്നു. അടുത്തകാലത്ത് ചില സ്റ്റേറ്റുകളിൽ അധ്യാപകരുടെ പണിമുടക്കുകളും പൊതു സമാധാനഭംഗമായി പരിഗണിച്ചു തുടങ്ങിയിട്ടുണ്ട്. എന്നിട്ട് അവ നിരോധിക്കപ്പെടുന്നു. അത്യാവശ്യസർവീസുകളിലെ പണിമുടക്കങ്ങളും സമരങ്ങളും നിരോധിക്കുന്നതിനും, ഏതു സർവീസും "അത്യാവശ്യസർവീസാ"യി പ്രഖ്യാപിക്കുന്നതിനുമുള്ള അധികാരം, 144-ാം വകുപ്പ് പ്രഖ്യാപിക്കാനുള്ള അധികാരം, പൊതു സമാധാനത്തിന്റെ പേരിൽ ഏതു സംഘത്തിന്മേലും നിയന്ത്രണം ചുമത്താനുള്ള അധികാരം, അതോടൊപ്പം യൂണിയനാപ്പീസുകൾ കൈയേറൽ, അറസ്റ്റുകൾ, അടി-ഇവയെല്ലാം തന്നെ ന്യായമായ നിയന്ത്രണങ്ങളായി പരിഗണിക്കപ്പെടുന്നുണ്ട്. 144-ാം വകുപ്പുപ്രകാരമുള്ള അധികാരങ്ങൾക്ക് ഭരണഘടനയിലെ മൗലികാവശങ്ങളടങ്ങുന്ന ഭാഗവുമായി ഒരു പൊരുത്തക്കേടുമില്ലെന്ന് സുപ്രീംകോടതി ജഡ്ജിമാർ ഈയിടെ ഒരു വിധി പ്രസ്താവിച്ചതാണ്.

ഈ സംഭവവികാസങ്ങളും യാഥാർഥ്യങ്ങളും യാദൃച്ഛികമല്ല. ഇവ ഭരണഘടനയുടെ യഥാർഥ ഉദ്ദേശ്യത്തെ വളച്ചൊടിക്കുകയാണ് ചെയ്യുന്നതെന്നോ, പ്രത്യേകിച്ച് ദുഷിച്ച ഒരു ഗവണ്മെന്റ് ഭരണഘടന നടപ്പാക്കുന്നതുകൊണ്ടാണ് ഇവ ഉളവാക്കുന്നതെന്നോ വിചാരിക്കാൻ നിവൃത്തിയില്ല. ഭരണഘടനയിൽ സാക്ഷാൽക്കരിക്കപ്പെട്ട വർഗഭരണയാഥാർഥ്യങ്ങളിൽനിന്ന് സിദ്ധിക്കുന്ന യുക്തിസഹമായ പരിഹാരങ്ങളാണിവ.

എല്ലാ ബൂർഷ്വാ ഭരണഘടനകളുടെയും വേല മനുഷ്യാവകാശങ്ങളുടെയും സാമാന്യതത്ത്വങ്ങളുടെയും പേരിൽ സംസാരിക്കുകയും ചൂഷകരെന്നും ചൂഷിതരെന്നും ഉള്ള രണ്ടു അസമവർഗങ്ങളുടെ അസ്തിത്വത്തെ സംബന്ധിച്ചുള്ള മൗലികയാഥാർഥ്യങ്ങളെ മറച്ചുവയ്ക്കുകയും ആണ്. ടാറ്റമാരെയും ബിർളമാരെയും സിംഘാനിയമാരെയും അവരെപ്പോലുള്ള മറ്റുള്ളവരെയും അവരുടെ കഠിനാധ്വാനം ചെയ്യുന്ന തൊഴിലാളികളുമായി തുലനം ചെയ്തുകൊണ്ട്, മഹാരാജാക്കന്മാരെയും മഹാറാണിമാരെയും വൻകിട ജന്മിമാരെയും അവരുടെ ദരിദ്രരായ കുടികിടപ്പുകാരുമായി തുലനം ചെയ്തുകൊണ്ട്, അവരെയെല്ലാം വെറും പൗരന്മാരും മനുഷ്യജീവികളും ദൈവപുത്രന്മാരും ആയി ചിത്രീകരിച്ചുകൊണ്ട്, അവരെയെല്ലാം തുല്യന്മാരായി പ്രഖ്യാപിച്ചുകൊണ്ട് ഭരണഘടന ചെയ്യുന്നത് ഇന്ത്യയിലെ ജനങ്ങളെ അതിഭയങ്കരമായി ചതിക്കുകയാണ്. ഈ രാജ്യത്ത് വേണ്ടത്ര വിഡ്ഢികളും മന്ദന്മാരുമുണ്ട്. അവരിൽ പലരും ഒരു തരത്തിലുള്ള, അല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള സോഷ്യലിസ്റ്റുകാരാ

ണെന്നു അവകാശപ്പെടുന്നു; അവർ ഈ വഞ്ചന ഗൗരവമായെടുത്ത് ഭരണഘടനയിലെ മൗലികാവകാശങ്ങളുടെ ഗുണങ്ങളെക്കുറിച്ച് സ്തുതിഗീതങ്ങൾ പാടുന്നു. എല്ലാ സമത്വങ്ങളുടെയും അടിത്തറയായ ഉൽപ്പാദനോപകരണങ്ങളുമായി ബന്ധപ്പെട്ട സമത്വവും തദ്വാരാ ചൂഷണത്തിൽ നിന്നുള്ള വിമോചനവും ഉറപ്പുനൽകുന്ന ഒരു സമൂഹത്തിൽ മാത്രമേ മൗലികാവകാശങ്ങൾക്കു യഥാർഥമായ ഒരടിത്തറയുണ്ടാവൂ.

ഈ സമത്വം നിഷേധിക്കുന്നതിലും, അവസാനത്തെ അപഗ്രഥനത്തിൽ ചില താൽപ്പര്യങ്ങൾക്കും വർഗങ്ങൾക്കും ഉൽപ്പാദനോപകരണങ്ങളിന്മേലുള്ള പിടി മുറുക്കുന്നതിലേക്കു നയിക്കുന്ന പൊള്ളയായ പ്രഖ്യാപനങ്ങൾ നടത്തുന്നതിലും ആണ് ഇന്നത്തെ ഭരണഘടനയിലെ വേലകൃത്യമായി കിടക്കുന്നത്. ഉൽപ്പാദനം, വിതരണം, കൈമാറ്റം എന്നിവയ്ക്കായുള്ള ഉപകരണങ്ങൾ ജനങ്ങളുടെ ചെലവിൽ സ്വന്തമാക്കാനുള്ള അവകാശത്തിന്മേൽ ഏത് ആക്രമണത്തിന്റെ കാര്യത്തിലും ഈ വ്യവസ്ഥയും മൗലികാവകാശങ്ങളുടെ വ്യാഖ്യാനവും എന്തു താൽപ്പര്യം കാണിക്കുന്നു എന്ന് ബാങ്കുകളുടെ ദേശസാൽക്കരണ സമയത്ത് ഈ നാട് കണ്ടതാണ്-മുൻ ബാങ്കർമാർക്കു പൂർണമായ നഷ്ടപരിഹാരം നൽകിക്കൊണ്ടും തങ്ങളുടെ ബാങ്കിങ്ങ് വ്യാപാരം തുടർന്നു നടത്താൻ അവരെ അനുവദിച്ചുകൊണ്ടുമുള്ള സുപ്രീംകോടതി വിധിയും, ഈ വ്യവസ്ഥകളൊക്കെ അംഗീകരിക്കാൻ സന്നദ്ധമായ ഒരു ഗവണ്മെന്റും.

ചൂഷകവർഗത്തിൽനിന്നു സ്വത്തു പിടിച്ചെടുത്ത് ചൂഷിതവർഗത്തിനു കൈമാറുന്ന നടപടിയായിരുന്നില്ല ബാങ്ക് ദേശസാൽക്കരണം എന്നും ബാങ്കുകളെ ഒരു വർഗത്തിൽനിന്നെടുത്ത് അതേ വർഗത്തിന്റെ ഭരണകൂടത്തെ ഏൽപ്പിക്കുന്ന നടപടിയായിരുന്നു അതെന്നും പ്രത്യേകം ഓർക്കേണ്ടതാണ്. പക്ഷെ, സാമൂഹ്യമായ ഒരു ഭൂകമ്പം നടന്നാലുണ്ടാകുന്ന ബഹളമാണിവിടെ നടന്നത്.

നമ്മുടേതുപോലുള്ള ഒരു ഭരണഘടനയെ ഏതെങ്കിലും ഒരു സോഷ്യലിസ്റ്റ് രാജ്യത്തെ ഭരണഘടനയുമായി, ഉദാഹരണത്തിന് ലെനിൻ തന്നെ അടിസ്ഥാനതത്ത്വങ്ങളാവിഷ്കരിച്ച സോവിയറ്റ് യൂണിയന്റെ ഭരണഘടനയുമായി, താരതമ്യപ്പെടുത്തുമ്പോഴാണ് വേല വ്യക്തമാകുന്നത്.

ഒക്ടോബർ വിപ്ലവത്തിന്റെ ഘട്ടത്തിൽ സാറിസത്തെയും മുതലാളിമാരെയും അമ്പേ പരാജയപ്പെടുത്തി-ഇന്ത്യൻ ഭരണകൂടം ചെയ്തതുപോലെ ബഹുജനങ്ങളുടെ ചെലവിൽ സാമ്രാജ്യവാദികളുമായി ഒത്തുതീർപ്പുണ്ടാക്കുന്ന നടപടിയായിരുന്നില്ല ഇത്-റഷ്യൻ തൊഴിലാളികളും കൃഷിക്കാരും തൊഴിലാളി വർഗത്തിന്റെയും ചൂഷിതജനങ്ങളുടെയും അവകാശങ്ങളെ കുറിച്ചുള്ള പ്രഖ്യാപനം നടത്തി. ഒക്ടോബർ വിപ്ലവത്തിന്റെ നേട്ടങ്ങൾക്കു നിയമപരമായ രൂപം നൽകിക്കൊണ്ടുള്ള പ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നത് ഇതാണ്: "മനുഷ്യൻ മനുഷ്യന്റെ മേൽ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുകയും സമൂഹത്തിന്റെ വർഗങ്ങളായിട്ടുള്ള

വിഭജനത്തെ പൂർണമായി ഇല്ലാതാക്കുകയുമാണ് സോവിയറ്റ് വ്യവസ്ഥയുടെ മുഖ്യലക്ഷ്യം." അത് റഷ്യൻ റിപ്പബ്ലിക്കുകളുടെ ഫെഡറേഷനുണ്ടായതായി പ്രഖ്യാപിച്ചു; ഭൂമിയിലുള്ള സ്വകാര്യ ഉടമസ്ഥത റദ്ദാക്കി; ബാങ്കുകൾ ദേശവൽക്കരിച്ചു; തൊഴിലാളികൾക്കുള്ള നിയന്ത്രണാധികാരത്തെ കുറിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചു; 1924-ൽ പാസാക്കിയ സോവിയറ്റ് യൂണിയന്റെ ഭരണഘടനയുടെ അടിത്തറയാണ് ഈ തത്ത്വങ്ങൾ.

ഇപ്പോഴത്തെ ഭരണഘടന 1936-ൽ പാസാക്കിയതാണ്. മുന്നേറുന്ന സോഷ്യലിസത്തിന്റെ 12 കൊല്ലത്തെ വിജയങ്ങൾ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സോഷ്യലിസ്റ്റ് രീതിയിലുള്ള സമ്പദ്‌വ്യവസ്ഥയും ഉൽപ്പാദനോപകരണങ്ങളിന്മേലുള്ള പൊതു ഉടമസ്ഥതയും ആണ് സോവിയറ്റ് യൂണിയന്റെ സാമ്പത്തികാടിത്തറയെന്നു ഭരണഘടന പ്രഖ്യാപിക്കുന്നു. ഉൽപ്പാദനോപകരണങ്ങളെ ആസ്പദമാക്കി പൗരന്മാർ തമ്മിലുള്ള മൗലികമായ സമത്വം ആണ് ഭരണഘടനയിലെ ഒന്നാമത്തെ വകുപ്പ്. ഇതാണ് ജനങ്ങളുടെ മൗലികമായ ജനാധിപത്യാവകാശങ്ങൾ ഉറപ്പു വരുത്തുന്നതും.

1936-ലെ സോവിയറ്റ് ഭരണഘടനയുടെ കരടിലെ തത്ത്വങ്ങൾ വിശദീകരിച്ചുകൊണ്ട് സ്റ്റാലിൻ പറഞ്ഞു:

> സോവിയറ്റ് യൂണിയന്റെ പുതിയ ഭരണഘടനയുടെ കരടിന്റെ പ്രത്യേകത, സാധാരണ പോലുള്ള പ്രത്യേകാവകാശങ്ങളും നിയന്ത്രണങ്ങളും അതിലില്ലെന്നതാണ്. അതിനെ സംബന്ധിച്ചിടത്തോളം പൗരന്മാർക്കിടയിൽ സജീവം, നിഷ്ക്രിയം എന്ന വിഭജനമില്ല; എല്ലാ പൗരന്മാരും സജീവമായി പ്രവർത്തിക്കുന്നവരാണ്. പുരുഷന്മാരും സ്ത്രീകളും തമ്മിൽ, വീടുള്ളവരും ഇല്ലാത്തവരും തമ്മിൽ, സ്വത്തുള്ളവരും ഇല്ലാത്തവരും തമ്മിൽ, വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരും തമ്മിൽ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവും കൽപ്പിക്കുന്നില്ല. എല്ലാ പൗരന്മാർക്കും തുല്യാവകാശങ്ങളാണുള്ളത്. സ്വത്തിന്റെ അടിസ്ഥാനത്തിലുള്ള സ്ഥിതിയോ, ഏതു രാജ്യത്ത് ജനിച്ചുവെന്നുള്ളതോ, ലിംഗമോ പദവിയോ അല്ല, വ്യക്തിപരമായ കഴിവും വ്യക്തിപരമായ അധ്വാനവുമാണ് സമൂഹത്തിൽ ഓരോ പൗരനുമുള്ള സ്ഥാനം നിർണയിക്കുന്നത്. (*സോവിയറ്റ് യൂണിയന്റെ കരടുഭരണഘടനയെപ്പറ്റി ലെനിനിസത്തിന്റെ പ്രശ്നങ്ങൾ*, ജെ വി സ്റ്റാലിൻ, പുറം 550-51)

മറ്റുള്ളവയിൽ നിന്നു വ്യത്യസ്തമായി സോവിയറ്റ് യൂണിയന്റെ ഭരണഘടന ആരംഭിക്കുന്നത്, മുതലാളിത്തവ്യവസ്ഥ ഇല്ലായ്മ ചെയ്യപ്പെട്ടിരിക്കുന്നു എന്നും സോവിയറ്റ് യൂണിയനിൽ സോഷ്യ

ലിസ്റ്റ് വ്യവസ്ഥ വിജയിച്ചിരിക്കുന്നു എന്നുമുള്ള വസ്തുതകളിൽനിന്നാണ്. സോവിയറ്റ് യൂണിയന്റെ പുതിയ ഭരണഘടനയുടെ കരടിന്റെ മുഖ്യമായ അടിത്തറ സോഷ്യലിസത്തിന്റെ തത്ത്വങ്ങളാണ്. ഇതിനകം കൈവരിച്ചുകഴിഞ്ഞതും സാക്ഷാൽക്കരിക്കപ്പെട്ടതുമായ കാര്യങ്ങളാണ് അതിന്റെ മുഖ്യസ്തംഭങ്ങൾ-ഭൂമി, വനങ്ങൾ, ഫാക്ടറികൾ തുടങ്ങിയ ഉൽപ്പാദനോപകരണങ്ങളുടെയും ഉപാധികളുടെയും സോഷ്യലിസ്റ്റ് ഉടമസ്ഥത; ചൂഷിതവർഗത്തിന്റെ മേലുള്ള ചൂഷണം റദ്ദാക്കൽ; ഭൂരിപക്ഷത്തിന്റെ ദാരിദ്ര്യവും ന്യൂനപക്ഷത്തിന്റെ സുഖഭോഗങ്ങളും ഇല്ലാതാക്കൽ; തൊഴിലില്ലായ്മ ഇല്ലായ്മ ചെയ്യൽ; 'ജോലി ചെയ്യാത്തവന് ഊണുമില്ല' എന്ന വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തി ഓരോ പൗരന്റെയും നിയമബാധിതയും മാന്യമായ കടമയും ആക്കിമാറ്റിയ ജോലി; ജോലി ചെയ്യാനുള്ള അവകാശം അതായത്, തൊഴിൽ ഗാരണ്ടി ചെയ്തു കിട്ടാനുള്ള ഓരോ പൗരന്റെയും അവകാശം; വിശ്രമത്തിനും ഒഴിവുസമയത്തിനുമുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം-തുടങ്ങി പല അവകാശങ്ങളും. സോഷ്യലിസത്തിന്റെ ഇതുപോലുള്ള സ്തംഭങ്ങളിലാണ് പുതിയ ഭരണഘടനയുടെ കരട് നിലകൊള്ളുന്നത്. ഭരണഘടന അവയെ പ്രകാശിപ്പിക്കുന്നു; നിയമരൂപത്തിൽ ഉൾക്കൊള്ളുന്നു.

(അതേ പുസ്തകം, പുറം 549)

കൂടാതെ വിരുദ്ധ വർഗങ്ങളടങ്ങുന്നതാണ്-സ്വത്തുള്ളവരുടെ വർഗങ്ങളും അതില്ലാത്തവരുടെ വർഗങ്ങളും-സമൂഹമെന്നും ഏത് പാർട്ടി അധികാരത്തിൽ വന്നാലും, ഭരണകൂടത്തിനു സമൂഹം നൽകുന്ന മാർഗനിർദേശം (സ്വേച്ഛാധിപത്യം) ബൂർഷ്വാസിയുടെ കൈയിലായിരിക്കണമെന്നും, സ്വത്തുള്ള വർഗങ്ങൾ ആഗ്രഹിക്കുന്ന തരത്തിലും അവർക്കനുകൂലവുമായ ഒരു സാമൂഹ്യക്രമത്തെ ഉറപ്പിച്ചു നിർത്താൻ ഒരു ഭരണഘടന ആവശ്യമാണെന്നും ഉള്ള അടിസ്ഥാനത്തിൽനിന്നാണ് എല്ലാ ബൂർഷ്വാഭരണഘടനകളും മൗനമായി ആരംഭിക്കുന്നത്.

(അതേ പുസ്തകം, പുറം 549)

ഭരണകൂടത്തെ വ്യക്തികൾ തമ്മിലുള്ള തർക്കങ്ങളും തമ്മിൽത്തല്ലും തീർക്കുന്ന സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു ശക്തിയായി അവതരിപ്പിക്കുന്നതിലാണ് ബൂർഷ്വാ ഭരണഘടനാനിർമാതാക്കളുടെ യഥാർഥ വേല കിടക്കുന്നത്. വിരുദ്ധ ചേരികളിൽ വർഗങ്ങൾ—ചൂഷക-ചൂഷിത വർഗങ്ങൾ—അല്ല, വ്യക്തികൾ മാത്രമാണ്. എല്ലാവരുടേയും പൊതുതാൽപ്പര്യം സംരംക്ഷിക്കാനായി ഇവരെ കടിഞ്ഞാണിട്ടു നിയന്ത്രി

ക്കണം എന്നാണവരുടെ അഭിപ്രായം. ചൂഷകവർഗത്തിന്റെ സംഘടന യാണ് ഭരണകൂടമെന്നും, ആ വർഗത്തിന്റെ ആധിപത്യത്തെ നിലനിർത്തു കയാണ് ഭരണഘടന ചെയ്യുന്നതെന്നും അവർ കാണുന്നില്ല. *ജർമൻ പ്രത്യയശാസ്ത്രത്തിൽ* മാർക്സും എംഗൽസും ഇതിലേക്കു ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. "പൊതുശക്തിയെന്ന നിലയ്ക്കും ഭരണകൂടമെന്ന നില യ്ക്കുമുള്ള സംയുക്താധിപത്യം ഭരണവർഗത്തിനുണ്ട് എന്നരീതിയിൽ സാങ്കൊ വ്യാഖ്യാനിക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്നു. ഈ ഭര ണവർഗത്തിനെതിരായ ഒരു മൂന്നാം ശക്തിയായിട്ടാണ് 'ഭരണകൂടം' സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത് എന്നും ആ വർഗവുമായി ബന്ധപ്പെട്ട എല്ലാ അധികാരവും അത് സ്വായത്തമാക്കുന്നു എന്നും സാങ്കൊ പറയുന്നു." (*ജർമൻ പ്രത്യയശാസത്രം*, മാർക്സും എംഗൽസും, മോസ്കോ, 1964, പുറം 387)

ഇത്തരത്തിലുള്ള മിഥ്യാധാരണകളാണ് ഒരു പ്രത്യേക ഗവൺമെന്റ് മോശമാണെന്നും എന്നാൽ ഭരണഘടന നല്ലതാണെന്നും വിശ്വസിക്കാൻ ഈ നാട്ടിലെ ജനങ്ങളെ പ്രേരിപ്പിക്കുന്നത്. അതിനാൽ ആ ഭരണഘട നയെ ജനനന്മക്കും, സാമൂഹ്യ പരിവർത്തനത്തിനും, ചൂഷണം അവ സാനിപ്പിക്കുന്നതിനുള്ള മാറ്റത്തിനും വേണ്ടി ഉപയോഗിക്കാമെന്നവർ വിശ്വ സിക്കുന്നു. അവകാശങ്ങളെക്കുറിച്ചുള്ള ഔപചാരിക പ്രഖ്യാപനത്തിലും, പ്രായപൂർത്തി വോട്ടവകാശത്തിലും പാർലമെന്റിലും അവർക്ക് കലശ ലായ വിശ്വാസമാണുള്ളത്. തന്മൂലം ഈ ഏർപ്പാടുകൾ ഉചിതമായി പ്രയോഗിക്കുകയാണെങ്കിൽ, ചൂഷകരെ പരാജയപ്പെടുത്താനും സോഷ്യ ലിസം കരഗതമാക്കാനും അവയെ ഉപയോഗിക്കാതിരിക്കാൻ ഒരു കാര ണവുമില്ല എന്നാണവർ വിശ്വസിക്കുന്നത്. ബഹുജനങ്ങൾ ശരിയായി വോട്ടുചെയ്യണം എന്ന പ്രശ്നം മാത്രമെയുള്ളു എന്നാണ് അവരുടെ വിചാരം.

എല്ലാ രാജ്യങ്ങളുടെയും യഥാർഥത്തിലുള്ള അനുഭവം ഈ പ്രതീക്ഷ പൊളിക്കുന്നു. ലോകത്തിലൊരിടത്തും ഇതേവരെ ഒരു 'ജനാ ധിപത്യ' ഭരണഘടനയും സോഷ്യലിസം സ്ഥാപിക്കുന്നതിലേക്കോ, ജന ങ്ങളെ മായം ചേർക്കാത്ത ജനാധിപത്യത്തിലേക്കോ നയിച്ചിട്ടില്ല. നമ്മുടെ ഭരണഘടനക്കു മാതൃകയായിട്ടുള്ള അമേരിക്കയുടെയും ബ്രിട്ടന്റെയും ഭരണഘടനകളെ ഇന്ത്യയിലെ ഭരണവൃത്തങ്ങളും അവയുടെ പെറ്റി ബൂർഷ്വാ അനുയായികളും ജനാധിപത്യത്തിന്റെ ഏറ്റവും ഉന്നതരൂപങ്ങ ളായിട്ടാണ് പ്രകീർത്തിക്കുന്നത്. എന്നിട്ടും, നൂറ്റമ്പതു വർഷത്തിനു ശേഷവും ആരാണ് അമേരിക്കൻ ഐക്യനാടുകൾ ഭരിക്കുന്നത്? കുത്ത കക്കാർ തന്നെ, മറ്റാരുമല്ല, കുത്തകക്കാരുടെ ഏതു കക്ഷിയാണ് തൊഴി ലാളിവർഗത്തെയും ജനങ്ങളെയും ഭരിക്കേണ്ടത് എന്നാണ് ഓരോ തിര ഞ്ഞെടുപ്പിലേയും പ്രശ്നം.

ഏറ്റവും ജനാധിപത്യപരമായ ഈ ഭരണഘടനയ്ക്കു കീഴിൽ, നീഗ്രോകളെ വിചാരണ കൂടാതെ വധശിക്ഷക്കു വിധിക്കലും, നീഗ്രോ

കൊലപാതകങ്ങളും അവരോടുള്ള വിവേചനവും, കെട്ടിച്ചമച്ചുണ്ടാക്കിയ വിചാരണകളും, കള്ളക്കേസിൽ കുടുക്കലും എല്ലാം നടന്നുവരികയാണ്. ഭരണഘടനയോടുള്ള എല്ലാ ആകർഷണവും നഷ്ടപ്പെട്ട നീഗ്രോ പോരാളികൾ ആയുധമെടുത്തിരിക്കയാണ്.

ഏറ്റവും ജനാധിപത്യപരമായ ഈ ഭരണഘടനക്കു കീഴിൽ പ്രസിഡന്റും ഗവൺമെന്റും വിയത്നാമിനെതിരായി യുദ്ധം നടത്തുന്നു; നിരവധി ക്രൂരകൃത്യങ്ങൾ നടത്തുന്നു; ഇതിനെതിരായ പ്രതിഷേധ പ്രകടനം നടത്താൻ ജനങ്ങൾക്കു ഭരണഘടനയ്ക്കു പുറത്തുള്ള നടപടികൾ സ്വീകരിക്കേണ്ടിവരുന്നു. രാജ്യത്തിന്റെ മുഴുവൻ സമ്പദ്വ്യവസ്ഥയും യുദ്ധത്തിനും കുത്തകക്കാർക്ക് ലാഭമുണ്ടാക്കാനും പറ്റിയ രീതിയിലാക്കിയിരിക്കുന്നു, സമൃദ്ധിയെകുറിച്ചു ഘോഷിക്കുന്ന കഥകൾ പ്രചരിപ്പിക്കുന്നതിനിടയിൽ, അമേരിക്കയിൽ നാൽപ്പതു ലക്ഷം തൊഴിലില്ലാത്തവരുണ്ടെന്ന്—ഈ കണക്ക് യഥാർഥസ്ഥിതിയെ കുറച്ചാണ് കാണിക്കുന്നത്—അവിടത്തെ ഗവൺമെന്റിനു സമ്മതിക്കേണ്ടി വരുന്നു.

ഫ്രാൻസിലോ ബ്രിട്ടനിലോ അമേരിക്കൻ ഐക്യനാടുകളിലോ ഭരണഘടനയനുസരിച്ച് സോഷ്യലിസം കൈവരുത്താനുള്ള സാധ്യത കാണുന്നില്ല. ഫ്രഞ്ച് തൊഴിലാളിവർഗം 1968-ൽ നടത്തിയ മഹത്തായ പോരാട്ടങ്ങൾ വർഗഭരണത്തോടുള്ള ഒരു വെല്ലുവിളിയായിരുന്നു; അവ ഫ്രഞ്ച് ഭരണഘടനയനുസരിച്ച് നടത്തപ്പെട്ടതായിരുന്നില്ല. ആ സമരത്തെ റിവിഷനിസ്റ്റ് നേതൃത്വം വഞ്ചിക്കുകയാണ് ചെയ്തത്. സംഗതികളുടെ യഥാർഥസ്ഥിതി എന്തായിരുന്നു എന്ന് അത് ഒന്നുകൂടി വെളിവാക്കി.

പല ഇന്ത്യക്കാരും ഈ പാഠങ്ങൾ മറക്കുന്നു. നമ്മുടെ ഭരണഘടന കടംമേടിക്കുന്നതിനു ദശകങ്ങൾക്കു മുമ്പുണ്ടാക്കിയതാണ് തങ്ങളുടെ ഭരണഘടനയെന്നും, നമ്മുടെ ഭരണഘടനയേക്കാൾ കൂടുതൽ ജനാധിപത്യപരമാണ് തങ്ങളുടേത് എന്നും മറ്റു രാജ്യക്കാർ വീമ്പിളക്കുന്ന കാര്യം അവർ മറക്കുന്നു. എന്നിട്ടും ആ രാജ്യക്കാരെ ഭരിക്കുന്നത് മുതലാളിമാരും കുത്തകക്കാരും സാമ്രാജ്യത്വവാദികളും ആണ്. ഇക്കൂട്ടർ മറ്റു ജനതകളെ കടന്നാക്രമിക്കുന്നു; കൊള്ളടയിക്കുന്നു. കൊള്ളമുതലിൽ ഒരു ഭാഗം ജനങ്ങളിൽ ഒരു ഭാഗത്തിനിടയിൽ പങ്കു വയ്ക്കുന്നു; അങ്ങനെ സമൃദ്ധിയുണ്ടെന്ന തെറ്റായ ബോധം ജനങ്ങളിൽ ഉളവാക്കുന്നു.

നമ്മുടെ ഭരണഘടനയുടെ തുടക്കം, "അതിന്റെ കടം വാങ്ങിയ തൂവലുകൾ", അതു രൂപപ്പെടുത്തിയവരുടെ ഇടുങ്ങിയ കാഴ്ചപ്പാട് എന്നിവയെല്ലാം ജനങ്ങൾ മറക്കുകയാണ്. ഭരണഘടനക്കു രൂപംകൊടുത്തവർ ഒരു തരത്തിലും യഥാർഥ ജനപ്രതിനിധികളായിരുന്നില്ല. കോൺഗ്രസ് പാർട്ടിക്ക് ജനപിന്തുണയുണ്ടായിരുന്നുവെങ്കിലും അക്കാലത്തുതന്നെ അത് പ്രതിനിധാനം ചെയ്തത് ജന്മികളുടെയും മുതലാളിമാരുടെയും താൽപ്പര്യങ്ങളെയായിരുന്നു. മറ്റു മെമ്പർമാർ സങ്കുചിതമായ കാഴ്ചപ്പാടുള്ളവരായിരുന്നു. സാമ്രാജ്യത്വവിരുദ്ധസമരങ്ങളെ അവർ തുറന്നു എതിർത്തിരുന്നുവെന്നു മാത്രം.

പ്രായപൂർത്തിവോട്ടിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടതായിരുന്നില്ല ഭരണസംഘടനാ നിർമാണസഭ. ബ്രിട്ടീഷ് ഭരണകാലത്തു തിരഞ്ഞെടുക്കപ്പെട്ട നിയമനിർമാണസഭയിലെ അംഗങ്ങളായിരുന്നു അതിലുണ്ടായിരുന്നത്. ഇതിലേക്ക് തിരഞ്ഞെടുത്തതാകട്ടെ, 1935-ൽ ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയ കുപ്രസിദ്ധമായ നിയന്ത്രിത വോട്ടവകാശനിയമത്തിന്റെ അടിസ്ഥാനത്തിലുമായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ പുറന്തള്ളുന്നതിൽ അങ്ങേയറ്റം ആഗ്രഹമുള്ളവരും തങ്ങളുടെ വിശ്വാസം കോൺഗ്രസിൽ അർപ്പിച്ചവരും വിശ്വസ്തരുമായ ഇന്ത്യൻ ജനത വഞ്ചിക്കപ്പെട്ടു. അവർക്കു കിട്ടിയത്, ജന്മികളുടെയും മുതലാളിമാരുടെയും ദയക്ക് ഇരക്കേണ്ട നിലയിലേക്ക് തങ്ങളെ എത്തിക്കുന്ന ഒരു ഭരണഘടനയാണ്. കോൺഗ്രസിനുള്ള ജനസ്വാധീനം കണക്കിലെടുക്കാതെ, പ്രായപൂർത്തിവോട്ടിന്റെ അടിസ്ഥാനത്തിൽ നിയമനിർമാണസഭാ പ്രതിനിധികളെ തിരഞ്ഞെടുത്തിരുന്നുവെങ്കിൽ, സംഗതികൾ ഇങ്ങനെയാക്കിത്തീർക്കാൻ ജന്മിമാർക്കും മുതലാളിമാർക്കും അത്ര എളുപ്പമാകുമായിരുന്നില്ല.

ഈയവസരത്തിൽ താഴെ കൊടുത്തത് ഉദ്ധരിക്കുന്നത് പ്രസക്തമായിരിക്കും:

> ബഹുജനങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താനുള്ള നിരന്തരാവശ്യങ്ങളെ, പാവങ്ങളുടെ ഗുണത്തിനു വേണ്ടി പണക്കാർ ഒരു ട്രസ്റ്റുണ്ടാക്കണമെന്ന ആശയവുമായും ഹിംസ ഉപയോഗിക്കുന്നതിനോടുള്ള എതിർപ്പുമായും, കൂടുതൽ സമത്വമുള്ള വ്യവസ്ഥിതി കൈവരുത്താനുള്ള നിയമനിർമ്മാണങ്ങളുമായും ബന്ധിപ്പിക്കുന്ന ഗാന്ധിയുടെ ധൂസരമെങ്കിലും വ്യക്തവും ആത്മാർത്ഥവുമായ സാമൂഹ്യ സങ്കല്പങ്ങൾ വ്യവസായി-വ്യാപാരി വർഗങ്ങളുടെ മനഃസാന്നിധ്യത്തിന് പതർച്ച വരുത്തിയില്ല. സാമ്പത്തിക-സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ചുള്ള വിപ്ലവ വീക്ഷണങ്ങളുമായി നാടുവാഴി രാജാക്കന്മാരും സ്ഥലത്തു താമസിക്കാത്ത ജന്മിമാരും അടക്കമുള്ള ഇന്ത്യയിലെ ഉയർന്ന വർഗക്കാരുടെ നിക്ഷിപ്തതാൽപ്പര്യങ്ങളെ വ്യഗ്രതയോടെ മേളിപ്പിച്ചത് ഗാന്ധി അതീവശ്രദ്ധയോടെ കൈവരിച്ച പ്രത്യയശാസ്ത്രപരമായ നേട്ടങ്ങളിലൊന്നായിരുന്നു. അയിത്തത്തിനെതിരായുള്ള അദ്ദേഹത്തിന്റെ പ്രചാരണവും കൂടുതൽ സാമൂഹ്യ സാമ്പത്തിക സമരത്തിനുവേണ്ടി അദ്ദേഹം ഉന്നയിച്ച ആവശ്യങ്ങളും താഴ്ന്ന വർഗങ്ങൾക്ക്, ചുരുങ്ങിയത് അവയുടെ നേതാക്കൾക്ക്, പ്രധാനമായിരുന്നു. ഉയർന്ന വർഗങ്ങൾ മഹാത്മാവിന്റെ പ്രബോധനങ്ങളെ സമചിത്തതയോടെ വീക്ഷിച്ചു. നിലവിലുള്ള സാമൂഹ്യവും സാമ്പത്തികവുമായ പ്രത്യേകാവശങ്ങൾക്കു വേണ്ടി അദ്ദേഹം നിലകൊണ്ടത് ഉയർന്ന വർഗങ്ങളെ സമാധാനിപ്പിച്ചു. സാമൂഹ്യ പ്രവർത്തനത്തിനുള്ള ധാർമികതത്ത്വമായി

അഹിംസയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ അംഗീകരിച്ച താഴ്ന്ന വർഗക്കാരുടെ നേതൃത്വത്തെ അതൊട്ട് അലോസരപ്പെടുത്തിയതുമില്ല. (*ഏഷ്യൻഡ്രാമ*, വാല്യം 1, മിർദൽ, പുറം 261)

ഇതായിരുന്നു ഭരണഘടനയുടെ തലതൊട്ടപ്പന്മാരുടെ വിശുദ്ധമായ ജാതി. മുതലാളിമാർക്കും സ്ഥലത്തു താമസിക്കാത്ത ജന്മിമാർക്കും രാജാക്കന്മാർക്കും വേണ്ടിയാണ് അവർ നിലകൊണ്ടത്.

സ്വാഭാവികമായും നമ്മുടെ ഭരണഘടന ജനങ്ങളെ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള-മറ്റു വിഭാഗങ്ങളെ നഷ്ടപ്പെടുത്തിക്കൊണ്ട് സ്വന്തം താൽപ്പര്യങ്ങളെ സംരക്ഷിക്കാൻ ഭരണഘടന ഉപയോഗപ്പെടുത്തുകയും അതുമൂലം പ്രതിസന്ധിയുളവാക്കുകയും ചെയ്യുന്ന ഘടകവിഭാഗങ്ങളുള്ള ഒരു മഹാസഖ്യത്തിന്റെ-പരസ്പരധാരണയായിരുന്നു.

വമ്പിച്ച പ്രിവിപേഴ്സ്, നികുതിയൊഴിവ് എന്നിവ നൽകിക്കൊണ്ട് രാജാക്കന്മാരോടു കാണിക്കുന്ന അതിപ്രീണനം വളരെ പ്രസിദ്ധമാണല്ലോ. ഭരണഘടനയിലെ 291-ാം വകുപ്പ് വളരെ നഗ്നമായ രീതിയിൽ തന്നെ ഇത്തരം സൗജന്യങ്ങൾ അനുവദിക്കുന്നു.

സ്വത്തിനു നൽകിയ പൊതുസംരക്ഷണം എന്നുള്ളതിൽ തീർച്ചയായും ജന്മി-നാടുവാഴികളുടെ സ്വത്തും ഉൾപ്പെടുന്നു. കർഷകന് ഗുണം ചെയ്തേക്കാവുന്ന പുരോഗമനപരമായ ഏതു നിയമത്തെയും അതിന്റെ പേരിൽ നിയമവിരുദ്ധമായി തള്ളുന്നു. അത് എല്ലാ നിയമപരിഷ്കരണങ്ങളെയും വെറും പ്രഹസനമാക്കി മാറ്റുന്നു. കേരളത്തിലെ ഐക്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് 1969-ൽ പാസാക്കപ്പെട്ട കേരള കാർഷികബന്ധ നിയമത്തിലെ പ്രധാനവകുപ്പുകൾ കോടതി തള്ളിക്കളഞ്ഞത് തന്നെ ഇതിനു നല്ലൊരു ഉദാഹരണമാണ്. 1959-ൽ കേരളത്തിലെ ഒന്നാം കമ്യൂണിസ്റ്റ് മന്ത്രിസഭ പാസാക്കിയ ഭൂനിയമത്തിലെ പല വകുപ്പുകളും ഹൈക്കോടതിയും സുപ്രീംകോടതിയും തള്ളിക്കളഞ്ഞു. ഭരണഘടനയിലെ ഏതെങ്കിലും വകുപ്പിന് ഇടങ്കോലിടാൻ വയ്യാത്ത വിധത്തിലുള്ള ഒരു ഭൂപരിഷ്കരണ നിയമം കൊണ്ടുവരാൻ ഇന്ന് ഒരു പുരോഗമന ഗവൺമെന്റിനും സാധ്യമല്ല.

ജനാധിപത്യശൈലികളും വാഗ്ദാനങ്ങളും കൊണ്ടു നിറച്ചിട്ടുള്ള ഭരണഘടനയുടെ മുഖപ്പിന് ഈ യാഥാർഥ്യങ്ങളെ മറച്ചുവെക്കാനാവില്ല. നിയമപ്രക്രിയകളുടെ പേരിൽ ജന്മികൾക്ക് നഷ്ടപരിഹാരമായി കോടിക്കണക്കിന് രൂപ കൊടുക്കുകയും-660 കോടി എന്നാണ് ഒരു മതിപ്പ്-അതേസമയത്ത് ബ്രിട്ടീഷ് ഭരണകാലത്തുൾപ്പെടെയുള്ള സമീപകാല ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധത്തിൽ പാട്ടക്കാരെയും കർഷകരെയും കൂട്ടായി കുടിയൊഴിപ്പിക്കുകയും ചെയ്യുന്നുവെന്ന കാര്യം മറച്ചുവെക്കാൻ വയ്യാത്ത വസ്തുതയാണ്. സ്വത്തു വച്ചുകൊണ്ടിരിക്കാൻ അനുവദിക്കുന്ന മൗലികാവകാശങ്ങൾ യഥാർഥത്തിൽ പ്രയോഗത്തിൽ

വരുന്നതിങ്ങനെയാണ്. ഇതിനു മാറ്റംവരുത്താൻ ശ്രമിക്കുന്ന ഏതു നിയമനിർമാണ സംരംഭവും പരിപാവനമായ ഭരണഘടനയുടെ പേരിൽ തടയപ്പെടുന്നു. എന്ത് ഉദ്ഘോഷിക്കുന്നു എന്നുവച്ചല്ല, എങ്ങനെ പ്രവർത്തിക്കുന്നു എന്നു വച്ചാണ് ഭരണഘടനയെ വിലയിരുത്തേണ്ടത്.

ഭരണഘടന പ്രഖ്യാപിച്ച മൗലികാവകാശങ്ങൾ പൗരന്മാരുടെ സമത്വം, ജോലിയെടുക്കാനുള്ള സ്വാതന്ത്ര്യം, സാമ്പത്തികാസമത്വം കുറയ്ക്കൽ, ഉൽപ്പാദന ഉപകരണങ്ങളും വമ്പിച്ച സമ്പത്തും ചില കുത്തക കുടുംബങ്ങളിൽമാത്രം കുന്നുകൂടൽ—ഇവയെയൊന്നും തന്നെ തടസ്സപ്പെടുത്തുന്നില്ല. അതേസമയത്ത് തൊഴിലാളികൾക്കും മറ്റു ജീവനക്കാർക്കും, പ്രത്യേകിച്ചും കാർഷികത്തൊഴിലാളികൾക്ക്, വമ്പിച്ച തൊഴിലില്ലായ്മയാണ് അത് പ്രദാനം ചെയ്യുന്നത്. ഭരണഘടനയ്ക്ക് യാതൊരു പതർച്ചയുമുണ്ടായില്ല. അതിന്റെ സമത്വനീതിബോധങ്ങൾക്ക് ഒരു ഊനവും തട്ടിയില്ല. ഇവയൊക്കെ ഭരണഘടനാലംഘനമാണെന്ന് ജഡ്ജിമാർക്കോ മന്ത്രിമാർക്കോ തോന്നിയില്ല. നഷ്ടപരിഹാരം, പൊതു ഉദ്ദേശ്യം തുടങ്ങിയ എല്ലാ വകുപ്പുകളും വിശദമായി പരിശോധിച്ചു എന്നല്ലാതെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ഫാക്ടറി രാഷ്ട്രം ഏറ്റെടുക്കുക എന്നത് ഭരണഘടനാപരമായി നിയമവിരുദ്ധമാണ്. പക്ഷെ കുത്തകമുതലാളി ആയിരക്കണക്കിന് തൊഴിലാളികളെ ജോലിയിൽനിന്ന് പുറംതള്ളുകയോ തന്നേക്കാൾ ദുർബലരായ എതിരാളികളെ മത്സരത്തിൽ അടിച്ചമർത്തി അവരുടെ സ്വത്ത് സ്വന്തമാക്കുകയോ ചെയ്താൽ അത് ഭരണഘടനാ വിരുദ്ധമല്ല. കടം പിരിച്ചെടുക്കാനെന്ന പേരിൽ ഒരു തൊഴിലാളിയെ പിരിച്ചുവിടുകയോ അവന്റെ സ്വത്തെല്ലാം പിടിച്ചെടുക്കുകയോ ചെയ്താലും ലക്ഷക്കണക്കിനു കർഷകരെ ഒഴിപ്പിച്ചാലും അത് ഭരണഘടനാവിരുദ്ധമാവില്ല. സ്വത്തവകാശം എന്ന പരിപാവനമായ മൗലികാവകാശം ഇവിടെയൊന്നും ബാധകമല്ല.

ഒരേ ഭരണഘടനയുടെ കീഴിൽ ചൂഷിതവർഗം നഷ്ടപ്പെടുകയും നിക്ഷിപ്ത താൽപ്പര്യക്കാർ നേടുകയും ചെയ്യുന്നത് എന്തുകൊണ്ടെന്ന കാരണം നാം പറഞ്ഞുകഴിഞ്ഞു. ഉൽപ്പാദനോപകരണങ്ങളുടെ സാമൂഹ്യ ഉടമസ്ഥത അനുവദിക്കാത്ത എല്ലാ സമത്വവും വെറും വഞ്ചനയാണ്. മൗലികമായ ഈ സമത്വം വാഗ്ദാനം ചെയ്യാനാവാത്ത ഭരണഘടനയാണ് ജന്മി – മുതലാളിമാരുടെ ഭരണത്തെ പ്രതിഷ്ഠിച്ചിരുത്തുന്നത്. ചൂഷണം നടത്താനുള്ള അതായത് സ്വകാര്യവ്യാപാരം നടത്താനുള്ള അവകാശം ഭരണഘടനപ്രകാരം പരിപാവനമാക്കണമെന്ന് കൗശലക്കാരായ വ്യാപാരികളും കൂടിയായിരുന്ന ഭരണഘടനയുടെ തലതൊട്ടപ്പന്മാർ ആഗ്രഹിച്ചു. ചൂഷകവർഗത്തിന്റെ പൊതുതാൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ട ഘട്ടം വന്നപ്പോൾ മാത്രമാണ് ഇതിനെ വെട്ടിച്ചുരുക്കിയത്.

ഭരണഘടനയിലെ നിയമപ്രക്രിയ എന്ന പേരിലറിയപ്പെടുന്നതിന് ഈ അർഥമാണുള്ളത്. ഉന്നതവർഗങ്ങളുടെ പൊതു താൽപ്പര്യസംരക്ഷണത്തിനുവേണ്ടി മർദ്ദിതർക്കെതിരായി പ്രവർത്തിക്കുമ്പോഴോ അവർക്കു

ചില്ലറ സൗജന്യങ്ങൾ അനുവദിക്കുമ്പോഴോ മാത്രമേ സ്വകാര്യ സ്വത്ത് സൂക്ഷിക്കാനുള്ള മൗലികാവകാശത്തെ തൊട്ടു കളിക്കാൻ പാടുള്ളൂ.

ചൂഷണമില്ലാത്തതും തൊഴിലാളികൾക്ക് ജനാധിപത്യം വാഗ്ദാനം ചെയ്യുന്നതുമായ ഒരു പുതിയ സാമൂഹ്യ വ്യവസ്ഥയിലേക്കുള്ള മുന്നേറ്റത്തിന്റെ കാഴ്ചപ്പാടിലൂടെ വേണം ഭരണഘടനയുടെ പരിമിതികളും നിയന്ത്രണങ്ങളും പരിശോധിക്കാൻ എന്നു പ്രാസംഗികമായി പറയേണ്ടിയിരിക്കുന്നു. പാർലമെന്റോ പ്രായപൂർത്തിവോട്ടവകാശമോ ഭരണഘടനയോ മൗലികാവകാശങ്ങളോ ഒന്നുമില്ലാത്ത ഒരു കാലഘട്ടവുമായി ഇന്നത്തെ അവസ്ഥ താരതമ്യപ്പെടുത്തി പഠിച്ചിട്ട് ഒരു ഗുണവുമില്ല. ബ്രിട്ടീഷ് കാലഘട്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ഭരണഘടനയിൽ ഒരു വലിയ മാറ്റം വരുത്തിയതായി കാണാം. ഒട്ടനവധി പടിഞ്ഞാറൻ രാജ്യങ്ങളിൽ നടന്ന ഫ്യൂഡൽ വിരുദ്ധ വിപ്ലവങ്ങൾകൊണ്ടുണ്ടായ മുന്നേറ്റം പോലും ഇതു കൊണ്ടുണ്ടായില്ല. സ്വാതന്ത്ര്യത്തിന്റെ ആദ്യഘട്ടത്തിൽ, അന്നുള്ള രാഷ്ട്രീയബോധം വച്ച് ജനങ്ങൾക്കിതിനേക്കാൾ പുരോഗമിക്കാനും പല വ്യാമോഹങ്ങളും കൈവെടിയാനും കഴിഞ്ഞു. ഈ കാലഘട്ടത്തിൽ കിട്ടിയ ചില സൗജന്യങ്ങൾക്കു പുറമെ ഉണ്ടായ യഥാർഥനേട്ടം ബൂർഷ്വാ ജന്മിവർഗ ഭരണത്തിൽ ഭരണഘടനക്കുള്ള പരിമിതികളുടെ രൂപം മനസിലാക്കാൻ കഴിഞ്ഞു എന്നതാണ്.

പക്ഷെ വർഗസമരങ്ങൾ ഉയർന്നുവന്നതോടെ മൂർച്ഛിച്ചു വന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ ഭരണവർഗം പൊലീസുകാരുടെ ലാത്തിയെ കൂടുതൽ കൂടുതൽ ആശ്രയിച്ചു തുടങ്ങിയതോടെ, തങ്ങളുടെ ഉടൻ താൽപ്പര്യങ്ങളെ സംരക്ഷിക്കാനായി ഭരണഘടനയിലെ വകുപ്പുകളെ തന്നെ ലംഘിക്കുക എന്നതു വർഗാധിപത്യത്തിനുള്ള ഒരായുധമായി കൂടുതൽ നഗ്നമായി ഉപയോഗിച്ചികൊണ്ടിരിക്കുകയാണ്. ഭരണഘടനയുടെ പരിമിതികളും അതിന്റെ വർഗസ്വഭാവവും ഇന്ന് ജനങ്ങളുടെ ഉയർന്നുവരുന്ന പ്രതീക്ഷകളുമായി തുറന്ന് ഏറ്റുമുട്ടുകയാണ്. ഇതിൽനിന്നു രക്ഷപ്പെടണമെങ്കിൽ ഭരണഘടനയുടെ ഘടനതന്നെ മാറ്റിമറിച്ചേ പറ്റൂ എന്ന വിശ്വാസം രൂഢമൂലമായി വരികയാണ്. ഇവിടെ ഉന്നയിക്കപ്പെടുന്ന ചോദ്യമിതാണ്: ഈ ഭരണഘടന സാമൂഹ്യ മോചനത്തിനുള്ള ഉപാധിയാകുമോ? നമ്മുടെ അനുഭവത്തിൽനിന്ന് നമുക്കു കിട്ടുന്ന ഉത്തരം ഇതാണ് "ഇല്ല!" അതിന്റെ പാർലമെന്ററി രൂപം അതിന്റെ പൊതു പ്രഖ്യാപനങ്ങൾ, അതിന്റെ പ്രായപൂർത്തിവോട്ടവകാശം-എല്ലാം വർഗഘടനയുടെ നേരെ ഒരാക്രമണം നടത്തുന്നതിന് ജനങ്ങളെ ഒരുക്കൂട്ടുന്നതിന് ഉപകരിക്കും. ഭരണഘടന നിലനിർത്തുന്ന ഈ വർഗഘടനയെ തല്ലിത്തകർക്കാതെ ഇനി പുരോഗതി സാധ്യമല്ല.

ഭരണഘടനയിൽ ജനാധിപത്യം എന്ന ആശയം എത്രത്തോളം പരിമിതവും നിയന്ത്രിതവുമാണെന്ന് മറ്റു പലവിധത്തിലും കാണാം. അധികാരത്തിന്റെ വികേന്ദ്രീകരണത്തിനുവേണ്ടി വാചാലമായി പ്രസംഗിച്ച

കോൺഗ്രസുകാർ ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ഉണ്ടാക്കിയ കുപ്രസിദ്ധമായ 1935-ലെ നിയമത്തിലെ വകുപ്പുകളെയാണ് ഫെഡറൽ ഭരണഘടനയ്ക്കുള്ള മാതൃകയായി സ്വീകരിച്ചത്. ബ്രിട്ടീഷ് സാമ്രാജ്യവാദികൾക്കു വേണ്ടിയിരുന്നത് ഫെഡറൽ രൂപത്തിന്റെ മുഖപ്പിനു പിന്നിൽ അങ്ങേയറ്റം കേന്ദ്രീകരിക്കപ്പെട്ട യൂണിറ്ററി രാഷ്ട്രമായിരുന്നു. അടിയന്തരാവസ്ഥയെക്കുറിച്ചുള്ള വകുപ്പുകളെപ്പറ്റി പറയുമ്പോൾ ഡോ. അംബേദ്കർ പറയുകയുണ്ടായി:

> നമ്മുടെ ഭരണഘടന, അതത് സമയത്തെ ആവശ്യത്തിന് അനുസരിച്ച് യൂണിറ്ററിയുമാണ് ഫെഡറലുമാണ്. സാധാരണ നിലയിൽ ഫെഡറൽ സമ്പ്രദായത്തിലാണ് പ്രവർത്തിക്കുക. പക്ഷേ, യുദ്ധകാലങ്ങളിൽ യൂണിറ്ററി സമ്പ്രദായത്തിൽ പ്രവർത്തിക്കാൻ പാകത്തിലുമാണ് അത് രൂപപ്പെടുത്തിയിട്ടുള്ളത്.

ഈ വിവരണം, വാസ്തവത്തിൽ, ചുരുക്കിപ്പറച്ചിൽ ആണ്. സാധാരണ കാലങ്ങളിൽക്കൂടി ഭരണഘടനയുടെ ഫെഡറൽ സ്വഭാവം പേരിൽ മാത്രമാണ്. ഉള്ളടക്കത്തിലും പ്രയോഗത്തിലും ഏക ഗവൺമെന്റ്-യൂണിറ്ററി-സമ്പ്രദായമാണ് അതിനുള്ളത്. സംസ്ഥാന നിയമ നിർമാണസഭകളുടെമേൽ പ്രസിഡന്റിന് പരമാധികാരം ഉണ്ട്. അദ്ദേഹം നിയമിക്കുന്ന ഗവർണർക്ക് പുതിയ നിയമങ്ങളെ പ്രസിഡന്റിന്റെ അനുമതിക്കായി തടഞ്ഞുവയ്ക്കാം. ജനാധിപത്യഭരണം തകർന്നു എന്ന് ഗവർണർ പറയുകയാണെങ്കിൽ പ്രസിഡന്റിന് ഏതു സംസ്ഥാനത്തിന്റെയും ഭരണം ഏറ്റെടുക്കാം. സംസ്ഥാനങ്ങളിലെ ജനകീയാഭിലാഷങ്ങളെ ചവിട്ടി മെതിക്കാൻ ഭരണകക്ഷി ഈ വകുപ്പിനെ എങ്ങനെ വ്യഭിചരിക്കുന്നു എന്നത് 1967-ൽ പശ്ചിമ ബംഗാളിൽ കാണാൻ കഴിഞ്ഞു. മറ്റു പാർട്ടികളുമായുള്ള ഭരണകക്ഷിയുടെ മത്സരത്തിൽ ഏതു പാർട്ടിക്കാണ് ഭൂരിപക്ഷം എന്ന് നിർണയിക്കേണ്ടത് നിയമസഭയിലെ ജനപ്രതിനിധികളല്ല; പിന്നെയോ? പ്രസിഡന്റിന്റെ കാര്യസ്ഥനായ ഗവർണറാണ് എന്നത് അതിനുശേഷം എഴുതപ്പെടാത്ത ഒരു ഭരണഘടനാനിയമമായി തീർന്നിരിക്കുകയാണ്. പ്രതിസന്ധിഘട്ടങ്ങളിൽ ജനപ്രതിനിധികൾക്ക് യാതൊരു അധികാരവുമില്ലെന്ന നിലവന്നിരിക്കുന്നു. എങ്ങാണ്ടുനിന്നോ വലിഞ്ഞു കയറിയവരെന്ന നിലയിലാണ് അവരെ വീക്ഷിക്കുന്നത്. മന്ത്രിസഭ രൂപീകരിക്കാൻ അനുവദിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നത് പ്രസിഡന്റിന്റെയോ ഗവർണറുടെയോ കൽപ്പനയാണ്. യു പിയിലെ അടുത്തകാലത്തെ സംഭവവികാസങ്ങൾ, പല വ്യത്തികെട്ട ഗൂഢാലോചനകളിലും പങ്കെടുത്തുകൊണ്ടുള്ള ഗവർണറുടെ ചെയ്തികൾ, സംസ്ഥാനങ്ങളിലെയെല്ലാം തന്നെ ജനാധിപത്യം കേന്ദ്രത്തിന്റെ കാരുണ്യത്തിന് വിധേയമാണെന്ന് നല്ലപോലെ വ്യക്തമാക്കിയിട്ടുണ്ട്. പശ്ചിമബംഗാളിലെ പ്രസിഡന്റ് ഭരണത്തിന്റെ ഉദ്ദേശ്യം കുറേക്കൂടി കുടിലമാണ്.

കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും അധികാരങ്ങൾ വിഭജിക്കുന്ന വിശദമായ പട്ടികകൾ ഉണ്ടെങ്കിലും ശരിയായ അധികാരം മുഴുവനും കേന്ദ്രത്തിന്റെ കൈയിൽ ആണ്. എല്ലാ സാമ്പത്തികാധികാരങ്ങളും കേന്ദ്രഗവൺമെന്റിൽ ഒന്നിച്ചു കൂടിയിരിക്കുന്നതിനാൽ സംസ്ഥാന ഗവൺമെന്റുകൾ കേന്ദ്രത്തിന്റെ പടിവാതിൽക്കൽ ഭിക്ഷാർഥികളായിത്തീർന്നിരിക്കുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തിക പരിപാടികൾ, കാർഷിക പരിപാടികൾ-എല്ലാം കേന്ദ്രത്തിന്റെ ദയക്കു വിധേയമാണ്. ജനങ്ങളെ പോറ്റുവാൻ ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ-അതും നിയന്ത്രിക്കുന്നത് കേന്ദ്രം തന്നെ. ജനാധിപത്യപരവും പുരോഗമനപരവും ആയ സംസ്ഥാനഗവൺമെന്റുകളെ മറിച്ചിടാനും അവരുടെ പുരോഗതിക്ക് തടസങ്ങൾ സൃഷ്ടിക്കാനും കയ്യിലുള്ള എല്ലാ അധികാരങ്ങളും കേന്ദ്രം ഒരു തത്ത്വദീക്ഷയുമില്ലാതെ ഉപയോഗിക്കുന്നുണ്ട്. കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിലുണ്ടായിരുന്ന കേരളത്തിലെ ഐക്യമുന്നണി ഗവൺമെന്റിന് കൊടുക്കാമെന്നു കേന്ദ്രം ഏറ്റ ഭക്ഷ്യധാന്യങ്ങൾ പോലും നിഷേധിച്ചു എന്നത് പ്രസിദ്ധമാണ്. പശ്ചിമബംഗാളിലെ ആദ്യത്തെ ഐക്യമുന്നണി മന്ത്രിസഭക്കും ഇതേ അനുഭവം തന്നെയായിരുന്നു. അതേസമയം ഡി എം കെ ഗവൺമെന്റിന്റെ ഭരണത്തെ താങ്ങിനിർത്തുന്നതിനും സമൃദ്ധമായ സഹായം നൽകുന്നതിനും കേന്ദ്രഗവൺമെന്റിന് മടിയുണ്ടായില്ല-അതു ഇന്ദിരാ കോൺഗ്രസുമായി സംഖ്യത്തിലായിരുന്നതു കൊണ്ട്.

കേന്ദ്രത്തിന്റെ ഇന്നത്തെ അധികാരങ്ങൾ ബ്രിട്ടീഷുകാർ സർവാധിപതികളായി ഡൽഹിയിൽ വാണിരുന്നകാലത്തെയാണ് ഓർമ്മിപ്പിക്കുന്നത്. ഇന്നത്തെ ഭരണാധികാരികൾ തങ്ങളുടെ സാമ്രാജ്യത്വ മുൻഗാമികളെ വള്ളിപുള്ളിതെറ്റാതെ അനുകരിക്കുകയാണ്. അഖിലേന്ത്യാ കേഡറിലുള്ള ബ്യൂറോക്രസിയെ ഉപയോഗിച്ച് അവർ തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭകളെ മറികടക്കുന്നു. പൊലീസിലും ഭരണത്തിലുമുള്ള അഖിലേന്ത്യാ കേഡറുകളെ- ഐ പി എസ്, ഐ എ എസ് തുടങ്ങിയവ- ആദ്യം സംഘടിപ്പിച്ചത് ഭാരതീയ തത്ത്വത്തിന്റെയും ഐകമത്യത്തിന്റെയും പേരിലാണ്. പ്രയോഗത്തിൽ ഈ ഉദ്യോഗസ്ഥവൃന്ദത്തിന് കേന്ദ്രത്തോട് മാത്രമേ ചുമതല ഉള്ളു എന്നു വന്നു; തിരഞ്ഞെടുക്കപ്പെട്ട മന്ത്രിമാർക്കെതിരെയുള്ള കേന്ദ്രത്തിന്റെ ചാരന്മാരായി അവർ മാറി. നിയമസഭയുടെ നയങ്ങളെ തുരങ്കംവയ്ക്കാനും അരോചകങ്ങളായ മന്ത്രിസഭകളെ തകിടം മറിക്കാനുമുള്ള കേന്ദ്രത്തിന്റെ ഗൂഢാലോചനകളിൽ പങ്കുവഹിക്കാനും അവർ തയ്യാറായി. പശ്ചിമബംഗാളിലെ ഐക്യമുന്നണി മന്ത്രിസഭക്കെതിരെയുണ്ടായ "പൊലീസ് ലഹള" കേന്ദ്രത്തോടുമാത്രം കൂറുള്ള പൊലീസ് മേലധികാരികളുടെ അറിവോടും സഹായത്തോടുംകൂടി രൂപംകൊണ്ടതാണ്. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് ഹാനികരമായി പ്രവർത്തിച്ച ഒരു പൊലീസ് ഐ ജിയെ കേരളത്തിൽനിന്ന് പറഞ്ഞയയ്ക്കാൻ സംസ്ഥാന

മന്ത്രിസഭ ശ്രമിച്ചിട്ടും കഴിഞ്ഞില്ല. ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ ശക്തി അത്രമാത്രമുണ്ട്. കേന്ദ്രത്തിന്റെ പിന്തുണയുണ്ടെങ്കിൽ ഏതൊരു ശിക്ഷണ നടപടിയും, മന്ത്രിമാർ നൽകിയ നിർദേശങ്ങളെ തെറ്റിച്ചതിനുള്ള ശിക്ഷണ നടപടിയെന്ന നിലയിലുള്ള സ്ഥലംമാറ്റം പോലും, കൈക്കൊള്ളുക എളുപ്പമല്ല, അവരുടെ സേവന വ്യവസ്ഥകളിലും മറ്റും ഇടപെടുന്നതും ഇടംകോലിടുന്നതും കേന്ദ്ര ഗവൺമെന്റാണല്ലോ. പല പ്പോഴും ജനങ്ങളെ തല്ലാനും പണിമുടക്കുന്ന തൊഴിലാളികളെയും ജീവനക്കാരെയും അറസ്റ്റുചെയ്യാനും മറ്റുമുള്ള നിർദേശങ്ങൾ മുഖ്യമന്ത്രിയെപ്പോലും അറിയിക്കാതെ കേന്ദ്രം നേരെ ചീഫ്സെക്രട്ടറിക്കു നൽകുന്നു. 1968-ലെ പണിമുടക്കിൽ കേരളത്തിലെ കേന്ദ്രജീവനക്കാരെ അറസ്റ്റ് ചെയ്യാനുള്ള നിർദേശം ചവാൻ നേരിട്ട് ചീഫ്സെക്രട്ടറിക്കാണ് അയച്ചത്. മുഖ്യമന്ത്രിയെ വിവരം അറിയിച്ചതുപോലുമില്ല. കേന്ദ്ര സുൽത്താന്മാരുടെ അത്യപ്തിക്ക് പാത്രീഭൂതരായ സംസ്ഥാനമന്ത്രിസഭകളുടെ നിലമോണ്ട് ഫോർഡ് പരിഷ്കാരത്തിൻ കീഴിലുണ്ടായിരുന്ന മന്ത്രിസഭകളുടേതിൽനിന്നും വളരെ വ്യത്യസ്തമൊന്നുമല്ല.

സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശത്തിന്റെയും ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളുടെയും നേരെയുള്ള ആക്രമണ പരമ്പരയിൽ ഏറ്റവും പുതിയതാണ്, തങ്ങളോടു കൂറു പുലർത്തുന്ന സി ആർ പിയെ സംസ്ഥാനങ്ങളിൽ സ്ഥാപിക്കാൻ അധികാരമുണ്ടെന്ന കേന്ദ്രത്തിന്റെ അവകാശവാദം. ജനങ്ങളുടെയും അവർ തിരഞ്ഞെടുത്ത മന്ത്രിസഭയുടെയും അഭിപ്രായങ്ങൾ വകവയ്ക്കാതെ തന്നെ ഏതു സംസ്ഥാനത്തിലേക്കും സി ആർ പിയെ അയക്കാൻ തങ്ങൾക്ക് അധികാരമുണ്ടെന്നാണ് കേന്ദ്രത്തിന്റെ വാദം.

അങ്ങനെ ശക്തമായ കേന്ദ്രം, അതതു സംസ്ഥാനത്തെ ജനങ്ങളുടെ അഭിലാഷങ്ങളെ തീർത്തും വകവയ്ക്കാതെ സ്വേച്ഛാനുസൃതം സംസ്ഥാന മന്ത്രിസഭകളെ സൃഷ്ടിക്കുകയും സംഹരിക്കുകയും ചെയ്യുന്നു. പുരോഗമന ജനാധിപത്യപാർട്ടികളുടെ മന്ത്രിസഭകൾക്കെതിരായി അവർ വിവേചനം കാണിക്കുന്നു; കേരളത്തിൽ ചെയ്തതുപോലെ പറ്റുന്നിടത്ത് പിന്തിരിപ്പന്മാരെ അധികാരത്തിൽ വാഴിക്കുന്നു. സ്ഥിരതയുള്ള ഒരു ഗൺമെന്റിനെ, അതായത് കോൺഗ്രസ് സഖ്യത്തിന്റെ ഗവൺമെന്റിനെ, അധികാരത്തിലെത്തിക്കുകയാണെങ്കിൽ, കേരളത്തിനു ഉദാരമായ ധനസഹായം നൽകാമെന്നു കേന്ദ്രധനമന്ത്രി ചവാൻ കേരള തിരഞ്ഞെടുപ്പ് കാലത്ത് കേരളത്തിൽവച്ച് പരസ്യമായി ഉറപ്പു നൽകുകയുണ്ടായി.

ഇത് ഇന്ത്യൻ ജനാധിപത്യത്തിന് ഗുരുതരമായ ഒരു ഭീഷണിയായിത്തീർന്നിരിക്കയാണ്. സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശവും ജനാധിപത്യവും മാത്രമല്ല തുരങ്കം വയ്ക്കപ്പെട്ടിരിക്കുന്നത്; സംസ്ഥാനങ്ങളിലെ നേതൃത്വം പിന്തിരിപ്പൻ വർഗത്തിന്റെ കയ്യിലേക്ക് വഴുതി

നീങ്ങുന്നു, അവർ ജനങ്ങളെ സങ്കുചിത പ്രാദേശിക പ്രശ്നങ്ങളുപയോഗിച്ച് ഇളക്കി മറിക്കുന്നു, ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടി നിലകൊള്ളുന്നവർക്കെതിരായി ഇക്കൂട്ടരെ കേന്ദ്രം പ്രോത്സാഹിപ്പിക്കുന്നു. ഭൂവുടമകൾക്കും വിഭജനവാദികൾക്കും, ഒരു സ്റ്റീൽമില്ലിനോ കുറച്ചു കൂടുതൽ ഫണ്ടുകൾക്കോ വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ മേൽ സമ്മർദം ചെലുത്താനും അവയ്ക്കുവേണ്ടി ഏതു സമയത്തും സ്വയം വിൽക്കാനും തയ്യാറുള്ളവർക്കുമാണ് അങ്ങനെ മുൻകൈ കിട്ടുന്നത്. അവർ ജനങ്ങളുടെ ശ്രദ്ധയെ വർഗതാൽപ്പര്യങ്ങളിൽനിന്നും തങ്ങളുടെ സംസ്ഥാനത്തിൽ സ്റ്റീൽമിൽ വേണം, എണ്ണ ശുദ്ധീകരണശാല വേണം എന്നു തുടങ്ങിയ ആവശ്യങ്ങളിലേക്ക് സങ്കുചിതമായ രീതിയിൽ തിരിക്കുന്നു, അവയിൽ ചിലത് അനുവദിച്ചു കൊടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റ് അവരെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

സംസ്ഥാനങ്ങളിലെ ജനാധിപത്യം തകരുക മാത്രമല്ല ഇതുകൊണ്ട് സംഭവിക്കുന്നത്. ഭാരതത്തിന്റെ ഐക്യം തന്നെ ദ്രുതഗതിയിൽ തകർക്കപ്പെടുന്നു. വിവിധഘടകങ്ങളുടെ സമത്വത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഇന്ത്യയുടെ ഐക്യം നിലനിർത്താൻ സാധ്യമല്ല. സ്വന്തം താൽപ്പര്യങ്ങൾക്കോ സ്വന്തം വർഗത്തിന്റെ താൽപ്പര്യങ്ങൾക്കോ വേണ്ടി ഈ സമത്വത്തെ തുരങ്കം വയ്ക്കുകയാണെങ്കിൽ സംസ്ഥാനങ്ങളിലെ കൊടിക്കൂറ നാം പിന്തിരിപ്പന്മാരുടെ കയ്യിൽ ഏൽപ്പിക്കുകയായിരിക്കും ചെയ്യുക. ഫലമോ? ഈ ആവലാതികളുടെ, അസമത്വങ്ങളുടെ, അടിസ്ഥാനത്തിൽ ജനങ്ങൾക്കിടയിൽ വിഭാഗീയ ചിന്താഗതി വളർത്തുവാൻ അവർക്കു കഴിയുന്നു. തെക്കൻ സംസ്ഥാനങ്ങളിൽ നിർബന്ധിതമായി ഹിന്ദി അടിച്ചേൽപ്പിക്കുവാനുള്ള ശ്രമം ഹിന്ദി വിരോധഭ്രാന്തന്മാരുടെ കയ്യിൽ ഒന്നാന്തരം ആയുധമായിത്തീർന്നു. ഇന്ത്യയുടെ ഐക്യത്തിന് കനത്ത ഒരു പ്രഹരമായിരുന്നു അത്. ഭരണഘടനയിലെ ഈ കപട ഫെഡറലിസം ഭാരതീയ ഐക്യബോധത്തെ അനുസ്യൂതം കാർന്നുതിന്നുകയാണ്. എന്തു വിലകൊടുത്തും തങ്ങളുടെ ആധിപത്യം നിലനിർത്താൻ ആഗ്രഹിക്കുന്നവരും അതിനാൽ തന്നെ സംസ്ഥാനങ്ങളിലെ ജനാധിപത്യ പ്രസ്ഥാനങ്ങളെ ഭയപ്പെടുന്നവരുമായ ബൂർഷ്വാജന്മി വർഗങ്ങൾ ഇന്ത്യയുടെ ഐക്യത്തെ നശിപ്പിക്കുകതന്നെ ചെയ്യും.

ബ്രിട്ടീഷ് ഭരണകാലത്ത് ജനാധിപത്യത്തിന്റെ കണികപോലുമില്ലാതിരുന്നതിനാൽ ഇന്ത്യൻ ഭരണഘടനയിലെ പല ഭാഗങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയും അവയുടെ ജനാധിപത്യപരമായ ഉള്ളടക്കത്തെപ്പറ്റിയും നമുക്ക് അതിരുകവിഞ്ഞ പ്രതീക്ഷയാണുണ്ടായിരുന്നത്. അവകാശങ്ങളൊന്നുമില്ലാത്ത ഒരു അടിമരാജ്യത്തിൽ, ഈശ്വരകടാക്ഷത്തോടെ വലിയതമ്പുരാൻ വാണരുളിയ രാജ്യത്തിൽ, ബൂർഷ്വാ, ജനാധിപത്യത്തിന്റെ രണ്ടാംതരം ചരക്കുകളെ ജനാധിപത്യത്തിന്റെ ഏറ്റവും ഉജ്ജ്വല നേട്ടങ്ങളായി സ്വാഗതം ചെയ്തെങ്കിൽ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

ഭരണഘടനയിലെ ഏതെങ്കിലും വകുപ്പിനെ ലംഘിക്കുന്ന ഏതു നിയമവും അസാധുവെന്ന് വിധികൽപ്പിക്കുവാനുള്ള കോടതിയുടെ അവകാശം ബൂർഷ്വാ ഭരണഘടനയുടെ ഒരു ഭാഗം മാത്രമാണ്. രാഷ്ട്രീയാധിപത്യത്തിനുവേണ്ടി അങ്കം വെട്ടുന്ന ഒരു വർഗമായി ബൂർഷ്വാസി രംഗത്തു വന്നതോടെയാണ് കോടതിയുടെ അധികാരവും ശക്തിയും വർധിച്ചു തുടങ്ങുന്നത്. ബൂർഷ്വാപാർലമെന്ററി ഭരണത്തിൻ കീഴിൽ ഒരു വ്യക്തിക്ക് ഫ്യൂഡൽ വ്യവസ്ഥയിലുള്ളതിലും വിദേശസാമ്രാജ്യാധിപത്യത്തിലുള്ളതിലും കൂടുതൽ സ്വാതന്ത്ര്യമുണ്ട്. എങ്കിലും കോടതിയുടെ അധികാരത്തിന്റെ താങ്ങോടുകൂടിയ ഈ ഭരണം ഒരു വർഗഭരണം തന്നെയാണ്. എത്രയൊക്കെ സ്വാതന്ത്ര്യമുണ്ടായാലും സാധാരണ വ്യക്തി മുതലാളിമാരുടെ അടിമയായിത്തന്നെ തുടരുന്നു. കോടതികൾ കാരണം ഭരണം യഥാർഥ ജനാധിപത്യഭരണമാകുന്നതേയില്ല.

ഇന്ത്യയിലാകട്ടെ, ബ്രിട്ടീഷുകാരുടെ കീഴിൽ ജനാധിപത്യം പൂർണമായി നിഷേധിക്കപ്പെട്ട പശ്ചാത്തലത്തിൽ ഭരണഘടനയിലെ 32-ാം വകുപ്പിലേയും 226-ാം വകുപ്പിലേയും വ്യവസ്ഥകൾ അദ്വിതീയമായ സംഭാവനയായി സാധാരണ പൗരനെ സംരക്ഷിക്കാനുള്ള ഒരു മഹത്തായ മാർഗമായി പ്രകീർത്തിക്കപ്പെട്ടിരുന്നു. ഈ വ്യവസ്ഥകളെ ഒരു ബൂർഷ്വാനീതിജ്ഞൻ എങ്ങനെ വ്യാഖ്യാനിച്ചിരിക്കുന്നു എന്നു നോക്കുക:

> 32 ഉം 226 ഉം വകുപ്പുകളിലെ വ്യവസ്ഥകൾ നമ്മുടെ ഭരണഘടന അദ്വിതീയമാണെന്ന ഒരു അത്ഭുത ധാരണ എങ്ങനെയോ പരത്തിയിട്ടുണ്ട്. 'നിയമപുനഃപരിശോധനാതത്ത്വം' ഭരണഘടനയിൽ തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നതാണത്രെ കാരണം. നിയമപുനഃപരിശോധന എന്നതിന്റെ അർഥം, ഭരണഘടനയുടെ വകുപ്പുകളെ ലംഘിക്കുന്ന നിയമങ്ങൾ, അസാധുവെന്നു വിധിക്കാനുള്ള അധികാരം കോടതിക്കുണ്ടെന്നുള്ളതാണ്. എഴുതപ്പെട്ട എല്ലാ ഫെഡറൽ ഭരണഘടനകളിലും ഇതുണ്ട്, 'നിയമപരിധിക്കപ്പുറം' (ultravires) എന്ന ബ്രിട്ടീഷ് സിദ്ധാന്തത്തിൽനിന്നാണ് ഇത് വന്നത്. അതിനാൽ 32 ഉം 226 ഉം വകുപ്പുകൾ നിയമപുനഃപരിശോധനയുടെ പുതിയ തത്ത്വങ്ങളൊന്നും ഇന്ത്യയിൽ നടപ്പാക്കിയിട്ടില്ല. ശരിക്കു പറയുകയാണെങ്കിൽ, ഇംഗ്ലീഷ് റിട്ടു സമ്പ്രദായത്തിനുള്ള അധികാരമാണ് ഈ വകുപ്പുകൾ സുപ്രീംകോടതിക്കും ഹൈക്കോടതിക്കും നൽകുന്നത്. (*സർവെ, ഇന്ത്യയുടെ ഭരണഘടനാ നിയമം*, പുറം 9)

ബ്രിട്ടീഷ് കോടതികളിൽ ഈ റിട്ടുകൾ ഉണ്ടായിട്ടും ഇംഗ്ലണ്ട് ഇപ്പോഴും ഒരു സാമ്രാജ്യത്വരാജ്യം തന്നെയാണ്. ബ്രിട്ടീഷ് തൊഴിലാളിക്കു മുതലാളിത്തത്തെ കീഴടക്കാൻ കഴിഞ്ഞിട്ടില്ല.

സ്വേച്ഛാധിപതികളായ രാജാവിനും നാടുവാഴിപ്രഭുക്കന്മാർക്കും എതിരായി ഉയർന്നു വന്ന ബൂർഷ്വാസിക്കു വേണ്ടി നീതിന്യായവകുപ്പ് നില

കൊണ്ട കാലത്ത് ഈ റിട്ടുകൾക്കും കോടതിയുടെ അധികാരങ്ങൾക്കും വലിയ പ്രയോജനവും പ്രാധാന്യവും ഉണ്ടായിരുന്നു. ഇന്നാകട്ടെ ഉയർന്ന വർഗങ്ങളോട് പക്ഷപാതം പുലർത്തുന്ന ഭരണഘടനയെ സംരക്ഷിക്കുക എന്നതു മാത്രമാണ് കോടതികളുടെ പ്രധാന ലക്ഷ്യം. ഈ യാഥാസ്ഥിതിക വർഗങ്ങളുടെ ഭാഗമാണ് നീതിന്യായവകുപ്പ്; ഭരണഘടനയിൽ ഉൾക്കൊള്ളിച്ച ആ വർഗങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി അതു നിലകൊള്ളുകയും ചെയ്യുന്നു.

ബഹുജനങ്ങളുടെ പ്രക്ഷോഭത്തിന്റെയും പ്രസ്ഥാനത്തിന്റെയും നടുവിൽ-തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനുമെതിരായ സാർവത്രികജനരോഷത്തിന്റെ മധ്യത്തിൽ ഭരണഘടന നിഷേധാത്മകമായി പുരോഗമിച്ചു തുടങ്ങിയിട്ടുണ്ട്. ഭരണഘടനയുടെ ഏകതാനമായ ഉള്ളടക്കം ഒരേയൊരു കക്ഷിയുടെ-കോൺഗ്രസ് പാർട്ടിയുടെ-ഭരണാധികാരക്കുത്തകയ്ക്ക് തികച്ചും അനുഗുണമായിരുന്നു.

മിക്കവാറും രണ്ടു ദശാബ്ദങ്ങളോളം കോൺഗ്രസാണ് ഫലത്തിൽ എല്ലാ സ്റ്റേറ്റുകളിലും കേന്ദ്രത്തിലും ഭരണം നടത്തിയത്. കേന്ദ്രത്തിലും സ്റ്റേറ്റുകളിലും അതിന്റെ സംഘടന വഹിച്ച സ്വാധീനത്തിന്റെ ഫലമായി സ്റ്റേറ്റുകൾ കൂടുതൽ ഉഗ്രമായ വിധത്തിൽ ഏകതാനമായ കേന്ദ്രത്തിന്റെ ഇരുമ്പു കൈപ്പിടിയിൽ അമർന്നു. വല്ല ചാഞ്ചാട്ടവും ആർക്കെങ്കിലും എങ്ങാനും ഉണ്ടായാൽ, അവരെ മെരുക്കി പാകപ്പെടുത്തിയെടുക്കാൻ നെഹ്റുവിന്റെ സമുന്നതമായ വ്യക്തിപ്രഭാവവും ഉണ്ടായിരുന്നുവല്ലോ.

എക്സിക്യൂട്ടീവ് അന്യാദൃശമായി ശക്തിപ്പെട്ടു എന്നതാണ് ഭരണക്കുത്തകയുടെ രണ്ടാമത്തെ ഫലം. നിയമസഭകൾ കേവലം വാചകമടിക്കാനുള്ള സ്ഥലങ്ങളായി തരംതാഴ്ത്തപ്പെട്ടു. കോൺഗ്രസ് പാർട്ടിയുടെ അച്ചടക്കത്തിന്റെ കീഴിൽ നിയമസഭകൾക്കകത്ത് തട്ടിപ്പടച്ചുണ്ടാക്കിയ ഭൂരിപക്ഷത്തിന്, ഭരണഘടനയിൽ സങ്കല്പിച്ചിരുന്നതുപോലെ, യഥാർഥമായ അധികാര ശക്തിയുണ്ടായില്ല; അത് എക്സിക്യൂട്ടീവിനെ അനുസരിക്കുന്ന ഉപകരണമായതേയുള്ളു. അഭിപ്രായഭിന്നതകൾ പാർട്ടിയോഗങ്ങൾക്കകത്ത് ഒതുങ്ങി നിന്നു.

എന്നാൽ, അപ്പോഴേക്കും തകർച്ച ആരംഭിച്ചു. കേരളത്തിൽ കോൺഗ്രസിനെ 1957-ൽ തന്നെ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി പരാജയപ്പെടുത്തി. അതായിരുന്നു ആദ്യത്തെ വിള്ളൽ. നെഹ്റു ജീവിച്ചിരുന്നപ്പോൾ തന്നെ ആരംഭിച്ച ഈ പ്രക്രിയയ്ക്കു വേഗം കൂട്ടാൻ ഒരു ദശാബ്ദത്തിലധികം വേണ്ടിവന്നു. ബഹുജനപ്രസ്ഥാനം കോൺഗ്രസിന്റെ നേർക്കുള്ള ഒരു വെല്ലുവിളിയായിരുന്നു. ബഹുജനങ്ങൾക്കിടയിൽ വളർന്നുവന്ന അസംതൃപ്തി കോൺഗ്രസിനെതിരായി തിരിഞ്ഞ് അതിനെ തകർത്തുതുടങ്ങി. ഒടുവിൽ കോൺഗ്രസ് രണ്ട് വിഭാഗങ്ങളായി ഭിന്നിച്ചിരിക്കുന്നു. കോൺഗ്രസിന് അതിന്റെ അധികാരക്കുത്തക നഷ്ടപ്പെട്ടു. പ്രാദേശിക നേതാക്കളും മുഖ്യമന്ത്രിമാരും ദേശീയ നേതാക്കളേക്കാൾ

ശക്തിയുള്ളവരായി. സ്റ്റേറ്റുകളോടു കൂടുതൽ താൽപ്പര്യം കാണിക്കണമെന്ന് അവ ബഹളം കൂട്ടാൻ തുടങ്ങി. കേന്ദ്രമന്ത്രിമാരെ വിമർശിക്കുന്ന കാര്യത്തിൽ സ്റ്റേറ്റുകളിലെ കോൺഗ്രസ് മന്ത്രിമാരും ഒട്ടും പിന്നിലല്ലായിരുന്നു.

ഇതിന്റെ ഫലമായി ഇന്ത്യൻ ഉദ്യോഗസ്ഥ മേധാവിത്വം വളരെയേറെ ശക്തിപ്പെട്ടു. കൈക്കൂലിക്കും അഴിമതിക്കും ജനവിരുദ്ധമായ മനോഭാവത്തിനും, ഏറ്റവുമധികം സമ്പാദ്യമുണ്ടാക്കിത്തരുന്നവർക്ക് തന്നത്താൻ വിൽക്കാനുള്ള പ്രവണതയ്ക്കും അപകീർത്തി നേടിയതാണ് ഈ ഉദ്യോഗസ്ഥമേധാവിത്വം. ഭരണഘടനയുടെ സ്ഥാപകപിതാക്കൾ ബ്രിട്ടീഷ് നിർമിതമായ ഈ ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ ഉരുക്കുയന്ത്രത്തെ ദത്തെടുത്ത്, സ്വന്തം കുഞ്ഞിനെയെന്നപോലെ വളർത്തി, പരിപോഷിപ്പിക്കുകയാണുണ്ടായതെന്ന് ഓർക്കണം. അങ്ങനെ ജനവിരുദ്ധമായ ഈ ഏജൻസി ഇന്ത്യൻ ജനതയുടെ ഹിതം നിർവഹിക്കുന്നതിനുള്ള രാജ്യസ്നേഹപരമായ ഒരു ഏജൻസിയായി മാറി.

ആദ്യംതന്നെ അത് സുശക്തമായിരുന്നു; എങ്കിലും, സ്വാതന്ത്ര്യലബ്ധിയോടു തൊട്ടടുത്ത ഘട്ടത്തിൽ ബഹുജനങ്ങൾക്കിടയിൽ വിപുലമായ സ്വാധീനം പുലർത്തിയ കോൺഗ്രസ് നേതാക്കളെ അത് അനുസരിച്ചുപോന്നു. എന്നാൽ ഈയിടത്തെ മാറ്റങ്ങളും അസ്ഥിരതയും നിമിത്തം അത് മുൻനിരയിലേക്ക് തള്ളിക്കയറി വന്നിട്ടുണ്ട്; ജനാധിപത്യ ശക്തികളെ ദ്രോഹിക്കാനുള്ള അതിന്റെ കഴിവ് വർധിച്ചുവരുന്നുമുണ്ട്.

ഒന്നാമതായി, കോൺഗ്രസ് ഭരണത്തിൽ പെരുകി വരുന്ന ജനകീയ സമരങ്ങളെയും അതൃപ്തിയെയും എതിരിടാൻ പൊലീസുകാരന്റെ ലാത്തിയെ മേൽക്കുമേൽ ആശ്രയിക്കണമെന്ന അവസ്ഥ ഇപ്പോൾത്തന്നെ ഉണ്ടായിരിക്കുന്നു. നിയമവും ക്രമവും പാലിക്കാൻ പ്രാദേശികമായ ഉദ്യോഗസ്ഥമേധാവിത്വത്തെയാണ് അധികാരികൾ ആശ്രയിക്കുന്നത്; കാരണം, കോൺഗ്രസിന്റെ തട്ടിപ്പും ബഡായിയും ഇപ്പോൾ ജനങ്ങളത്ര കാര്യമായെടുക്കുന്നില്ല. ജനാഭിലാഷങ്ങൾക്കു വിരുദ്ധമായി ബൂർഷ്വാ-ഭൂവുടമ ഭരണത്തിന് അതിന്റെ സ്വന്തം നിലനിൽപ്പിനെ കാത്തുരക്ഷിക്കാൻ കഴിയണമെങ്കിൽ, ജനങ്ങളുടെ നേർക്ക് ബലപ്രയോഗത്തിനുള്ള പുതിയ ഉപകരണങ്ങൾ അതിന് അനിവാര്യമായും പ്രയോഗിക്കണമെന്നായിരിക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്തെ നിയമങ്ങൾ നടപ്പാക്കുകയും പൊലീസിന് കൂടുതൽ വിപുലമായ അധികാരങ്ങൾ കൊടുക്കുകയും ചെയ്യുന്നതിനുപുറമെ, ബലപ്രയോഗത്തിനുള്ള പുതിയ ഉപകരണങ്ങളും ഊട്ടിയുണ്ടാക്കിയിട്ടുണ്ട് -വ്യവസായ രക്ഷാസേന; എല്ലാറ്റിലുമുപരി, സി ആർ പി എന്ന തഗ്ഗ് സൈന്യം മുതലായവ. നിയമക്രമങ്ങളുടെ പുനഃസ്ഥാപനത്തിനുവേണ്ടിയല്ല സി ആർ പിയെ ഉദ്ദേശിച്ചിട്ടുള്ളതെന്ന് നാലു വർഷം മുമ്പുതന്നെ വ്യക്തമായതാണ്. രാജ്യം ആക്രമിച്ച് കീഴടക്കുന്ന ഒരു വിദേശ സൈന്യത്തിന്റെ മാതൃക പിടിച്ച് ജനങ്ങളെ ഭീഷണിപ്പെടുത്തുകയും ഭയചകിത

രാക്കുകയുമാണ് അതിന്റെ ഉദ്ദേശ്യം. ഇതുകൊണ്ടൊക്കെ ഉദ്യോഗസ്ഥ മേധാവിത്വത്തിനുള്ള പങ്ക് എത്രയോ വർധിച്ചിരിക്കയാണ്. ഈ അടുത്ത മാസങ്ങളിൽ പശ്ചിമബംഗാളിലെ ജനങ്ങളെ ഏതുവിധത്തിലും കൈകാര്യം ചെയ്യാൻ തങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും, പൊലീസ് എന്തുചെയ്താലും അന്വേഷണം നടത്തുന്നതല്ലെന്ന് തങ്ങൾക്കുറപ്പുകിട്ടണമെന്നും ആവശ്യപ്പെടുന്നതിനുള്ള ഒരു ഗൂഢാലോചന ഉദ്യോഗസ്ഥ മേധാവികൾ നടത്തുന്നുണ്ടെന്നു തെളിഞ്ഞു.

ന്യൂഡൽഹി അതിനു സമ്മതിച്ചിട്ടുമുണ്ട്. ഇന്നിപ്പോൾ റെയിൽവേ മന്ത്രി ഒരു പ്രസ്താവന പുറപ്പെടുവിക്കട്ടെ; റെയിൽവേ ജനറൽ മാനേജരുടെ അംഗീകാരത്തിനു വിധേയമാണത്. തൊഴിലാളികൾക്ക് ചില ഉറപ്പുകൾ കൊടുക്കുന്ന ഒരു പ്രസ്താവന ഉരുക്കുമന്ത്രി പുറപ്പെടുവിച്ചാലും പ്രാദേശികാധികൃതർക്കു അതിനെ അവഗണിക്കാം. പൊലീസിനെ സംബന്ധിച്ചിടത്തോളം ഇന്ന് ഏത് തരത്തിലുള്ള അന്വേഷണം നടന്നാലും, അതിൽനിന്ന് അവർ കുറ്റക്കാരല്ലെന്നാണ് തെളിയുക; എന്നല്ല ജനങ്ങളെ കൂടുതൽ ആക്രമിക്കാനുള്ള ആഹ്വാനവും അവർക്കു ലഭിക്കും.

നിയമസഭകൾക്കകത്ത് കോൺഗ്രസ് തട്ടിപ്പടച്ചുണ്ടാക്കിയ ഭൂരിപക്ഷം അതിനു നഷ്ടപ്പെടുക, എതിർപാർട്ടികളുടെ ശക്തി വർധിക്കുക, കൂട്ടുകെട്ടുകൾ മാറി മാറി വരിക, നിയമസഭാ സാമാജികരെ കൊണ്ട് മൊത്തമായും ചില്ലറയായും ചെയ്യാമെന്ന അവസ്ഥ സംജാതമാവുക, അവരുടെ കാലുമാറ്റം പതിവാക്കുക-ഇതിന്റെയൊക്കെ ഫലമായി ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ മൂച്ചും മുഷ്കും കൂടിക്കൂടി വന്നിരിക്കുന്നു. കോൺഗ്രസിന് അതിന്റെ ഭൂരിപക്ഷമോ ബഹുഭൂമിപക്ഷമോ നഷ്ടപ്പെടുന്ന അവസരത്തിൽ നിയമസഭകളുടെ പരമമായ അധികാരം പുനഃസ്ഥാപിക്കപ്പെടുകയല്ല ചെയ്യുന്നത്. പിന്നെയോ? ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ അധികാരമാണ് കൂടുതൽ ശക്തിപ്പെടുന്നത്. മന്ത്രിസഭകളുടെ രൂപീകരണത്തെ സഹായിക്കുന്നതിലും തുരങ്കം വയ്ക്കുന്നതിലുമെല്ലാം അതിനു കൂടി സ്വന്തമായ ചില കളി കളിക്കാൻ സാധിക്കുന്നു.

അനുയാത്ര ചെയ്യുന്നവരുടെ കൂട്ടത്തിൽനിന്ന് അറിയപ്പെടുന്ന സി ഐ എ ഏജന്റുമാരെ മാറ്റി നിർത്താൻ പ്രധാനമന്ത്രിക്കുപോലും സാധിക്കുന്നില്ലെങ്കിൽ, ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ പിടി എത്രത്തോളം മർമസ്ഥാനങ്ങളിൽ എത്തിയിട്ടുണ്ടെന്ന് അതിൽനിന്ന് ഊഹിക്കാം. നിലവിലുള്ള വർഗഭരണഘടനയ്ക്കു കീഴിൽ പ്രത്യക്ഷമായിക്കാണുന്ന ഏറ്റവും ആപൽസൂചകമായ സംഭവവികാസങ്ങളിൽ ഒന്നാണിത്.

കോൺഗ്രസിന്റെ അധികാരക്കുത്തക തകരുകയും, സാമ്പത്തിക പ്രതിസന്ധിക്ക് ആഴം കൂടുകയും, ജനങ്ങളെ കബളിപ്പിച്ച് സാമ്പത്തിക ക്കുഴപ്പത്തിന്റെ ഭാരം അവരുടെ തലയിൽ വച്ചുകെട്ടേണ്ടത് എങ്ങനെയെന്നതു സംബന്ധിച്ച് ഭരണവർഗങ്ങളുടെ വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ അഭിപ്രായ ഭിന്നതകൾ പൊന്തിവരികയും ചെയ്തതോടുകൂടി ഭരണഘ

ടനയും ഒരു കുഴപ്പത്തെ നേരിട്ടുകൊണ്ടിരിക്കയാണ്. എത്രയും കൊട്ടി ഘോഷിക്കപ്പെട്ട അതിന്റെ പരിപാവനത്വത്തിന്റെയും എത്രയും വാഴ്ത്തപ്പെട്ട അതിന്റെ ജനാധിപത്യ സ്വഭാവത്തിന്റെയും തനിനിറം വിവിധ ബൂർഷ്വാപാർട്ടികളും ഭൂവുടമാ താൽപ്പര്യങ്ങളും തന്നെ ഇപ്പോൾ തുറന്നുകാട്ടിക്കൊണ്ടിരിക്കുന്നു. ഭരണഘടന വാസ്തവത്തിൽ ഈ താൽപ്പര്യങ്ങളെയാണ് സംരക്ഷിക്കുന്നതെന്ന് സാധാരണക്കാരൻ ഇതിൽനിന്നെല്ലാം പഠിച്ചു മനസിലാക്കുന്നുണ്ട്.

ഭരണവർഗങ്ങളുടെ വിവിധ പാർട്ടികൾ മന്ത്രിപദങ്ങൾക്കു വേണ്ടി നടത്തുന്ന അധികാരവടംവലി ഭരണഘടനയുടെ പരിപാവനത്വത്തിനു കൂടുതൽ ക്ഷതമേൽപ്പിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മേൽ ഭരണ കോൺഗ്രസിനുള്ള പിടി ഉപയോഗിച്ച് സ്വന്തം സ്ഥാനങ്ങൾ അത് ഉറപ്പാക്കുന്നു; ജനാധിപത്യപരമായ ഐക്യമുന്നണി മന്ത്രിസഭകളെ—ഉദാഹരണത്തിന് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിൽ പശ്ചിമബംഗാളിലും കേരളത്തിലുമുണ്ടായിരുന്ന മന്ത്രിസഭകളെ—ഇതിനുവേണ്ടി അത് മറിച്ചിടുന്നു, അല്ലെങ്കിൽ (ഉത്തരപ്രദേശിൽ ചെയ്തതുപോലെ) മന്ത്രിസഭകളിൽനിന്ന് അത് അതിന്റെ എതിരാളികളെ ഒഴിച്ചു നിർത്തുന്നു.

ഭരണഘടനയുടെ എല്ലാ ഘടകങ്ങളും ഇപ്പോൾ ഏകഭാവത്തിൽ പ്രവർത്തിക്കാതായിട്ടുണ്ട്. ഭരണഘടനയിൽ ഭേദഗതികൾ വരുത്തുവാൻ തിരഞ്ഞെടുക്കപ്പെട്ട പാർലമെന്റിനുള്ള പരമാധികാരത്തെ സുപ്രീംകോടതി വെല്ലുവിളിക്കുകയും, അങ്ങനെ അതിന്റെ സ്വന്തം പദവി ജനങ്ങളുടേതിനേക്കാൾ എത്രയോ ഉപരിയാണെന്ന് കാണിക്കുകയും ചെയ്തിരിക്കുന്നു. നിയമസഭയിൽ നിക്ഷിപ്തമായ അധികാരങ്ങൾ പ്രസിഡന്റും ഗവർണരും ചേർന്ന് അപഹരിക്കുകയും പ്രസ്തുത നിയമസഭയോട് ആലോചിക്കുകപോലും ചെയ്യാതെ ആ സ്റ്റേറ്റിൽ ഒരുറച്ച ഗവൺമെന്റുണ്ടാക്കാൻ സാധ്യമല്ലെന്ന് സ്വയം തീരുമാനിക്കുകയും ചെയ്തു. തൽക്കാല നടപടി എന്നനിലയിൽ മാത്രം വിഭാവനം ചെയ്യപ്പെട്ട പ്രസിഡന്റുഭരണം ഇപ്പോൾ കക്ഷിതാൽപ്പര്യങ്ങൾക്കുവേണ്ടി വീണ്ടും വീണ്ടും ഉപയോഗിക്കപ്പെടുന്നു, ജനാധിപത്യ ശക്തികൾക്ക് മന്ത്രിസഭ രൂപീകരിക്കാനുള്ള അവകാശം നിഷേധിക്കേണ്ട സന്ദർഭങ്ങളിൽ പ്രസിഡന്റു ഭരണത്തിന്റെ കാലാവധി അനേകം മാസങ്ങളോളം നീണ്ടുനിൽക്കും; അല്ലെങ്കിൽ ഒന്നോ രണ്ടോ വർഷം വരെ നീട്ടിക്കൊണ്ടു പോകും.

ഇതിന്റെയെല്ലാം പിന്നിലുള്ളത്; വളർന്നുവരുന്ന ജനാധിപത്യശക്തികളുടെ വെല്ലുവിളി സ്വീകരിച്ചുകൊണ്ട്, അതിന് അനുരൂപമായ വിധത്തിൽ ജനാധിപത്യത്തെ വികസിപ്പിച്ചുകൊണ്ടുവരാൻ വർഗ ഭരണഘടനയ്ക്കു സാധ്യമല്ലെന്ന പരമാർഥമാണ്. തന്നെയുമല്ല, ഭരണാധികാരി വർഗങ്ങളുടെ വിവിധ വിഭാഗങ്ങൾക്കിടയിലും പാർട്ടികൾക്കിടയിലും ഉള്ള സംഘട്ടനങ്ങളെയും അന്യോന്യ വടംവലികളെയും ഭരണഘടന മറച്ചുവെക്കു

ന്നുമുണ്ട്.

ഭൂപ്രഭുക്കന്മാർ, ഭൂവുടമകൾ, ഗ്രാമങ്ങളിലെ പുതിയ സമ്പന്നവിഭാഗം -ഇവർക്കെല്ലാം തന്നെ ദൈവാനുഗ്രഹമുള്ള ഈ ഭരണഘടനയുടെ കീഴിലും കോൺഗ്രസ് ഭരണത്തിൻ കീഴിലും അഭൂതപൂർവമായി ഉയരാൻ കഴിഞ്ഞിട്ടുണ്ട്. തുടരെത്തുടരെ എത്രയെത്ര ഭൂനിയമങ്ങൾ പാസായാലും, ഭൂമിയിൽ ഇവർക്കുള്ള കുത്തകയ്ക്ക് യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. ഇവർക്കാണ് കോൺഗ്രസിന്റെ കാർഷികപരിപാടികൾകൊണ്ട് ഏറ്റവുമധികം മെച്ചമുണ്ടായത്. അവർക്ക് ഒരുപാടു ധനം കുന്നുകൂട്ടാൻ സാധിച്ചിരിക്കുന്നു. മിക്ക സ്റ്റേറ്റുകളിലും അവർക്കാണ് ഏറ്റവുമധികം ശക്തി. സ്റ്റേറ്റ് ഗവൺമെന്റുകളുടെമേൽ അവർക്ക് മേധാവിത്വമുണ്ട്. ഈ സ്ഥിതിവിശേഷത്തിൽനിന്ന് തികച്ചും മുതലെടുക്കാൻ അവർക്ക് സാധിക്കുന്നു. ഭൂനികുതി ഒരു സ്റ്റേറ്റ് വിഷയമാണല്ലോ; അതുകൊണ്ട്, ന്യൂഡെൽഹി എന്തു പറഞ്ഞാലും ഇവർ തങ്ങളുടെ മേൽതന്നെ നികുതി ചുമത്താൻ സമ്മതിക്കുന്നില്ല. ഭൂസ്വത്തിനുമേൽ നികുതി ചുമത്തുന്ന വല്ല നിയമവും കൊണ്ടുവരാൻ കേന്ദ്രഗവൺമെന്റ് ഉദ്യമിച്ചാൽ ഇവർ കോടതികളുടെ സഹായത്തോടുകൂടി അതിനെ ചെറുക്കും, കൃഷിഭൂമിയിന്മേൽ സ്വത്തുനികുതി ചുമത്തുന്ന കേന്ദ്രഗവൺമെന്റിന്റെ നടപടി നിയമപ്രകാരം നിലനിൽക്കുന്നതല്ലെന്ന് പഞ്ചാബിലെയും ഹരിയാനയിലെയും ഹൈക്കോടതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

ആദ്യത്തെ ഭൂനിയമങ്ങൾ പാസ്സാക്കിയെടുത്ത കാലംതൊട്ട് ഇന്നേവരെ ഈ ഗുസ്തി തുടർന്നുപോന്നിട്ടുള്ളതാണ്. കഴിഞ്ഞ പത്തുവർഷത്തിനകം പാസായ ഭൂനിയമങ്ങളൊന്നും തന്നെ ഈ ഭരണഘടനയുടെ കീഴിൽ ഭദ്രമായിരുന്നിട്ടില്ല. ഈയൊരൊറ്റ വസ്തുത തന്നെ ഭരണഘടനയുടെ പൊള്ളത്തരം തെളിയിക്കുന്നുണ്ടല്ലോ. കോടതിയുടെ ഇടപെടലിൽനിന്നു പ്രസ്തുത നിയമങ്ങളെ കാത്തുരക്ഷിക്കുന്നതിന് അവയ്ക്ക് ഭരണഘടനയുടെ 31-ബി വകുപ്പുപ്രകാരം സാധുത നൽകുകയും അവയെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയുമാണുണ്ടായത്.

ഭൂമിയിലെ കുത്തകക്കാർ എല്ലാ നിയമ നിർമാണത്തിനുമെതിരായി തങ്ങളുടെ സമരം തുടർന്നു. മൗലികാവകാശങ്ങൾ ഭേദഗതി ചെയ്യാൻ പാർലമെന്റിന് അധികാരമില്ലെന്ന് 1969-ൽ സുപ്രീംകോടതി ഭൂരിപക്ഷമനുസരിച്ച് വിധിച്ചപ്പോൾ അവർക്ക് ഒരിടക്കാലാശ്വാസം കിട്ടുകയും ചെയ്തു. ഇവിടെ യഥാർഥപ്രശ്നം സ്വത്തവകാശം സംബന്ധിച്ചതായിരുന്നു. മൗലികാവകാശങ്ങളുടെ മേഖലയിൽ പാർലമെന്റിന്റെ അധികാരങ്ങൾക്ക് വിലക്കു കൽപ്പിക്കുകയാണ് സുപ്രീംകോടതി അതിന്റെ ഭൂരിപക്ഷ വിധിപ്രകാരം ചെയ്തത്. സ്വത്തവകാശങ്ങളിൽ മൗലികമായി മാറ്റം വരുത്തുന്നവിധം യാതൊരു നിയമനിർമാണവും സാധ്യമല്ലെന്നതാണ് ഇതിന്റെ ശരിയായ അർഥം.

ഈ വിധിയെ പരാമർശിച്ച് അഭിപ്രായം പറയുന്നതിനിടയിൽ ശ്രീ

സീർവൈ ഇപ്രകാരം എഴുതുന്നു:

> സുബ്ബറാവുവിന്റെ വിധിയിൽ അന്തർഭവിച്ച .....മൗലികാവകാശങ്ങളെ സംബന്ധിച്ച രാഷ്ട്രീയവും ദാർശനികവുമായ സിദ്ധാന്തങ്ങളെപ്പറ്റി ഒരു ചർച്ച നടത്താൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. എങ്കിലും, ഒരുകാര്യം ഇവിടെ ചൂണ്ടിക്കാണിക്കുന്നത് സംഗതമായിരിക്കും. പ്രായപൂർത്തി വോട്ടവകാശപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഒരു നിയമനിർമാണസഭയ്ക്കും, പ്രായപൂർത്തി വോട്ടിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട നിയമസഭകൾ പിന്നീട്, തിരഞ്ഞെടുക്കുന്ന മറ്റൊരു നിയമനിർമാണസഭയ്ക്കും നിയതമായ വിധത്തിലുള്ള ഭൂരിപക്ഷപ്രകാരം മൗലികാവകാശങ്ങൾ ഭേദഗതി ചെയ്യാൻ അധികാരമില്ലെന്നു വരുന്നതും, എന്നാൽ സുപ്രീംകോടതിയിലെ പതിനൊന്നു ജഡ്ജിമാരിൽ ആറു പേർക്ക് ഭാവിയിലെ അസാധുകരണമെന്ന സിദ്ധാന്തമനുസരിച്ച് ഭരണഘടനയെ സാരാംശത്തിൽത്തന്നെ ഭേദഗതിചെയ്യാം എന്നു വരുന്നതും അത്ഭുതകരമാണ്..... (*ഇന്ത്യയുടെ കോൺസ്റ്റിറ്റ്യൂഷണൽ ലോ*, പുറം 1108)

തുടർന്ന് സീർവൈ പറയുന്നു.

> അപ്പോൾ ഒരു പുതിയ സിദ്ധാന്തം ഇവിടെ അവതരിപ്പിച്ചിരിക്കയാണ്. നവീനമായ ഈ അമേരിക്കൻ സിദ്ധാന്തമനുസരിച്ച് കോടതിക്ക് അതിന്റെ തന്നെ തീരുമാനങ്ങൾക്ക് ഭൂതകാല പ്രാബല്യം നൽകാൻ കൂട്ടാക്കാതിരിക്കാം; അല്ലെങ്കിൽ, അതിന് യുക്തമെന്നു തോന്നുന്നത്ര ഭൂതകാല പ്രാബല്യംപോലും നൽകുന്നതിനു വിസമ്മതിക്കാം. ഇങ്ങനെചെയ്യുന്നതുതന്നെ നിർമാണമാണെന്ന് ആരെങ്കിലും തടസ്സവാദമുന്നയിച്ചാൽ, പഴയ ബ്ലാക്സ്റ്റന്റെ സിദ്ധാന്തം പൊളിഞ്ഞിരിക്കുന്നു എന്നും ജഡ്ജിമാർ നിയമം പ്രഖ്യാപിക്കുന്നവർ മാത്രമല്ല, അതിനെ നിർമിക്കുന്നവർ കൂടിയാണെന്നും, ചലനാത്മകമായ ആധുനിക സമൂഹത്തിൽ കോടതിക്ക് പ്രായോഗികതയിൽ അധിഷ്ഠിതമായ ഒരു സമീപനം ആവശ്യമാണെന്നും ആയിരിക്കും മറുപടി. എന്നാൽ, രാജ്യത്തിനുവേണ്ടി ഭരണഘടനാഭേദഗതികളടക്കമുള്ള അധികാരം രാജ്യത്തിലെ ഏറ്റവും സമുന്നതമായ കോടതിക്ക്-ആ കോടതിക്കുമാത്രം-നൽകുകയാണ് ആധുനിക നീതിന്യായ സിദ്ധാന്തങ്ങൾ ചെയ്യുന്നതെന്നു പ്രത്യക്ഷത്തിൽ തോന്നുന്നു. ഈ അധികാരമാകട്ടെ പാർലമെന്റിനു നിഷേധിക്കുകയും ചെയ്യുന്നു. (മേൽപ്പുസ്തകം, പുറം 1111)

ഭരണഘടനയെ മാറ്റാൻ വയ്യാത്ത ഒന്നാക്കി നിലനിർത്താനുള്ള ഈ ഉത്സാഹത്തള്ളലിന് ഭൂതകാല പ്രാബല്യം കൊടുത്താൽ, അതിന്റെ മുഖ്യ

മായ ഫലം എല്ലാ ഭൂനിയമങ്ങളെയും, അസാധുവാക്കുക എന്നതായിരിക്കും. ഇതിന്റെയൊക്കെ വർഗപരമായ ആന്തരാർഥം തികച്ചും വ്യക്തമാണ്. സത്യം പറഞ്ഞാൽ, മിതസ്വഭാവമുള്ള മുമ്പത്തെ പല നിയമനിർമാണങ്ങളെക്കുറിച്ചുകൂടി ജഡ്ജിമാരുടെ മനസിൽ സംശയങ്ങൾ ഉണ്ടായിരുന്നു. സ്വകാര്യ സ്വത്ത് കൈവശം വയ്ക്കാനും വിൽക്കാനുമുള്ള മൗലികാവകാശത്തെ ഈ നിയമനിർമാണങ്ങൾ ധ്വംസിക്കുന്നുണ്ടെന്ന് അവർ വിചാരിച്ചിരുന്നു.

ഈ പശ്ചാത്തലത്തിൽ നിന്നു നോക്കുമ്പോൾ, ഭരണഘടനയുടെ ഒരു ഭാഗത്തെ ഭേദഗതി ചെയ്യുന്നതിനുള്ള പാർലമെന്റിന്റെ അധികാരം നിഷേധിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിക്ക് വലിയ അർഥം സിദ്ധിക്കുന്നു. സ്വത്തിന്മേൽ-ഭൂസ്വത്തിന്മേൽ-ഉള്ള ഉടമാവകാശം വെട്ടിച്ചുരുക്കുന്നതിനെതിരായിട്ടാണ് ഇവിടെ വെല്ലുവിളി ഉയർന്നിട്ടുള്ളത്. ഇന്നത്തെ ഭൂവുടമകളുടെ കുത്തക നശിപ്പിക്കാതെ ഇന്ത്യക്ക് മുന്നോട്ടുപോകാൻ സാധ്യമല്ലതാനും.

അങ്ങനെ ഇവിടെ ഒരു വിരോധാഭാസം പ്രത്യക്ഷപ്പെടുന്നു. ജനാധിപത്യാവകാശങ്ങൾ കാത്തുരക്ഷിക്കാൻവേണ്ടി ഉദ്ദേശിക്കപ്പെട്ട സുപ്രീംകോടതി എന്ന സ്ഥാപനം, യഥാർഥത്തിൽ സ്വത്തവകാശങ്ങളെ സംബന്ധിച്ചിടത്തോളം ഒരു യാഥാസ്ഥിതിക നിലപാടാണ് കൈകൊള്ളുന്നത്.

പ്രസ്തുത വിധിക്കുശേഷം സ്വത്ത് കൈവശം വയ്ക്കാനുള്ള മൗലികാവകാശത്തിന്റെ പേരിൽ എല്ലാ പിന്തിരിപ്പൻ താൽപ്പര്യങ്ങളും, സുപ്രീംകോടതിയിൽ ചെന്ന് തങ്ങളുടെ ഭാഗ്യം പരീക്ഷിക്കാൻ തുടങ്ങിയിട്ടുണ്ട്. ഗവണ്മെന്റിന്റെ ബാങ്ക് ദേശസാൽക്കരണ ഓർഡിനൻസിനെതിരായി ജനസംഘവും സ്വതന്ത്രപാർട്ടിയും സിൻഡിക്കേറ്റും കോടതിയിൽ അപ്പീൽ കൊടുക്കുകയുണ്ടായി. ആ നടപടിക്ക് നിയമസാധുത ലഭിക്കണമെങ്കിൽ വേണ്ടത്ര പ്രതിഫലം-എന്നുവെച്ചാൽ, കമ്പോള വിലതന്നെ പൂർണമായും -കൊടുത്തേകഴിയൂ എന്ന് കോടതി ഉത്തരവിട്ടു. ഗവണ്മെന്റ് എടുക്കുന്ന ഓരോ കമ്പനിക്കും പൂർണമായി പ്രതിഫലം കൊടുക്കണമെന്നുവന്നാൽ മുഖ്യമായ ഉൽപ്പാദനോപകരണങ്ങൾ ദേശസാൽക്കരിക്കപ്പെടുന്നതിന് പ്രളയകാലംവരെ കാത്തിരിക്കേണ്ടിവരും. എന്നിരുന്നാലും, ജഡ്ജിമാരുടെ അഭിപ്രായത്തിൽ ഇതാണ് ഭരണഘടന അനുശാസിക്കുന്നത്.

ഭൂപ്രഭുക്കന്മാരുടെ ചെലവിൽ ജനങ്ങൾക്ക് ചില സൗജന്യങ്ങൾ കൊടുക്കാൻ മുതിർന്നേക്കാവുന്ന ബൂർഷ്വാ പാർലമെന്റും സുപ്രീംകോടതിയും തമ്മിൽ അങ്ങനെ ഇപ്പോൾത്തന്നെ ഒരു തരം സംഘട്ടനം വളർന്നുവന്നിട്ടുണ്ട്. നാടുവാഴികളുടെ പ്രിവിപേഴ്സുകൾക്കുള്ള അവകാശമുൾപ്പടെ; ഇന്നത്തെ നിലവിലുള്ള വ്യവസ്ഥയെ നഗ്നമായി അതേപടി നിലനിർത്തണമെന്നു പരസ്യമായി വാദിക്കുന്ന അങ്ങേയറ്റത്തെ യാഥാസ്ഥിതികപാർട്ടികൾ ഒരു ഭാഗത്തും ഏതാനും ആവശ്യങ്ങൾ വകവെച്ചുകൊടുത്തും പുരോഗമനപരമായ ചില നടപടികൾ സ്വീകരിച്ചും തങ്ങളുടെ അധികാരം നിലനിർത്താൻ ഉദ്യമിക്കുന്ന ബൂർഷ്വാപാർട്ടികൾ മറുഭാഗ

ത്തുമായി പരസ്പരം നടക്കുന്ന സംഘട്ടനത്തിന് സമാന്തരമാണിത്.

ബഹുജനങ്ങൾ തങ്ങളുടെ അടിയന്തരാവശ്യങ്ങളുമായി മുന്നോട്ട് ആഞ്ഞടിക്കുകയും, ഒരു തെരഞ്ഞെടുപ്പു നടക്കാൻ പോവുകയും ചെയ്യുന്ന സന്ദർഭത്തിൽ ഈ സംഘട്ടനം എപ്പോൾ വേണമെങ്കിലും രൂക്ഷമായിത്തീർന്ന് ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ ഒന്നാംതരമൊരു പ്രതിസന്ധി അഴിച്ചുവിട്ടുവെന്നുവരാം. എങ്കിൽക്കൂടി ഇങ്ങനെ വർഗ പക്ഷപാതത്തോടുകൂടിയ ഒരു ഭരണഘടനയ്ക്ക് ജനങ്ങളുടെ ജനാധിപത്യാഭിലാഷങ്ങളോട് ഒത്തിണങ്ങാൻ സാധ്യമല്ലെന്നാണ് ഇതിൽ നിന്നൊക്കെ തെളിയുന്നത്. നേരേമറിച്ച്, ജനങ്ങളുടെ അവകാശങ്ങളെ വെട്ടിച്ചുരുക്കിയും സ്വത്തുടമസ്ഥന്മാരുടെ അവകാശങ്ങൾക്ക് പരസ്യമായ സംരക്ഷണം നൽകിയും അതിനെ ഒരു പിന്തിരിപ്പൻ വശത്തേക്ക് പരസ്യമായിത്തന്നെ തള്ളിനീക്കാൻ എല്ലാവിധത്തിലും ഇന്നു ശ്രമം നടക്കുന്നുണ്ട്. ഇതിനുപുറമെ, ഭരണകക്ഷിയുടെ താൽപ്പര്യങ്ങൾക്കുവേണ്ടി അതിനെ ചൂഷണം ചെയ്യാനും എല്ലാവിധത്തിലും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അവസാനമായി ചൂഷകവർഗത്തിന്റെ വിഭിന്നവിഭാഗങ്ങൾ ഭരണഘടനയെ പരസ്പരം എതിരായി ഉപയോഗിക്കാനും ഉദ്യമിക്കുന്നു; ഇതുകൊണ്ടും അതൊരു കുഴപ്പത്തെ അഭിമുഖീകരിക്കുന്നുണ്ട്.

ഭരണഘടനയെ മൗലികമായിത്തന്നെ മാറ്റാൻ സാധിക്കാത്ത കാലത്തോളം അതിനെ ഇപ്പോഴത്തെതിലും പ്രതിലോമപരമായ ഒരു വശത്തേക്കു തള്ളിനീക്കാനുള്ള ഏതു സംരംഭത്തെയും ചെറുത്തേപറ്റൂ. ഇക്കാര്യത്തിൽ സംശയമില്ല. സുപ്രീംകോടതി ജനങ്ങൾക്കും പാർലമെന്റിനും മീതേയാണെന്നൊക്കെയുള്ള നൂതനാശയങ്ങൾക്ക് കഴിവതും നേരത്തെതന്നെ വിരാമമിടണം. ഇത് തീർച്ചയായും തൽക്കാലത്തേക്കുള്ള ഒരു പ്രതിരോധനടപടി മാത്രമാണ്. പക്ഷെ ഒന്നുകിൽ നാം പിറകോട്ടു പോകണം, അല്ലെങ്കിൽ മുന്നോട്ടുപോയി ഈ വർഗ ഭരണഘടനയുടെ പരിമിതികളെ പരാജയപ്പെടുത്തണം-രണ്ടിൽ ഏതെങ്കിലുമൊരു മാർഗം ഇനി നാം യഥാർഥത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

അപ്പോൾ ചോദ്യമുയരുന്നു; പ്രായപൂർത്തി വോട്ടവകാശവും പാർലമെന്ററി പ്രാതിനിധ്യ സമ്പ്രദായവും നിലനിൽക്കുകയും മുഴുവൻ വോട്ടർമാരോട് അഭ്യർഥിക്കാനുള്ള അവകാശമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ, ജനങ്ങളുടെ അവകാശങ്ങൾ ചെറുത്തു രക്ഷിക്കാനും സാമൂഹ്യ പരിവർത്തനങ്ങൾ നടപ്പാക്കാനും വേണ്ട ഭൂരിപക്ഷം ലഭിക്കാൻ സാധ്യമല്ലേ? അതിനുശേഷം ഭരണഘടനയുടെ അടിസ്ഥാനസ്വഭാവം മാറ്റുകയോ അതിന്റെ എല്ലാ ബലഹീനതയും മാറ്റുകയോ ചെയ്യാൻ സാധ്യമല്ല. ചുരുക്കത്തിൽ ഭരണഘടനയെ ഭരണഘടനാപരമായി മാറ്റിക്കൂടേ? ആ ആവശ്യത്തിനു ജനങ്ങളിൽനിന്ന് മാൻഡേറ്റ് നേടിക്കൂടേ? ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെ പിന്തുണകൂടാതെ ഭരണഘടന അഴിച്ചുപണിയാൻ കഴിയുകയില്ല. പ്രായപൂർത്തി വോട്ടവകാശമെന്ന ശക്തമായ ആയുധമുപയോഗിച്ച് സമാധാനപരമായി ഭരണഘടന മാറ്റാനുള്ള പിന്തുണ സമ്പാദിച്ചു

കൂടേ?

കാര്യങ്ങൾ ഇത്ര ഭംഗിയായി, ലളിതമായി നടത്താൻ കഴിഞ്ഞാൽ, അതിനുശേഷം എന്നെന്നും ഇന്ത്യയിൽ സന്തുഷ്ടി കളിയാടിയാൽ, ഈ ലോകം ഏറെ സുന്ദരമായിരിക്കും. സംശയമില്ല.

പ്രചാരണത്തിനും പ്രക്ഷോഭത്തിനുമുള്ള എല്ലാ ഉപാധികളും ചൂഷകരുടെ കയ്യിലുള്ളപ്പോൾ എങ്ങനെയാണ് ഈ ഭൂരിപക്ഷം നേടുക? ജനങ്ങളിൽ ഭൂരിപക്ഷം ഇപ്പോഴും ബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്റെ ഏതെങ്കിലുമൊരു രൂപത്തിലുള്ള മയക്കുമരുന്നിന്റെ സ്വാധീനത്തിൽ പെട്ടിരിക്കുമ്പോൾ, ജനങ്ങളിൽ വലിയ വിഭാഗങ്ങൾ വിജ്ഞാനവിരോധം, ജാതീയത, വർഗീയത, പ്രാദേശിക സങ്കുചിതത്വം എന്നിവയിൽ കുടുങ്ങിക്കിടക്കുമ്പോൾ എങ്ങനെയാണ് ഈ ഭൂരിപക്ഷം നേടുക? അഞ്ചുവർഷത്തിലൊരിക്കൽ നടത്തുന്ന വെറും തിരഞ്ഞെടുപ്പ് പ്രചാരണം കൊണ്ടു മാത്രം എങ്ങനെ വോട്ടുചെയ്യുണമെന്നും, ആർക്കു വോട്ടുചെയ്യണമെന്നും ജനങ്ങളെ "പഠിപ്പിച്ചതു"കൊണ്ടു മാത്രം ഈ ഭൂരിപക്ഷം നേടാനാവുമോ?

തിരഞ്ഞടുപ്പു വാഗ്ദാനങ്ങളുടേയോ പ്രചാരണത്തിന്റേയോ അടിസ്ഥാനത്തിലല്ല ജനങ്ങൾ അവരുടെ ബോധം മാറ്റുന്നതും, പരമ്പരയായുള്ള കൂറുകളും വ്യാമോഹങ്ങളും വേണ്ടെന്നുവെക്കുന്നതും; പിന്നെയോ ഇന്നത്തെ ഭരണത്തിന്റെ പരിണതഫലങ്ങളുമായി സമരം ചെയ്യുമ്പോൾ തങ്ങൾക്കുകിട്ടുന്ന നേരിട്ടുള്ള അനുഭവങ്ങളിലൂടെയാണ്. ഇവിടെയാണ് ഭരണഘടനയുടെ വ്യവസ്ഥകളും വിവിധ പാർട്ടികളുടെ വാഗ്ദാനങ്ങളും അവകാശവാദങ്ങളുമടക്കം എല്ലാം പരീക്ഷിക്കപ്പെടുന്നത്. പാർട്ടികളുടെ വർഗസ്വഭാവങ്ങളെക്കുറിച്ചും വർഗഭരണത്തെയും അതിന്റെ വിവക്ഷിതാർഥത്തെയുംകുറിച്ച് ബഹുജനങ്ങൾ പഠിക്കുന്നതും വർഗസമരം പരീക്ഷിച്ചറിയുന്നതും ഇവിടെ വച്ചാണ്. പട്ടിണിക്കെതിരായി സ്വയം ചെറുത്തുനിൽക്കാനുള്ള ബഹുജനങ്ങളുടെ സാർവത്രികമായ ആവശ്യത്തിൽനിന്ന് ആരംഭിക്കുന്ന വളർന്നുവരുന്ന വർഗസമരത്തിന്റെ മൂശയിൽ വച്ചാണ് ഓരോ പാരമ്പര്യമൂല്യവും പരീക്ഷിക്കപ്പെടുന്നത്.

ബഹുജനങ്ങളുടെ യഥാർഥസമരത്തിൽ ഇങ്ങനെ നേരിട്ടു പങ്കെടുത്തിരുന്നില്ലെങ്കിൽ-അതിനെതിരായി പ്രയോഗിക്കപ്പെടുന്ന എല്ലാ അടിച്ചമർത്തലിലും അക്രമത്തിലും അതിന്റെ എല്ലാ ഏറ്റക്കുറച്ചിലിലും പങ്കെടുത്തിരുന്നില്ലെങ്കിൽ-നമ്മുടെ പാർട്ടി ഇപ്പോൾ കേരളത്തിലും പശ്ചിമബംഗാളിലും ഉള്ള സ്ഥാനത്തിനു അടുത്തെവിടെയെങ്കിലും എത്തുമായിരുന്നോ എന്നു സംശയമാണ്. നമ്മളെന്തിനുവേണ്ടി നിലകൊള്ളുന്നു എന്നു മനസ്സിലാക്കാൻ ജനങ്ങളെ സഹായിച്ച മുമ്പത്തെ പൊതുജനസമരങ്ങളിലൂടെ ഊട്ടിയെടുത്ത വിജയങ്ങളും ഉണർന്നെഴുന്നേൽപ്പും എന്തെന്നു രേഖപ്പെടുത്തുക മാത്രമാണ് കേരളത്തിൽ നമുക്ക് കിട്ടിയ 40 ശതമാനം വോട്ടുചെയ്തത്. ഒരു വിപ്ലവപാർട്ടി നിരവധി വർഗസമരത്തിലൂടെ ഊട്ടിയെടുത്ത ബോധത്തിന്റെയും ഉണർന്നെഴുന്നേൽപ്പി

ന്റെയും ആകത്തുകമാത്രമാണ് അതിന്റെ തിരഞ്ഞെടുപ്പു വിജയങ്ങൾ.

ലെനിൻ ശരിയായി പറഞ്ഞിട്ടുണ്ട്:

> ബൂർഷ്വാ മാന്യന്മാരും അവരുടെ ഏറാൻമൂളികളും സാമൂഹ്യ പരിഷ്കർത്താക്കളും ബഹുജനങ്ങളുടെ വിദ്യാഭ്യാസത്തെ കുറിച്ച് സുന്ദരവിഡ്ഢികളെ പോലെ സംസാരിക്കുമ്പോൾ ഉദ്ദേശിക്കുന്നത് സ്വന്തം പാണ്ഡിത്യ പ്രകടനം നടത്തുന്ന അധ്യാപകൻ ഉദ്ദേശിക്കുന്ന തരത്തിലുള്ള ചിലതാണ്; ബഹുജനങ്ങളുടെ വീര്യം കെടുത്തുന്ന ചിലതാണ്! ബൂർഷ്വാപക്ഷപാതങ്ങൾ അവരിൽ കുത്തിവെക്കുന്ന ചിലതാണ്.
>
> ബഹുജനങ്ങളുടെ യഥാർഥ വിദ്യാഭ്യാസത്തെ അവരുടെ സ്വതന്ത്ര രാഷ്ട്രീയ സമരത്തിൽനിന്ന്, പ്രത്യേകിച്ച് വിപ്ലവസമരത്തിൽനിന്ന്, ഒരിക്കലും വേർതിരിക്കാനാവുകയില്ല. സമരം മാത്രമാണ് ചൂഷിതവർഗത്തെ പഠിപ്പിക്കുന്നത്. സമരം മാത്രമാണ് ചൂഷിതവർഗത്തിനു അതിന്റെ യഥാർഥ ശക്തി മനസിലാക്കിക്കൊടുക്കുന്നത്, അതിന്റെ ചക്രവാളം വികസിപ്പിക്കുന്നത്, അതിന്റെ കഴിവുകൾ വർധിപ്പിക്കുന്നത്, അതിന്റെ മാനസികനില വ്യക്തമാക്കുന്നത്, അതിന്റെ ഇച്ഛാശക്തി ഊട്ടിയെടുക്കുന്നത്. 1905 എന്ന വർഷം, സമരത്തിന്റെ വർഷം, ഭ്രാന്തൻ വർഷം ഗോത്രവ്യവസ്ഥയിൻ കീഴിലുള്ള റഷ്യയെ വ്യക്തമായി കുഴിച്ചുമൂടി എന്ന് പിന്തിരിപ്പന്മാർക്കുപോലും സമ്മതിക്കേണ്ടിവന്നത് അതുകൊണ്ടാണ്. (*സമാഹൃത കൃതികൾ*, വാള്യം 23, ലെനിൻ, പുറം 241)

ഭൂരിപക്ഷം ജനങ്ങളെ, വശത്താക്കുന്നതിന് മുഖ്യ ഉപകരണം ബഹുജനങ്ങളുടെ പ്രത്യക്ഷത്തിലുള്ള വർഗസമരമാണ്; മുഖ്യ സമരത്തിന്റെ ഫലങ്ങൾ ശേഖരിക്കുക മാത്രമാണ് തിരഞ്ഞെടുപ്പു സമരങ്ങൾ ചെയ്യുന്നത്.

ഈ മുഖ്യസമരം നടത്തുന്നതാകട്ടെ, തിരഞ്ഞെടുപ്പു പ്രചാരണത്തിലെ വിനയത്തോടെയല്ല, പൊലീസ് നിഷ്പക്ഷത അഭിനയിച്ചുകൊണ്ടുപോലുമല്ല. ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള ആക്രമത്തോടെയാണ് ആ സമരം നടക്കുന്നത്. മർദ്ദനം, ജീവപര്യന്തത്തടവ്, തൂക്കിക്കൊല്ലൽ എന്നിവയാണ് അതിന്റെ ആയുധങ്ങൾ, അല്ലാതെ ബാലറ്റുപെട്ടിയിൽ വെറുതെ ഒരു വോട്ട് രേഖപ്പെടുത്തലല്ല.

ഇതെല്ലാം നടക്കുന്നത് ഭരണവർഗങ്ങൾ ഈ യുദ്ധത്തിന്റെ അർഥം ശരിക്കും മനസിലാക്കുന്നതുകൊണ്ടാണ്-അവരുടെ പെറ്റിബൂർഷ്വാ അനുയായികൾക്ക് അവയുടെ പ്രത്യാഘാതമെന്തെന്ന് ശരിക്ക് അറിഞ്ഞുകൂടെങ്കിലും ഈ യുദ്ധങ്ങളിൽ പരിശീലനം ലഭിക്കുന്നത് അധ്വാനി

ക്കുന്നവരുടെ സേനയ്ക്കാണെന്നു ഭരണവർഗങ്ങൾക്കറിയാം. ആ സേന വിജയം നേടിയാൽ ചൂഷണം ചെയ്യാനുള്ള തങ്ങളുടെ അവകാശം തങ്ങളുടെ ആധിപത്യം, തങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യം തന്നെ, തങ്ങൾക്കു നഷ്ടപ്പെടുമെന്ന് അവർക്കറിയാം.

അതുകൊണ്ട് ഈ യഥാർഥ യുദ്ധങ്ങളിൽ പങ്കെടുക്കുന്നത് കളിപ്പാട്ടങ്ങൾ വച്ചുകൊണ്ടല്ല. തൊഴിലാളികളെയും മറ്റധ്വാനിക്കുന്നവരെയും അടിച്ചമർത്തുന്നത് ജനങ്ങളുടെ മൗലികാവകാശങ്ങളാണെന്ന പ്രഖ്യാപിത ലക്ഷ്യങ്ങളെ ലംഘിച്ചേക്കുമെന്ന ചിന്ത അവരെ ഒട്ടും അലോസരപ്പെടുത്തുന്നില്ല. ജനങ്ങളുടെ ചെറുത്തുനിൽപ്പിനെ തകർക്കാനുള്ള സാമർഥ്യംവെച്ചാണ് പോലീസിനെ അവർ വിലയിരുത്തുന്നത്. അധ്വാനിക്കുന്നവരുടെ എല്ലാ സമരങ്ങളും ഭരണഘടനയുടെ പരിധിക്കുപുറത്താണെന്നു അവർ പ്രഖ്യാപിക്കുന്നു.

അധ്വാനിക്കുന്നവരിൽ ഭൂരിപക്ഷത്തെ ആകർഷിച്ചെടുക്കാൻ വിപ്ലവപാർട്ടിക്കു കഴിയുന്നതിനു ഏറെ മുമ്പുതന്നെ അതിന്റെ ദ്രുതഗതിയിലുള്ള മുന്നേറ്റം ജന്മി-മുതലാളി വർഗഭരണത്തിനു ഒരപകടമാണെന്ന് ബോധ്യമാകുന്ന ഉടനെതന്നെ, ഭരണവർഗം മുൻകയ്യെടുക്കുന്നു; പാർട്ടിയെ കടന്നാക്രമിക്കുന്നതിന് അതിനെ നിയമവിരുദ്ധമാക്കുന്നു, പരസ്യമായും നിയമവിധേയമായും പ്രവർത്തിക്കാനുള്ള അതിന്റെ അവകാശം നിഷേധിക്കുന്നു. ബഹുജനപ്രസ്ഥാനത്തെതന്നെ നിയമവിരുദ്ധമാക്കാൻ ശ്രമിക്കുന്നു.

എന്നിട്ട് ഈ ആപത്ത് തുടരുകയാണെങ്കിൽ ഭരണഘടന തന്നെ റദ്ദാക്കപ്പെടുന്നു. ഇന്ത്യയിലെ കരിയപ്പമാർ കിറുക്കന്മാരല്ല. ബഹുജനങ്ങളിൽനിന്നുള്ള ആപത്ത് വർധിച്ചുവരുന്ന സന്ദർഭത്തിൽ നടക്കാനിടയുള്ള സംഭവവികാസങ്ങളെന്തായിരിക്കുമെന്നു മുൻകൂട്ടി സൂചിപ്പിക്കുകയാണവർ ചെയ്യുന്നത്. ഇതാണ് എല്ലാ രാജ്യങ്ങളിലേയും അനുഭവം. ഇതാണ് വർഗഭരണത്തിന്റെ യുക്തി. ഭരണകൂടത്തെ സമാധാനപരമായി കയ്യടക്കാൻ ചൂഷിതവർഗങ്ങളുടെ പാർട്ടിയെ അനുവദിക്കാൻ വേണ്ടിയല്ല വർഗഭരണവും അതിന്റെ ഭരണകൂടവും നിലകൊള്ളുന്നത്. തങ്ങളുടെ ആധിപത്യം നിലനിർത്താൻ ഭരണവർഗം ഒരു ജീവന്മരണ സമരത്തിലേർപ്പെടും. തങ്ങളുടെ ഭരണം നിലനിർത്താനായി അതു ചെയ്യാത്ത കൊടിയ അന്യായങ്ങളില്ല, കൊടും ക്രൂരതകളില്ല.

സമരം വർഗഭരണത്തിനൊരു ഉടൻ ഭീഷണിയായി തീരാത്തേടത്തോളം കാലം, അടിച്ചമർത്തലിനു ശ്രമിക്കുമെങ്കിലും തിരഞ്ഞെടുപ്പിൽ പങ്കെടുക്കാനും തങ്ങളുടെ വോട്ടവകാശം ഉപയോഗിക്കാനും വിപ്ലവപാർട്ടിയും ബഹുജനങ്ങളും അനുവദിക്കപ്പെടും. അതേസമയം തന്നെ, എല്ലാ സമരങ്ങളെയും എല്ലാകാലത്തേക്കുമായി അടിച്ചമർത്താൻ ഭരണവർഗത്തിനു എല്ലായ്പോഴും എളുപ്പമല്ല എന്നത് സത്യമാണ്. ഓരോ സന്ദർഭത്തിലും ശരിക്കുള്ള പൊലീസ് ഭരണം സ്ഥാപിക്കുന്നത് ഔപചാ

രിക ജനാധിപത്യമെന്ന ആയുധത്തെ ഭരണവർഗത്തിൽനിന്നു എടുത്തു നീക്കുന്നു. ഇതുപയോഗിച്ചാണ് അവർ വ്യാമോഹങ്ങളുണ്ടാക്കുന്നതും സമരം ചെയ്യുന്നവരുടെ അണികളിൽ ഭിന്നിപ്പുണ്ടാക്കുന്നതും എന്ന് പ്രസ്താവ്യമാണ്.

പക്ഷെ, തങ്ങളുടെ ഭരണം അപകടത്തിലാണെന്നു അവർക്കു തോന്നിയാൽ എന്തു സംഭവിക്കുമെന്ന് ഇന്തോനേഷ്യയിൽ നടന്ന ഭയാനകമായ സംഭവഗതികളിൽ നാം കണ്ടതാണ്. പെറ്റി ബൂർഷ്വാ ജനാധിപത്യവാദികളുടെ, സമാധാനപരവും പാർലമെന്ററിയുമായപാതയുടെ റിവിഷനിസ്റ്റ് വക്കീലന്മാരുടെ വാദഗതിയനുസരിച്ചാണെങ്കിൽ, ഇന്തോനേഷ്യയിലെ സ്ഥിതി വളരെ അനുകൂലമായിരുന്നു. ഉൽപ്പതിഷ്ണുവായ സുക്കാർണൊ ആയിരുന്നു പ്രസിഡന്റ്. ഇന്തോനേഷ്യൻ കമ്യൂണിസ്റ്റ് പാർട്ടി അദ്ദേഹവുമായി ഐക്യമുന്നണി ഉണ്ടാക്കിയിരുന്നു. ഭരണകൂടത്തിന്റെ പുരോഗമനപരമായ വശങ്ങൾ വളർത്തിയെടുക്കാനും രാജ്യത്തെ സോഷ്യലിസത്തിലേക്കു നയിക്കാനും ആണ് പാർട്ടി ആഗ്രഹിച്ചത്. സുക്കാർണോക്ക് പിന്തുണ, പുരോഗമനഭരണകൂടത്തെക്കുറിച്ചുള്ള വ്യാമോഹങ്ങൾ തുടങ്ങിയവയൊന്നും പട്ടാളം, പൊലീസ്, ഉദ്യോഗസ്ഥ മേധാവിത്വം എന്നിവയടങ്ങുന്ന ഭരണകൂടത്തിന്റെ യഥാർഥ അധികാര മുപയോഗിച്ച് ജനങ്ങളെ ആക്രമിക്കുന്നതിൽനിന്ന് പ്രതിലോമശക്തികളെ തടയുന്നില്ല; ലക്ഷക്കണക്കിനുള്ള നമ്മുടെ സഖാക്കൾ, തൊഴിലാളികൾ, കൃഷിക്കാർ എന്നിവരെ നാമാവശേഷരാക്കുന്നതിൽനിന്നു തടയുന്നില്ല.

ഇന്തോനേഷ്യൻ കൂട്ടക്കൊലയ്ക്കുശേഷം സമാധാനപരമായ പരിവർത്തനത്തെപ്പറ്റി സംസാരിക്കുകയും വർഗസമരത്തെയും ബൂർഷ്വാ ഭരണകൂടത്തിൽ പ്രതിഷ്ഠിക്കപ്പെട്ട അക്രമത്തെയും മറക്കുകയും ചെയ്യുന്നവനെ ഒരു പരമവഞ്ചകനായി കരുതണം.

ഇന്ത്യൻ അനുഭവവും ഇതുതന്നെയാണ്. നമ്മുടെ ജനങ്ങളെ പഠിപ്പിക്കുന്നത് ജനാധിപത്യ ശക്തികൾ, പ്രത്യേകിച്ച് നമ്മുടെ പാർട്ടി, കോൺഗ്രസ് പാർട്ടിക്കു അഖിലേന്ത്യാതലത്തിൽ ഒരു തിരഞ്ഞെടുപ്പ് ഭീഷണിയാകുന്നതിനു മുമ്പുതന്നെ അവർ കോൺഗ്രസിനെ ഒന്നോ രണ്ടോ സംസ്ഥാനങ്ങളിൽ മാത്രം വെല്ലുവിളിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ, ഭരണഘടനയനുസരിച്ച് നമുക്കും ജനങ്ങൾക്കും ലഭ്യമായിരുന്ന സംഗതികൾ തന്നെ ഇല്ലാതാക്കാൻ കോൺഗ്രസും ഭരണാധികാരി വർഗങ്ങളും ഉപജാപങ്ങൾ നടത്തി തുടങ്ങി. 1957-ൽ അധികാരത്തിൽവന്ന കേരളത്തിലെ ഒന്നാമത്തെ മന്ത്രിസഭയെ ഉദ്യോഗസ്ഥ മേധാവിത്വവും പത്രങ്ങളും പ്രാദേശിക നിക്ഷിപ്ത താൽപ്പര്യങ്ങളുമായി ചേർന്ന് ഗൂഢാലോചന നടത്തി താഴെയിറക്കി. ഇതിനെ മറച്ചുവെക്കാനായി ബഹുജനസമരമെന്ന മുഖംമൂടി സംഘടിപ്പിച്ചു.

1965-ൽ കേരളത്തിൽ നടത്തിയ ഇടക്കാല തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് നമ്മുടെ പാർട്ടി നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ടു. അന്ന് കേന്ദ്ര ആഭ്യ

ന്തരമന്ത്രിയായിരുന്ന നന്ദ നമ്മളെ ചൈനാചാരന്മാരെന്നു മുദ്രയടിച്ചുകൊണ്ടുള്ള ആഭാസമായ ഔദ്യോഗിക കുപ്രചരണം കെട്ടഴിച്ചുവിട്ടു. ഈ കല്ലുവച്ചനുണകൾ മുഴുവൻ കേരളത്തിലെ ബൂർഷ്വാ പത്രങ്ങളൊക്കെ ആവർത്തിക്കുകയും ചെയ്തു. നാമൊരു വലിയ ശക്തിയാണെന്നറിഞ്ഞുകൊണ്ട്, മറ്റേതൊരു പാർട്ടിയെക്കാളും വലിയൊരു ശക്തിയാണെന്നറിഞ്ഞുകൊണ്ട്, നമ്മെ ജയിലിൽ വയ്ക്കാനും അങ്ങനെ ശരിക്കുണ്ടാകേണ്ട തിരഞ്ഞെടുപ്പ് വിധിയിൽ മായം ചേർക്കാനും അവരെല്ലാ മുൻകരുതലുകളുമെടുത്തു. അവരുടെ അഖിലേന്ത്യാ തലത്തിലുള്ള ആധിപത്യത്തെ വെല്ലുവിളിക്കാൻ നമുക്കു കഴിയുന്നതിനു മുമ്പുതന്നെ ഭരണഘടന പ്രവർത്തിച്ചത് ഇങ്ങനെയാണ്.

1967-ൽ കേരളത്തിലും പശ്ചിമബംഗാളിലും നമ്മുടെ നേതൃത്വത്തിലുള്ള ഐക്യമുന്നണികളെ മന്ത്രിസഭ രൂപീകരിക്കാൻ അവർ തൽക്കാലത്തേക്കു അനുവദിച്ചു. പക്ഷെ, ഏതാനും മാസങ്ങൾക്കുള്ളിൽ ഐക്യമുന്നണിയിൽ തങ്ങളുമായി രമ്യതയിലായിരുന്ന ചില പാർട്ടികളുമായി ഗൂഢാലോചന നടത്തി അവർ പശ്ചിമബംഗാൾ മന്ത്രിസഭയെ നിലത്തിറക്കി. അജയ് മുഖർജിയെയാണ് ആദ്യം വശത്താക്കിയത്. പശ്ചിമബംഗാളിനെ പട്ടാളത്തിനേൽപ്പിച്ചുകൊടുക്കാൻ എല്ലാം തയ്യാറാക്കി. അജയ് മുഖർജി അതിൽനിന്നു പിന്തിരിഞ്ഞപ്പോൾ, അവർ പി സി ഘോഷുമായി ഗൂഢാലോചന നടത്തി. ഒരു ന്യൂനപക്ഷ മന്ത്രിസഭയുണ്ടാക്കി. പാർലമെന്ററി നടപടിയെ മുഴുവൻ അതുവഴി അപഹാസ്യമാക്കിത്തീർക്കുകയും ചെയ്തു.

1969-ൽ നമ്മുടെ നേതൃത്വത്തിലുള്ള കേരളത്തിലെ ഐക്യമുന്നണി മന്ത്രിസഭയെ വീണ്ടും താഴെത്തിറക്കി. ഇത്തവണ വലതു കമ്യൂണിസ്റ്റ് പാർട്ടിയുമായി ഗൂഢാലോചന നടത്തിക്കൊണ്ടാണ് അവരിതു സാധിച്ചത്. മന്ത്രിസഭ കൈക്കൊണ്ട നടപടികളുടെയും കേന്ദ്രത്തിന്റെ നയങ്ങളോടുള്ള ചെറുത്തുനിൽപ്പിന്റെയും ഫലമായി കേരളത്തിലെ ജനങ്ങൾ വളർത്തിക്കൊണ്ടുവന്ന സമരങ്ങളും വിപ്ലവബോധവും കോൺഗ്രസ് പാർട്ടിയെയും മുസ്ലിംലീഗു നേതൃത്വത്തെയും വലതു കമ്യൂണിസ്റ്റ് നേതൃത്വത്തെയും ഭയപ്പെടുത്തി. വോട്ടർമാരായ പൊതുജനങ്ങൾ വേറൊരു രീതിയിലാണ് പാഠം പഠിപ്പിച്ചത്. ജനാധിപത്യശക്തികളുടെ ഐക്യം ശക്തിപ്പെട്ടുവരികയായിരുന്നു. ഈ ഐക്യത്തെയും മന്ത്രിസഭയെയും കോൺഗ്രസിനും അതിന്റെ സഖ്യശക്തികൾക്കും ഇപ്പോഴുള്ളതിലും വലിയ ഭീഷണിയായി തീരുന്നതിനു അവ രണ്ടിനേയും തകർക്കേണ്ടിയിരുന്നു. പക്ഷെ ഇതു സാധിക്കുന്നതിനു മുമ്പുതന്നെ സമാന ചിന്താഗതിക്കാരായ പാർട്ടികളും ബൂർഷ്വാപത്രങ്ങൾ മുഴുവനും ഏറ്റവുമധികം കല്ലുവെച്ച നുണകൾ പ്രചരിപ്പിക്കാൻ നിയോഗിക്കപ്പെട്ടു. ഈ കൂട്ടുകെട്ടെല്ലാമുണ്ടായിട്ടും നമ്മുടെ മുന്നണി 40 ശതമാനം വോട്ട് നേടിയത് ബഹുജനങ്ങളുടെ വലിയ വിഭാഗങ്ങളിൽ എത്രത്തോളം ഉണർവുണ്ടായിരി

ക്കുന്നു എന്നു കാണിക്കുന്നു. ഈ വസ്തുത കോൺഗ്രസിനു വലിയ സംഭ്രമമുണ്ടാക്കിയിട്ടുണ്ട്.

കോൺഗ്രസിന്റെ ഗൂഢാലോചനയും ഐക്യമുന്നണിയിലെ ചില ഘടകകക്ഷികൾ നടത്തിയ വഞ്ചനയും ഒത്തുചേരുന്ന ചരിത്രം 1970-ൽ പശ്ചിമബംഗാളിലെ രണ്ടാം ഐക്യമുന്നണി മന്ത്രിസഭയുടെ കാര്യത്തിലും ആവർത്തിക്കപ്പെട്ടു. കൃഷിക്കാരുടെയും തൊഴിലാളികളുടെയും ബഹുജനപ്രസ്ഥാനങ്ങളും അവർക്കു ഇടത്തരക്കാർ നൽകിയ പിന്തുണയും കോൺഗ്രസിനെ മാത്രമല്ല ബംഗ്ലാ കോൺഗ്രസിനെയും വലതു കമ്യൂണിസ്റ്റ് പാർട്ടിയേയും ഭയപ്പെടുത്തി. വോട്ടർമാർ പുതിയ പല കാര്യങ്ങളും പഠിക്കുകയായിരുന്നു. ജന്മിമാർ അന്യായമായി കൈവശപ്പെടുത്തിയ ഭൂമി കൃഷിക്കാർ പിടിച്ചെടുക്കാൻ തുടങ്ങി. കൂടുതൽ കൂലി വാങ്ങിക്കുന്നതിൽ തൊഴിലാളികളും വിജയിച്ചു. ഇതെല്ലാം ഉറച്ചതും നിരന്തരമായി ഒരേ നിലപാടെടുക്കുന്നതുമായ പാർട്ടിക്കനുകൂലമായി വ്യക്തമായ ഒരു മാറ്റം സൃഷ്ടിച്ചു. ഈ പ്രക്രിയ സമാധാനപരമായി കൂടുതൽ മുന്നോട്ടുപോകും മുമ്പ് കേന്ദ്ര ഗവണ്മെന്റും ഐക്യമുന്നണിയിലെ അവരുടെ സഖ്യശക്തികളും ബഹുജനപ്രസ്ഥാനം സ്വയം ഏകീകരിക്കുന്നതു തടയാൻ വേണ്ടി ഇടപെട്ടു.

ഇവർക്കു ഭരണഘടനയുടെ നാല് അതിരുകൾക്കുള്ളിൽ പ്രവർത്തിക്കുകയായിരുന്നു ആവശ്യം. ഇതിന് അർഥം നിക്ഷിപ്ത താൽപ്പര്യങ്ങളുടെ സംരക്ഷകരായി പ്രവർത്തിക്കുകയാണ്. മന്ത്രിസഭ ഒരു സമരോപകരണമായി പ്രവർത്തിക്കണമെന്നും, ജനങ്ങൾക്കു ആശ്വാസം നൽകുമ്പോൾ തന്നെ ബഹുജനങ്ങളുടെ അന്തഃശക്തിയെ കെട്ടഴിച്ചു വിടണമെന്നും നമ്മുടെ പാർട്ടി നിർബന്ധിച്ചു. മന്ത്രിസഭകളുടെ പ്രവർത്തനത്തെക്കുറിച്ച് വിവിധ പാർട്ടികൾക്ക് വ്യത്യസ്ത ധാരണകളാണ് ഉണ്ടായിരുന്നതെന്ന് ഇവിടെ എടുത്തുപറയേണ്ടതുണ്ട്. കേരളത്തിലും പശ്ചിമബംഗാളിലും നമ്മുടെ മുന്നണി വിട്ടുപോയ പാർട്ടികൾ കോൺഗ്രസ് പാർട്ടി മന്ത്രിസഭയിൽ പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കണമെന്നായിരുന്നു ആവശ്യപ്പെട്ടത്. മറിച്ച്, നമ്മൾ ആവശ്യപ്പെട്ടതാകട്ടെ, ഭരണഘടനയനുസിരിച്ച് ലഭിക്കുന്ന സന്ദർഭങ്ങൾ പൊതുജനങ്ങൾക്ക് അനുകൂലമായി ഉപയോഗിക്കപ്പെടണമെങ്കിൽ, പൊലീസ്നയം മാറ്റുന്നതിലേക്കും ചൂഷണത്തിനെതിരായി ബഹുജനങ്ങൾ മുൻകയ്യെടുത്തു പ്രവർത്തിക്കുന്നതിലേക്കും തിരഞ്ഞെടുപ്പിലെ ജയം നയിക്കണമെന്നായിരുന്നു. മന്ത്രിസഭ നൽകുന്ന ആശ്വാസം കൂടുതൽ സമരങ്ങൾക്കുള്ള പ്രചോദനമായി തീരുകയാണ് വേണ്ടത്; ഭരണഘടനയെക്കുറിച്ചുള്ള വ്യാമോഹങ്ങളുടെ പ്രഭവസ്ഥാനമായി തീരുകയല്ല വേണ്ടത്.

ചൂഷിതവർഗങ്ങൾക്കു തിരഞ്ഞെടുപ്പു വിജയത്തിനടുത്തെത്താൻ കഴിയുന്നതിനു എത്രയോ മുമ്പുതന്നെ വഞ്ചന വഴിയായി അവരുടെ ലക്ഷ്യം പരാജയപ്പെടുത്താൻ പ്രത്യേകം ശ്രദ്ധയെടുക്കുന്നു. സമാധാന

പരമായ തിരഞ്ഞെടുപ്പ് സമരങ്ങളിലൂടെ ഒരു പരിവർത്തനം വരുത്താമെന്നു ഇപ്പോഴും വിശ്വസിക്കുന്നവരും ഇന്നാട്ടിലെ ഇപ്പോഴത്തെ സംഭവവികാസങ്ങളെക്കുറിച്ച് തികച്ചും അജ്ഞരാണെന്നു കരുതേണ്ടിയിരിക്കുന്നു.

തങ്ങളുടെ അന്ത്യത്തിനു സമാധാനപരമായ വഴിയൊരുക്കാൻ ഭരണവർഗം ബഹുജനങ്ങളെ അനവദിക്കുമെന്ന ഊഹമാണ്, ഒരു തിരഞ്ഞെടുപ്പുവിധിയെ തടസപ്പെടുത്താതിരിക്കുകയും അതവർക്ക് എതിരാവുകയും ചെയ്താൽ അതവർ ശാന്തമായി സ്വീകരിക്കുമെന്ന ഊഹമാണ് ഈ വ്യാമോഹത്തിന് ആധാരം. സ്പെയിനിൽ റിപ്പബ്ലിക്കുണ്ടാക്കിയശേഷം ജനറൽ ഫ്രാങ്കൊ ചെയ്തതുപോലെ തങ്ങളുടെ വരുതിയിലുള്ള പൊലീസ്, പട്ടാളം മുതലായവയെ എല്ലാം ഉപയോഗിച്ച് അവർ ബഹുജനങ്ങളുടെ നീക്കത്തെ എതിർക്കും.

കേരളത്തിൽ ഇ എം എസ് മന്ത്രിസഭ മറിച്ചിടപ്പെട്ട ഉടനെയും പശ്ചിബംഗാളിൽ രണ്ടാം ഐക്യമുന്നണി മന്ത്രിസഭ പോയതിനുശേഷവും നടന്ന സംഭവങ്ങൾ സംഗതികൾ കൂടുതൽ വ്യക്തമാക്കി.

ഇതിന് മുമ്പൊരിക്കലും നടന്നിട്ടില്ലാത്ത തരത്തിലുള്ള മർദ്ദനമാണ് കേരളത്തിലെ ജനങ്ങളുടെമേൽ അഴിച്ചുവിട്ടത്. ആയിരക്കണക്കിനാളുകളെ അറസ്റ്റുചെയ്തു ലോക്കപ്പിലിട്ടു മർദ്ദിച്ചു. അച്യുതമേനോൻ മന്ത്രിസഭയുടെ കാലത്താണ് നക്സലൈറ്റ് നേതാവാണെന്ന് പറഞ്ഞ് പൊലീസ് വർഗീസിന്റെ കണ്ണുകൾ ചൂഴ്ന്നെടുത്തത്, കസ്റ്റഡിയിൽ ഇരിക്കുമ്പോൾ തന്നെ വെടിവച്ചു കൊന്നത്.

പക്ഷെ പശ്ചിമബംഗാളിൽ നടന്നതും ഇന്നു നടന്നുകൊണ്ടിരിക്കുന്നതും ജനങ്ങളുടെ കണ്ണു തുറപ്പിക്കണം, ഉദാസീനത മാറ്റണം. എന്തുകൊണ്ടെന്നാൽ തങ്ങളുടെ എതിരാളികളെ വകവരുത്തുക എന്ന നയത്തിലേക്കാണ് ഭരണാധികാരിവർഗം നീങ്ങിക്കൊണ്ടിരിക്കുന്നത്.

സംസ്ഥാനത്തെല്ലായിടത്തും സി ആർ പി നിറഞ്ഞു നിൽക്കുകയാണ്, ശത്രു സൈന്യം വന്നു കയ്യടക്കിയ ഒരു പ്രതീതിയാണവിടെ. പശ്ചിമ ബംഗാളിന്റെ ഭൂരിഭാഗത്തും 144-ാം വകുപ്പാണ് നടമാടുന്നത്. കർഫ്യൂ ഒരു നിത്യസംഭവമായി വരികയാണ്. ഈ ബഹുജനമർദ്ദന പരിപാടികളെല്ലാം തന്നെ നക്സലൈറ്റുകളെ അമർത്താനുള്ള നടപടികളെന്ന പേരിലാണ് ഘോഷിക്കപ്പെടുന്നതെങ്കിലും വാസ്തവത്തിൽ ജനാധിപത്യ പ്രസ്ഥാനങ്ങളെയും നമ്മുടെ പാർട്ടിയേയും, (തിരഞ്ഞെടുപ്പിലും അല്ലാത്തപ്പോഴും അതുമാത്രമാണ് ഒരു ശക്തി) അമർച്ച ചെയ്യുകയാണ് ഉദ്ദേശ്യം.

പശ്ചിമബംഗാളിൽ ഇപ്പോൾ സി ആർ പിക്ക് ഏതു വീടും ആക്രമിക്കാം, വീട്ടുകാരെ ഭയപ്പെടുത്താം, സ്ത്രീകളെ തെറിപറയാം, അറസ്റ്റു ചെയ്തവരെ മർദ്ദിക്കാം. സജീവപ്രവർത്തകർക്കെതിരായി ആയിരക്കണക്കിന് വാറണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്: നൂറുകണക്കിനാളുകൾ ജയി

ലിലാണ്; ജനങ്ങൾ പതിനായിരക്കണക്കിന് ഭൂരിപക്ഷത്തോടെ അസംബ്ലിയിലേക്ക് തിരഞ്ഞെടുത്ത പ്രമുഖ നേതാക്കന്മാരെ കോൺഗ്രസിന്റെ പ്രേരണയിൽ കൊലക്കുറ്റവും മറ്റും ചുമത്തി അറസ്റ്റു ചെയ്തിട്ടുണ്ട്; അവർക്ക് ജാമ്യംകൂടി നിഷേധിച്ചു. ലോക്കപ്പ് മർദ്ദനങ്ങൾ അധികരിച്ചു വരികയാണ്. അറസ്റ്റു ചെയ്തവരെ വിചാരണയൊന്നും കൂടാതെ കൊല്ലാൻകൂടി പൊലീസ് തുടങ്ങിയിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പല നക്സലൈറ്റ് യുവാക്കളും കസ്റ്റഡിയിലിരിക്കുമ്പോൾ വെടിവച്ചു കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്.

ബഹുജനങ്ങളിൽ ഭീതിയുണ്ടാക്കുന്നതിന് പല നൂതനമാർഗങ്ങളും പശ്ചിമബംഗാളിൽ തുറന്നിട്ടുണ്ട്. തങ്ങളുടെ നേതാക്കളെ കൊലക്കുറ്റം ചുമത്തി അറസ്റ്റു ചെയ്തതിൽ പ്രതിഷേധിക്കാനായി ദുർഗാപ്പൂർ തൊഴിലാളികൾ അടുത്തകാലത്തു നടത്തിയ പണിമുടക്കിന് നേരെ പൊലീസ് കൈക്കൊണ്ട ഭീകര മർദ്ദന നടപടികൾ ഇന്ത്യയിൽ ഇതിനു മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിലുള്ളതായിരുന്നു. തൊഴിലാളികളെ ആക്രമിക്കാനായി ഇരുപതിനായിരത്തിൽപ്പരം സായുധ പൊലീസുകാരെയും സി ആർ പിയെയും അയച്ചു. അവർ നഗരത്തെ വളഞ്ഞു; അകത്തേക്കും പുറത്തേക്കുമുള്ള എല്ലാ ചലനവും തടഞ്ഞു. തൊഴിലാളികൾക്കുള്ള പാലിന്റെ സപ്ലൈ തടഞ്ഞുവച്ചു; കർഫ്യൂ പാസാക്കി, മാർക്കറ്റിൽ അത്യാവശ്യ സാധനങ്ങൾ വാങ്ങാൻ പോകുന്നവരെക്കൂടി അറസ്റ്റു ചെയ്തു. തൊഴിലാളികളുടെ കോളനിക്കുള്ളിൽ രാത്രികാലത്ത് കൂട്ട ആക്രമണങ്ങൾ നടത്തി. റിവിഷനിസ്റ്റുകളുടെ സഹായത്തോടെ പലരേയും അറസ്റ്റു ചെയ്തു. ഭാര്യമാരുടെയും കുട്ടികളുടെയും മുമ്പിൽ വച്ച് അതിക്രൂരമായി അവരെ മർദ്ദിച്ചു, ജനങ്ങൾക്കിടയിൽ കൊടും ഭീതി വളർത്തി.

ഇത്രയുംകൊണ്ടായില്ല. പശ്ചിമബംഗാളിലെ പല ഭാഗങ്ങളിലും, പ്രത്യേകിച്ചു കൽക്കത്തയിലും 21 പർഗാനയിലും പൊലീസും കോൺഗ്രസും അവരുടെ കൂട്ടുകാരും കൂടി ട്രേഡ് യൂണിയൻ പ്രവർത്തകർക്കും പാർട്ടി പ്രവർത്തകർക്കും നേരെ ഗുണ്ടാ സംഘങ്ങളെ ഇളക്കിവിട്ടിരിക്കുകയാണ്. ഇക്കൂട്ടർ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ നമ്മുടെ വിലപ്പെട്ട 90 ഓളം പ്രവർത്തകരെ കൊന്നിരിക്കുന്നുവെന്ന സത്യം മൂടിവച്ചിരിക്കുകയാണ്.

യൂണിഫോം ഇട്ടവരും ഇടാത്തവരുമായ പൊലീസുകാരുടെ മുമ്പിൽ വച്ചുതന്നെയാണ് ഇവരിൽ പലരും കൊല്ലപ്പെട്ടത്. പൊലീസ് ഈ ഗുണ്ടാസംഘങ്ങൾക്ക് അരുനിൽക്കുന്നു. അവർ ആക്രമിക്കുമ്പോൾ മിണ്ടാതെ നിൽക്കുന്നു. ജനങ്ങൾ അവരെ തടയുമ്പോൾ പൊലീസ് ഇടപെടുന്നു. ജനാധിപത്യ പ്രസ്ഥാനത്തോടും നമ്മുടെ പാർട്ടിയോടും അനുഭാവമുള്ളവരുടെ മേൽ കൂട്ടായ ഗുണ്ടാ ആക്രമണങ്ങൾ നടത്തുന്നു; ബോംബും മറ്റു മാരകായുധങ്ങളുംകൊണ്ട് പൊലീസിന്റെ കൺമുമ്പിൽ വച്ചുതന്നെ. ജനങ്ങൾ തിരിച്ചടിക്കുമ്പോൾ മാത്രമാണ് പൊലീസ് ഇടപെടുന്നത്; ആക്രമങ്ങളെ അമർച്ച ചെയ്യാനല്ല അക്രമവിധേയരെ അറസ്റ്റു ചെയ്യാൻ.

നക്സലൈറ്റുകളെയും മറ്റു സാമൂഹ്യവിരുദ്ധരെയും കൂട്ടുപിടിച്ച് നമ്മുടെ പാർട്ടിയുടെ ഇടത്തരം നേതാക്കന്മാരെ ഓരോരുത്തരെയായി കൊന്നൊടുക്കാനുള്ള ആസൂത്രിത പദ്ധതിയുള്ളതായി നമ്മുടെ ബംഗാളി ദിനപത്രമായ *ഗണശക്തി*യിൽ പ്രസിദ്ധീകരിച്ചിരുന്നു. സാമൂഹ്യവിരുദ്ധന്മാർക്ക് ഇത്രയും നല്ലകാലമുണ്ടായിട്ടില്ല. വാഗൺ കൊള്ളക്കാർ, കൊലയ്ക്കും മറ്റും പിടികിട്ടേണ്ട കുപ്രസിദ്ധ ക്രിമിനൽ പുള്ളികൾ മുതലായവർക്കെല്ലാം നടുത്തെരുവുകളിൽ വിലസാം, ജനങ്ങളെ ആക്രമിക്കാം, എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമ്പോൾ രക്ഷിക്കാൻ കോൺഗ്രസുകാർ അംഗീകരിച്ച റിവിഷനിസ്റ്റുകളും ഉണ്ട്. ഈ റിവിഷനിസ്റ്റു വഞ്ചകർ ഭരണവർഗത്തിന്റെ ഹീനകൃത്യങ്ങളെ മറച്ചുവയ്ക്കുകയും നമ്മുടെ പാർട്ടിക്കെതിരെ കൂടുതൽ മർദ്ദന നടപടികൾക്കു വേണ്ടി മുറവിളി കൂട്ടുകയും ചെയ്യുന്നു.

പശ്ചിമബംഗാളിൽ മൂർച്ഛിച്ചുവരുന്ന വർഗസമരത്തെയും അതിന്റെ തീക്ഷ്ണതയേയുമാണ് ഈ പുതിയ ആയുധത്തിന്റെ—കൊലയുടെ, കൊലയാളികളുടെയും—ഉപയോഗം കാണിക്കുന്നത്. സംഗതികൾ വഷളാകുമ്പോൾ ഭരണാധികാരിവർഗം ഇന്ത്യയിൽ ഒട്ടാകെ എന്താണ് ചെയ്യാൻ പോകുന്നത് എന്നും ഇതു കാണിക്കുന്നു; സമാധാനപരമായ തിരഞ്ഞെടുപ്പു വിജയങ്ങളിലുള്ള പ്രതീക്ഷ അർഥശൂന്യമാണ്. പ്രതിസന്ധി മൂർച്ഛിക്കുമ്പോൾ ഇന്തോനേഷ്യൻ രീതികൾ സ്വീകരിക്കാൻ ഭരണാധികാരിവർഗം മടിക്കില്ലെന്നതാണ് ഇതിൽനിന്നും നാം മനസിലാക്കേണ്ടത്.

ഇതെല്ലാം കാണിക്കുന്നത് തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിലുള്ള അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ യഥാർഥ ജനകീയ ജനാധിപത്യത്തിനുള്ള സമരത്തെ സമാധാനപരമായ മാർഗങ്ങളിലുള്ള തിരഞ്ഞെടുപ്പുകളിലൂടെ ഇനിയും തുടരാൻ അനുവദിക്കുമെന്ന വ്യാമോഹം ഉപേക്ഷിക്കണമെന്നാണ്.

അതേസമയം കഴിഞ്ഞ കാലങ്ങളിലേക്കാളും വേഗത്തിലാണെങ്കിലും ഇപ്പോഴും ജനങ്ങളുടെ ബോധം ഒരേ വേഗതയിലല്ല മാറി വരുന്നതെന്ന് സത്യമാണ്. ഗവൺമെന്റിൽനിന്ന് ഇന്ദിരയുടെ കോൺഗ്രസ് നയിക്കുന്ന കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ആക്രമണങ്ങൾ, ഐക്യമുന്നണി ഗവൺമെന്റുകളെ മറിച്ചിടൽ, സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി ഭരണഘടന വളച്ചൊടിക്കൽ മുതലായവയെല്ലാംതന്നെ ഭരണകൂടത്തിന്റെ വർഗസ്വഭാവത്തെക്കുറിച്ചും അത് അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബഹുജനങ്ങളെ അതിവേഗത്തിൽ ബോധവാന്മാരാക്കിത്തീർക്കുന്നുണ്ട്. എന്നിരുന്നാലും ഈ വളർന്നുവരുന്ന ബോധം ഈ വർഗ ഭരണകൂടത്തെയും അതിന്റെ ഭരണഘടനയെയും തൂത്തെറിയുന്നതിനുള്ള വ്യക്തമായ ഒരു ആഹ്വാനമായി ബഹുജനമനസിൽ രൂപംകൊണ്ടു കഴിഞ്ഞിട്ടില്ല. പശ്ചിമബംഗാളിൽപ്പോലും ഇപ്പോഴത്തെ മുദ്രാവാക്യം സി

ആർ പിയെ പിൻവലിക്കണം, ഇടക്കാല തിരഞ്ഞെടുപ്പ് നടത്തണം എന്നും മറ്റുമാണ്.

ബഹുജനബോധത്തിന്റെയും സംഘടനയുടെയും ഇന്നത്തെ ഘട്ടത്തിൽ വർധിച്ചുവരുന്ന കടുത്ത ബഹുജനസമരങ്ങളുടെ ഇടയിൽ, പ്രായപൂർത്തി വോട്ടവകാശം തിരഞ്ഞെടുപ്പ്, പാർലമെന്റ് തുടങ്ങി എല്ലാ സന്ദർഭങ്ങളും ഈ ബഹുജനസമരങ്ങളെ മുമ്പോട്ടു കൊണ്ടുപോകാനായി ഉപയോഗിക്കണം. അടിസ്ഥാനപരമായ ബലം വർഗസമരങ്ങളിലും അതിന്റെ മൂർച്ഛിക്കലിലും അധിഷ്ഠിതമാണെന്ന സത്യം മറക്കുന്നില്ലെങ്കിൽ, ഇന്നത്തെ ഭരണഘടനയുടെ ജനാധിപത്യ ഏർപ്പാടുകളെല്ലാം, അവ പിൻവലിക്കപ്പെടുന്നതുവരെ ഫലപ്രദമായിതന്നെ ഉപയോഗിക്കാം.

തിരഞ്ഞെടുപ്പുകളിലും ഐക്യമുന്നണി മന്ത്രിസഭയുടെ രൂപീകരണത്തിലും ഇത് നാം കണ്ടിട്ടുണ്ട്. ബഹുജനസമരങ്ങളുടെ ഉച്ചിയിൽ വരുന്ന തിരഞ്ഞെടുപ്പുസമരങ്ങൾ പഴയപോലുള്ള തണുപ്പൻ ഏർപ്പാടല്ല; തിരഞ്ഞെടുപ്പിൽ ജനാധിപത്യമുന്നണിയുടെ കൈയിൽനിന്നുള്ള കോൺഗ്രസിന്റെ പരാജയം പുതിയ ബഹുജനശക്തികളെ അഴിച്ചുവിടുന്നു. ഐക്യമുന്നണി മന്ത്രിസഭ ജനങ്ങളോട് കൂറോടുകൂടി വർത്തിക്കുകയാണെങ്കിൽ അത് കർഷകരുടെയും തൊഴിലാളികളുടെയും മുന്നേറ്റത്തെ ത്വരിതപ്പെടുത്താൻ സഹായിക്കും. ഇക്കാരണം കൊണ്ടു തന്നെയാണ് ഭരണകക്ഷി ഈ മന്ത്രിസഭകളെ മറിച്ചിട്ടതും, തിരഞ്ഞെടുപ്പ് നടത്താതിരുന്നതും, മർദ്ദനം അഴിച്ചു വിട്ടതും.

അന്തിമ സമരത്തിനുവേണ്ട ഒരുക്കം കൂട്ടുന്ന ഈ കാലഘട്ടത്തിൽ ഓരോ ആയുധവും ജനങ്ങളെ പരിശീലിപ്പിക്കാനും പഠിപ്പിക്കാനും സംഘടിപ്പിക്കാനും വേണ്ടി ഉപയോഗപ്പെടുത്തണം. ഭരണഘടനാപരമായ നടപടികളിലൂടെ സമൂഹത്തെ മാറ്റി മറിക്കാമെന്നും അധ്വാനിക്കുന്നവർക്ക് ജനാധിപത്യം ഉറപ്പു വരുത്താമെന്നുമുള്ള മിഥ്യാബോധത്തിനെതിരായി സമരം ചെയ്യുന്നതിനോടൊപ്പംതന്നെ ഭരണഘടനയിലെ അനുകൂലമായ വകുപ്പുകൾ യഥാർഥ സമരത്തെ മുന്നോട്ടു നയിക്കാൻ ഉതകും വിധം ഉപയോഗപ്പെടുത്തുകയും വേണം.

ഭരണഘടനയുടെ യഥാർഥരൂപം ജനങ്ങളുടെ മുമ്പിൽ തുറന്നു കാട്ടപ്പെടുകയാണ്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി വരുകയും ഭരണകക്ഷിയിലെ പിളർപ്പ് അഗാധമായി വളരുകയും ചെയ്യുമ്പോൾ നിക്ഷിപ്തതാൽപ്പര്യക്കാർ അവരുടെ താൽപ്പര്യങ്ങൾക്ക് അനുസരിച്ച് ഭരണഘടനയെ വളച്ചൊടിക്കും. ഈ സന്ദർഭത്തിൽ ഭരണഘടനയെപ്പറ്റിയും സുപ്രീംകോടതി വിധികളെപ്പറ്റിയും പൊതുമുതലിൽനിന്നു ശമ്പളം പറ്റുന്ന ജഡ്ജിമാർ ഇറക്കുമതി ചെയ്യുന്ന അമേരിക്കൻ പിന്തിരിപ്പൻ സിദ്ധാന്തങ്ങളെപ്പറ്റിയും സംസ്ഥാന നിയമസഭകളും ഗവർണ്ണരും പ്രസിഡണ്ടും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും ഒക്കെ ഒന്നും പറയാതെ നിസ്സംഗതയോടെ നീങ്ങാൻ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കോ ജനാധിപത്യ

ത്തിൽ വിശ്വസിക്കുന്നവർക്കോ സാധ്യമല്ല. ഭരണകക്ഷിയുടെ പിന്തുണയോടെ, അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും കൊല്ലങ്ങളോളം നീട്ടിക്കൊണ്ടുപോവുകയും ചെയ്യാം. മൗലികാവകാശങ്ങളെ എടുത്തുകളയാനും അധികാരമുള്ള പ്രസിഡന്റിനെ പ്രത്യേകം ശ്രദ്ധിച്ചേ പറ്റൂ. (ചൈനയുമായുള്ള യഥാർഥ യുദ്ധം രണ്ടാഴ്ചയോ ഏറിയാൽ ഒരു മാസമോ മാത്രമേ ഉണ്ടായുള്ളു. അതിന്റെ പേരിൽ നാലു കൊല്ലത്തോളം അടിയന്തരാവസ്ഥ നീട്ടിക്കൊണ്ടുപോയി.)

ജനാധിപത്യത്തിലേക്കും സോഷ്യലിസത്തിലേക്കുമുള്ള വിപ്ലവ പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തെ അതു സാരമായി ബാധിക്കും. നിക്ഷിപ്ത താൽപ്പര്യക്കാരുടെ സ്വകാര്യ സ്വത്തവകാശത്തെ ബാധിക്കുന്ന ഏതു നടപടിയേയും കോടതിവഴി നിരോധിക്കുന്ന സിൻഡിക്കേറ്റ് പ്രവർത്തനങ്ങൾ കണ്ടുകൊണ്ട് കണ്ണടച്ചിരിക്കാൻ തൊഴിലാളി വർഗത്തിനു പറ്റുമോ? ദേശസാൽകൃത ബാങ്കുകൾക്ക് പരിപൂർണ നഷ്ടപരിഹാരം കൊടുക്കണമെന്ന കോടതി വിധികേട്ട് കയ്യും കെട്ടി നിൽക്കാൻ കഴിയുമോ?

രാഷ്ട്രത്തിന്റെ ഭരണയന്ത്രത്തിന്റെ നിയന്ത്രണം കയ്യടക്കാനും സ്വന്തം പാർട്ടിയുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് ഭരണഘടനയെ ഉപയോഗപ്പെടുത്താനും വേണ്ടി വിവിധ ബൂർഷ്വാ പാർട്ടികൾക്കിടയിൽത്തന്നെ മത്സരം നടക്കുകയാണ്. രാജ്യത്തിന്റെ ആഭ്യന്തര വിദേശ നയങ്ങളെ കൂടുതൽ വലത്തോട്ടു നീക്കാൻ ശ്രമിക്കുന്ന സിൻഡിക്കേറ്റിന് ഭരണഘടനയെപ്പറ്റി അതിന്റേതായ കാഴ്ചപ്പാടുണ്ട്. ഇന്ത്യയിലെല്ലായിടത്തുമുള്ള എല്ലാ ജനാധിപത്യ പ്രസ്ഥാനങ്ങളെയും തകർക്കാൻ അതാഗ്രഹിക്കുന്നു. നമ്മുടെ വിദേശനയത്തെ അമേരിക്കൻ കാഴ്ചപ്പാടിൽ മാറ്റാൻ ആഗ്രഹിക്കുന്നു. നിക്ഷിപ്ത താൽപ്പര്യങ്ങളെ തുറന്നു സഹായിക്കാനാഗ്രഹിക്കുന്നു. ഭരണഘടനയെ ഇതിനുള്ള ആയുധമാക്കിത്തീർക്കുന്ന ഈ വലുതപക്ഷ വിഭാഗത്തെ ജനാധിപത്യ പ്രസ്ഥാനങ്ങൾ ശക്തമായി നേരിടേണ്ടിയിരിക്കുന്നു.

സിൻഡിക്കേറ്റുമായി മഹാസഖ്യമുണ്ടാക്കാൻ ആഗ്രഹിക്കുന്ന സ്വതന്ത്രാ, ജനസംഘം തുടങ്ങിയ പിന്തിരിപ്പൻ പാർട്ടികളും തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ ആജന്മശത്രുക്കളാണ്. ഇന്ദിരാകോൺഗ്രസിനെ എതിർക്കുക എന്ന നയത്തിന്റെ മറവിൽനിന്നുകൊണ്ട് ഭരണഘടനയ്ക്ക് അവരുടെ സ്വന്തം പിന്തിരിപ്പൻ രൂപം കൊടുക്കാനാണ് അവർ ശ്രമിക്കുന്നത്. അവരുടെ വർഗശത്രുക്കൾ ജനാധിപത്യ പാർട്ടികളാണ്. അവർക്കിടയിൽ എത്രതന്നെ മത്സരമുണ്ടായാലും ജനങ്ങളെ വെറുക്കുന്നതിൽ അവരൊറ്റക്കെട്ടാണ്.

ഭരണകോൺഗ്രസിനും ഇതേ വർഗതാൽപ്പര്യങ്ങൾ തന്നെയാണ് ഉള്ളത്. ജനസംഘവും സ്വതന്ത്രാ പാർട്ടിയുമായി ചേർന്ന് സിൻഡിക്കേറ്റിൽനിന്ന് വേറിട്ടു നിൽക്കാൻ വേണ്ടി ഇന്ദിക്കേറ്റ് കോൺഗ്രസ് ജനാധിപത്യ ശക്തികളെ പിളർന്ന് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയെയും

പാർട്ടി നയിക്കുന്ന പ്രസ്ഥാനങ്ങളെയും ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നു. പശ്ചിമബംഗാളിലും മറ്റെല്ലായിടങ്ങളിലും ജനങ്ങളെ മർദ്ദിച്ചൊതുക്കിക്കൊണ്ടാണ് ഇന്ദിരാകോൺഗ്രസ് ഇന്ന് ജനങ്ങളെ നേരിടുന്നത്. ഭരണഘടനാവകുപ്പുകൾ ദുരുപയോഗപ്പെടുത്താനും, ബംഗാളിൽ പ്രസിഡന്റ് ഭരണം ഏർപ്പെടുത്താനും അവർ തങ്ങളുടെ അധികാരം ഉപയോഗപ്പെടുത്തുന്നു. തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന നിയമസഭകളെ ധിക്കരിക്കാൻ അവർ ഗവർണർമാരുടെയും പ്രസിഡന്റിന്റെയും മേലുള്ള നിയന്ത്രണം ഉപയോഗപ്പെടുത്തുന്നു. ചുരുക്കം ചില പുരോഗമന നടപടികളുടെ മറപിടിച്ച് അവർ പശ്ചിമബംഗാളിലെ ജനകീയ പ്രസ്ഥാനങ്ങളെ സി ആർ പിയെക്കൊണ്ട് മർദ്ദിച്ചൊതുക്കുകയും മൗലികാവകാശങ്ങൾ നിഷേധിക്കുകയും ചെയ്യുന്നു.

ജനകീയ പ്രസ്ഥാനങ്ങൾക്കെതിരായി ഭരണഘടനയെ ഉപയോഗപ്പെടുത്താൻ എല്ലാ ബൂർഷ്വാ പാർട്ടികളും ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ ഒരേ ചൂഷണവർഗത്തിൽപ്പെടുന്ന പാർട്ടികൾക്ക് തമ്മിലടിക്കാനുള്ള ഒരു വേദിയായിത്തീർന്നിട്ടുണ്ട് ഭരണഘടന. സ്വന്തം താൽപ്പര്യങ്ങൾ നിലനിർത്താൻവേണ്ടി ഓരോ പാർട്ടിയിലെയും ആൾക്കാർ അതിലെ വകുപ്പുകൾക്ക് വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ നൽകുന്നു. ചുരുക്കിപ്പറഞ്ഞാൽ എല്ലാവരും ജനകീയ പ്രസ്ഥാനത്തെ തകർക്കാനുള്ള മാർഗങ്ങൾ ആരായുകയാണ്. അതുകൊണ്ട് ഭരണഘടനയെച്ചൊല്ലിയുള്ള ഓരോ നീക്കവും ശ്രദ്ധാപൂർവം പരിശോധിക്കണം; അവയ്ക്കെതിരായി സമരം ചെയ്യണം.

ഉദാഹരണത്തിന് യു പിയിലുണ്ടായ സംഭവത്തിൽ യഥാർഥ പ്രശ്നം കുപ്രസിദ്ധനായ ചരൺസിങ്ങിനെ തുടരാൻ അനുവദിക്കണമോ എന്നതായിരുന്നില്ല. ഗവർണറെയോ പ്രസിഡന്റിനെയോ തിരഞ്ഞെടുക്കപ്പെട്ട നിയമസഭയ്ക്കു പകരം പ്രവർത്തിക്കാൻ അനുവദിക്കുമോ എന്നതായിരുന്നു യഥാർഥ പ്രശ്നം. ഇന്ദിരാകോൺഗ്രസിന്റെ ഈ പിഴച്ച പോക്ക് അനുവദിക്കാമോ? ഈ ഗൂഢാലോചനയിലും വഞ്ചകരായ റിവിഷനിസ്റ്റുകാർ ഇന്ദിരാ കോൺഗ്രസിന്റെ കൂടെ കൂടുകയാണുണ്ടായത്.

തങ്ങളുടെ വിമോചനത്തിന് ജനതയ്ക്ക് ഒരു നീണ്ട യുദ്ധംതന്നെ നടത്തേണ്ടതുണ്ടെങ്കിലും പെട്ടെന്നുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെ അവഗണിക്കാൻ അവർക്ക് സാധ്യമല്ല. ഭരണഘടന, തിരഞ്ഞെടുപ്പുകൾ, പാർലമെന്റ് തുടങ്ങിയവയെല്ലാം വർഗസമരത്തിന്റെ മാർഗത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നു; ജനങ്ങൾക്കെതിരായി അക്രമം അഴിച്ചുവിടാൻ നിലയുറപ്പിക്കാൻ പറ്റിയ രക്ഷാകേന്ദ്രങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുകയാണ് ഓരോ താൽപ്പര്യക്കാരും. ജനങ്ങൾ അവരെ ആക്രമിക്കുകയും അവരുടെ രക്ഷാകേന്ദ്രങ്ങളിൽനിന്ന് അവരെ തുരത്തുകയും വേണം.

അതു ചെയ്യാനും, വിജയത്തിലേക്ക് മുന്നോട്ടു കുതിക്കാനും ജനാ

ധിപത്യ ശക്തികളുടെ ഐക്യം കൂടിയേ കഴിയൂ. വലതു കമ്യൂണിസ്റ്റുകാരും കേരള ആർ എസ് പിക്കാരും പശ്ചിമബംഗാളിലെ മറ്റു പാർട്ടിക്കാരും ഈ ഐക്യത്തെ വഞ്ചിക്കുകയും കോൺഗ്രസുകാരോടൊപ്പം മാർക്സിസ്റ്റ് വിരുദ്ധ മുന്നണിയിൽ ചേരുകയും ചെയ്തു. എല്ലാ ബൂർഷ്വാ പാർട്ടികളും യാതൊരു തത്ത്വദീക്ഷയുമില്ലാതെ, നിരാശയോടെ, അധികാരത്തിനുവേണ്ടി കടിപിടികൂടുമ്പോൾ ഇതാണ് ജനങ്ങളുടെ സമരത്തെ ദുർബലപ്പെടുത്തുന്നത്; അവരെ തടഞ്ഞുനിർത്തുന്നത്. ഈ പരിതഃസ്ഥിതിയിലാണ് ഭരണഘടനാവ്യാഖ്യാനം മൂലമോ മറ്റോ പെട്ടെന്നൊരു മാറ്റം എന്ന അപകടം ഉണ്ടാവുന്നത്.

അതുകൊണ്ടു ഇന്നു നിലവിലുള്ള ഭരണഘടനയുടെ അലകും പിടിയും മാറ്റുക എന്ന ലക്ഷ്യംവച്ച് പ്രവർത്തിക്കുമ്പോൾ തന്നെ, അതിലെ വകുപ്പുകൾ വളച്ചൊടിച്ച് അവർ ജനങ്ങളെ വീർപ്പുമുട്ടിക്കാതിരിക്കാൻ എല്ലായ്പ്പോഴും ശ്രദ്ധിച്ചിരിക്കുകയും സമരത്തിൽ മുന്നേറാൻ അതു നൽകുന്ന ഏതു സന്ദർഭവും പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യണം.

പീപ്പിൾസ് ഡമോക്രസി 1971 ഫെബ്രുവരി 14

ഇന്ത്യൻ ഭരണഘടനയും സോഷ്യലിസവും*

ഇ എം എസ്

നമ്മുടെ റിപ്പബ്ലിക്കൻ ഭരണഘടനയെക്കുറിച്ചു നമുക്ക് അഭിമാനമുണ്ട്. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഒരു അവിസ്മരണീയസംഭവമാണ് ഭരണഘടനാനിർമാണസമിതി അതിന് നൽകിയ അംഗീകാരം എന്നു നാം വിചാരിക്കുന്നു. വിദേശാധിപത്യത്തിന്റെയും ജാതിക്കുശുമ്പിന്റെയും പിന്തിരിപ്പൻ സാമൂഹ്യ സാംസ്കാരിക വ്യവസ്ഥകളുടെയും കാലഘട്ടങ്ങൾക്ക് പര്യവസാനം കുറിച്ച സംഭവമാണതെന്നു നാം കണക്കാക്കുന്നു. രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെയും പാർലമെന്ററി ജനാധിപത്യത്തിന്റെയും ആവേശഭരിതമായ മുദ്രാവാക്യങ്ങളെ നമ്മുടെ കൊടിക്കൂറയിൽ അത് വരഞ്ഞുവച്ചു. മാത്രമല്ല, എല്ലാ രൂപത്തിലുമുള്ള സാമൂഹ്യാസമത്വങ്ങളെയും അവസാനിപ്പിക്കുമെന്നും സാർവത്രികപുരോഗതി നേടിയെടുക്കണമെന്നും ആ സംഭവം നമുക്ക് ഉറപ്പു നൽകി.

2. അതുകൊണ്ടുതന്നെ നമ്മുടെ ഭരണഘടനയോട് ആരെങ്കിലും അനാദരവ് കാണിക്കുകയോ അതിനെ നിഷേധിക്കുകയോ ചെയ്താൽ അയാളുടെ ജനസമ്മതി നഷ്ടപ്പെടുന്നത് മനസിലാക്കാവുന്ന കാര്യമാണ്. ഭരണഘടനയുടെ വിമർശകന്മാർ താഴെ ചേർക്കുന്നതുപോലുള്ള ചോദ്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു. ഭരണഘടനയിൽ നിങ്ങൾ തകരാറുകളും കുറവുകളും കാണുന്നുവെങ്കിൽ ഭരണഘടനയിൽത്തന്നെ പറഞ്ഞിട്ടുള്ള ഗതിക്രമങ്ങളും മാർഗങ്ങളുമുപയോഗിച്ച് അവയെ നീക്കംചെ

---

* പൂണെയിലെ ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ടിൽ 1964-ൽ നടത്തിയ ആർ ആർ ഈയർ ഖലേ സ്മാരക പ്രസംഗം.

യ്യാൻ നിങ്ങളെന്തുകൊണ്ടു സന്നദ്ധനാകുന്നില്ല? നിങ്ങൾക്കു വിമർശിക്കാനും അങ്ങനെ മാറ്റം വരുത്താനും അവകാശം തന്ന അതേ ഭരണഘടനയെ നിങ്ങളെന്തിന് നിഷേധിക്കുകയും അപഹസിക്കുകയും ചെയ്യുന്നു? ഒരു റിപ്പബ്ലിക്കൻ ജനാധിപത്യഭരണഘടന അംഗീകരിച്ചതിനുശേഷം ഒരു സോഷ്യലിസ്റ്റ് സമൂഹഘടന കെട്ടിപ്പടുക്കാനും ആ ലക്ഷ്യം വച്ചു നമ്മുടെ സമ്പദ്ഘടനയുടെ ആസൂത്രിതവികസനത്തിനുള്ള ഒരു സമ്പ്രദായം ആവിഷ്കരിക്കാനുമുള്ള മാർഗത്തിലൂടെ നമ്മുടെ ദേശീയ നേതൃത്വം മുന്നോട്ടുനീങ്ങുന്നത് നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ട് ഈ റിപ്പബ്ലിക്കൻ ഭരണഘടന അംഗീകരിച്ചപ്പോഴുണ്ടായ നേട്ടങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നതിൽ തൽപ്പരരായവർ, അതേ റിപ്പബ്ലിക്കൻ ഭരണഘടനയെത്തന്നെ സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുള്ള ഉപകരണമായി ഉപയോഗപ്പെടുത്തേണ്ടതല്ലേ?

3. മാർക്സിസം-ലെനിനിസത്തിന്റെ തത്ത്വശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഞങ്ങളുടെ മുമ്പിലാണ് പ്രത്യേകമായും ഈ ചോദ്യങ്ങളൊക്കെ ഉന്നയിക്കപ്പെടാറുള്ളത്. ജനാധിപത്യഗതിക്രമങ്ങളിൽ യാതൊരു വിശ്വാസവുമില്ലാത്തവരായാണ് ഞങ്ങളെക്കുറിച്ച് കരുതപ്പെടുന്നത്. മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളോടുള്ള കൂറ് പാർലമെന്ററി ജനാധിപത്യത്തിന്റെ തത്ത്വങ്ങളോടും ഗതിക്രമങ്ങളോടുമുള്ള കൂറിനോട് പൊരുത്തപ്പെടാത്തതാണെന്നും കരുതപ്പെടുന്നു. അതുകൊണ്ട് ഇന്ത്യയുടെ റിപ്പബ്ലിക്കൻ ഭരണഘടനയോടുള്ള ഞങ്ങളുടെ മനോഭാവമെന്തെന്നു വിശദീകരിക്കാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുന്നത് കൃതജ്ഞതാബോധത്തോടുകൂടിയാണ്. ഞങ്ങൾ ഉന്നംവച്ചു പ്രവർത്തിക്കുന്ന മൗലികസാമൂഹ്യസാമ്പത്തിക പരിവർത്തനങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി അതിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടു ഞങ്ങളെങ്ങനെ പ്രവർത്തിക്കാൻ പോകുന്നുവെന്നാണ് ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്.

4. സാമൂഹ്യപരിവർത്തനങ്ങൾ കൈവരുത്തുന്ന സമ്പ്രദായത്തിൽ മാർക്സിസം-ലെനിനിസം ഒട്ടും അയവില്ലാത്തതും വരട്ടുതത്ത്വവാദപരവുമായ നിലപാട് സ്വീകരിക്കാറില്ലെന്ന് ഞാൻ തുടക്കത്തിലേ വ്യക്തമാക്കിക്കൊള്ളട്ടെ. ഒരു മാർഗവും തള്ളിക്കളഞ്ഞിട്ടില്ല; അതുപോലെ തന്നെ ഒരേയൊരു മാർഗം മാത്രമേ സ്വീകാര്യമായുള്ളൂ എന്ന് എഴുതിവച്ചിട്ടുമില്ല. സാമൂഹ്യപരിവർത്തനങ്ങൾക്കു വേണ്ടി ഒരു പ്രത്യേകമാർഗം തിരഞ്ഞെടുക്കുന്നതിന് മാർക്സിസം-ലെനിനിസം അവലംബിക്കുന്ന ഒരേയൊരു മാനദണ്ഡം ലക്ഷ്യം നേടിയെടുക്കാൻ ആ മാർഗം ഉപകരിക്കുമോ എന്നതു മാത്രമാണ്. ഏതെങ്കിലുമൊരു മാർഗം തിരഞ്ഞെടുക്കത്തക്കതായിട്ടുണ്ടെങ്കിൽ അതോ ഒന്നിൽക്കൂടുതൽ മാർഗങ്ങളുടെ പട്ടികയുണ്ടെങ്കിൽ, ഏറ്റവും ദുരിതം കുറഞ്ഞതും ഏറ്റവുമെളുപ്പത്തിൽ ഫലമുളവാക്കുന്നതുമായ മാർഗമേ മാർക്സിസം-ലെനിനിസം പരിഗണിക്കൂ. അതു

കൊണ്ടാണ് ഭരണകൂടത്തെ ബലം ഉപയോഗിച്ച് പിടിച്ചെടുക്കണമെന്ന വീക്ഷണഗതി അവലംബിച്ച മാർക്സും എംഗൽസും ('പുതിയ സമൂഹത്തിന്റെ വയറ്റാട്ടിയാണ് ബലപ്രയോഗം') ഗണ്യമായ ജനവിഭാഗം തൊഴിലാളിവർഗമായിരിക്കുകയും, ആ തൊഴിലാളികളുടെ സംഘടനാശക്തി വളർന്നുകൊണ്ടിരിക്കുകയും പാർലമെന്ററി സമ്പ്രദായം നിലവിലിരിക്കുകയും ചെയ്ത ഇംഗ്ലണ്ടിന് സമാധാനപരമായ മാർഗത്തിലൂടെ മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്ക് കടന്നുപോകാനുള്ള സാധ്യതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചത്. ഇതിന് അനേകവർഷങ്ങൾക്കുശേഷം, അവരുടെ ഏറ്റവും വിശ്വസ്തനായിയും അവരുടെ വിപ്ലവസിദ്ധാന്തത്തെ നിരന്തരം പ്രായോഗികതലത്തിലാവിഷ്കരിച്ച ദേഹവുമായ ലെനിൻ മാർക്സിന്റെയും എംഗൽസിന്റെയും കാലത്ത് സമാധാനപരമായ സാമൂഹ്യപരിവർത്തനത്തിനുള്ള സാഹചര്യം നിസ്സംശയമായും ഉണ്ടായിരുന്ന ഇംഗ്ലണ്ടിൽ, (ആദ്യകാല 'സ്വതന്ത്ര') മുതലാളിത്തം കുത്തകമുതലാളിത്തമായി രൂപാന്തരപ്പെട്ടതോടെ ആ സാഹചര്യം ഇല്ലാതായി എന്നു വ്യക്തമാക്കി. അതുകൊണ്ടുതന്നെയാണ് ലോകവ്യാപകമായി സാമ്രാജ്യത്വം ദുർബലപ്പെടുകയും വ്യക്തിരാഷ്ട്രങ്ങളിലെ തദ്ദേശീയ മുതലാളിത്തം പഴയതുപോലെ ശക്തിയില്ലാത്തതായിത്തീരുകയും ചെയ്ത സാഹചര്യത്തിൽ, താരതമ്യേന സമാധാനപരമായ പരിവർത്തനം അനേകം രാഷ്ട്രങ്ങളിൽ സാധ്യമാവുമെന്ന് 1957-നും 1960-നും ഇടയ്ക്ക് ലോകത്തിലെ മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർ വിഭാവനം ചെയ്തത്. സമാധാനപരമായ പരിവർത്തനത്തിന്റെ സാധ്യതയെക്കുറിച്ചോ സാധ്യതയില്ലായ്മയെക്കുറിച്ചോ ഉള്ള ഈ സമീപനവ്യത്യാസങ്ങൾ, സ്റ്റേറ്റ് അധികാരത്തെക്കുറിച്ച് മാർക്സിസ്റ്റുകാർ 'അയവില്ലാത്ത'വരാണെന്ന ചിത്രീകരണം ചിലരുടെ ഭാവനാസൃഷ്ടിയാണെന്നു തെളിയിക്കുന്നു. യാഥാർഥ്യമെന്താണ്? സോഷ്യൽ ഡെമോക്രസിയോട് സ്വഭാവച്ചായ്വുള്ള ബൂർഷ്വാ പാർലമെന്ററി ജനാധിപത്യ സമ്പ്രദായത്തിന്റെ കാര്യക്ഷമതയിൽ സഹതാപപൂർണമായ വിശ്വാസമില്ലാതിരിക്കെത്തന്നെ മാർക്സിസം-ലെനിനിസത്തിന്റെ അനുയായികൾക്ക് അവരുടെ ശത്രുക്കൾ ആരോപിക്കുന്നതുപോലെ പാർലമെന്ററി ജനാധിപത്യത്തോടു യാതൊരു അരോചകത്വമനോഭാവവുമില്ല തന്നെ.

5. ഇനി ഇന്ത്യയുടെ റിപ്പബ്ലിക്കൻ ഭരണഘടന എന്ന മൂർത്തപ്രശ്നത്തിലേക്ക് ഞാൻ കടന്നുകൊള്ളട്ടെ. ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ട സാഹചര്യങ്ങളെക്കുറിച്ചും അതിന്റെ ഉള്ളടക്കത്തെക്കുറിച്ചുമുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ് അപഗ്രഥനത്തിൽ അതിന്റെ അംഗീകാരം തീർച്ചയായും ജനപുരോഗതിക്കു സൂചകമായി പരിണമിച്ചില്ല എന്നാണ് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) എത്തിച്ചേർന്ന നിഗമനം. ഞങ്ങളുടെ പരിപാടിയിൽ പറയുന്നു:

ജനാധിപത്യത്തിനും ജനതാൽപ്പര്യങ്ങൾക്കും വേണ്ടിയുള്ള സമ

രത്തിൽ സാർവത്രിക പ്രായപൂർത്തിവോട്ടവകാശവും പാർല മെന്റും സംസ്ഥാന നിയമസഭകളും ജനങ്ങൾക്ക് ഉപകരണങ്ങ ളായി പ്രയോജനപ്പെടുന്നതാണ്. ബൂർഷ്വാസിയുടേത് ഒരുതരം വർഗമേധാവിത്വമാണെങ്കിലും ജനപുരോഗതിക്കുള്ള സാധ്യതകളെ ഇന്ത്യയുടെ പാർലമെന്ററിസമ്പ്രദായം ഉൾക്കൊള്ളുന്നുണ്ട്. തങ്ങ ളുടെ അവകാശങ്ങൾ സംരക്ഷിച്ചെടുക്കാനും സ്റ്റേറ്റിന്റെ കാര്യങ്ങ ളിൽ ഒരതിർത്തിവരെ ഇടപെടാനും സമാധാനത്തിനും ജനാധിപ ത്യത്തിനും സാമൂഹ്യപുരോഗതിക്കും വേണ്ടിയുള്ള സമരം മുന്നോ ട്ടുനീക്കാനുള്ള പ്രേരണ അവരിൽ ചെലുത്താനും ഭരണഘടന ജനങ്ങൾക്ക് അവസരം നൽകുന്നുണ്ട്. (ഖണ്ഡിക - 71)

6. ഈ ഭരണസംവിധാനം തുടരുന്ന കാലത്തോളം ഇതിന്റെ അടി സ്ഥാനത്തിൽ കെട്ടിപ്പൊക്കിയ സ്ഥാപനങ്ങളെ അടിസ്ഥാനപരമായ സാമൂ ഹ്യപരിവർത്തനങ്ങൾക്കുവേണ്ടി അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ നട ത്തുന്ന സമരങ്ങൾ ഏകീകരിക്കാനും ശക്തിപ്പെടുത്താനും ഉപയോഗപ്പെ ടുത്തേണ്ടത് തൊഴിലാളിവർഗത്തിനും അധ്വാനിക്കുന്ന മുഴുവൻ ജനവി ഭാഗങ്ങൾക്കും ആവശ്യമായിരിക്കുന്നുവെന്നാണ് ഞങ്ങളുടെ പാർട്ടിയുടെ കാഴ്ചപ്പാട്. അതുകൊണ്ടാണ്, മൗലികപരിപാടി അംഗീകരിച്ച ഏഴാം പാർട്ടികോൺഗ്രസുതന്നെ കേരളത്തിൽ 1965-ൽ നടന്ന (അന്നു നടക്കാൻ പോകുന്നതേയുണ്ടായിരുന്നുള്ളു.) ഇടക്കാല തിരഞ്ഞെടുപ്പിനെക്കുറി ച്ചൊരു പ്രമേയമംഗീകരിച്ചത്. 'സംസ്ഥാനജനതയ്ക്ക് അഭിമതമായ ജനാ ധിപത്യനയങ്ങൾ മുന്നോട്ടു നീക്കുന്ന ഒരു സുസ്ഥിരഗവൺമെന്റിനെ പ്രദാനം ചെയ്യുന്നവിധം കമ്യൂണിസ്റ്റുകാരുടെയും സോഷ്യലിസ്റ്റുകാരു ടെയും ഇതര പുരോഗമന ജനാധിപത്യകക്ഷികളുടെയും ഗ്രൂപ്പുകളു ടെയും വ്യക്തികളുടെയും ഒരു ഐക്യമുന്നണി രൂപീകരിക്കണമെന്നാണ് പ്രസ്തുത പ്രമേയം ആഹ്വാനം ചെയ്തത്. അതുകൊണ്ടുതന്നെയാണ്, നാലാമതു പൊതുതിരഞ്ഞെടുപ്പിനു തൊട്ടുമുമ്പ്, പാർട്ടിയുടെ കേന്ദ്രക്ക മ്മിറ്റി അതിന്റെ തിരഞ്ഞെടുപ്പു മാനിഫെസ്റ്റോയിൽ ആവുന്നത്ര സംസ്ഥാ നങ്ങളിൽ കോൺഗ്രസിന്റെ അധികാരക്കുത്തക പൊളിക്കാനും, കേന്ദ്ര ത്തിലും എല്ലാ സംസ്ഥാനങ്ങളിലും ജനാധിപത്യപ്രതിപക്ഷത്തിന്റെയും എല്ലാറ്റിലുമുപരി കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)യുടെയും ശക്തി വർധി പ്പിക്കാനുമുള്ള മുദ്രാവാക്യങ്ങൾ മുന്നോട്ടുവച്ചത്.

7. അങ്ങനെ, റിപ്പബ്ലിക്കൻ ഭരണഘടന അംഗീകരിച്ചത് മുന്നോട്ടുള്ള ഒരു കാൽവയ്പായി കണക്കാക്കുകയും അതിലെ വ്യവസ്ഥകൾ തൊഴി ലാളിവർഗത്തിന്റെയും ജനാധിപത്യത്തിന്റെയും പ്രസ്ഥാനങ്ങളെ കൂടു തൽ ശക്തിപ്പെടുത്താൻ ഉപയോഗിക്കുകയും ചെയ്യുമ്പോൾതന്നെ, ധാരാളം സംസാരിക്കപ്പെടുന്ന 'പാർലമെന്ററി മാർഗ'ത്തിലൂടെ, മൗലിക മായ സാമൂഹ്യപരിവർത്തനങ്ങൾ നേടിയെടുക്കാനാവുന്ന പരിധിയോളവും കാലത്തോളവും പാർലമെന്ററി ജനാധിപത്യസ്ഥാപനങ്ങളെ ഉപയോഗി

ക്കാൻ തൊഴിലാളിവർഗത്തിന്റെയും ജനാധിപത്യത്തിന്റെയും പ്രസ്ഥാനങ്ങളെ അനുവദിക്കും എന്ന വ്യാമോഹം പാർട്ടിക്കില്ല. തങ്ങളുടെ വർഗതാൽപ്പര്യങ്ങൾക്ക് ഉലച്ചിൽ തട്ടാതിരിക്കുന്നിടത്തോളംവരെ മാത്രമേ പാർലമെന്ററി ജനാധിപത്യത്തിന്റെ സുഖം ഭരണാധികാരിവർഗങ്ങൾ അനുവദിക്കൂ എന്നാണ് ഈ സമ്പ്രദായം അംഗീകരിച്ച രാജ്യങ്ങളുടെയെല്ലാം (നമ്മുടെ റിപ്പബ്ലിക്കൻ ഭരണഘടനയുടെ പ്രവർത്തനവും അങ്ങനെതന്നെ) അനുഭവം തെളിയിക്കുന്നത്. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമുള്ള കാലഘട്ടത്തിൽ യൂറോപ്യൻരാജ്യങ്ങളിലെന്തു സംഭവിച്ചു എന്നതിനെക്കുറിച്ചുള്ള പഠനം ഈ നിഗമനത്തിലാണ് നമ്മെക്കൊണ്ടെത്തിക്കുന്നത്. അതുപോലെതന്നെയാണ് നമ്മുടെ കേന്ദ്രകോൺഗ്രസ് ഗവൺമെന്റിന്റെ പ്രവർത്തനവും. കോൺഗ്രസിനു പകരം മറ്റൊരു പാർട്ടിയോ പാർട്ടികൾ ചേർന്നുള്ള കൂട്ടുമുന്നണികളോ കോൺഗ്രസേതര ഗവൺമെന്റുകൾ രൂപീകരിച്ച സംസ്ഥാനങ്ങളോട് കേന്ദ്രഗവൺമെന്റെടുക്കുന്ന നിലപാട് ഭരണാധികാരിവർഗം കാട്ടുന്ന ജനാധിപത്യപ്രകടനങ്ങളുടെ പൊള്ളത്തരം വെളിപ്പെടുത്തുന്നു.

ഞങ്ങളുടെ പാർട്ടി പരിപാടിയിൽ ഇങ്ങനെ പറയുന്നു:

> പാർലമെന്ററി സമ്പ്രദായത്തിനും ജനാധിപത്യത്തിനുമെതിരെ ഭീഷണിയുണ്ടാകുന്നത് തൊഴിലാളിവർഗത്തിന്റെയും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കക്ഷികളുടെയും ഭാഗത്തുനിന്നല്ല, ചൂഷകവർഗങ്ങളിൽനിന്നാണ്. അകത്തുനിന്നും പുറത്തുനിന്നും അവർ പാർലമെന്ററി സമ്പ്രദായത്തിനു തുരങ്കം വയ്ക്കുന്നു. തങ്ങളുടെ ഇടുങ്ങിയ വർഗതാൽപ്പര്യങ്ങൾ സംരക്ഷിക്കാനും അധ്വാനിക്കുന്ന ജനലക്ഷങ്ങളെ അമർത്താനുമുള്ള ഉപകരണമായി അവർ അതിനെ ഉപയോഗപ്പെടുത്തുന്നു. തങ്ങളുടെ ലക്ഷ്യങ്ങൾ നേടുന്നതിലേക്കു പാർലമെന്ററി സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താനും പിൻതിരിപ്പൻ ബൂർഷ്വാസിയുടെയും ഭൂപ്രഭുക്കളുടെയും സ്വാധീനത്തിൽനിന്നും വിട്ടകലാനും ജനങ്ങളാരംഭിച്ചപ്പോൾ 1959-ൽ കേരളത്തിൽ ചെയ്തതുപോലെ, പാർലമെന്ററി ജനാധിപത്യത്തെ കാൽക്കീഴിലിട്ടു ഞെരിക്കാൻ ഈ ഭരണാധികാരിവർഗം ഒരുമ്പെട്ടു. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പാർലമെന്ററി ജനാധിപത്യത്തിനു പകരം പട്ടാള സ്വേച്ഛാധിപത്യത്തെ പ്രതിഷ്ഠിക്കാൻ അവർ മടിക്കുകയില്ല. അങ്ങനെയുള്ള ഭീഷണികളിൽനിന്നു വിമുക്തമാണ് നമ്മുടെ രാജ്യമെന്നു സങ്കൽപ്പിക്കുന്നത് ഗുരുതരമായ തെറ്റും അപകടംപിടിച്ച വ്യാമോഹവുമായിരിക്കും. അങ്ങനെയുള്ള ഭീഷണികളിൽനിന്ന് ജനതാൽപ്പര്യസംരക്ഷണത്തിനുവേണ്ടി, പാർലമെന്ററി ജനാധിപത്യസ്ഥാപനങ്ങളെ പ്രതിരോധിക്കേണ്ടതുണ്ട്. മാത്രമല്ല, അത്തരം സ്ഥാപനങ്ങളെ പാർലമെന്റേതര പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് വിദഗ്ധ

മായി ഉപയോഗപ്പെടുത്തുകയും വേണം.

8. ഭരണഘടനാവ്യവസ്ഥകൾ പ്രകാരം നിർമിതമായ അധികാരശക്തിയുടെ ഘടനകളെ നമുക്കൊന്ന് അപഗ്രഥിക്കാം. ഇന്ത്യയുടെ പ്രസിഡന്റാണ് എക്സിക്യൂട്ടീവ് അധികാരത്തിന്റെ ആസ്ഥാനം. അദ്ദേഹം 'നേരിട്ടോ കീഴുദ്യോഗസ്ഥൻ വഴിയോ ഭരണഘടനപ്രകാരം' (വകുപ്പ് 53 (1)) അധികാരം വിനിയോഗിക്കുക മാത്രമല്ല, 'യൂണിയന്റെ' പ്രതിരോധ സേനയുടെ പരമാധികാരനേതൃത്വം പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കണമെന്ന (വകുപ്പ് 53 (2)) വ്യവസ്ഥയ്ക്ക് അർഹനാകുകയും ചെയ്തിരിക്കുന്നു. അദ്ദേഹം നിർവഹിക്കേണ്ട എക്സിക്യൂട്ടീവ് അധികാരം, തീർച്ചയായും 'യൂണിയന്റെ' പരിധിക്കുള്ളിലേക്കു സാങ്കേതികമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.സമാന്തരമായി സംസ്ഥാനങ്ങളിൽ ചെലുത്തേണ്ട അധികാരം ഗവർണർമാരിൽ (വകുപ്പ് 154) നിക്ഷിപ്തമായിരിക്കയാണ്. യഥാർഥത്തിൽ, എന്തായാലും ഗവർണർ പ്രസിഡന്റിന്റെ ഒരു നോമിനി മാത്രമാണ്. പ്രസിഡന്റിന് ഹിതമുള്ള കാലത്തോളം മാത്രമേ അദ്ദേഹം അധികാരത്തിൽ ഇരിക്കുന്നുള്ളൂ (വകുപ്പ് 155, 156 (1)). ഓരോ സ്റ്റേറ്റിലെയും ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കാനുള്ള അധികാരവും പ്രസിഡന്റിനു തന്നെ (വകുപ്പ് 217). ഭരണാധികാരത്തിന്റെ മറ്റൊരു പ്രധാനോപാധിയെയും (സ്റ്റേറ്റ് സർവീസിലെ ഉന്നതവും ഇടത്തരവുമായ എല്ലാ ഉദ്യോഗങ്ങളിലേക്കും നിയമനം നടത്തുന്ന സ്റ്റേറ്റിലെ പബ്ലിക് സർവീസ് കമ്മീഷൻ) നിയമിക്കുന്നത് ഗവർണരാണ് (വകുപ്പ് 316). യൂണിയൻ പ്രസിഡന്റിലും അദ്ദേഹത്തിന്റെ സംസ്ഥാനസൃഷ്ടികളിലും നിക്ഷിപ്തമായിട്ടുള്ള പരമോന്നത കേന്ദ്രീകൃതാധികാരത്തെ, 'വ്യവസ്ഥാപിത ഭരണഘടന'യുടെ മറയിൽ പാർലമെന്ററി ജനാധിപത്യത്തെ അട്ടിമറിക്കാൻ ശരിക്കു ഉപയോഗപ്പെടുത്താൻ കഴിയും.

അയൽരാജ്യങ്ങളിൽ പലതിലും ഇതാണ് സംഭവിച്ചതെന്നു നമുക്ക് നന്നായിട്ടറിയാം. ഇന്ത്യയിൽ അതു സംഭവിച്ചില്ല എന്നതുകൊണ്ടു മാത്രം ഇനി സംഭവിക്കാനിടയില്ല എന്നു കരുതുന്നത് അബദ്ധമായിരിക്കും. മറ്റു രാജ്യങ്ങളിലുണ്ടാകുന്ന രാഷ്ട്രീയസംഘർഷങ്ങളുടെ നിലവാരത്തിൽ നമ്മുടെ രാജ്യം എത്തിയിട്ടില്ല എന്നു മാത്രമേ ഇതിനർഥമുള്ളൂ.

9. യൂണിയൻ പ്രസിഡന്റും സംസ്ഥാന ഗവർണർമാരും വ്യവസ്ഥാപിത ഭരണത്തലവന്മാരെന്ന നിലയ്ക്കു മാത്രമേ എക്സിക്യൂട്ടീവ് അധികാരം പ്രയോഗിക്കാവൂ എന്നത് തീർച്ചയായും സത്യമാണ്. മന്ത്രിസഭാംഗങ്ങളുടെ സഹായത്തോടും ഉപദേശത്തോടുംകൂടി മാത്രമേ യൂണിയൻ പ്രസിഡന്റ് തന്റെ കർത്തവ്യങ്ങൾ നിർവഹിക്കാവൂ (വകുപ്പ് 74-1). അതുപോലെ സംസ്ഥാന ഗവർണർമാരും മന്ത്രിസഭാംഗങ്ങളുടെ സഹായത്തോടും ഉപദേശത്തോടും കൂടി മാത്രമേ അധികാരനിർവഹണം നടത്താവൂ (വകുപ്പ് 163). യൂണിയൻ സംസ്ഥാന മന്ത്രിസഭകളാവട്ടെ, പാർലമെന്ററി ജനാധിപത്യത്തിന്റെ സുസ്ഥാപിത കീഴ്വഴക്കങ്ങളിൽ ഒതുങ്ങി

നിന്നുവേണം പ്രവർത്തിക്കാൻ. യഥാക്രമം പാർലമെന്റിനും സംസ്ഥാന നിയമസഭകൾക്കും വിശ്വാസമുള്ളിടത്തോളം കാലം മാത്രമേ അവർ അധികാരത്തിലിരിക്കാൻ പാടുള്ളൂ. യഥാക്രമം പ്രസിഡന്റിന്റെയും സംസ്ഥാന ഗവർണർമാരുടെയും 'ഇംഗിതം' അനുവദിക്കുന്നിടത്തോളം കാലം മാത്രമേ അവർ അധികാരത്തിലിരിക്കാവൂ എന്ന് ഭരണഘടന അനുശാസിക്കുന്നു. (വകുപ്പ് 75 (2) 164 (1)) മന്ത്രിസഭാംഗങ്ങൾക്ക് യഥാക്രമം പാർലമെന്റിന്റെയും സംസ്ഥാന നിയമസഭയുടെയും വിശ്വാസമുണ്ടെന്ന വസ്തുതയിൽനിന്നു വ്യത്യസ്തമായി പ്രസിഡന്റോ ഗവർണരോ 'ഇംഗിതം' പുലർത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നില്ല. എന്നാൽ, അസാധാരണ സന്ദർഭങ്ങളിൽ രാഷ്ട്രീയസംവിധാനം ഒരു പ്രതിസന്ധിയെ നേരിടുമ്പോൾ വ്യവസ്ഥാപിത ഭരണത്തലവന്റെ 'ഇംഗിത'വും യഥാക്രമം പാർലമെന്റിന്റെയും സംസ്ഥാന നിയമസഭയുടെയും വിശ്വാസവും തമ്മിൽ ഒരു സംഘട്ടനമുണ്ടാകുന്നതാണ്.

10. വളരെ വിപുലമായ സ്വേച്ഛാധികാരങ്ങൾ നിക്ഷിപ്തമാണെങ്കിലും പ്രസിഡന്റ് തിരഞ്ഞെടുക്കപ്പെടുന്ന ആളാണെന്ന് വാദിക്കാവുന്നതാണ്. പാർലമെന്റിന്റെ ഇരുമണ്ഡലങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, സംസ്ഥാന നിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവർ ചേർന്ന ഇലക്ടൊറൽ കോളേജാണ് പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നത്. (വകുപ്പ് 54) പാർലമെന്റിന്റെ ഏതെങ്കിലുമൊരു മണ്ഡലത്തിന് ഭരണഘടനാലംഘനത്തിന്റെ പേരിൽ പ്രസിഡന്റിനെ 'ഇംമ്പീച്ച്' ചെയ്യാൻ ചില സാഹചര്യങ്ങളിൽ കഴിയുന്നതാണ്. (വകുപ്പ് 61) പക്ഷേ, ഇങ്ങനെ പ്രസിഡന്റിനെ ശിക്ഷിക്കുന്നതിനുള്ള പാർലമെന്റിന്റെ അവകാശം നിഷേധിക്കപ്പെടാവുന്നതാണ്. കാരണം, പാർലമെന്ററി ജനാധിപത്യസംവിധാനമുള്ള, മറ്റ് അനേകം രാജ്യങ്ങളുടേതിൽനിന്നു വ്യത്യസ്തമായി, നമ്മുടെ പാർലമെന്റംഗങ്ങൾക്ക് അറസ്റ്റിൽനിന്നും, കരുതൽതടങ്കലിൽനിന്നും വിമുക്തിയില്ല. എപ്പോഴൊക്കെ ഒരു രാഷ്ട്രീയ പ്രതിസന്ധി ഉളവാകുന്നോ-ഭരണഘടനാ തകർച്ചയുടെ ഭാഗമായ പ്രതിസന്ധി വല്ലപ്പോഴുമേ സംഭവിക്കൂ-അപ്പോഴൊക്കെ ഗണ്യമായ വിഭാഗം പാർലമെന്റംഗങ്ങളെ ഇരുമ്പഴിക്കുള്ളിൽ വയ്ക്കാവുന്നതാണ്. ഇത് വെറുമൊരു സാങ്കല്പികചിത്രമല്ല. യാഥാർഥ്യമായി കലാശിക്കാവുന്ന കാര്യമാണെന്നുള്ളത് രണ്ട് വസ്തുതകളിൽനിന്നു മനസിലാക്കാം. ഒന്നാമതായി, 1962-63-ലും 1964-65-ലുംഇന്ത്യൻ പ്രതിരോധനിയമങ്ങൾ പ്രകാരം അനേകം പാർലമെന്റംഗങ്ങളെ വിചാരണകൂടാതെ കരുതൽതടങ്കലിൽ വയ്ക്കുകയുണ്ടായി. രണ്ടാമത്, 1965-ൽ കേരള അസംബ്ലിയിലേക്ക് നടന്ന ഇടക്കാല തിരഞ്ഞെടുപ്പിൽ ഏറ്റവും വലിയ ഒറ്റപ്പാർട്ടിയെന്ന നിലയിൽ വിജയിച്ച കക്ഷിയിലെ 29 അംഗങ്ങളെ ജയിലിലിട്ട് ഒരു പാർട്ടിക്കും അവിടെ ഗവൺമെന്റ് രൂപീകരിക്കാൻ സാധ്യമാവുകയില്ലെന്ന് ഗവർണർ പ്രസിഡന്റിന് റിപ്പോർട്ടു ചെയ്തു. തന്നിമിത്തം തിരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങൾ സത്യ

പ്രതിജ്ഞ നടത്തുകപോലും ചെയ്യുന്നതിനുമുമ്പ്, നിയമസഭ പിരിച്ചുവിടപ്പെട്ടു. ആ പ്രത്യേക സംസ്ഥാനം ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ അവിടത്തെ നിയമസഭാംഗങ്ങളിൽ ഒരു വലിയ വിഭാഗത്തോടിങ്ങനെ പ്രവർത്തിക്കാമെങ്കിൽ, കേന്ദ്രം അതുപോലൊരു പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ അവിടെയും ഇതു സംഭവിക്കുകയില്ലെന്ന് എങ്ങനെ സങ്കൽപ്പിക്കാൻ കഴിയും?

11. നമ്മുടെ റിപ്പബ്ലിക്കൻ ഭരണഘടനയുടെ ജനാധിപത്യസ്വഭാവത്തെക്കുറിച്ചുള്ള ചർച്ചയിൽ കാതലായി കാണേണ്ടതാണ് നമ്മുടെ രാഷ്ട്രീയസംവിധാനത്തെ വലയം ചെയ്തു വളരുന്ന പ്രതിസന്ധിയുടെ ക്രിയാമാർഗം. അതിന്റെ അടിസ്ഥാനമാകട്ടെ, ജന്മിത്വ-മുതലാളിത്തചൂഷണത്തെ ആധാരമാക്കി നിലകൊള്ളുന്ന സാമൂഹ്യ-സാമ്പത്തിക സംവിധാനത്തിൽനിന്ന് സോഷ്യലിസ്റ്റ് സംവിധാനത്തിലേക്കുള്ള സമാധാനപരമായ പരിവർത്തനത്തിന് ഭരണഘടന നൽകുന്ന ഉറപ്പുകളാണ്. അങ്ങനെയുള്ള പ്രതിസന്ധി യഥാർഥത്തിൽ വളരുന്നു എന്നതിനെ നിഷേധിക്കാൻ നാലാമത് പൊതുതിരഞ്ഞെടുപ്പിനുശേഷമെങ്കിലും ആർക്കും സാധ്യമല്ലാതായി. 1952 മുതൽക്കുതന്നെ യഥാർഥത്തിൽ ഇങ്ങനെയൊരു പ്രതിസന്ധി വളരാൻ തുടങ്ങിയതാണ്. 1952-ൽ മൂന്ന് സംസ്ഥാന നിയമസഭകളിൽ കോൺഗ്രസ് ന്യൂനപക്ഷമായി. കേന്ദ്ര ഗവൺമെന്റും ആ ഗവൺമെന്റിനെ നയിക്കുന്ന പാർട്ടിയും പ്രസ്തുത സംസ്ഥാനങ്ങളിലെ രാജപ്രമുഖ-ഗവർണർപദവികളെ ഉപയോഗപ്പെടുത്തി അവിടങ്ങളിൽ കോൺഗ്രസേതര ഗവൺമെന്റുകൾ രൂപീകരിക്കുന്നതു തടഞ്ഞു. തുടർന്നുള്ള വർഷങ്ങളിൽ ആ സാഹചര്യം ചെറിയതോതിൽ കോൺഗ്രസിന് അനുകൂലമായി തിരിഞ്ഞു. എന്നിട്ടും 1957-ൽ കേരളത്തിലൊരു കോൺഗ്രസേതര ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനെ തടയാൻ കോൺഗ്രസിന് കഴിഞ്ഞില്ല. ഇവിടെയും, പ്രസിഡന്റിൽ നിക്ഷിപ്തമായ എക്സിക്യൂട്ടീവ് അധികാരം ആ കോൺഗ്രസേതര ഗവൺമെന്റിനെ ഡിസ്മിസ് ചെയ്യുന്നതിലേക്ക് ഉപയോഗപ്പെടുത്തി. മൂന്നാമതു പൊതുതിരഞ്ഞെടുപ്പിനുശേഷം മാത്രമാണ് കോൺഗ്രസിന് കേന്ദ്രത്തിലും എല്ലാം സംസ്ഥാനങ്ങളിലും അവരുടെ സ്വന്തമായ ഗവൺമെന്റുണ്ടാക്കാൻ കഴിഞ്ഞത്.

ഇതേത്തുടർന്ന് നാലാമതു പൊതുതിരഞ്ഞെടുപ്പുമായി. കോൺഗ്രസിനെതിരായി വന്നിച്ച മാറ്റം സംഭവിച്ച സന്ദർഭമാണത്. അതുകൊണ്ട് ഒരിക്കൽക്കൂടി കേന്ദ്രത്തിലധികാരത്തിലിരിക്കുന്ന കക്ഷി കഴിയുന്നത്ര കോൺഗ്രസേതര ഗവൺമെന്റുകളെ നിഷ്കാസനം ചെയ്യാൻ അധികാരശക്തി വിനിയോഗിച്ചു. ഇതിനുവേണ്ടി അവർ പശ്ചിമബംഗാളിൽ ഉപയോഗിച്ച മാർഗത്തെ അഖിലേന്ത്യാ സ്പീക്കേഴ്സ് കോൺഫറൻസുപോലൊരു മഹൽസമിതിപോലും അധിക്ഷേപിക്കുകയുണ്ടായി. ലോകസഭാ സ്പീക്കറാണ് പ്രസ്തുത കോൺഫറൻസിൽ ആധ്യക്ഷ്യം വഹി

ച്ചതെന്ന വസ്തുതയും ഓർമ്മിക്കേണ്ടതാണ്.

12. 1967 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ സംഭവിച്ചതുപോലെ ഒരു സംഘം കോൺഗ്രസ് എം പി മാർ പ്രതിപക്ഷത്തേക്ക് കാലുമാറ്റം നടത്തുകയാണെങ്കിൽ കേന്ദ്രത്തിലെന്താണ് സംഭവിക്കുക? കേന്ദ്രഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള വർധിച്ചുവരുന്ന വിശ്വാസത്തകർച്ചയും ഭരണകക്ഷിക്കുള്ളിൽ വിവിധ ഗ്രൂപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന ആവരണമില്ലാത്ത ഗൂഢാലോചനകളും കാണുമ്പോൾ ആപൽക്കരമായ ഈ ചോദ്യമുയർന്നു വരാം. വീണ്ടും അഞ്ചാമത് പൊതുതിരഞ്ഞെടുപ്പിൽ പാർലമെന്റിൽ കോൺഗ്രസ് ഒരു ന്യൂനപക്ഷമായി പരിണമിച്ചു എന്നു കരുതുക. 1952-ലും 1957-59-ലും 1967-'68-ലും നിയമസഭകളിൽ കോൺഗ്രസ് ന്യൂനപക്ഷമായി പരിണമിച്ച സംസ്ഥാനങ്ങളിലൊക്കെ സംഭവിച്ച കാര്യം അന്നു കേന്ദ്രത്തിൽ ഉണ്ടാവുകയില്ലെന്ന് എന്തിന് സങ്കൽപ്പിക്കാതിരിക്കണം? അങ്ങനെ കേന്ദ്രത്തിൽ സംഭവിക്കുന്നെങ്കിൽ അത് ഒരു പരിപൂർണ പട്ടാളസ്വേച്ഛാധിപത്യത്തിൽനിന്നു വ്യത്യസ്തമായിരിക്കുമെന്നു കരുതേണ്ടതുണ്ടോ?

13. ഈ പ്രതിസന്ധിയുടെ സത്തയെക്കുറിച്ച് യഥാർഹമായ ധാരണ നമുക്കുണ്ടാവണമെങ്കിൽ, -അതിന്റെ രാഷ്ട്രീയവശങ്ങളെക്കുറിച്ച് സംക്ഷിപ്തമായി മുകളിൽ പറഞ്ഞിട്ടുണ്ട്-ആ പ്രതിസന്ധിയിലേക്കു നയിച്ച സാമൂഹ്യ-സാമ്പത്തിക ഘടകങ്ങളുടെ ആഴത്തിലേക്കു കടന്നു ചെല്ലേണ്ടിയിരിക്കുന്നു. കാരണം, ഈ രാഷ്ട്രീയപ്രതിസന്ധിയുടെ പുറം പ്രകടനങ്ങളെ മാറിമറിയുന്ന ഒരു ഭാവം മാത്രമായി കാണാൻ ഉപരിപ്ലവ രാഷ്ട്രീയ നിരീക്ഷകനുമാത്രമേ കഴിയൂ. രാജ്യം സ്വാതന്ത്ര്യം പ്രാപിച്ച പ്പോഴുള്ള ജനങ്ങളുടെ പ്രതീക്ഷയും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള വർഷങ്ങളിലെ അവരുടെ യഥാർഥാനുഭവവും തമ്മിൽ വേർതിരിക്കുന്ന അഗാധ ഗർത്തത്തിന്റെ പുറംപ്രകടനമാണ് ഈ രാഷ്ട്രീയപ്രതിസന്ധിയെന്ന്, ഇന്നത്തെ സാഹചര്യങ്ങളെ വസ്തുനിഷ്ഠമായും സത്യസന്ധമായും പഠിക്കുന്ന ആർക്കും ബോധ്യപ്പെടുന്നതാണ്. നമ്മുടെ ഭരണഘടനയുടെ മുഖവുരയിൽ പറഞ്ഞിട്ടുള്ള: '(എ) സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി; (ബി) ചിന്തയ്ക്കും പ്രസംഗത്തിനും വിശ്വാസത്തിനും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യം; (സി) പദവിയിലും അവസരത്തിലുമുള്ള സമത്വം' എന്നിവ എല്ലാ ഇന്ത്യൻ പൗരന്മാർക്കും നേടിക്കൊടുക്കുന്നതിനുള്ള ഭരണഘടനാനിർമാതാക്കളുടെ ഉദാത്തമായ തീരുമാനം, ഇന്ത്യൻ റിപ്പബ്ലിക്കൻ ഭരണഘടനയെ ജനങ്ങൾ സ്വാഗതം ചെയ്തപ്പോഴുള്ള പ്രതീക്ഷകളുടെ പ്രകടനമാണ്. ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ പറഞ്ഞ മൗലികാവകാശങ്ങളും നാലാം ഭാഗത്തിൽ പറഞ്ഞ രാഷ്ട്രീയനയരൂപീകരണത്തിന്റെ മാർഗദർശകതത്ത്വങ്ങളും അതുപോലെതന്നെ ജനാഭിലാഷത്തിന് കാരണമാകുന്നിത്തീർത്തു. ഇവയെല്ലാം നിസ്സംശയമായും മഹത്തായ പ്രഖ്യാപനങ്ങൾ തന്നെ. ലോകത്തിലെ ഏറ്റവും

പുരോഗമിച്ചതും സ്വാതന്ത്ര്യപ്രേമിയുമായ ജനാധിപത്യരാജ്യങ്ങളോടൊപ്പം എത്തിച്ചേരാൻ ദൃഢനിശ്ചയം ചെയ്ത ഒരു രാജ്യത്താണ് തങ്ങൾ ജീവിക്കുന്നതെന്ന് ഓരോ ഇന്ത്യൻ സ്ത്രീയും പുരുഷനും ആത്മവിശ്വാസം കൊള്ളത്തക്ക പ്രഖ്യാപനങ്ങളുമാണിവ.

14. നമ്മുടെ ഭരണഘടനയിൽ പറഞ്ഞ മൗലികാവകാശങ്ങളുടെ നേരെ എതിർവശത്താണ് നമ്മുടെ ജനങ്ങളുടെ ജീവിതാനുഭവങ്ങൾ. റിപ്പബ്ലിക്കിന്റെ കൊടിക്കൂറയിൽ വിരചിതമായ മൗലികാവകാശങ്ങളിൽ ഓരോന്നും ലംഘിക്കപ്പെട്ടിട്ടുണ്ട്- സ്വത്തിനുള്ള അവകാശമൊന്നൊഴികെ. അനുക്രമമായി പാപ്പരടിഞ്ഞ് തൊഴിലില്ലാത്തവരും തൊഴിൽ തേടുന്നവരുമായ ജനലക്ഷങ്ങളുടെ അണികളിലേക്ക് എടുത്തെറിയപ്പെടുന്ന ചെറുകിടയും ഇടത്തരത്തിൽപ്പെട്ടതുമായ കൃഷിക്കാരന്റെയും തൊഴിലാളികളുടെയും സ്വത്തിന്മേലുള്ള അവകാശമല്ല ഇവിടെ ലംഘിക്കപ്പെടാതിരിക്കുന്നത്. വൻകിടഭൂപ്രഭുക്കളുടെയും വളർന്നുവരുന്ന കുത്തകമുതലാളിമാരുടെയും സ്വത്തവകാശമാണ് ഗവൺമെന്റ് സംരക്ഷിക്കുന്നത്. അതു സംരക്ഷിക്കുമ്പോൾത്തന്നെ ഗവൺമെന്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളെ കടന്നാക്രമിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ജനങ്ങൾ നൈരാശ്യമൂർച്ഛയിലേക്ക് നിപതിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ അവർക്ക് കോൺഗ്രസിലും ജനാധിപത്യസോഷ്യലിസത്തിന്റെ അസ്ഥിവാരത്തിൽ ഒരു പുതിയ ഇന്ത്യ കെട്ടിപ്പടുക്കുമെന്നുള്ള അവരുടെ പ്രഖ്യാപനത്തിലും വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. കോൺഗ്രസിന്റെ അസ്തമിച്ചുകൊണ്ടിരിക്കുന്ന അധികാരത്തിലും അന്തസ്സിലും പ്രതിഫലിച്ചുകാണുന്നത് ഈ വിശ്വാസരാഹിത്യമാണ്. ഇത് വീണ്ടെടുക്കാനാവാത്ത ഒരു ഗതിക്രമമാണ്. നേരേമറിച്ച് അവരുടെ അടിസ്ഥാന നയങ്ങളിൽ വ്യതിയാനം വരുത്താത്തപക്ഷം ഈ അന്തസ്സിടിവ് വളർന്നുവരികയും ചെയ്യും.

15. 1947-ൽ സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ജനങ്ങൾക്കുണ്ടായിരുന്ന പ്രതീക്ഷകളും പിന്നീടവർക്കുണ്ടായ അനുഭവങ്ങളും തമ്മിലുള്ള അഗാധമായ വിടവിനെക്കുറിച്ച് ആർക്കുമിവിടെ സംശയമില്ല. ഭരണകക്ഷിയുടെ നേതാക്കൾതന്നെ അതു തുറന്നു സമ്മതിക്കുന്നു. അവർ പറയുന്നത് തങ്ങൾ രൂപീകരിച്ച നയങ്ങളെ ഗവൺമെന്റ് വേണ്ടതുപോലെ നടപ്പിലാക്കുന്നില്ലെന്നാണ്. പ്രതിപക്ഷപാർട്ടികളാകട്ടെ, നേരെമറിച്ച് ആ നയങ്ങൾ തന്നെയും തെറ്റാണെന്ന അഭിപ്രായക്കാരാണ്. പ്രതിപക്ഷപാർട്ടികളിൽ തന്നെ രണ്ടുതരം ചിന്താഗതികളുണ്ട്. ഭൂപ്രഭുക്കളുടെയും മുതലാളിമാരുടെയും താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും, അധ്വാനിക്കുന്ന ജനവിഭാഗത്തിനെതിരായും കരുതികൂട്ടി രൂപീകരിക്കപ്പെട്ടതാണ് പ്രസ്തുത നയങ്ങളെന്നാണ് ഒരു വിഭാഗത്തിന്റെ - അവരെ ഇടതുപക്ഷങ്ങളെന്നു വിളിക്കാം-അഭിപ്രായം. രണ്ടാമത്തേതു വലതുപക്ഷപ്രതിപക്ഷക്കാരായ കക്ഷികളാണ്. അവരാകട്ടെ, കോൺഗ്രസ് ഗവൺമെന്റിന്റെ നയങ്ങൾ വിപ്ലവാത്മകവും കൂടുതൽ സോഷ്യലിസ്റ്റുചായ്വുള്ളതും വരട്ടുതത്വപര

വുമാണെന്ന അഭിപ്രായക്കാരാണ്. ഏതായാലും പ്രതിപക്ഷത്തുള്ള ഇരു വിഭാഗങ്ങളും ഗവൺമെന്റിന്റെ നയങ്ങളിൽ വിപ്ലവാത്മകമായ വ്യതിയാനം വരുത്തണമെന്നു വാദിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ വർധിച്ചുവരുന്ന അസംതൃപ്തി ഇല്ലായ്മചെയ്യാനും പുരോഗതിയുടെ പാതയിലൂടെയുള്ള രാജ്യത്തിന്റെ സഞ്ചാരം സുഗമമാക്കാനും ഉതകുന്ന നയങ്ങളുടെ മാറ്റമാണ് ആവശ്യം.

16. അതേസമയം ചില വിഭാഗങ്ങൾ-ഞങ്ങളുടെ പാർട്ടി അക്കൂട്ടത്തിൽപ്പെടുന്നു-ജനങ്ങളുടെ ആദ്യകാലത്തെ പ്രതീക്ഷകളും അതിനുശേഷമുണ്ടായ അനുഭവങ്ങളും തമ്മിലുള്ള വ്യത്യാസം പൂർണമായും വിശദീകരിക്കാൻ, അംഗീകൃതനയങ്ങളുടെ അപൂർണമായ നടപ്പാക്കലെന്നു പറഞ്ഞതുകൊണ്ടോ (ഭരണകക്ഷിതന്നെ സമ്മതിച്ചതുപോലെ) തെറ്റായ നയങ്ങളെന്നു ചൂണ്ടിക്കാണിച്ചതുകൊണ്ടോ (പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതുപോലെ) കഴിയുന്നില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഭരണഘടനയ്ക്ക് കീഴിൽ നിർമിതമായിട്ടുള്ള രാഷ്ട്രഘടനയിൽത്തന്നെ ഈ തകരാറുകളൊക്കെയുണ്ട്. ഇപ്പോൾ സ്വീകൃതമായിട്ടുള്ള നയങ്ങളുടെ വിപ്ലവാത്മക പുനരുജ്ജീവനം കൊണ്ടുപോലും-ഏറ്റവും പുരോഗമനാത്മകവും സാമ്രാജ്യത്വവിരുദ്ധവും ജന്മിത്വ-കുത്തകമുതലാളിത്ത വിരുദ്ധവുമായ നയങ്ങളുടെ വിപ്ലവാത്മകപുനരുജ്ജീവനം കൊണ്ടുപോലും-ഭരണഘടനയ്ക്ക് കീഴിലുള്ള രാഷ്ട്രഘടനയ്ക്ക് മൗലികപുനഃസംവിധാനം വരുത്താതെ പ്രശ്നപരിഹാരമുണ്ടാക്കുക സാധ്യമല്ല. ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ തിരുകിക്കയറ്റിയ നിരവധി നിയന്ത്രണ ഏർപ്പാടുകൾ വിപ്ലവാത്മക പുരോഗമനനയങ്ങളുടെ ആവിഷ്കരണത്തെയും പ്രയോഗത്തെയും അട്ടിമറിക്കും. പലേ നിയമങ്ങളിലൂടെയും കോൺഗ്രസ് ഗവൺമെന്റുകൾ മുന്നോട്ടുവച്ച ഭൂപരിഷ്കരണ നടപടികളുടെ വിധിയെക്കുറിച്ചോർമ്മിക്കുക, അവയൊന്നും വിപ്ലവാത്മകമായിരുന്നില്ല. ജപ്പാനിൽ അമേരിക്കൻ കുടിയേറ്റ ഭരണം നടപ്പാക്കിയ നടപടികളേക്കാളും പിന്നോക്കമായിരുന്നു അവ. എന്നിട്ടും നമ്മുടെ ഭരണഘടന നടപ്പിലായി ഒരു വർഷത്തിനകം ചില ഭൂപരിഷ്കരണനിയമങ്ങളെ (വകുപ്പ് 31-എ) സംരക്ഷിക്കുന്നതിലേക്ക് 31-ാം വകുപ്പ് പാർലമെന്റിന് ഭേദഗതി ചെയ്യേണ്ടി വന്നു. ഈ ഭേദഗതി മറ്റനേകം ഭേദഗതികൾക്കു കാരണമാക്കി. അവയെല്ലാം വിവിധ കാർഷികപരിഷ്കരണ നിയമങ്ങൾ നടപ്പാക്കുന്നത് സുഗമമാക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു. പുരോഗമനപരമായ നിയമനിർമാണത്തെ ത്വരിപ്പിക്കുന്നതിന് ഭരണഘടനയുടെ മൂന്നാംഭാഗം ഭേദഗതി ചെയ്യുന്ന നടപടിക്രമത്തിന്റെ നിയമപരവും ഭരണഘടനാപരവുമായ വശത്തെ ചോദ്യം ചെയ്യുന്ന ഘട്ടംവരെ ഇത് ചെന്നെത്തി. മുൻ ചീഫ് ജസ്റ്റിസ് സുബ്ബറാവുവിന്റെ നേതൃത്വത്തിൽ സുപ്രീം കോടതി പുറപ്പെടുവിച്ച ഭൂരിപക്ഷം ജസ്റ്റിസുമാരുടെ പ്രസിദ്ധമായ വിധിതീർപ്പ് ഇമ്മാതിരി നിയമഭേദഗതികൾ വരുത്തുന്നതിനുള്ള പാർലമെന്റിന്റെ അവകാശത്തെ തള്ളിപ്പറഞ്ഞിരിക്കുന്നു. വലിയ പരിവർത്തനം

ഉളവാക്കുന്നതെന്നോ വിപ്ലവാത്മകമെന്നോ പരിഗണിക്കാൻ നിവൃത്തിയില്ലാത്ത നിയമനിർമാണ നടപടികളുടെ ഗതി ഇതാണെങ്കിൽ, പുരോഗമന പ്രതിപക്ഷങ്ങൾ മുന്നോട്ടുവയ്ക്കുന്ന പരിവർത്തനാത്മകനയങ്ങളുടെ കഥയെന്താകും? ഈ പരിവർത്തനാത്മക നിയമനിർമാണങ്ങൾക്കെതിരെ ഭരണഘടനയിൽ തിരുകി കയറ്റിയ നിയന്ത്രണ നടപടികൾ കർശനമായി പ്രയോഗിക്കപ്പെടും എന്ന് തീർച്ച.

17. ഉദാഹരണത്തിന്, ഭരണഘടനയുടെ മൂന്നും നാലും ഭാഗങ്ങളെ പരസ്പരം താരതമ്യപ്പെടുത്തുക. ആദ്യത്തേത് മൗലികാവകാശങ്ങളെയും, രണ്ടാമത്തേത് രാഷ്ട്രനയങ്ങളുടെ മാർഗദർശക തത്ത്വങ്ങളെയും പരാമർശിക്കുന്നു. ക്ഷേമരാഷ്ട്രസങ്കൽപ്പത്തിന്റെ സത്തയെ വിഭാവനം ചെയ്യുന്നത് ഈ രണ്ടാമത്തെ വിഭാഗമാണ്.

ദേശീയജീവിതത്തിന്റെ എല്ലാ ഘടകസ്ഥാപനങ്ങൾക്കും അനുരോധമായി ജനക്ഷേമത്തെ പുരോഗമിപ്പിക്കുന്നതും സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ നീതി പുലർത്തുന്നതുമായ ഒരു സാമൂഹ്യവ്യവസ്ഥ വാർത്തെടുക്കാൻ' പരിശ്രമിക്കുമെന്ന് സംസ്ഥാനങ്ങളെക്കൊണ്ട് ഈ ഭാഗം പ്രതിജ്ഞയെടുപ്പിക്കുന്നു. (വകുപ്പ് 38).

സമൂഹത്തിന്റെ ഭൗതികസമ്പത്തുക്കൾ പൊതുനന്മയ്ക്കുതകും വിധം വിതരണം ചെയ്യത്തക്ക ഉടമാവകാശവും നിയന്ത്രണവുമുണ്ടാകണമെന്ന് മറ്റൊരു വകുപ്പ് രാഷ്ട്രത്തോടു നിർദേശിക്കുന്നു. (വകുപ്പ് 39 ബി) 'പൊതുനന്മയെ അപകടപ്പെടുത്തും വിധം സമ്പത്തിന്റെയും ഉൽപ്പാദനോപകരണങ്ങളുടെയും കേന്ദ്രീകരണമുണ്ടാവാത്തവിധം സാമ്പത്തികസംവിധാനത്തിന്റെ പ്രവർത്തനം ക്രമീകരിക്കപ്പെടണം.' (വകുപ്പ് 39 സി) 'സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യജോലിക്കു തുല്യവേതനം നൽകപ്പെടണം.' (വകുപ്പ് 39 ഡി) അങ്ങനെ പോകുന്നു അതിലെ വ്യവസ്ഥകൾ. തൊഴിലില്ലായ്മ, വാർധക്യം, രോഗം, അംഗഭംഗം എന്നീ സാഹചര്യങ്ങളിൽ ജോലിക്കും വിദ്യാഭ്യാസത്തിനും സഹായം ലഭിക്കുന്നതിനുള്ള അവകാശം നേടാൻ, കാര്യക്ഷമമായ വ്യവസ്ഥയുണ്ടാക്കുന്നതിന്, ഭരണഘടന പ്രതിജ്ഞാബദ്ധമായിരിക്കുന്നു. (വകുപ്പ് 41) 'ജോലിക്കും പ്രസവകാലാശ്വാസത്തിനും നീതിപൂർണവും മനുഷ്യത്വമുള്ളതുമായ സാഹചര്യങ്ങൾ' (വകുപ്പ് 42) 'ജീവിക്കാനുള്ള ശമ്പളം, അന്തസുറ്റ നിലവാരമുറപ്പു ചെയ്യുന്ന ജോലിസാഹചര്യങ്ങൾ, ആവശ്യമുള്ള ഒഴിവുസമയം, സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള സന്ദർഭം' (വകുപ്പ് 43) ഇങ്ങനെ പലതും ഭരണഘടന ഉറപ്പുചെയ്യുന്നു. പുതിയ സ്വതന്ത്രേന്ത്യയെ അഭിവാദനം ചെയ്ത ജനങ്ങളുടെ ആശങ്കകൾക്കും പ്രതീക്ഷകൾക്കും നിസ്സംശയമായും വാഗ്ദാനങ്ങൾ പ്രചോദനപ്രഭവമായി. ഭരണഘടനയുടെ ഈ ഭാഗത്ത് ഉൾക്കൊള്ളിച്ച വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്താൻ ഒരു കോടതിക്കും അധികാരമുണ്ടായിരിക്കയില്ലെന്ന് എന്തായാലും ഭരണഘടനാ നിർമാതാക്കൾ വ്യക്തമാക്കി. (വകുപ്പ് 37). അങ്ങനെ

നിർവഹണശക്തിയില്ലാത്ത കുറെ മഹൽപ്രഖ്യാപനങ്ങളായി അവ രൂപാന്തരപ്പെട്ടു.

18. ഭരണഘടനയുടെ വകുപ്പ് 32 പ്രതിപാദിക്കുന്നത് മൗലികാവകാശങ്ങൾ ലംഘിക്കുന്ന കേസുകൾ കൈകാര്യം ചെയ്യുന്ന കോടതിയെയും സുപ്രീം കോടതിയെയും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിക്രമമാണ്. ഭരണഘടനയുടെ ഈ ഭാഗത്ത് ഉൾക്കൊള്ളിച്ച ഏറ്റവും നിർണായക അവകാശം വസ്തുടമയെ സംബന്ധിച്ചുള്ളതാണെന്നത് ഏറ്റവും പ്രധാനമായിരിക്കുന്നു. ഇതോടനുബന്ധിച്ചാണ് സുപ്രീം കോടതിയുടെ മുൻപിൽ പലേ കേസുകളും വന്നത്. കോൺഗ്രസ് ഗവൺമെന്റ് ആവിഷ്കരിച്ച വളരെ മിതമായ സാമൂഹ്യപരിഷ്കാരങ്ങളെ ചോദ്യം ചെയ്തുകൊണ്ടുള്ള വിധികൾ വന്നിട്ടുള്ളതും ഇതോടനുബന്ധിച്ചുതന്നെയാണ്. വസ്തുടമാവകാശം എടുത്തു കളയത്തക്കവിധം ഭരണഘടനയിലെ മൗലികാവകാശങ്ങളിൽ മാറ്റം വരുത്താൻ പാർലമെന്റിനുപോലും അവകാശമില്ലെന്നുള്ള സുബ്ബറാവുവിന്റെ പ്രസിദ്ധമായ വിധിന്യായം വന്നതും ഇതോടനുബന്ധിച്ചുതന്നെ.

ഭരണഘടനയിൽ ഈ വ്യവസ്ഥ തുടരുന്ന കാലത്തോളം എല്ലാ പരിവർത്തനാത്മക നിയമനിർമാണങ്ങളെയും കോടതികൾ വെട്ടിവീഴ്ത്തുമെന്നുള്ളത് വളരെ വ്യക്തമാണ്. അതുപോലെ തന്നെ മറ്റൊരു കാര്യവും വ്യക്തമാണ്. സുബ്ബറാവുവിന്റെ വിധിന്യായം പ്രാബല്യത്തിലിരിക്കുന്നിടത്തോളം ഈ വിഷമഘട്ടത്തെ നേരിടത്തക്കവിധം ഭരണഘടനയിൽ ഭേദഗതികളേർപ്പെടുത്തുന്നതിനുള്ള പാർലമെന്റ് അധികാരം ദുർബലമായിരിക്കും.

19. ഭരണഘടനയുടെ മൂന്നാംഭാഗത്തിൽ ഉൾക്കൊള്ളിച്ചത് തീർച്ചയായും വസ്തുടമാവകാശം മാത്രമല്ല. പിന്നെയോ? നിയമത്തിന്റെ മുൻപിൽ സമത്വം, വർഗം, ജാതി, മതം, ലിംഗഭേദം, ജനനസ്ഥലം തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം എന്നിവയ്ക്കെതിരായ അവകാശം കൂടിയാണ്. ഗവൺമെന്റ് ജീവനം തുടങ്ങിയ കാര്യങ്ങളിലുള്ള അവസരസമത്വാവകാശം എന്നിവയും ഭരണഘടന വാഗ്ദാനം ചെയ്യുന്നുണ്ട്. ഇവയൊക്കെ കോടതികൾ പ്രാബല്യത്തിൽ വരുത്തേണ്ട വ്യവസ്ഥകളാണെന്നാണ് വെയ്പ്.

പക്ഷേ, ഇന്ത്യയിലെ ഓരോ പൗരനും മറ്റൊരു പൗരന്റെ മുൻപിൽ തുല്യാവകാശമുണ്ടെന്ന് ഭരണഘടന പ്രഖ്യാപിക്കുമ്പോൾ തന്നെ, സമ്പന്നരും ദരിദ്രരും തമ്മിലുള്ള അകലം ഇന്ത്യയിൽ വർധിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുത അനിഷേധ്യമാണ്. സുപ്രീംകോടതിക്കുപോലും ഈ വർധിച്ചുവരുന്ന അസമത്വം തടയാൻ സാധ്യമല്ല; നിയമകോടതികൾക്ക് ഈ അവകാശം പ്രബല്യത്തിലാക്കാൻ കഴിയുമെങ്കിലും. (കടലാസിൽ മാത്രം) ഇതാണ് യഥാർഥ സ്ഥിതി.

മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങളെ സംബന്ധിച്ച

അവകാശങ്ങളുടെ കാര്യത്തിലാവട്ടെ, ഹൈന്ദവേതര സമുദായങ്ങൾക്കെതിരെ-പ്രത്യേകിച്ചും മുസ്ലീങ്ങൾക്കെതിരെ-വെറുപ്പും വിരോധവും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന പട്ടാളച്ചിട്ടയുള്ള സംഘടനകൾ എത്ര ഭയങ്കര ഭീഷണിയായി കലാശിച്ചിരുന്നുവെന്നുമാത്രം ചൂണ്ടിക്കാണിച്ചാൽ മതിയാകും. യൂണിയൻ ഗവൺമെന്റിന്റെ ആഭ്യന്തരമന്ത്രിവരെ ഈ ഭീഷണിയുടെ ഗൗരവം എത്രമാത്രമുണ്ടെന്നു ചൂണ്ടിക്കാണിച്ചെങ്കിലും മതന്യൂനപക്ഷങ്ങളുടെ മേൽ അവർ നടത്തുന്ന ഈ ആക്രമണം തടയാൻ അദ്ദേഹത്തിനു വേണ്ടത്ര അധികാരശക്തിയില്ലെന്നാണ് തോന്നിപ്പോവുക. ഇവിടെയും ഭൂരിപക്ഷസമുദായങ്ങളുടെ പട്ടാളച്ചിട്ടയുള്ള സംഘടനാബോധത്തിനു മുൻപിൽ അവർക്കു കേവലം ഇരകളായി ന്യൂനപക്ഷസമുദായക്കാർ ദുർബലരായി പരിണമിക്കുന്നു. ന്യൂനപക്ഷാവകാശം ഉറപ്പുചെയ്യാൻ കടപ്പെട്ട കോടതികളും ഇവിടെ ദുർബലമായിത്തീരുന്നു. സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രാധാന്യവും വിശുദ്ധിയുമുള്ള മറ്റെല്ലാ മൗലികാവകാശങ്ങളെക്കുറിച്ചും വിശദമായ ഒരു അപഗ്രഥനം കൂടാതെ ഒരു കാര്യം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ, മൗലികാവകാശങ്ങളിൽ ഏറ്റവും മൗലികമായ വ്യക്തിസ്വാതന്ത്ര്യമാകട്ടെ ഏറ്റവും ഗുരുതരവും നിർലജ്ജവുമായ ലംഘനത്തിനു വിധേയമായിരിക്കയാണ്. ചൈനയുമായുള്ള അതിർത്തിത്തർക്കത്തിന്റെ ചൂടിനിടയ്ക്കു രൂപീകൃതമായ ഇന്ത്യൻ പ്രതിരോധനിയമത്തിന്റെ പ്രവർത്തനം പൊതുജനാഭിപ്രായത്തിന്റെ എല്ലാ മേഖലകളുടെയും അതിരൂക്ഷവിമർശനത്തിനു വിധേയമായി, സുപ്രീംകോടതിപോലും അതിന്റെ വിധിന്യായങ്ങളിലൊന്നിൽ രാജ്യരക്ഷാനിയമത്തിന്റെ ചില വകുപ്പുകളുടെ നിയമവിധേയത്വത്തെക്കുറിച്ചും ഭരണഘടനയുമായുള്ള പൊരുത്തത്തെക്കുറിച്ചും സംശയങ്ങൾ ഉന്നയിക്കുകയുണ്ടായി. എന്നുമാത്രമല്ല, പ്രസിഡന്റിന്റെ അടിയന്തരപ്രഖ്യാപനം കോടതിയുടെ അധികാരത്തിൽനിന്ന് അത്തരം നടപടികളെടുത്തു മാറ്റിയിരിക്കുന്നുവെന്ന അടിസ്ഥാനത്തിൽ വിധിന്യായം തടഞ്ഞുവയ്ക്കുക പോലും ചെയ്തു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, വസ്തുതുടമാവകാശത്തിനെതിരായ നിയമം പാസ്സാക്കുന്നതിനെ ബഹുഭൂരിപക്ഷത്തോടെ തടഞ്ഞ അതേ സുപ്രീംകോടതി വ്യക്തിസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ മൗലികാവകാശം ഗവൺമെന്റ് ആക്രമിക്കുന്നതിനെ നേരിടുന്നതിൽ ദുർബലമായി.

ഭരണഘടനയുടെ മൂന്നും നാലും ഭാഗങ്ങളിലെ വകുപ്പുകളുടെ ആത്യന്തികഫലവും കോടതികൾ അവയെ വ്യാഖ്യാനം ചെയ്യുന്ന വിധവും എക്സിക്യൂട്ടീവ് അത് പ്രാബല്യത്തിൽ വരുത്തുന്ന സമ്പ്രദായവും നിമിത്തം സ്വത്തുടമാവകാശത്തിന് വിധേയമാണ് മറ്റെല്ലാ മൗലികാവകാശങ്ങളുമെന്ന നിഗമനത്തിൽ, ഈ പശ്ചാത്തലത്തിൽ ഞങ്ങളെത്തിച്ചേർന്നാൽ അത് രാജ്യസ്നേഹപരമല്ലാത്ത നിലപാടാകുമോ? ഒരു ക്ഷേമരാഷ്ട്രസങ്കല്പത്തിന്റെ സത്ത ദിവ്യമായ ലക്ഷ്യങ്ങളുടെ വെറും

പ്രഖ്യാപനങ്ങൾ മാത്രമായി കലാശിക്കുകയല്ലേ ഇവിടെ സംഭവിക്കുന്നത്?

20. 'ഭരണഘടനാപരമായ പാതയിലൂടെ പരിവർത്തനാത്മകമായ സാമൂഹ്യസാമ്പത്തിക വ്യതിയാനങ്ങൾ' വരുത്താനാഗ്രഹിക്കുന്നവരെ അങ്ങനെ രണ്ടു വൈഷമ്യങ്ങളാണ് അഭിമുഖീകരിക്കുന്നത്. ഒന്നാമതായി, (ചിലേടങ്ങളിൽ സംഭവിച്ചതുപോലെ) ഒരു സംസ്ഥാന നിയമസഭയിൽ അവർക്കു ഭൂരിപക്ഷം കിട്ടുന്നപക്ഷം കേന്ദ്രത്തിന്റെ അധികാരം അവർക്കെതിരായി പ്രയോഗിക്കപ്പെടും. തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭയെ പിരിച്ചുവിടുന്നതുവരെ (1959-ൽ കേരളത്തിലും 1967-ൽ ബംഗാളിലും സംഭവിച്ചതുപോലെ) ഈ അധികാരം വ്യാപകമായി ദുരുപയോഗം ചെയ്യുന്നു. അത്ര ക്രൂരമായി സംസ്ഥാന മന്ത്രിസഭയെ പിരിച്ചുവിട്ടില്ലെങ്കിലും, സംസ്ഥാന നിയമസഭ പാസ്സാക്കുന്ന പരിവർത്തനാത്മക നടപടികളെ തടഞ്ഞുവയ്ക്കുന്ന അധികാരപ്രയോഗം (1958-59-ൽ കേരളത്തിന്റെ കാർഷിക പരിഷ്കരണബില്ലിനും വിദ്യാഭ്യാസ ബില്ലിനും സംഭവിച്ചതുപോലെ) ഉണ്ടാകും. അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭക്ഷണം, സാമ്പത്തിക സഹായം, പര്യാപ്തമായ വ്യാവസായികവളർച്ചയ്ക്കും മറ്റു വികസനങ്ങൾക്കുമായി ഉയർന്നുവരുന്ന ആവശ്യം എന്നിവ നിരാകരിക്കുന്ന നടപടി കേന്ദ്രത്തിൽനിന്നുണ്ടാകാം.

രണ്ടാമതായി, പരിവർത്തനാത്മക - സാമൂഹ്യ-സാമ്പത്തിക വ്യതിയാനങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ശക്തികൾ പാർലമെന്റിൽ ഭൂരിപക്ഷം നേടുന്നപക്ഷം, ഭരണഘടനയെത്തന്നെ അതിന്റെ മൗലിക മുഖങ്ങളിൽ ഭേദഗതികൾ വരുത്താതെ ഉടമാബന്ധങ്ങളെ സംബന്ധിച്ച പ്രശ്നങ്ങളിൽ അവരവരുടെ പരിപാടി നടപ്പാക്കുക സാധ്യമല്ല. ഇത് ഒട്ടും എളുപ്പമായ കാര്യമല്ല. മറിച്ച് വളരെ വൈഷമ്യമുള്ള നടപടിക്രമമാണ്. സാങ്കേതികമായി ഇതുതന്നെ പ്രയാസകരമാണ്. കാരണം ഭരണഘടനാഭേദഗതി "പാർലമെന്റിന്റെ ഓരോ മണ്ഡലവും അതിന്റെ ഭൂരിപക്ഷത്തോടെ പാസ്സാക്കുകയും ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗത്തിന്റെ പിന്തുണ അതു നേടുകയും വേണം." (വകുപ്പ് 368) രാഷ്ട്രീയമായും സാമൂഹ്യപരിവർത്തനത്തിനുവേണ്ടി നിൽക്കുന്ന ചേരിയുടെ നേതാക്കളും അതിന്റെ എതിരാളികളും തമ്മിൽ കടുത്ത സംഘട്ടനത്തിന് അതു കാരണമാക്കുന്നുണ്ട്. ഈ എതിരാളികൾ, എല്ലാവർക്കും അറിയാവുന്നതുപോലെ വളരെ ശക്തന്മാരാണ്. ആളുകളെ ചിന്താക്കുഴപ്പത്തിലാക്കത്തക്ക പ്രചാരണോപാധികൾ അവരുടെ അധീനത്തിലുണ്ട്. കനത്ത പണസഞ്ചികളുടെ ഉടമാവകാശികളാണവർ. സാമൂഹ്യപരിവർത്തന സംരംഭങ്ങൾക്കെതിരായി ബഹുജനങ്ങളിൽ ഗണ്യമായ വിഭാഗങ്ങളെ അണിനിരത്തത്തക്കവിധം അവർക്കിതു വിപുലമായി ഉപയോഗപ്പെടുത്തുവാൻ കഴിയും. അങ്ങനെ സാമൂഹ്യപരിവർത്തനത്തിന്റെ നേതാക്കളും എതിരാളികളും സൃഷ്ടിക്കുന്ന ചേരികളിൽ അണിനിരക്കുന്നവർ തമ്മിൽ സംഘട്ടനങ്ങളും വിവാദങ്ങളും വളർന്നുവരികയെന്നത് അനിവാര്യമായി

ത്തീരുന്നു. ഇങ്ങനെ ഇരുചേരികൾ തമ്മിൽ സംഘട്ടനം വളർന്നുവരുന്ന സാഹചര്യത്തിൽ, പാർലമെന്ററി ജനാധിപത്യ സമ്പ്രദായം ഭദ്രമായിരിക്കുമെന്നും മറ്റനേക രാജ്യങ്ങളിൽ സംഭവിച്ചതുപോലെ, അട്ടിമറിക്കപ്പെടുകയില്ലെന്നും കരുതുന്നത് അയഥാർഥമായിരിക്കും.

21. ഭരണഘടന തകരുന്നതിന് ഇതുമാത്രമല്ല മാർഗമുള്ളത്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധത്തിൽ ക്രമമായി സംഭവിച്ചുകൊണ്ടിരിക്കുന്ന തകർച്ച ഭരണഘടനയുടെ സുഗമമായ പ്രവർത്തനത്തിന് പ്രതികൂലമായ തുല്യനിലവാരമുള്ള ഭീഷണിയാണ്. കൂടുതൽ അധികാരത്തിനും സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്കും കൂടുതൽ വിഹിതത്തിനും വേണ്ടി സമരം ചെയ്യുന്ന (കോൺഗ്രസ് ഭരിക്കുന്നതുൾപ്പെടെ) എല്ലാ സംസ്ഥാനങ്ങളുടെയും കാശ്മീർ, നാഗലാൻഡ്, മിസോലാൻഡ്, അസം ഗിരിവർഗജനതകൾ, ഹിന്ദി – ഹിന്ദി വിരോധ സംഘട്ടനം എന്നിവയുടെയും പേരുമാത്രം ഇവിടെ സൂചിപ്പിച്ചാൽ കാര്യം വ്യക്തമാകും. ഇവയോരോന്നും സ്ഫോടനാത്മകപ്രശ്നങ്ങളാണ്. ഇവയിൽ ചിലവയാകട്ടെ, ശരിക്കുള്ള സ്ഫോടനത്തിന്റെ അവസ്ഥയിലെത്തിക്കഴിഞ്ഞു. ഈ പ്രശ്നങ്ങളിലേതിനെങ്കിലും പരിഹാരം കാണാൻ എത്ര കൂടുതൽ സമയമെടുക്കുന്നോ അത്രയും അത് സങ്കീർണമായി കലാശിക്കുകയും ചെയ്യുന്നു. നേരെമറിച്ച് മുന്നോട്ടു വയ്ക്കുന്ന ഓരോ പരിഹാര നിർദേശവും പ്രസ്തുത പ്രശ്നത്തിന് ഇതുവരെയുണ്ടാകാതിരുന്ന കൂടുതൽ സങ്കീർണതയ്ക്കു കാരണമായിത്തീരുന്നു. അങ്ങനെ പരിഹാരമാർഗങ്ങൾക്കു ശ്രമിച്ചുകൊണ്ടിരിക്കുന്നവർ ഇന്ന് ഒരു നിശ്ചലസന്ധിയെ നേരിടുകയാണ്.

22. ഞങ്ങളുടെ പാർട്ടിയുടെ കാഴ്ചപ്പാടിൽ ഇതിനുള്ള കാരണം, ഭരണഘടനയിൽ തിരുകിക്കയറ്റിയ ഫെഡറൽ രാഷ്ട്രഘടനയെ സംബന്ധിച്ച തികച്ചും അയഥാർഥമായ ധാരണയാണ്. രാജ്യത്തിന്റെ ഐക്യത്തിന് 'ശക്തിമത്തും അധികാരപൂർണവുമായ കേന്ദ്ര'മുണ്ടായിരിക്കണമെന്നതാണ് ആ ധാരണ. രാഷ്ട്രാധികാരത്തിന്റെ സത്ത കേന്ദ്രത്തിൽ നിക്ഷിപ്തമായിരിക്കത്തക്കവിധമാണ്, ഫെഡറൽ കേന്ദ്രവും സ്റ്റേറ്റ് യൂണിയനുകളും തമ്മിലുള്ള അധികാര വിഭജനം നടത്തപ്പെട്ടിട്ടുള്ളത്. സ്റ്റേറ്റുകൾക്ക് അധികാരത്തിന്റെ പുറംഭാവങ്ങൾ മാത്രമാണുള്ളത്.

സാമ്പത്തിക വികസനത്തിന്റെയും പ്ലാനിംഗിന്റെയും മൊത്തം മേഖല, കറൻസി, ധനകാര്യം, വിലനിലവാരം തുടങ്ങിയവയുടെമേലുള്ള നിയന്ത്രണം; അയവേറിയതും വികസിതവുമായ നികുതിയുടെ പ്രഭവങ്ങൾ; എന്നിവയെല്ലാം കേന്ദ്രാധികാരത്തിൽ നിക്ഷിപ്തമാണ്. സംസ്ഥാനങ്ങളുടെ സാമ്പത്തികനിയമങ്ങൾ രൂപീകരിക്കാനുള്ള അവകാശം ഇതുമൂലം കേന്ദ്രത്തിനു ലഭിക്കുന്നു. സംസ്ഥാനങ്ങൾക്ക് ഔപചാരികമായി നൽകിയ വിഷയങ്ങളുടെ കാര്യത്തിൽപോലും 'അഖിലേന്ത്യാ ഐക്യ'ത്തിന്റെ പേരിൽ കേന്ദ്രത്തിന് തങ്ങളുടെ നിർദേശങ്ങളെ

സംസ്ഥാനത്തെക്കൊണ്ട് അനുസരിപ്പിക്കാൻ കഴിയുന്നു.

കേന്ദ്രത്തോട് സംസ്ഥാനങ്ങൾക്ക് സാമ്പത്തിക കാര്യങ്ങളിലുള്ള വിധേയത്വം ഇതിന് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. സംസ്ഥാന ഗവൺമെന്റുകൾ ഭരണം നടത്തിക്കൊണ്ടു പോകേണ്ട ഏജൻസിയായ സംസ്ഥാന സിവിൽസർവീസുകളെ നിയന്ത്രിക്കുന്നത് കേന്ദ്രമാണ്. ബ്രിട്ടീഷ് ഭരണാധികാരികളുടെ പഴയ 'ഉരുക്കുചട്ടക്കൂടി'ന്റെ ഒരു പുതിയ പതിപ്പാണ് ഈ ഏജൻസി. ഭരണഘടനതന്നെയും ഫെഡറൽ കേന്ദ്രത്തിന് വിപുലമായ അധികാരങ്ങൾ നൽകിയിരിക്കുമ്പോൾ, അതിന്റെ പതിനെട്ടു വർഷത്തെ പ്രവർത്തനമാകട്ടെ, സംസ്ഥാനാധികാരങ്ങളിലേക്ക് പുതിയ ഇടനാഴികൾ ഉണ്ടാക്കിയിരിക്കയാണ്. ഇങ്ങനെ കേന്ദ്രത്തിന്റെ എപ്പോഴും വികസ്വരമായിക്കൊണ്ടിരിക്കുന്ന അധികാരത്തിനുമുമ്പിൽ, കൂടുതൽ അധികാരങ്ങൾക്കുവേണ്ടി പോരടിക്കേണ്ട സാഹചര്യമാണു സംസ്ഥാനങ്ങൾക്കുള്ളത്. സംസ്ഥാനങ്ങളുടെ ഈ അഭിനിവേശങ്ങളും കേന്ദ്രാധികാരമെന്ന വസ്തുതയും തമ്മിലുള്ള സംഘട്ടനം, മുമ്പ് പരാമർശിച്ച സമ്പന്നവർഗവും ദരിദ്രവർഗവും തമ്മിലുള്ള സംഘട്ടനത്തോളം രൂക്ഷമായിക്കൊണ്ടിരിക്കുന്നു.

23. ഈ പ്രതിഭാസത്തെക്കുറിച്ച് യഥാർഥമായ ഒരു ധാരണ കിട്ടുന്നതിന് ഫെഡറൽ രാഷ്ട്രമെന്ന ആശയമെങ്ങനെ വന്നുവെന്നതിന്റെ ചരിത്രത്തിലേക്കു കടക്കണം. ഭരണഘടനാനിർമാണജോലി കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ആരംഭിക്കുന്നതിനു മുൻപ് അരനൂറ്റാണ്ടോളം കാലത്തെ ചരിത്രമുള്ള ഭാഷാപ്രവിശ്യാപ്രക്ഷോഭത്തോടു ബന്ധപ്പെട്ടുവേണം ഫെഡറൽ ആശയത്തിന്റെ ജനനത്തെ വിലയിരുത്താൻ. സാമ്രാജ്യവിരുദ്ധസ്വാതന്ത്ര്യപ്രസ്ഥാനം മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ വരികയും ഗ്രാമീണജനലക്ഷങ്ങളിലേക്ക് അതു നൂഴ്ന്നുകയറുകയും ചെയ്തതോടെ, സ്വാതന്ത്ര്യയോദ്ധാക്കളുടെ മർമസ്പർശിയായ മുദ്രാവാക്യങ്ങളിലൊന്നായി ഭാഷാപ്രവിശ്യാരൂപികരണം ഉയർന്നുവന്നു. സ്വാതന്ത്ര്യപ്രസ്ഥാനം എന്തിനു വേണ്ടി രൂപംകൊണ്ടുവോ ആ 'ഇന്ത്യനൈക്യ'ത്തിന്റെ പ്രശ്നം 'അനേകഭാഷാ സാംസ്കാരികഗ്രൂപ്പുകളുടെ വൈവിധ്യ'ത്തിൽനിന്ന് മാറ്റിനിർത്താൻ സാധ്യമല്ലെന്നതിന്റെ വ്യക്തമായ സൂചനയായിരുന്നു ഇത്. പുരാതന ഇന്ത്യയിലെ ചക്രവർത്തിമാർ ചെലുത്തിവന്ന സൈനികാധികാരമോ, 'ഏകീകൃത ഇന്ത്യ' രൂപീകരിച്ചുവെന്നവകാശപ്പെടുന്ന ബ്രട്ടീഷുകാരുടെ കൊളോണിയൽ മർദ്ദനോപകരണമോ സ്വതന്ത്രജനാധിപത്യ ഇന്ത്യയിൽ പ്രയോഗിക്കുക സാധ്യമല്ല. മുഴുവൻ ജനതയുടെ പൊതുതാൽപ്പര്യത്തിന് ആവശ്യമായുള്ളത്രയും കുറഞ്ഞ അധികാരങ്ങൾ കൈവശംവച്ചുകൊണ്ട് എല്ലാ ഭാഷാ സാംസ്കാരികഗ്രൂപ്പുകൾക്കും വളർച്ചയ്ക്കുള്ള മുഴുവൻ സ്വാതന്ത്ര്യവും ഏകീകൃത ഇന്ത്യയുടെ നേതാക്കൾ അനുവദിക്കുമെങ്കിൽ മാത്രമേ ഇന്ത്യനൈക്യം നിലനിർത്താൻ കഴിയൂ. ഫെഡറൽ ആശയത്തിന്റെ സത്തയാണിത്.

24. ഹിന്ദു-മുസ്ലിം ബന്ധങ്ങളുടെ പ്രശ്നമായി ഇത് കൂടിക്കലർന്നതു നിമിത്തം സ്വാതന്ത്ര്യലബ്ധിക്കുമുൻപുള്ള വർഷങ്ങളിൽ ഇതേക്കുറിച്ചുള്ള ചർച്ച വികൃതരൂപം പ്രാപിച്ചു. രണ്ടു ഭൂരിപക്ഷ മതവിഭാഗങ്ങളുടെ വക്താക്കൾ യൂണിറ്ററി-ഫെഡറൽ ഘടനകളുടെ നേതാക്കളായിത്തീർന്നു. ഈ രണ്ടു സമുദായങ്ങളുടെ ഒരു അനുരഞ്ജനശ്രമത്തിനിടയിലാണ് (1816-ലെ ലക്നോ കരാർ, 1935-ലെ ഭരണഘടനയെത്തുടർന്നുള്ള വർഷങ്ങളിലെ സർവകക്ഷിസമ്മേളനം, 1947-ൽ അധികാരമാറ്റത്തിനുമുമ്പുള്ള ചർച്ചകൾ) ഫെഡറൽ ആശയം നാഷണൽ കോൺഗ്രസിന്റെ നേതാക്കൾ സ്വീകരിച്ചത്. അനുരഞ്ജനമെന്ന നിലയിൽ മാത്രമാണ് ഫെഡറൽ ആശയം സ്വീകരിച്ചതെന്നുള്ളതുകൊണ്ട് വളരെയധികം അഭിപ്രായനിയന്ത്രണങ്ങളുണ്ടായിരുന്നു. അതുകൊണ്ട് യൂണിറ്ററി സങ്കല്പത്തെ തങ്ങൾക്കു കഴിയുന്നിടത്തോളം മടക്കികൊണ്ടുവരുവാൻ ആദ്യം കിട്ടിയ അവസരം തന്നെ— ഇന്ത്യാവിഭജനം മുസ്ലീംലീഗിനെ രംഗത്തുനിന്നും ഒഴിവാക്കുകയുണ്ടായല്ലോ— അവർ ഉപയോഗിച്ചു. അങ്ങനെയാണ് ഭരണഘടനാ നിർമാണത്തിന്റെ അവസരത്തിലവർ ഫെഡറൽ ആശയം വെറും വാക്കുകളിലൊതുക്കുകയും രാഷ്ട്രസംവിധാനമൊട്ടാകെ യൂണിറ്ററി ഘടനയിൽ നിന്നു വേർതിരിച്ചറിയാനാവാത്തവിധം ഫെഡറൽ കേന്ദ്രത്തെ അത്ര സുശക്തമാക്കുകയും ചെയ്തത്.

25. കാശ്മീർ പ്രശ്നം കേന്ദ്രനേതാക്കൾ കൈകാര്യം ചെയ്ത വിധം ഇതിലേക്കു കൂടുതൽ വെളിച്ചം വീശുന്നു. കാശ്മീർ പ്രശ്നത്തെക്കുറിച്ച് ഏറ്റവും രൂക്ഷമായ സംഘട്ടനം നടക്കുന്ന ദിവസങ്ങളിൽ—അത് സ്വാതന്ത്ര്യലബ്ധിക്കു തൊട്ടുപിന്നിലുള്ള വർഷങ്ങളിലാണ്—പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നീ വിഷയങ്ങളിൽ മാത്രം കാശ്മീർ ഇന്ത്യൻയൂണിയനിൽ ചേന്നാൽ മതിയെന്നു തീരുമാനിക്കപ്പെട്ടിരുന്നു. മറ്റെല്ലാ വിഷയങ്ങളെ സംബന്ധിച്ചിടത്തോളവും ജമ്മു-കാശ്മീർ സംസ്ഥാനം പരമാധികാരരാഷ്ട്രമായാണ് അംഗീകരിക്കപ്പെട്ടത്. ക്രമേണ വർധമാനമായ ഇടപെടലുകൾ ആ സംസ്ഥാനത്തിന്റെ നേർക്കുണ്ടായി. അത് ആ സംസ്ഥാനത്തെ ഇന്നത്തെ നിലയിലെത്തിച്ചു. മറ്റേതു സംസ്ഥാനത്തേയുംപോലെ ഇന്ന് ജമ്മു-കാശ്മീർ ഇന്ത്യയുടെ ഭാഗമായി തീർന്നിരിക്കുന്നു. ഇത് എന്തായാലും ഏറ്റവും രൂക്ഷവും തുടർന്നുകൊണ്ടിരിക്കുന്നതുമായ സംഘട്ടനത്തിനു വഴിതെളിച്ചിരിക്കുകയാണ്. മുൻ കാശ്മീർ പ്രധാനമന്ത്രി ഷെയ്ക്ക് അബ്ദുള്ളയുടെ പലപ്പോഴായുള്ള അറസ്റ്റുകളും മോചനങ്ങളും അദ്ദേഹത്തെ അവസാനമായി മോചിപ്പിച്ചതിനു ശേഷമുള്ള സ്തംഭനാവസ്ഥയും ജമ്മു-കാശ്മീരിനെ സംബന്ധിച്ചിടത്തോളം കേന്ദ്രസംസ്ഥാന ബന്ധങ്ങളിൽ ഉളവയായിട്ടുള്ള ഏറ്റവും ഗൗരവാവഹമായ സംഘർഷത്തെ സൂചിപ്പിക്കുന്നു.

26. ഈ ഉദാഹരണവും ഇതോടൊപ്പം നാഗാലാൻഡ്, മിസ്സോലാൻഡ്, അസം കുന്നുകൾ എന്നീ പ്രദേശങ്ങളിൽ വളർന്നുവരുന്ന സാഹചര്യവും

ബന്ധപ്പെട്ട ജനങ്ങളുടെ സമ്മതപൂർവമല്ലാതെ, ഇവയുമായി ചേർന്നുള്ള ഇന്ത്യനൈക്യം സംരക്ഷിക്കാൻ സാധ്യമല്ലെന്നാണു കാണിക്കുന്നത്. കേന്ദ്രത്തിൽ നിക്ഷിപ്തമായ അധികാരങ്ങളുടെ പ്രയോഗം, ഈ പ്രദേശങ്ങളിലെ ജനങ്ങൾ കൂടുതൽ കൂടുതൽ കേന്ദ്രത്തിന്റെ ശത്രുക്കളായിത്തീരാനെ പ്രയോജനപ്പെടു. ഈ പ്രക്രിയ കുറേനാളത്തേക്കുകൂടി തുടരുന്നപക്ഷം, ഇന്ത്യയിൽ നിന്നും പൂർണമായി വേറിട്ടു പോകുന്നതിനുള്ള പ്രസ്തുത ജനങ്ങളുടെ ആവശ്യത്തെ തടഞ്ഞുനിർത്താൻ കഴിയാതെ വരും.

27. ഹിന്ദി-അഹിന്ദി തർക്കവും കൂടുതലധികാരങ്ങൾക്കും കൂടുതൽ സാമ്പത്തിക വിഭവങ്ങൾക്കും വേണ്ടിയുള്ള എല്ലാ സംസ്ഥാനങ്ങളുടെയും പൊതുനീക്കവും അത്ര കടന്ന രാഷ്ട്രീയ സംഘർഷത്തിൽ എത്തിയിട്ടില്ല. പക്ഷേ, ശരിയായ കാഴ്ചപ്പാടോടും നയതന്ത്രജ്ഞതയോടും നേരിടാത്തപക്ഷം അവയും ഇതേ മാതിരി തന്നെ വികസിച്ചുവരുമെന്നുള്ളതിന് ധാരാളം സൂചനകളുണ്ട്. ഇപ്രകാരമുള്ള നയതന്ത്രജ്ഞതസമീപനത്തിന് പ്രാരംഭമായി വേണ്ടത് ഇന്ത്യ വിഭിന്നഭാഷാ സാംസ്കാരിക ചായ്വുള്ള ജനങ്ങൾ അധിവസിക്കുന്ന രാജ്യമാണെന്നുള്ള വസ്തുതയുടെ അംഗീകാരമാണ്. ജനങ്ങളുടെ ഈ 'വൈവിധ്യം' കണക്കിലെടുക്കാതെ രാജ്യത്തിന്റെ 'ഐക്യം' രൂപപ്പെടുത്താനുള്ള ഏതു സംരംഭവും ശിഥിലീകരണത്തിനും കുഴപ്പത്തിനും വഴിതെളിക്കും. 1965-ലെ ഹിന്ദിവിരുദ്ധ സ്ഫോടനം ഈ വസ്തുതയാണ് അനുസ്മരിപ്പിക്കുന്നത്. ഔദ്യോഗിക ഭാഷയെകുറിച്ചുള്ള ഭരണഘടനയുടെ 340-ാം വകുപ്പിനെ യഥാർഥത്തിൽ നിഷേധിച്ചുതള്ളിയ ഒരു സ്ഫോടനമായിരുന്നു അത്. അതേ വകുപ്പിന്റെ രണ്ടാം ഉപവകുപ്പിൽ പറയുന്നതനുസരിച്ചുള്ള പതിനഞ്ചു വർഷം കഴിഞ്ഞിട്ടും യൂണിയന്റെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും ഇംഗ്ലീഷാണ് തുടർന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല അനിശ്ചിതകാലത്തേക്ക് അത് തുടരുകയും ചെയ്തു. സാമ്പത്തിക പ്രശ്നങ്ങളിന്മേലുള്ള കേന്ദ്ര സംസ്ഥാനസംഘട്ടനങ്ങൾ നൂറായിരക്കണക്കിനാളുകളെ പങ്കെടുപ്പിച്ച പ്രസ്ഥാനങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും വഴിതെളിച്ചിട്ടുണ്ട്. ചിലപ്പോൾ ഒരു സംസ്ഥാനത്തെ ജനത മറ്റൊരു സംസ്ഥാന ജനതയ്ക്കെതിരായിട്ടായിരിക്കും. ചിലപ്പോൾ കേന്ദ്രത്തിനെതിരായിട്ടായിരിക്കും അവരുടെ നീക്കം. കാശ്മീർ, നാഗാലാൻഡ് തുടങ്ങിയവയെപ്പോലെ ഈ പ്രശ്നങ്ങളൊക്കെ രൂക്ഷമായിത്തീരാൻ കാലത്തിന്റെ വ്യത്യാസം മാത്രമേ ഉള്ളു. അല്ലെങ്കിൽ ഈ പ്രസ്ഥാനങ്ങളുടെ പിന്നിലുള്ള യഥാർഥ ശക്തികളെക്കുറിച്ചുള്ള ബോധത്തോടും വേണ്ടത്ര ദീർഘദർശനത്തോടുംകൂടി പ്രശ്നനിവൃത്തിക്ക് നടപടിയെടുക്കണം.

28. ഭരണഘടനാ വ്യവസ്ഥകൾ പ്രകാരം നിർമിച്ചുയർത്തിയ സ്റ്റേറ്റ് ഘടനയ്ക്ക് സമഗ്രമായ അഴിച്ചുപണി വേണ്ടിയിരിക്കുന്നുവെന്ന് ഈ കാഴ്ചപ്പാടിൽ നോക്കിയാലും വ്യക്തമാകും. ഈ അഴിച്ചുപണി എങ്ങനെ

വേണമെന്നുള്ളതിനെക്കുറിച്ച് ഇവിടെ വിശദമായി പറയേണ്ടതില്ല. പറയാവുന്നതും പറയേണ്ടതുമായ കാര്യം സംസ്ഥാനങ്ങളുടെമേൽ കടന്ന് അധികാരം ചെലുത്തുന്ന 'ശക്തിമത്തായ കേന്ദ്രം' എന്ന സങ്കല്പം പരീക്ഷിച്ചു പരാജയപ്പെട്ടുവെന്നതാണ്. ഇങ്ങനെയൊരു ഘടന അതിനു മുകളിൽ സ്വയം സംഭരിച്ചുവച്ച സംഘർഷങ്ങളുടെ അമിതഭാരംകൊണ്ട് തകരുമെന്നു തീർച്ചയാണ്.

29. ഇന്ത്യയുടെ റിപ്പബ്ലിക്കൻ ഭരണഘടനയുടെ നേർക്ക് ഞങ്ങളുടെ പാർട്ടി അവലംബിച്ച മനോഭാവം ചുരുക്കി പറഞ്ഞിട്ട് ഈ ചർച്ച ഉപസംഹരിക്കാം.

എ) അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും അവരുടെ രാഷ്ട്രീയ പ്രതിനിധികൾക്കും സംഘടിക്കാനും ഒരു പുതിയ സോഷ്യലിസ്റ്റ് സംവിധാനത്തിനു വേണ്ടിയുള്ള സമരായുധങ്ങൾ സജ്ജീകരിക്കാനും അവസരങ്ങൾ നൽകുന്ന ഒന്നെന്ന നിലയിൽ ഭരണഘടനയുടെ നിർമാണത്തെ ഞങ്ങൾ ഒരു ചരിത്രസംഭവമായാണ് കാണുന്നത്. രാജ്യത്താകമാനം കോൺഗ്രസിന്റെ ശക്തി ദുർബലപ്പെടുത്തിയും ഏതാനും സംസ്ഥാനങ്ങളിൽ കോൺഗ്രസിനെതിരെ ഗവൺമെന്റുകൾ രൂപീകരിച്ചുകൊണ്ടും ഈ വിഭാഗങ്ങൾ കൈവരിച്ച വിജയങ്ങൾ പാർലമെന്ററി സമ്പ്രദായത്തോടുള്ള ഞങ്ങളുടെ അനുകൂലഭാവം അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾക്കു വേണ്ടിയാണെന്ന് തെളിയിക്കുന്നു.

ബി) വ്യവസ്ഥാപിത മാർഗത്തിലൂടെ മാത്രം ഇന്നത്തെ ചൂഷണപ്രവണമായ സാമൂഹ്യ സാമ്പത്തിക ഘടനയെ സോഷ്യലിസ്റ്റ് സംവിധാനത്തിലേക്ക് പരിവർത്തിപ്പിക്കതക്ക വിധം ഈ ഘടന പരിപൂർണമാണെന്ന് കരുതുന്നത് അപകടംപിടിച്ച സങ്കല്പമായിരിക്കും. സ്ഥാപിത താൽപ്പര്യങ്ങൾ ഈ ഘടനയെ അട്ടിമറിക്കുമെന്നുള്ളത് അപകടം തികഞ്ഞ യാഥാർഥ്യമാണ്. ഇനി ആ അപകടം ഒഴിവാക്കുകയും അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ പ്രതിനിധികൾക്ക് കേന്ദ്രപാർലമെന്റിൽ ഭൂരിപക്ഷം കിട്ടുകയും ചെയ്താൽ തന്നെയും, ഈ സാമൂഹ്യ പരിവർത്തനങ്ങൾ സാധിച്ചെടുക്കുന്നതിന് ഭരണഘടന ഇന്നു നിർമിച്ചു പ്രവർത്തിക്കുന്ന ഗതിക്രമത്തിനു പാടേ മാറ്റം വരുത്തേണ്ടിയിരിക്കുന്നു.

സി) രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഇതിനകം ഗൗരവതരമായ സംഘർഷങ്ങൾ ഉയർന്നുവന്നതിനും മറ്റു പലേടങ്ങളിലേക്ക് അതു വ്യാപിക്കുന്നതിനും കാരണമായ കേന്ദ്രസംസ്ഥാനബന്ധത്തെ സംബന്ധിച്ചുയർന്ന പ്രശ്നങ്ങളുടെ തികച്ചും തെറ്റായ കൈകാര്യം ചെയ്യലിൽ നിന്നാണ്, മുകളിൽ പറഞ്ഞതിനോടു തുല്യമോ, അതിലും ഉപരിയോ ആയ അപകടം സംഭവിക്കാവുന്നത്. അതുകൊണ്ട് 'നാനാത്വത്തിൽ ഏകത്വം' എന്ന പ്രസിദ്ധ മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ദേശിയോദ്ഗ്രഥത്തിനുവേണ്ടിയും ഭരണകക്ഷിയുടെ തെറ്റായ നയങ്ങൾക്കെതിരായും ഉള്ള സമരം, പാർലമെന്ററി ജനാധിപത്യസംവിധാനത്തിന്റെ സംരക്ഷ

ണത്തിനുവേണ്ടിയുള്ള സമരത്തിന്റെ അവിഭാജ്യഘടകമായി കണക്കാക്കണം.

ഡ) പാർലമെന്ററി സംവിധാനം തുടരുകയും അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ പ്രതിനിധികൾ അതിനെ സമർഥമായി ഉപയോഗിക്കുകയും ചെയ്യുന്ന പക്ഷം അത്രത്തോളംകാലം പിന്തിരിപ്പന്മാരിൽനിന്ന് പാർലമെന്ററി സമ്പ്രദായത്തിന്റെ നേർക്കുയരുന്ന ഭീഷണികളെ തിരിച്ചടിക്കാൻ കഴിയും. പ്രായപൂർത്തിവോട്ടവകാശം, മൗലികാവകാശങ്ങളുടെ പ്രഖ്യാപനം, രാഷ്ട്രീയനയത്തിന്റെ മാർഗദർശകതത്ത്വങ്ങൾ നിയമനിർമാണസമതികൾ, ജുഡീഷ്യറി തുടങ്ങിവയെല്ലാം പാർലമെന്ററി സമ്പ്രദായത്തിന്റെ അട്ടിമറിക്കുവേണ്ടിയുള്ള പിന്തിരിപ്പൻ സംരംഭങ്ങൾക്കെതിരായി കൂടുതൽ കൂടുതൽ ജനങ്ങളെ അണിനിരത്തുന്നതിലേക്ക് പരിമിതമായതോതിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

അപ്രകാരമൊരു സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങളുടെ പാർട്ടി ജനങ്ങളുടെ മുമ്പിൽ, രാഷ്ട്രഘടനയെ അടിമുടി പൊളിച്ചെഴുതുന്നതിനുള്ള ഒരു പരിപാടിവെച്ചത്. പ്രസ്തുത പരിപാടി താഴെ ചേർക്കുന്നു:

1. ജനങ്ങളുടെ പരമാധികാര ആനുപാതിക പ്രാതിനിധ്യം അനുസരിച്ചും നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷത്തിന് ഏതു സമയത്തും മടക്കി വിളിക്കാൻ അവകാശമുണ്ടെന്ന അടിസ്ഥാനത്തിലും ജനങ്ങൾ തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികളിലായിരിക്കും രാഷ്ട്രത്തിന്റെ പരമാധികാരം നിക്ഷിപ്തമായിരിക്കുക.

2. പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്കും പതിനെട്ടു വയസ്സ് പ്രായമുള്ള ആണും പെണ്ണുമായ എല്ലാ പൗരന്മാർക്കും സാർവത്രികവും തുല്യവും നേരിട്ടുള്ളതുമായ വോട്ടവകാശമുണ്ടായിരിക്കും. രഹസ്യ ബാലറ്റുവഴി ഏതു പ്രതിനിധി സ്ഥാപനത്തിലേക്കും തിരഞ്ഞെടുക്കപ്പെടാൻ ഏതു വോട്ടർക്കും അവകാശമുണ്ടായിരിക്കും.

3. ഇന്ത്യൻ ഫെഡറേഷനകത്തുള്ള വിവിധ സംസ്ഥാനങ്ങൾക്ക് വിപുലമായ പരമാധികാരം ഉണ്ടായിരിക്കും.

4. സംസ്ഥാനങ്ങളെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്ന ഗതിക്രമം പൂർത്തീകരിക്കുക. എല്ലാ സംസ്ഥാനങ്ങൾക്കും തുല്യാധികാരങ്ങൾ ഉണ്ടായിരിക്കണം.

5. മുകളിൽനിന്നു നിയമിക്കുന്ന ഗവണർണർമാർ സംസ്ഥാനങ്ങൾക്കുണ്ടായിരിക്കയില്ല. ഉപരിസഭയെന്നു വിളിക്കപ്പെടുന്ന നിയമസഭാമണ്ഡലവും ഉണ്ടായിരിക്കില്ല. എന്നാൽ കേന്ദ്രനിയമസഭയ്ക്ക് രണ്ടു മണ്ഡലങ്ങളുണ്ടായിരിക്കും–ഹൗസ് ഓഫ് ദി പീപ്പിളും, ഹൗസ് ഓഫ് സ്റ്റേറ്റ്സും –രണ്ടിനും തുല്യാധികാരങ്ങളായിരിക്കും. അംഗസംഖ്യയും തുല്യമായിരിക്കും. ഇന്ത്യൻ യൂണിയനിലെ എല്ലാ സംസ്ഥാനങ്ങൾക്കും ഹൗസ് ഓഫ്

സ്റ്റേറ്റ്സിൽ തുല്യ പ്രാതിനിധ്യമാണുണ്ടായിരിക്കുക. ഇരു സഭകളുടെയും തീരുമാനങ്ങൾക്ക് അനുസരിച്ചായിരിക്കും പ്രസിഡന്റ് പ്രവർത്തിക്കുക. മറ്റ് അധികാരങ്ങളൊന്നും പ്രസിഡന്റിന് ഉണ്ടായിരിക്കയുമില്ല.

6. ഗോത്രവർഗ പ്രദേശങ്ങൾക്കോ ജനങ്ങളുടെ സമുദായസമ്പ്രദായം പ്രത്യേക തരത്തിൽ നിലവിലുള്ള പ്രദേശങ്ങൾക്കോ (പ്രത്യേക സാമൂഹ്യ-സാംസ്കാരിക വ്യവസ്ഥകൾകൊണ്ട് അവ വേർതിരിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ) ബന്ധപ്പെട്ട സംസ്ഥാനത്തിനുള്ളിൽ പ്രാദേശിക ഗവൺമെന്റിനോടുകൂടി പ്രാദേശിക പരമാധികാരം അനുവദിക്കുന്നതായിരിക്കും. അവയുടെ വികസനത്തിനോ പൂർണ പരമാധികാരത്തിനോ വേണ്ട സഹായങ്ങളും നൽകുന്നതായിരിക്കും.

7. പ്രാദേശിക സ്വയംഭരണത്തിന്റെ മേഖലയിൽ, ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുന്നതും യഥാർഥമായ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നിക്ഷിപ്തമായിട്ടുള്ളതുമായ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു വിപുലശൃംഖല രൂപീകരിക്കും. ഈ സ്വയം ഭരണസ്ഥാപനങ്ങൾക്ക് പര്യാപ്തമായ സാമ്പത്തിക വിഹിതം അനുവദിക്കും.

8. എല്ലാ അഡ്മിനിസ്ട്രേറ്റീവ് സർവീസുകളും സംസ്ഥാനങ്ങളുടെയും, പ്രദേശിക സ്വയംഭരണാധികൃതരുടെയും അധീനതയിലായിരിക്കും.

9. നീതിന്യായരംഗത്ത് ജനാധിപത്യപരമായ വ്യതിയാനങ്ങളേർപ്പെടുത്തും. എക്സിക്യൂട്ടിവിൽനിന്ന് തീർത്തും സ്വതന്ത്രമായിരിക്കും ജുഡീഷ്യറി. പാർലമെന്റ്, നിയമസഭകൾ, അല്ലെങ്കിൽ വിവിധതലങ്ങളിലുള്ള ജനസ്ഥാപനങ്ങൾ എന്നിവയുടെ അംഗീകാരത്തിനു വിധേയമായിട്ടായിരിക്കും ജഡ്ജിമാരുടെ നിയമനം.

ഒരു നിയമകോടതിയുടെ മുമ്പിൽ ഏത് ഉദ്യോഗസ്ഥനെതിരായും കേസ് കൊടുക്കാൻ എല്ലാവർക്കും അവകാശമുണ്ടായിരിക്കും-എല്ലാവർക്കും നിയമപരമായ പരാതിക്കു പരിഹാരം കിട്ടുന്നതിലേക്ക്, ആവശ്യമുള്ളവർക്കെല്ലാം, സൗജന്യമായ നിയമസഹായവും ഉപദേശവും നൽകുന്നതായിരിക്കും.

10. സായുധസേനാംഗങ്ങളിൽ ജനകീയ ജനാധിപത്യ ഗവൺമെന്റ് ദേശാഭിമാനത്തിന്റെയും ജനാധിപത്യത്തിന്റെയും വികാരം വളർത്തുന്നതായിരിക്കും. അവർക്ക് നല്ല ജീവിതനിലവാരവും, സേവനവ്യവസ്ഥകളും, സാംസ്കാരിക ജീവിതത്തിനുള്ള പരമാവധി കൂടുതലവസരങ്ങളും ഗവൺമെന്റ് നൽകുന്നതാണ്. അതുപോലെതന്നെ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, ക്ഷേമജീവിതം എന്നിവയിലും ശരിയായ ശ്രദ്ധ ചെലുത്തും.

11. വ്യവസായം, കൃഷി, വാണിജ്യം എന്നിവയ്ക്ക് വിവിധ നിലവാരത്തിലുള്ള നികുതിയേർപ്പെടുത്തും. തൊഴിലാളികൾക്കും കൃഷിക്കാർക്കും ശിൽപ്പികൾക്കും നികുതിചുമത്തലിൽ പരമാവധി സൗജന്യം അനുവ

ദിക്കും. ലാഭം നിയന്ത്രിക്കും.

12. നമ്മുടെ എല്ലാ സ്ഥാപനങ്ങളിലും ജനാധിപത്യത്തിന്റെയും ജനങ്ങളോടുള്ള ബഹുമാനത്തിന്റെയും, വിശ്വാസത്തിന്റെയും വികാരങ്ങൾ വളർത്തും. ബ്യൂറോക്രസിയിൽനിന്നും അനീതിയിൽനിന്നും സ്വതന്ത്രമായ ഒരു സമൂഹം കെട്ടിപ്പടുക്കാനുള്ള ജനതയുടെ ദൃഢചിത്തതയെ മാനിക്കാനുള്ള സ്പിരിറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളിലുണ്ടാക്കും.

നമ്മുടെ ദേശീയ ജീവിതത്തിന്റെ എല്ലാ മുഖങ്ങളിലും ജനാധിപത്യപരമായ മുൻകൈയും നിയന്ത്രണവും ഏർപ്പെടുത്താൻ ജനകീയ ജനാധിപത്യ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നതാണ്.

ട്രേഡ് യൂണിയനുകൾ, ഗ്രാമീണ കർഷകത്തൊഴിലാളി സംഘടനകൾ, അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ മറ്റു സംഘടനകൾ എന്നിവയ്ക്ക് ഈ ജനകീയ ജനാധിപത്യ ഗവൺമെന്റിന്റെ പരിപാടികളിൽ മർമ്മപ്രധാനമായ പങ്കുണ്ടായിരിക്കും. രാജ്യത്തെ നിയമനിർമാണ-എക്സിക്യൂട്ടീവ് വിഭാഗങ്ങൾ ജനങ്ങളുടെ ജനാധിപത്യാഭിലാഷങ്ങൾക്ക് അനുസരിച്ചു പ്രവർത്തിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് അവലംബിക്കുക മാത്രമല്ല, രാഷ്ട്രത്തിന്റെ ഭരണത്തിലും പ്രവർത്തനത്തിലും സജീവമായ പങ്കാളിത്തം ജനങ്ങൾക്കും അവരുടെ സംഘടനകൾക്കും ഉറപ്പുനൽകുകയും ചെയ്യും. ഉദ്യോഗസ്ഥമേധാവിത്വം ഒഴിവാക്കപ്പെടുകയും ചെയ്യും. ശമ്പളത്തിലും വരുമാനങ്ങളിലുമുള്ള വലുതായ വിടവുകൾ ഇല്ലാതാക്കും.

13. വ്യക്തിക്കും പാർപ്പിടത്തിനും ഭദ്രത ഉറപ്പുചെയ്യും. വിചാരണകൂടാതെ തടങ്കലിൽവയ്ക്കില്ല. മനഃസാക്ഷിസ്വാതന്ത്ര്യം; മതവിശ്വാസത്തിനും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യം, പ്രസംഗം, പത്രപ്രവർത്തനം, സമ്മേളനം ചേരൽ, പണിമുടക്ക് എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം; സഞ്ചാരത്തിനും അധിനിവേശത്തിനുമുള്ള സ്വാതന്ത്ര്യം എന്നിവ ഉറപ്പു ചെയ്യും.

14. മതം, ജാതി, ലിംഗഭേദം, വർഗം, ദേശം എന്നിവയ്ക്കതീതമായി എല്ലാ പൗരന്മാർക്കും തുല്യാവകാശം അനുവദിക്കും. ലിംഗ വ്യത്യാസം കൂടാതെ തുല്യജോലിക്ക് തുല്യവേതനം നൽകും.

15. സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ പരാധീനതകൾ നീക്കം ചെയ്യും. സ്വത്തവകാശം, വിവാഹമോചനം, നിയമങ്ങളുടെ പ്രാബല്യ വൽക്കരണം, വിവിധ ജോലികളിലും സേവന രംഗങ്ങളിലും പ്രവേശനം എന്നീ കാര്യങ്ങളിലെല്ലാം പുരുഷന്മാരോളം തുല്യാവകാശം സ്ത്രീകൾക്കും അനുവദിക്കും.

16. ഒരു ജാതി മറ്റൊരു ജാതിയുടെമേൽ സാമൂഹ്യമർദ്ദനം നടത്തുന്ന ഏർപ്പാട് അവസാനിപ്പിക്കും. അയിത്തം ശിക്ഷാർഹമാക്കും. പട്ടികജാതിക്കാർ, വർഗങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്ക് ജോലിക്കും വിദ്യാഭ്യാസത്തിനും സാമൂഹ്യപുരോഗതിക്കുമുള്ള പ്രത്യേകാനുകൂല്യങ്ങൾ അനുവദിക്കുന്നതായിരിക്കും.

17. രാഷ്ട്രത്തിന്റെ മതേതരസ്വഭാവം ഉറപ്പുചെയ്യുന്നതാണ്.

യാതൊരു മതസ്ഥാപനത്തിന്റെ കാര്യത്തിലും രാഷ്ട്രത്തിനു പങ്കുണ്ടായിരിക്കുന്നതല്ല. രാഷ്ട്രകാര്യങ്ങളിലും രാഷ്ട്രീയജീവിതത്തിലും മതസ്ഥാപനങ്ങളുടെ ഇടപെടൽ തീർത്തും നിരോധിക്കും-വിവേചനത്തിനെതിരായി മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം നൽകും.

18. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാതൃഭാഷയിൽതന്നെ വിദ്യാഭ്യാസം സിദ്ധിക്കുന്നതിനുള്ള ജനങ്ങളുടെ അവകാശത്തിനനുസരിച്ച് ഏർപ്പാടുകൾ ചെയ്യും. ഒരു പ്രത്യേക സംസ്ഥാനതലത്തിലെ ദേശീയ ഭാഷയെത്തന്നെ അതിന്റെ പൊതുസ്ഥാപനങ്ങളിലെ ഭരണഭാഷയായി ഉപയോഗിക്കുന്നതാണ്. മാത്രമല്ല, ഏറ്റവും ഉയർന്ന ക്ലാസുവരെ വിദ്യാഭ്യാസ മാധ്യമമായും ആ ഭാഷയായിരിക്കും ഉപയോഗപ്പെടുത്തുക. സംസ്ഥാനഭാഷ കൂടാതെ ഒരു പ്രത്യേക പ്രദേശത്തിന്റെയോ ന്യൂനപക്ഷ ജനങ്ങളുടെയോ ഭാഷയ്ക്കും അർഹമായ സ്ഥാനം അനുവദിക്കുന്നതായിരിക്കും. ഹിന്ദി ഒരു അഖിലേന്ത്യാ ഭാഷയായി ഉപയോഗിക്കണമെന്ന ബാധ്യത അംഗീകരിക്കുന്നതല്ല. എന്നാൽ വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾ തമ്മിലുള്ള വേഴ്ചക്ക് ഉതകുന്ന മാധ്യമമെന്ന നിലയിൽ ആ ഭാഷയ്ക്കുവേണ്ട പ്രോത്സാഹനം നൽകുന്നതായിരിക്കും. സംസ്ഥാനതലത്തിൽ ഇംഗ്ലീഷിനുപകരം പ്രാദേശികഭാഷകളെ പ്രതിഷ്ഠിക്കുകയും ഭരണഭാഷയെന്ന നിലയിൽ കേന്ദ്രത്തിൽ ഹിന്ദിയെ സ്ഥാപിക്കുകയും ചെയ്യുകയെന്ന തത്ത്വം പ്രായോഗികമാക്കും. കേന്ദ്രത്തിൽ ഇംഗ്ലീഷിനുപകരം ഹിന്ദി നടപ്പാക്കുന്നതിനോടൊപ്പംതന്നെ സംസ്ഥാനങ്ങളിൽ ഇംഗ്ലീഷിനുപകരം അതതു പ്രാദേശികഭാഷ നടപ്പാക്കും. ഹിന്ദിയെ സംബന്ധിച്ചിടത്തോളം ഈ മാറ്റത്തിനുവേണ്ടി കേന്ദ്രം നടത്തുന്ന യത്നം പോലെ; സംസ്ഥാനങ്ങൾ പ്രാദേശികഭാഷകൾക്കുവേണ്ടി, കേന്ദ്രസഹായത്തോടുകൂടി ആവശ്യമായ വേണ്ട ഒരുക്കങ്ങൾ ചെയ്യണം. അതേസമയംതന്നെ, ഈ മാറ്റത്തിന്റെ കാലഘട്ടത്തിൽ-അതിന്റെ സമയം നിശ്ചയിക്കേണ്ടത് ഹിന്ദിയേതരഭാഷകൾ സംസാരിക്കുന്ന സംസ്ഥാനങ്ങളുടെ അനുവാദത്തോടുകൂടി വേണം-ഒരു അനുബന്ധ ഭരണഭാഷയുടെ സ്ഥാനം ഇംഗ്ലീഷിനു നൽകിയിരിക്കണം. പാർലമെന്റിലും കേന്ദ്രഭരണതലത്തിലും എല്ലാ ദേശീയഭാഷകൾക്കും തുല്യാവകാശമെന്ന തത്ത്വം അംഗീകരിക്കണം. പാർലമെന്റുമെമ്പർമാർക്ക് ഏതു ദേശീയഭാഷയിലും സംസാരിക്കാനുള്ള അവകാശമുണ്ടായിരിക്കും. മാത്രമല്ല, അതേസമയംതന്നെ എല്ലാ ഭാഷകളിലും തർജമയ്ക്കുള്ള ഏർപ്പാടുകളും ചെയ്തിരിക്കും. എല്ലാ ഗവൺമെന്റ് ആക്ടുകളും ഉത്തരവുകളും പ്രമേയങ്ങളും എല്ലാ ദേശീയഭാഷകളിലും ഉർദുഭാഷയിലും കിട്ടാൻ ഏർപ്പാടുണ്ടാക്കും. അതിന്റെ കൈയെഴുത്തുപ്രതി സൂക്ഷിക്കുന്നതുമാണ്. സെക്കന്ററി ഘട്ടംവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതാണ്.

19. ആരോഗ്യകാര്യങ്ങൾക്കും ചികിത്സയ്ക്കും ശുശ്രൂഷയ്ക്കും

സൗജന്യമായി പ്രവർത്തിക്കുന്ന ഒട്ടേറെ സ്ഥാപനങ്ങളേർപ്പെടുത്തും. ജനങ്ങൾക്ക് വിശ്രമത്തിനും വിനോദത്തിനും താമസത്തിനുമായി വിശ്രമമന്ദിരങ്ങളും ഉല്ലാസകേന്ദ്രങ്ങളും പണിയും.

20. സാമ്രാജ്യത്വവിരുദ്ധവും ജന്മിത്വവിരുദ്ധവും ജനാധിപത്യസ്വഭാവമുള്ളതുമായ പുരോഗമനജനസംസ്കാരം സൃഷ്ടിക്കാനും വളർത്താനും അങ്ങനെ ജനങ്ങളുടെ സർഗാത്മക പ്രതിഭയ്ക്കു വഴിതുറന്നു കൊടുക്കുകയെന്ന സുപ്രധാന കടമ നിർവഹിക്കാനും ജനകീയജനാധിപത്യ രാഷ്ട്രവും ഗവൺമെന്റും മുൻകൈയെടുക്കും.

ഗോത്രവർഗജനതയുൾപ്പെടെ ഏതു ദേശീയ ജനവിഭാഗത്തിനും അവരുടെ പ്രത്യേകതരമായ പ്രവണതയനുസരിച്ചും അതേ സമയം രാജ്യത്താകമാനമുള്ള ജനലക്ഷങ്ങളുടെ പൊതു അഭിനിവേശങ്ങൾക്കനുരോധമായും ജനലക്ഷങ്ങളുടെ ജീവിത സാഹചര്യങ്ങൾ ഉയർത്താനും ജീവിതം സമ്പന്നമാക്കാനുമുള്ള സമരങ്ങളെ സഹായിക്കത്തക്കവിധത്തിലും ജാതിസമുദായ വൈരാഗ്യങ്ങളും അന്ധവിശ്വാസങ്ങളും അടിമത്തബോധവും ജനങ്ങളിൽനിന്നു പാടേ വിപാടനം ചെയ്യത്തക്കവിധത്തിലും സമാധാനകാംക്ഷികളായ ലോകരാജ്യജനങ്ങളോട് സാഹോദര്യം പുലർത്തത്തക്കവിധത്തിലും വർഗപരവും ദേശീയവുമായ വിദ്വേഷം ഇല്ലാതാക്കത്തക്കവണ്ണവും ജനവികാരങ്ങളെ വളർത്താൻ സഹായിക്കുന്ന കലാസംസ്കാരവും സാഹിത്യവും പോഷിപ്പിക്കാനുള്ള നടപടികൾ അവലംബിക്കും.

21. വിവിധ സംസ്ഥാനങ്ങൾ തമ്മിലും വിവിധ സംസ്ഥാനജനതകൾ തമ്മിലും സാമ്പത്തിക-രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ പരസ്പരം സഹകരണം വളർത്തിയെടുക്കുന്നതിലൂടെ ഇന്ത്യനൈക്യം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ ജനകീയ ജനാധിപത്യ ഗവൺമെന്റ് സ്വീകരിക്കും. സാമ്പത്തികമായി പിന്നോക്കാവസ്ഥയും മറ്റു തരത്തിലുള്ള ദൗർബല്യങ്ങളും അനുഭവിക്കുന്ന സംസ്ഥാനങ്ങൾക്കും പ്രദേശങ്ങൾക്കും മേഖലകൾക്കും അവയുടെ പിന്നോക്കാവസ്ഥ പെട്ടെന്ന് ദൂരീകരിക്കാനുള്ള കാഴ്ചപ്പാടോടെ സാമ്പത്തികവും മറ്റുതരത്തിലുള്ളതുമായ പ്രത്യേക സഹായം ചെയ്യുന്നതിനു ജനകീയ ജനാധിപത്യ ഗവൺമെന്റ് ശ്രദ്ധിക്കുന്നതാണ്.

1964

കുറ്റം ചുമത്തപ്പെട്ടവൻ കുറ്റം ചുമത്തുന്നു*

ഇ എം എസ്

തിരുവനന്തപുരത്ത് താമസം, പരമേശ്വരൻ നമ്പൂതിരിപ്പാട് മകൻ ശങ്കരൻ നമ്പൂതിരിപ്പാട്, 58 വയസ്സ്. കേരള മുഖ്യമന്ത്രി ആയ ഞാൻ സത്യബോധത്താൽ ബോധിപ്പിക്കുന്നത്:

മേൽ പരാതിയിൽ ഞാൻ എതിർകക്ഷിയാകുന്നു. ഈ പരാതിയോടൊപ്പം പരാതിക്കാരൻ സത്യം ചെയ്തു ബോധിപ്പിച്ച സത്യവാങ്മൂലം ഞാൻ വായിച്ചു മനസ്സിലാക്കി.

ഞാൻ വ്യക്തമായി സമ്മതിക്കുന്നതൊഴികെ പരാതിക്കാരന്റെ സത്യവാങ്മൂലത്തിലെ മുഴുവൻ ആരോപണങ്ങളേയും ഞാൻ ഇതിനാൽ നിഷേധിക്കുന്നു. ഞാൻ താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചുകൊള്ളുന്നു:

9-11-1967-ൽ ഞാൻ നടത്തിയ പത്രസമ്മേളനത്തിൽ നൽകിയ പ്രസ്താവനയുടെ ചുരുക്കം 10-11-1967-ലെ *ദി ഇൻഡ്യൻ എക്സ്പ്രസ്* പത്രത്തിൽ പ്രസിദ്ധീകരിച്ചത് സത്യവാങ്മൂലത്തിന്റെ അഞ്ചാം ഖണ്ഡികയിൽ ഉദ്ധരിച്ചുചേർത്തത് ചില കാര്യങ്ങളിൽ അപൂർണമാണെങ്കിലും വസ്തുതാപരമായി ശരിയാണ്. എന്റെ പത്രസമ്മേളനത്തിൽ ഞാൻ പരാമർശവിഷയമാക്കിയ കാര്യം സംബന്ധിച്ച എന്റെ ആശയങ്ങൾ പ്രകടമാക്കുവാൻ അത് സഹായകമാണ്.

എന്റെ പ്രസ്താവന "നിയമത്തിന്റെ മഹത്വത്തെ നശിപ്പിക്കുന്നതും കോടതിയുടെ അന്തസ്സിനെ തുരങ്കം വെക്കുന്നതും" "നീതിയുടെ ഒഴുക്ക് തടയുന്നതോ തടയാൻ സഹായിക്കുന്നതോ ആണെന്നതും" "കോടതി

---

* ഇ എം എസ് കേരള ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം

യുടെ ആധികാരികതയെ കുറച്ചുകാണിക്കുന്നതും മാന്യതയും അന്തസ്സും കുറയ്ക്കുന്നതും അതിനാൽ ചുമതല നിർവഹണത്തിനും, നീതിന്യായ നടത്തിപ്പിനും ഹാനിവരുത്തുന്നതും" "അപ്രകാരം ഈ സംസ്ഥാനത്തിലെയും അതുവഴി ഇന്ത്യയിലെതന്നെയും നീതിന്യായ വ്യവസ്ഥയെ അപവദിക്കുന്നതും" ആണെന്നുള്ള കുറ്റാരോപണങ്ങളെ ഞാൻ ഇതിനാൽ നിഷേധിക്കുന്നു. മറിച്ച്, സോഷ്യലിസ്റ്റുപാതയിലൂടെ സമത്വാധിഷ്ഠിതമായി, ശരിയായ ജനാധിപത്യത്തോടെ മുന്നേറിക്കൊണ്ടിരിക്കുന്ന ഒന്നായിരിക്കണം നമ്മുടെ സമൂഹമെന്ന ജനങ്ങളുടെ മോഹനലക്ഷ്യത്തിന് അനുയോജ്യമായ വിധത്തിൽ നീതിപരിപാലന വ്യവസ്ഥയ്ക്ക് എതിരേ സത്യസന്ധമായ ഒരു വിമർശനം നടത്തുകയായിരുന്നു ഞാൻ എന്ന് ബോധിപ്പിച്ചുകൊള്ളുന്നു. ഒരു സംസ്ഥാന നിയമസഭയിലെ അംഗങ്ങളുടെ നേതാവ് എന്നനിലയിലും നിരവധി കാലം നിയമസഭാംഗമായിരുന്ന ആളെന്ന നിലയിലും നമ്മുടെ നാട്ടിൽ നിലവിലുള്ള പാർലമെന്ററി ജനാധിപത്യവ്യവസ്ഥയ്ക്കു കീഴിൽ പ്രവർത്തിച്ചുവരുന്ന രാഷ്ട്രീയ പാർട്ടികളിൽ ഒന്നിന്റെ സജീവ പ്രവർത്തകനെന്ന നിലയിലും, ഇന്നത്തെ നിയമപരിപാലന വ്യവസ്ഥയുടെ അടിസ്ഥാനപരമായ പിശകുകളെ സംബന്ധിച്ച് ജനങ്ങളെ പഠിപ്പിക്കുന്നതിനുവേണ്ടി അത്തരമൊരു വിമർശനം നടത്തേണ്ടത്, ഒരു പൗരനെന്ന നിലയിൽ എന്റെ അവകാശം മാത്രമല്ല കടമകൂടിയാണ്.

"പരാതിക്കാരന്റെ സത്യവാങ്മൂലത്തിൽ ഖണ്ഡിക 9-ലെ രണ്ട് കേന്ദ്രാശയങ്ങൾ തന്നെ അദ്ദേഹം എനിക്കെതിരെ കെട്ടിയുയർത്തിയ ആരോപണങ്ങളുടെ അടിത്തറ ഇളക്കുന്നുണ്ട്. ഒന്നാമതായി, 'നീതിപീഠത്തിലിരുന്നുകൊണ്ട് ചെയ്യുന്ന പൊതുപ്രവൃത്തികളെ സത്യസന്ധമായും നീതിപൂർവകമായും വിമർശിക്കുന്നതിനുള്ള അവകാശം ഒരു പൗരനുണ്ട്' എന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്. കോടതികളിലുള്ള വിശ്വാസത്തിന് കോട്ടം തട്ടിക്കാവുന്നവിധം ശ്വാസംമുട്ടിക്കുന്ന വിമർശനമാവരുതെന്നും കൂട്ടിച്ചേർക്കുന്നുണ്ട്. രണ്ടാമതായി 'ഞാൻ ഏതെങ്കിലുമൊരു കേസിൽ ഒരു ജഡ്ജി നൽകിയ വിധിന്യായത്തെയോ ഒരു ജഡ്ജിയുടെ പൊതുസ്വഭാവത്തെയോ അല്ല വിമർശിച്ചിട്ടുള്ളതെന്നും സത്യവാങ്മൂലത്തിൽ പരാമർശിച്ചിട്ടുണ്ട്. പരാതിക്കാരന്റെ ഭാഗത്തുനിന്നുള്ള ഈ അംഗീകാരം കാണിക്കുന്നത് 'കോടതിയലക്ഷ്യം' എന്ന് വിളിക്കാവുന്ന കുറ്റാരോപണം നടത്താവുന്ന യാതൊന്നും ഞാൻ ചെയ്തിട്ടില്ലെന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്നതായാണ്.

സത്യത്തോട് ഈ വിധത്തിലുള്ള പരിഗണനകളൊക്കെ നൽകിയിട്ടുണ്ടെങ്കിലും ഞാൻ "സത്യസന്ധമായ വിമർശനത്തിൽനിന്ന് വളരെ അകലെയാണെന്നും എല്ലാ പരിമിതികളും ലംഘിച്ചിരിക്കുകയാണെന്നും" സത്യവാങ്മൂലത്തിൽ അസ്പഷ്ടമായൊരു അവകാശവാദം നടത്തിയിരിക്കുകയാണ്. അദ്ദേഹം സത്യസന്ധമായ വിമർശനത്തിന്റെ അതിർത്തി

കൾ എവിടെയാണ് അവസാനിക്കുന്നതെന്നോ എവിടെവച്ചാണ് ഞാൻ അതിർത്തി ലംഘിച്ചതെന്നോ പറഞ്ഞിട്ടില്ല. കോടതി അലക്ഷ്യത്തിന്റെ അന്തഃസത്ത കിടക്കുന്നത് ഒരു പ്രത്യേക കേസിൽ ഒരു പ്രത്യേക ജഡ്ജി നൽകിയ വിധിന്യായത്തിന്റെ ആധികാരികത വെല്ലുവിളിക്കപ്പെടുന്ന സന്ദർഭത്തിലാണ്. നിയമസഭയെ വിമർശിക്കുന്നത് സഭയുടെ വിശേഷാധികാരത്തിന്റെ ലംഘനമാകാത്തതുപോലെ, നീതിന്യായവ്യവസ്ഥയെ ഒരു വ്യവസ്ഥയെന്ന നിലയിൽ വിമർശിക്കുന്നത് കോടതിയലക്ഷ്യത്തിന്റെ പരിധിയിൽ വരില്ല. ഭരണനിർവഹണത്തിലും നിയമനിർമാണ നടപടികളിലും നീതിപരിപാലനത്തിലും മാറ്റങ്ങൾ വരുത്തണമെന്നാവശ്യപ്പെടുകയും, അതിന് വേണ്ടി പോരാടുകയും ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും വ്യവസ്ഥയിൽ കടന്നുകൂടുകയും നിലനിൽക്കുകയും ചെയ്യുന്ന പിശകുകളെ തിരുത്താൻവേണ്ടി തുടർച്ചയായി പരിശ്രമിക്കും എന്നത് അയാളുടേതുപോലെയുള്ള പൊതുപ്രവർത്തകരുടെ അവകാശം മാത്രമല്ല കടമകൂടിയാണ്. വ്യവസ്ഥയെ സംബന്ധിച്ച അത്തരത്തിലുള്ള അടിസ്ഥാനപരമായ വിമർശനം പരാതിക്കാരൻ തന്നെ സമ്മതിച്ചിരിക്കുന്നതുപോലെ "ഒരു പൗരന് ചെയ്യാൻ അർഹതപ്പെട്ടതാണ്" എന്നതിനാൽ അത് സത്യസന്ധമായ വിമർശനത്തിന്റെ പരിധിയിൽ വരുന്നതാണ്. ഞാൻ സത്യസന്ധമായ വിമർശനത്തിന്റെ എല്ലാ പരിധികളും ലംഘിച്ചിരിക്കുന്നു' എന്ന ആരോപണം യാതൊരു തെളിവുകളുമില്ലാതെയാണ് എന്നിൽ പരാതിക്കാരൻ ആരോപിച്ചിട്ടുള്ളത്.

ഒരു വ്യക്തി എന്ന നിലയിൽ ജഡ്ജിയുടെ ആർജവത്തെ ചോദ്യം ചെയ്യുന്നതോ വ്യക്തിയെന്ന നിലയിൽ വിധിന്യായത്തെ പരിഹസിച്ചുവെന്ന് പറയുന്നതോ അനുവദനീയമല്ലെന്ന് ഞാൻ കണക്കാക്കുന്നതായി സത്യവാങ്മൂലത്തിൽ ഉദ്ധരിച്ചുചേർത്ത പത്രസമ്മേളനത്തിൽ ഞാൻ നൽകിയ പ്രസ്താവനാഭാഗംകൊണ്ട് വെളിവാക്കപ്പെടുന്നതാണ്. എന്റെ അഭിപ്രായത്തിൽ ഒരു പ്രത്യേക വിധിന്യായം ജനങ്ങളുടെ ഇച്ഛയ്ക്ക് വിരുദ്ധമാണെങ്കിൽ (ഒരു നിയമസഭാ സാമാജികനെന്ന നിലയിലും ഒരു സാധാരണ രാഷ്ട്രീയപ്രവർത്തകനെന്ന നിലയിലും ഞാൻ മനസിലാക്കിയതനുസരിച്ച്) ആ നിയമവ്യാഖ്യാനവും ജനങ്ങളുടെ ഇച്ഛയും തമ്മിലുള്ള വിടവ് നികത്തുന്നതിനു വേണ്ടി നിയമത്തിൽ ഭേദഗതി വരുത്താൻ പ്രവർത്തിക്കുക എന്നത് എന്റെ ചുമതലകൂടിയാണെന്ന് ഞാൻ കൂട്ടിച്ചേർക്കുന്നു. എന്നിരിക്കിലും, ആ വിധിന്യായത്തിന്റെ ഉള്ളടക്കം ജനേച്ഛക്ക് വിരുദ്ധമാണെന്നാണ് എന്റെ അഭിപ്രായമെങ്കിലും അത് അനുസരിക്കാനും അതിനോട് സഹകരിക്കാനും എനിക്ക് ബാധ്യതയുണ്ട്. ഈ മൂല്യബോധത്തോടെ സംശയരഹിതമായി നീതിപുലർത്താൻ ഞാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ഏതെങ്കിലും കേസിൽ ഈ മൂല്യബോധത്തിൽ വീഴ്ച വരുത്താൻ ബോധപൂർവ്വമായിട്ടല്ലെങ്കിൽപോലും എന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ഞാൻ സംശയരഹിതമായി ആ വീഴ്ച

തിരുത്തുന്നു. എന്നാൽ അത്, ഇന്ത്യൻ ജനങ്ങളുടെ മോഹനസ്വപ്നമായ ജനാധിപത്യപരവും സമത്വാധിഷ്ഠിതവുമായ സമൂഹം എന്ന ലക്ഷ്യത്തിനുവേണ്ടി ഇന്നത്തെ നീതിന്യായവ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതാണെന്ന് പഠിപ്പിക്കാനുള്ള എന്റെ അവകാശത്തെ എടുത്തുകളയാൻ പാടില്ല.

പരാതിക്കാരൻ സമ്മതിക്കുകയും ബഹുമാനപ്പെട്ട കോടതിക്ക് അറിയുകയും ചെയ്യുന്നതുപോലെ നമ്മുടെ രാജ്യത്തെ ഭരണകൂടവ്യവസ്ഥയെ സംബന്ധിച്ച് സ്വന്തമായ വീക്ഷണമുള്ള ഒരു രാഷ്ട്രീയപാർട്ടിയിൽ പെടുന്നയാളാണ് ഞാൻ. അത്തരം വീക്ഷണങ്ങൾ ഞങ്ങളുടെ പാർട്ടി ഒരിക്കലും ഒളിച്ചുവെച്ചിട്ടില്ല. ഇന്ത്യയുടെ ഭരണകൂടവ്യവസ്ഥയെ സംബന്ധിച്ച് വളരെ വിശാലമായ വിധത്തിൽ ചർച്ച നടത്തിയതിന് ശേഷമാണ് ഞങ്ങൾ ഈ നിഗമനങ്ങളിൽ എത്തിയത്. 1964 നവംബറിൽ കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) അംഗീകരിക്കുകയും ഇന്ത്യയിലെ വിവിധ ഭാഷകളിലായി പ്രസിദ്ധീകരിക്കുകയും ചെയ്ത പരിപാടിയുടെ അഞ്ചാം ഖണ്ഡികയിൽ ഈ വിലയിരുത്തലുകൾ ക്രോഡീകരിച്ചിട്ടുണ്ട്. പാർട്ടിപരിപാടിയുടെ ആ പ്രത്യേക ഖണ്ഡികയുടെ ഒരു ശരിപ്പകർപ്പ് ഇവിടെ ഹാജരാക്കുകയും അത് ആർ എന്ന് അടയാളപ്പെടുത്തി കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ആ അധ്യായത്തിന്റെ പഠനം നടത്തിയാൽ, പത്രസമ്മേളനത്തിൽ പ്രസ്താവന നടത്തുമ്പോൾ ഞാൻ ചെയ്തത് എന്റെ പാർട്ടി പരിപാടിയുടെ 65-ാം ഖണ്ഡിക മറ്റുവാക്കുകളിൽ ആവിഷ്കരിക്കുകയും കൂടുതൽ വിശദമാക്കുകയും ആണ് എന്ന് ബോധ്യപ്പെടും.

നീതിന്യായവ്യവസ്ഥയെക്കുറിച്ച് എന്റെ പാർട്ടിപരിപാടിയുടെ നിഗമനങ്ങളുമായി ഏറെ യോജിച്ചുപോകുന്നതാണ് കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (വലത് കമ്യൂണിസ്റ്റ് പാർട്ടി എന്ന് പ്രസിദ്ധമായത്)യുടെ പരിപാടിയുടെ ഒരു ഖണ്ഡിക. ആ ഖണ്ഡിക ഇവിടെ ഉദ്ധരിക്കുവാൻ എന്നെ അനുവദിക്കുക:

> തൊഴിലാളികൾ, കർഷകർ, മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ എന്നീ ജനവിഭാഗങ്ങൾക്കെതിരെ ബലം പ്രയോഗിക്കുവാൻ ഭരണകൂടാധികാരത്തിന്റെ പക്കലുള്ള ഒരു പ്രധാന ഉപകരണമാണ് നീതിന്യായവ്യവസ്ഥ. നിയമങ്ങൾ, നടപടിച്ചട്ടങ്ങൾ, നീതിന്യായ വ്യവസ്ഥ ഇവയൊക്കെ പാവപ്പെട്ടവനെയും പണക്കാരനെയും തത്ത്വത്തിൽ തുല്യമായാണ് കാണുന്നതെങ്കിലും ആത്യന്തികമായി അവ ചൂഷകവർഗത്തിന്റെ താൽപര്യങ്ങളും അവരുടെ വർഗഭരണവുമാണ് ഉയർത്തിപ്പിടിക്കുക. നീതിന്യായവ്യവസ്ഥയെ ഭരണനിർവഹണവിഭാഗത്തിൽനിന്ന് വേർപെടുത്തി നിർത്തണമെന്ന ബൂർഷ്വാ ജനാധിപത്യതത്ത്വംതന്നെ, ഭരണനിർവഹണവിഭാഗത്തിന്റെ സമ്മർദ്ദത്തിനും നിയന്ത്രണത്തിനും വിധേയമാകേണ്ടിവരുന്നതിനാൽ ഫലപ്രദമല്ലാതായിത്തീരും.

"മറ്റു ചില കാര്യങ്ങളിൽ വ്യത്യസ്തമാണെങ്കിലും, നീതിന്യായവ്യവസ്ഥയുടെ കാര്യത്തിൽ മാത്രമല്ല, ഭരണകൂട വ്യവസ്ഥയൊട്ടാകെ തന്നെ വിലയിരുത്തുന്ന പ്രധാനവിഷയങ്ങളിലൊക്കെ സമാനമായ നിലപാടുകളാണ്, രണ്ടു കമ്യൂണിസ്റ്റ് പാർട്ടികളും എടുത്തത്. ചൂഷകരും സ്വത്തുടമസ്ഥരുമായ വർഗത്തിന്റെ മർദ്ദനോപകരണമാണ് ഭരണകൂടം എന്ന് വിലയിരുത്തുന്നതിലാണ് അവർ യോജിക്കുന്നത്. ബൂർഷ്വാ ഭൂപ്രഭുവർഗത്തിന്റെ ഉപകരണമായാണ് ഇന്നത്തെ ഇന്ത്യൻ ഭരണകൂടത്തെ രണ്ട് പരിപാടികളും വിലയിരുത്തുന്നത്. രണ്ടും തമ്മിലുള്ള വ്യത്യാസം വൻകിട ബൂർഷ്വാസിക്കും ഭൂപ്രഭുത്വത്തിനുമുള്ള ആപേക്ഷിക ബലത്തെയും വൻകിടയല്ലാത്ത ബൂർഷ്വാസിക്ക് വൻകിട ബൂർഷ്വാസിയുടെയും ഭൂപ്രഭുക്കളുടെയും കടന്നാക്രമണം ചെറുക്കാനുള്ള ശക്തി മുതലായവയെയും കുറിച്ചാണ്. രണ്ടിലും ഭരണകൂടത്തെ ഭൂപ്രഭുക്കളുടെയും മുതലാളിവർഗത്തിന്റെയും ഉപകരണങ്ങളായി കാണുന്നതിൽ യോജിപ്പാണ്. അതുകൊണ്ടുതന്നെ ഭരണകൂടത്തിന്റെ ഒരു ഉപകരണത്തെ (നീതിന്യായവ്യവസ്ഥ) കുറിച്ചുള്ള വിമർശനം സമാനമായത് മനസിലാക്കാവുന്നതേയുള്ളു.

മുമ്പ് പരാമർശിക്കപ്പെട്ട രണ്ടു പരിപാടികളും പൊതുവായ രേഖകളാണ്. കഴിഞ്ഞ മൂന്ന് വർഷമായി അവ ജനങ്ങളുടെ മുമ്പിലുണ്ട്. അതിന്റെ നിലനിൽപും ഉള്ളടക്കവും ഇന്ത്യാ ഗവൺമെന്റിന് നന്നായി അറിയാവുന്നതാണ്. എന്നാൽ ഗവണ്മെന്റ് ഈ രണ്ടു പരിപാടികളെ തള്ളിപ്പറയാനോ, അവ അംഗീകരിച്ച പാർട്ടികളെ നിയമവിരുദ്ധമായി പ്രഖ്യാപിക്കാനോ തയ്യാറായിട്ടില്ല. വാസ്തവത്തിൽ ഈ പാർട്ടികൾ ലോകസഭയിലേക്കും നിയമസഭകളിലേക്കും മത്സരിക്കുകയും വിവിധ സഭകളിലായി നിരവധി സീറ്റുകൾ നേടുകയും ചെയ്തിരുന്നു. ചില സംസ്ഥാനങ്ങളിൽ അവർ മന്ത്രിസ്ഥാനവും അലങ്കരിച്ചിരുന്നു. ഇതൊക്കെ ചെയ്യുമ്പോഴും, അവർ അവരുടെ പരിപാടിയുടെ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അവയിൽ നീതിന്യായ വ്യവസ്ഥയെ വിമർശിക്കുന്ന ഭാഗങ്ങളുമുണ്ടായിരുന്നു. ഇന്ത്യയിലെ ജനങ്ങളിൽ വളർന്നുവരുന്ന ഒരു വിഭാഗത്തിന്റെ ആശയങ്ങളിൽ ഒരു ഭാഗമായി ഇതു നിലനിന്നു. ആ ആശയങ്ങളുടെ പ്രചാരണത്തെ നിരോധിക്കുന്ന ഏത് ശ്രമവും - അവയെ നിരോധിച്ചുകൊണ്ടോ, അല്ലെങ്കിൽ ആ ആശയങ്ങൾ പ്രചരിപ്പിക്കുന്ന ചില കേന്ദ്രങ്ങൾ നിർദേശിക്കുന്നതുപോലെ നിരോധിച്ചുകൊണ്ടോ, അല്ലെങ്കിൽ ഈ കേസിലെ പരാതിക്കാരൻ ചെയ്തതുപോലെ കോടതിയലക്ഷ്യമാണെന്ന് പറഞ്ഞ് തള്ളിപ്പറഞ്ഞതുകൊണ്ടോ — 'കോടതിയിൽ വിശ്വാസം' ജനിപ്പിക്കുന്നതല്ല. മറിച്ച് പരാതിക്കാരൻ പറയുന്നപോലുള്ള ശ്വാസംമുട്ടിക്കുന്ന വിമർശനമേ ആകൂ.

നീതിന്യായവ്യവസ്ഥയുടെ സ്വാതന്ത്ര്യം, നീതിപീഠത്തിനോടും അതിന്റെ ഭാഗമായ വ്യക്തികളായ ജഡ്ജിമാരോടും കാണിക്കുന്ന ബഹുമാനം, നീതിപീഠത്തിന്റെ സ്വാതന്ത്ര്യം അപകടപ്പെടുത്താനുള്ള ശ്രമ

ങ്ങൾക്കെതിരായുള്ള ജാഗ്രത — ഇവയെല്ലാം പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയ്ക്കു കീഴിൽ ജീവിക്കുന്ന പൗരന്മാർക്കുണ്ടെങ്കിലേ ആരോഗ്യകരമായ മൂല്യബോധം നിലനിർത്താനാവുകയുള്ളൂ. ഇവയ്ക്കൊന്നും പാർലമെന്ററി ജനാധിപത്യത്തിന്റെ തത്തുല്യമായ മറ്റു ഘടകങ്ങളിൽനിന്ന് വേറിട്ട് നിൽക്കാനോ പ്രവർത്തിക്കാനോ കഴിയില്ല. നീതിന്യായവ്യവസ്ഥ എന്നു പറയുന്നത് ഭരണകൂടത്തിലെ മൂന്ന് ഉപകരണങ്ങളിൽ ഒന്നു മാത്രമാണ്, മറ്റു രണ്ടെണ്ണമാണ് നിയമനിർമ്മാണസ്ഥാപനങ്ങളും ഭരണനിർവഹണസ്ഥാപനങ്ങളും (ഇതിൽ അവസാനത്തേതു തന്നെ പല വിഭാഗങ്ങളുമായി തിരിച്ചിട്ടുണ്ട്. അതിൽ ചിലതിന് അർധ-നീതിന്യായ സ്വഭാവമുണ്ട്.) ഇതിൽ ഒന്നിനെ മറ്റൊന്നിനെതിരായി തിരിച്ചുവിടുന്നത്, ഒന്ന് മറ്റൊന്നിനേക്കാൾ ഉന്നതമാണെന്നും മറ്റുള്ളവ താഴെയാണെന്നും കരുതുന്നത് നമ്മുടെ ഭരണഘടനയുടെ അന്തഃസത്തക്കുതന്നെ വിരുദ്ധമാണ്. അതിന്റെ ആമുഖത്തിൽതന്നെ "നമ്മൾ ഇന്ത്യയിലെ ജനങ്ങൾ..... ഇതിനാൽ ഈ ഭരണഘടനയെ അംഗീകരിക്കുന്നു, നടപ്പിലാക്കുന്നു, നമുക്കായി നൽകുന്നു" എന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ നിയമനിർമ്മാണ സഭയോ, നിയമനിർവഹണവിഭാഗമോ, നീതിന്യായ വ്യവസ്ഥയോ അല്ല ഉന്നതമായിട്ടുള്ളത്; "നമ്മൾ ഇന്ത്യയിലെ ജനങ്ങളാണ്." ഭരണകൂടത്തിന്റെ പ്രധാനപ്പെട്ട മൂന്ന് ഉപകരണങ്ങൾ - നിയമനിർമ്മാണസഭ, നിയമനിർവഹണവിഭാഗം, നീതിന്യായവ്യവസ്ഥ. ഇവ മൂന്നും ഇന്ത്യയിലെ ജനങ്ങളുടെ പരമാധികാരത്തിന്റെ സാക്ഷാത്കാരങ്ങളാണ്. അതുകൊണ്ടാണ് ഭരണഘടന നീതിന്യായവ്യവസ്ഥയുടെ സ്വാതന്ത്ര്യത്തോടൊപ്പം തന്നെ നിയമനിർമ്മാണ സഭകളുടെ സ്വാതന്ത്ര്യത്തെയും അംഗീകരിച്ചത്.

നീതിന്യായസംവിധാനവും നിയമനിർമാണസഭയും തമ്മിൽ അന്യോന്യം തിരിഞ്ഞുനിന്നാലുണ്ടാകുന്ന സ്തംഭനാവസ്ഥ ഒന്നു രണ്ടു കേസുകളിൽ ദൃശ്യമായതാണ്. കോടതിയലക്ഷ്യത്തിന്റെ പേരിൽ ഹൈക്കോടതി ജഡ്ജിയും നിയമസഭയുടെ പ്രത്യേകാവകാശങ്ങളുടെ പേരിൽ സ്പീക്കറുമാണ് ഇരുഭാഗത്തും അണിനിരന്നത്. ആ പ്രത്യേക സ്തംഭനാവസ്ഥ രമ്യമായി പരിഹരിക്കപ്പെട്ടുവെങ്കിലും അത് വ്യക്തമാക്കുന്ന സംഗതി കോടതിയുടെ ബഹുമാന്യതയെ സംബന്ധിച്ച് ചിലരെടുക്കുന്ന നിലപാടുകൾ അടിസ്ഥാനരഹിതമാണെന്നാണ് — നീതിന്യായവ്യവസ്ഥമാത്രം വിമർശനത്തിന് അതീതവും നിയമനിർമ്മാണസഭയും, ഭരണനിർവഹണവിഭാഗവും പൊതുവായ വിമർശനത്തിന് (കോടതികളിൽനിന്നുള്ള പരസ്യവിമർശനം ഉൾപ്പെടെ) വിധേയരാകേണ്ടവയും ആണെന്നാണ്. മറിച്ച്, ശരിയായ സമീപനമെന്നത് ഭരണകൂടത്തിന്റെ ഈ മൂന്ന് ഉപകരണങ്ങളും അവരവർക്ക് നല്കപ്പെട്ട മേഖലകളിൽ പരമോന്നതമാണെന്നും അത് അതിന് അനുയോജ്യമായ നിലയിൽ അംഗീകരിക്കപ്പെടേണ്ടതാണെന്നും ഇവരിലാരും തന്നെ ഞങ്ങൾക്കാണ് പരമാധി

കാരം എന്ന ഗർവ്വ് കാണിക്കുകയോ, മറ്റു രണ്ട് ഉപകരണങ്ങളെ താഴ്ത്തിക്കെട്ടാൻ പരിശ്രമിക്കുകയോ പാടില്ലെന്നുള്ളതുമാണ്.

നീതിപീഠത്തിന്റെ വിധി ബഹുമതിക്കപ്പെടുകയും അത് നടപ്പിലാക്കാൻ വേണ്ടി ഭരണനിർവഹണവിഭാഗം പരിശ്രമിക്കുകയും വേണം. ജനങ്ങളുടെ ഇച്ഛയും കോടതിയുടെ നിയമവ്യാഖ്യാനവും തമ്മിൽ വലിയ അന്തരമുണ്ടാകുമ്പോൾ അത് പരിഹരിക്കുന്നതിനുവേണ്ടി നിയമങ്ങളിൽ മാറ്റം വരുത്തുക എന്നതാണ് നിയമനിർമ്മാണസഭയുടെ കടമ. അത് കാണിക്കുന്നത് ജനകീയ ഇച്ഛക്ക് നിയമനിർമാണസഭയും ഭരണനിർവഹണവിഭാഗവും ഏത് വിധത്തിലാണോ കീഴ്പ്പെട്ടിരിക്കുന്നത് അതുപോലെതന്നെ കീഴ്പ്പെടേണ്ടതാണ് നീതിപീഠവുമെന്നാണ്. ജനകീയ ഇച്ഛയുടെ വ്യക്തമായ പ്രതിഫലനമുണ്ടാകുന്നത് നിയമ നിർമ്മാണസഭയിലൂടെയാണെന്നുകൂടി അതിന് അർഥമുണ്ട്. ജനങ്ങളുടെ ഇച്ഛയും കോടതികളുടെ നിയമവ്യാഖ്യാനവും തമ്മിൽ എന്തുമാത്രം അന്തരമുണ്ടെന്ന് നിരന്തരമായി പരിശോധിച്ചുകൊണ്ടിരിക്കേണ്ടത്, രാജ്യത്തെ പ്രസക്തമായ ഒരു രാഷ്ട്രീയ പാർട്ടിയുടെ സജീവപ്രവർത്തകനെന്ന നിലയിലും നിയമസഭാ സാമാജികനെന്ന നിലയിലും എന്റെ കടമയാണ്. ഒരു പ്രത്യേക നിയമത്തിന്റെ പ്രത്യേകമായൊരു വ്യാഖ്യാനം ഞാൻ പ്രതിനിധീകരിക്കുന്ന ജനങ്ങളുടെ വികാരവിചാരങ്ങൾക്ക് വിരുദ്ധമാണെന്നു കണ്ടാൽ ആ നിയമം ഏറ്റവും അനുയോജ്യമായ വിധത്തിൽ അതിവേഗത്തിൽ തന്നെ മാറ്റുന്നതിനുവേണ്ടി പ്രവർത്തിക്കുക എന്നത് എന്റെ കടമയാണ്. രാജ്യത്തുള്ള അയ്യായിരം സഭാസമാജികരും (എം പി മാർ, എ എൽ എമാർ, എം എൽ സിമാർ) ആയിരക്കണക്കിന് വരുന്ന രാഷ്ട്രീയ പാർട്ടി പ്രവർത്തകരും നിരന്തരമായി ജനങ്ങൾക്കിടയിൽ പ്രചാരവേല നടത്തി, കോടതി ഇപ്പോൾ നടത്തിയ നിയമവ്യാഖ്യാനം ശരിയല്ലെന്ന്, ജനങ്ങളെ നിരന്തരമായി പഠിപ്പിച്ചുകൊണ്ടിരുന്നാൽ, ആ നിയമത്തെ ജനകീയ ഇച്ഛക്കൊത്തവിധം മാറ്റിയെടുക്കുവാൻ കഴിയും. എന്നെപ്പോലെയുള്ളവർ 'ജഡ്ജിമാരുടെ പൊതുപ്രവൃത്തികളെ സംബന്ധിച്ച് സത്യസന്ധവും യുക്തിപൂർവകവുമായ വിമർശനം നടത്താനുള്ള അവകാശം', പരാതിക്കാരൻ പറയുന്നതുപോലെ ഏതൊരു പൗരനും അർഹതപ്പെട്ട അവകാശം നിർവഹിക്കണം എന്നാണ്. നീതിന്യായവ്യവസ്ഥയെക്കുറിച്ച് മാത്രമല്ല ഭരണകൂട വ്യവസ്ഥയെപ്പറ്റിത്തന്നെ അടിസ്ഥാനപരമായ വിമർശനങ്ങളുള്ള എന്റെ പാർട്ടിയെപ്പോലുള്ള പാർട്ടികളുടെ സജീവ പ്രവർത്തകരുടെ കാര്യത്തിൽ ഇത് അത്യന്താപേക്ഷിതമാണ്.

ജഡ്ജിമാർ നടത്തുന്ന പൊതുവായ പ്രവർത്തനങ്ങളെ സംബന്ധിച്ച് നിരന്തരമായി വിമർശനം ഉയർത്തിക്കൊണ്ടിരിക്കുക എന്ന അവകാശം ഇന്ന് കേന്ദ്രത്തിൽ അധികാരത്തിലുള്ള കോൺഗ്രസ്പാർട്ടിയും മറ്റു രാഷ്ട്രീയ പാർട്ടികളും ഉപയോഗപ്പെടുത്താറുണ്ട്. പാർലമെന്റ് ഇതുവരെ നടത്തിയ 20 ഭരണഘടനാ ഭേദഗതികൾതന്നെ ഇതുമായി ബന്ധപ്പെടുത്തി

എടുത്തുപറയാവുന്നവയാണ്. മറ്റ് നിയമഭേദഗതികൾ പരാമർശിക്കുന്നില്ല. ഇതിൽത്തന്നെ ചില ഭേദഗതികൾ, ഒന്നാമത്തേയും നാലാമത്തേയും, പതിനേഴാമത്തേയും, പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടതുതന്നെ പാർലമെന്റിലെ ഭൂരിപക്ഷ അംഗങ്ങൾക്കും (കോൺഗ്രസ്സിലെ എല്ലാവരുമുൾപ്പെടെ) കോടതികൾ നിലവിലുള്ള നിയമങ്ങളെ സംബന്ധിച്ച് നടത്തിയ വ്യാഖ്യാനവും ജനങ്ങളുടെ ഇച്ഛയും തമ്മിലുള്ള അന്തരം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്. മുൻനിയമങ്ങളെ ഭേദഗതി ചെയ്തുകൊണ്ടുള്ള നിയമസഭകളുടെയും പാർലമെന്റിന്റെയും നടപടികളും ഇതേ വസ്തുതതന്നെയാണ് വെളിവാക്കുന്നത്. നിയമം തയ്യാറാക്കൽ, അതിന് സഭയിൽ നേതൃത്വം കൊടുക്കൽ, പാസ്സാക്കിയെടുക്കൽ തുടങ്ങി നിരവധിയായ നിയമനിർമാണങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ളത് നീതിപീഠത്താൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ള നിയമങ്ങളെക്കുറിച്ചുള്ള പൊതുവിമർശനംതന്നെയാണ്. അത്തരത്തിലുള്ള എല്ലാ സന്ദർഭങ്ങളും നിയമസഭയോ പാർലമെന്റോ ആ വിധിന്യായത്തിലെ ആ നിയമത്തിന്റെ വ്യാഖ്യാനപരമായ അംശത്തെ മാത്രം അംഗീകരിക്കുകയും സാമൂഹ്യവും നീതി അധിഷ്ഠിതവുമായ അംശത്തെ വ്യതിരിക്തമായി കാണുകയും ചെയ്യുന്നു. ഞങ്ങൾ താങ്കളുടെ നിയമവ്യാഖ്യാനത്തെ അംഗീകരിക്കുകയും ജനങ്ങളുടെ പ്രതിനിധികളെന്ന നിലയിൽ നിയമവ്യാഖ്യാനത്തിലെ ജനേച്ഛയ്ക്കെതിരായ ഭാഗത്തെ ആ നിലയിൽ കണക്കിലെടുക്കുകയും ചെയ്യുന്നു - ജനങ്ങൾക്ക് വേണ്ടി നിയമം മാറ്റപ്പെടേണ്ടതാണെന്ന് ഞങ്ങൾ കരുതുന്നു - ഇതാണ് കോടതിയുടെ അന്തസ്സിനെ ഇടിച്ചുതാഴ്ത്താതെതന്നെ നിയമനിർമാണ സഭകൾ ചെയ്തുകൊണ്ടിരിക്കുന്നത്.

"അങ്ങനെ ഞങ്ങളുടെ പാർട്ടിയും മറ്റു പാർട്ടികളും തമ്മിൽ അത്രത്തോളം സമാനതകളുണ്ട്. നിയമം എന്താണെന്നും അത് അർഥമാക്കുന്നതെന്താണെന്നും പറയേണ്ടത് അന്തിമമായി നീതിപീഠമാണെന്നും, എന്നാൽ നിയമം എന്തായിരിക്കണമെന്ന് അന്തിമമായി പറയേണ്ടത് നിയമനിർമാണസഭകൾ തന്നെയായിരിക്കണമെന്നുമുള്ള കാര്യത്തിൽ ഞങ്ങൾക്കെല്ലാവർക്കും പൊതുവായ വീക്ഷണമാണുള്ളത്. നീതിപീഠം എടുത്ത വീക്ഷണത്തെക്കുറിച്ചുള്ള വിമർശനം ജനാധിപത്യസംവിധാനത്തിൽ സ്വാഭാവികമാണ്. എന്തുകൊണ്ടെന്നാൽ ജനകീയഇച്ഛ എന്താണെന്ന് വ്യാഖ്യാനിക്കാനുള്ള അധികാരം അന്തിമമായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിലാണ്. കോടതിയുടെ അന്തസിന്റെ പേരിൽ വിമർശിക്കാനുള്ള അധികാരത്തെ നിയന്ത്രിക്കുന്നത് ഒരു രാഷ്ട്രീയ പാർട്ടിയും അനുവദിക്കില്ല. എന്നാൽ മാർക്സിസം-ലെനിനിസം അംഗീകരിക്കുന്ന എന്റെ പാർട്ടിയും അത് അംഗീകരിക്കാത്ത ഇതര രാഷ്ട്രീയ പാർട്ടികളും തമ്മിൽ ഒരു പ്രധാന വ്യത്യാസമുണ്ട്. അതിൽ ആദ്യത്തേത് ഭരണകൂടമാകെ തന്നെ, അതിനാൽ അതിന്റെ എല്ലാ ഉപകരണങ്ങളും, നിയമനിർമാണസഭ, നീതിന്യായ വ്യവസ്ഥ, ഭരണനിർവഹണ വിഭാഗം

എന്നിവയെല്ലാം തന്നെ സമൂഹം ചൂഷകരും ചൂഷിതരുമായി പിരിഞ്ഞിരിക്കുന്നിടത്തോളം കാലം ഭരിക്കുന്ന വർഗത്തിന്റെയോ, വർഗങ്ങളുടെയോ ഉപകരണങ്ങളായിരിക്കും എന്നാണ് കരുതുന്നത്. അതുകൊണ്ടാണ് മനുഷ്യചരിത്രം അടിമ, ഫ്യൂഡൽ, ബൂർഷ്വാസി എന്നിങ്ങനെ വർഗീകരിക്കപ്പെട്ടിരിക്കുന്നത്. സമൂഹത്തിൽ നിലനിൽക്കുന്ന വർഗബന്ധങ്ങൾ — അടിമ-ഉടമ, ഭൂപ്രഭു-കർഷകൻ, മുതലാളി-തൊഴിലാളി — ആണ് ചൂഷകന്യൂനപക്ഷത്തിന് ചൂഷിത ഭൂരിപക്ഷത്തെ അടിച്ചമർത്തി നിർത്തുന്നതിനുള്ള ഉപകരണങ്ങളായി — സൈന്യം, പൊലീസ്, ജയിലുകൾ, കോടതികൾ, സ്ഥിരം ഉദ്യോഗസ്ഥവൃന്ദം എന്നിവ — നിലനിർത്തിയത്. ഈ മർദ്ദനോപകരണങ്ങൾ (അതിന്റെ ആകെത്തുകയാണ് ഭരണകൂടം) ആണ് ചൂഷകന്യൂനപക്ഷത്തിന് ചൂഷിതഭൂരിപക്ഷത്തിന്റെ മേലുള്ള അധികാരം അട്ടിമറിക്കപ്പെടാതിരിക്കുന്നതിനു വേണ്ടി നിർമിക്കപ്പെട്ടിട്ടുള്ള ഉപകരണങ്ങൾ. ചൂഷകരും ചൂഷിതരുമില്ലാത്ത പുരാതനകാലത്ത് അങ്ങനെയൊരു മർദ്ദന ഉപകരണം (ഭരണകൂടം) നിലനിന്നിരുന്നില്ല. അതിനെയാണ് പ്രാകൃത കമ്യൂണിസം എന്ന് വിളിക്കുന്നത്. മുതലാളിത്തത്തിന്റെ വീഴ്ചക്കുശേഷം ഉണ്ടാകുന്ന സോഷ്യലിസമെന്ന അന്തരാളഘട്ടത്തിൽ മുമ്പത്തെ ചൂഷിതവർഗം, മുമ്പത്തെ ചൂഷകവർഗത്തിനെതിരായി ഉപയോഗിക്കാനുള്ള അതിന്റേതായ ഒരു മർദ്ദനോപകരണം രൂപപ്പെടുത്തും. അത് തൊഴിലാളി വർഗം അതിന്റെ സഖ്യശക്തികളായ കൃഷിക്കാർ ഇതര ചൂഷിതവർഗങ്ങൾ എന്നിവർ ഉൾക്കൊള്ളുന്നതായിരിക്കും. അതിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു വർഗരഹിത സമൂഹം രൂപംകൊള്ളും. ഇതിനെയാണ് ആധുനിക (പ്രാകൃതത്തിനെതിരെ) കമ്യൂണിസം എന്ന് വിളിക്കുന്നത്. അതുകൊണ്ടാണ് ഭരണകൂടത്തെക്കുറിച്ചുള്ള മാർക്സിയൻ സിദ്ധാന്തത്തിന്റെ പരിപക്വവും സുവ്യക്തവുമായ കാഴ്ചപ്പാടുള്ള ലെനിൻ ആധുനിക (ബൂർഷ്വാ) പാർലമെന്ററി ജനാധിപത്യവ്യവസ്ഥയെ രൂപത്തിൽ ഏറെ ജനാധിപത്യപരമെന്നും എന്നാൽ ഉള്ളടക്കത്തിൽ വർഗപരമായ അടിച്ചമർത്തലിനുള്ള ഏറ്റവും ശക്തമായ ഉപകരണം എന്നും വിശേഷിപ്പിച്ചത്.

മാർക്സിസം - ലെനിനിസം അടിസ്ഥാനമാക്കാത്ത പാർട്ടികളോ ഗ്രൂപ്പുകളോ ഈ കാഴ്ചപ്പാടിനോട് യോജിക്കുന്നില്ല. അതുകൊണ്ടുതന്നെ എല്ലാ മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാരും അവരുടെ തത്ത്വശാസ്ത്രത്തിനോടുള്ള പ്രതിപത്തിമൂലം ബൂർഷ്വാസിയുടെ മുദ്രാവാക്യങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, ജനാധിപത്യം എന്നീ മുദ്രാവാക്യങ്ങൾക്ക് (ഇന്ത്യയിൽ കോൺഗ്രസിന്റെ സോഷ്യലിസ്റ്റ് പാത, മതനിരപേക്ഷത മുതലായവ) പിന്നിലെ വർഗാധിപത്യത്തെക്കുറിച്ച് ചൂഷിത ജനകോടികൾക്ക്, ഒരു ചുമതലയെന്നനിലയിൽ തന്നെ നിരന്തരമായി പഠിപ്പിച്ചുകൊണ്ടിരിക്കണം. ഒരു അടിയുറച്ച കമ്യൂണിസ്റ്റുകാരന്റെ ചുമതലയെന്ന നിലയിൽ ബ്രിട്ടീഷുകാർ അവരുടെ ഭരണകാലത്ത് മാർക്സിസം - ലെനിനിസത്തെ

അടിച്ചമർത്താൻ ശ്രമിക്കുകയും ശൈശവദശയിലായിരുന്ന കമ്യൂണിസ്റ്റ് പാർട്ടിയെ നിരോധിക്കുകയും ചെയ്ത കാലം മുതൽ കഴിഞ്ഞ മുപ്പതു വർഷമായി ഇതാണ് എന്റെ കഴിവിനൊത്തവിധം ഞാൻ ചെയ്യാൻ പരിശ്രമിക്കുന്നത്. മാർക്സിസം - ലെനിനിസം പ്രചരിപ്പിക്കാൻ വേണ്ടിയുള്ള പരിശ്രമത്തിനിടയിൽ ജീവൻതന്നെ ബലിയർപ്പിക്കുകയും എണ്ണിയാലൊടുങ്ങാത്ത കഷ്ടപ്പാടുകൾക്ക് വശംവദരാക്കപ്പെടുകയും ചെയ്ത ആയിരക്കണക്കായ എന്റെ മുൻഗാമികളെയും സമകാലികരെയും ഞാൻ സ്മരിക്കുന്നു. എന്റെ വ്യക്തിജീവിതത്തിൽ എന്തൊക്കെ നഷ്ടങ്ങൾ സംഭവിച്ചാലും എനിക്ക് കഴിയാവുന്നിടത്തോളം കാലം ഈ ആശയത്തിന്റെ പ്രചാരവേല ഞാൻ തുടരും.

സാമൂഹ്യരംഗത്തെ വിഭജനങ്ങളിൽ നിന്ന് ഭരണകൂടം മുക്തമല്ലെന്ന് കരുതുന്ന ഗ്രൂപ്പുകളും ജനവിഭാഗങ്ങളും വേറെയുമുണ്ട് എന്ന് ഇതുമായി ബന്ധപ്പെട്ട് മനസിലാക്കുന്നത് നന്നായിരിക്കും. സാമൂഹ്യതുല്യതയെന്ന ഔപചാരികമായ പ്രഖ്യാപനവും, ജാതിവിവേചനത്തിലും തൊട്ടുകൂടായ്മയ്ക്കുമെതിരായ പ്രഖ്യാപനങ്ങളും ഉണ്ടെങ്കിലും ഇന്നത്തെ ഭരണവ്യവസ്ഥ ഉയർന്ന ജാതിക്കാരുടെ മേധാവിത്വത്തിൻ കീഴിലാണെന്നാണ് പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, മറ്റു പിന്നോക്കജാതിക്കാർ എന്നിവരിൽ ഒരു വിഭാഗം ചിന്തിക്കുന്നതെന്നത് ഇതിന് ഉദാഹരണമാണ്. മതന്യൂനപക്ഷങ്ങളായ മുസ്ലിങ്ങളിലും ക്രിസ്ത്യാനികളിലുമൊക്കെ ഇന്ത്യൻ ഭരണകൂടത്തെ ഹിന്ദുഭരണകൂടമായി വീക്ഷിക്കുന്നവരുണ്ട്. അതുകൊണ്ടാണ് ന്യൂനപക്ഷമതവിഭാഗങ്ങളും "താഴ്ന്ന ജാതിക്കാ"രെന്നു വിളിക്കുന്ന ഹിന്ദുക്കളുമൊക്കെ നിയമസഭയിലും പാർലമെന്റിലും സംവരണം വേണമെന്നും മറ്റു പ്രത്യേക പരിഗണനകൾ വേണമെന്നുമൊക്കെ ആവശ്യപ്പെടുന്നത്. അവരിൽ ചിലർ പ്രത്യേക മണ്ഡലങ്ങൾ വേണമെന്നുവരെ ആവശ്യപ്പെടുന്നുണ്ട്. മതന്യൂനപക്ഷങ്ങളും പിന്നോക്കജാതിക്കാരായ ഹിന്ദുക്കളുമൊക്കെ പ്രത്യേക പരിഗണന വേണമെന്നാവശ്യപ്പെടുന്നതിന് പിന്നിൽ ഭരണകൂടാധികാരം കൈവശം വച്ച ജാതി ഹിന്ദുക്കളുടെ കൈകളിൽ അവർ സുരക്ഷിതരല്ല എന്ന ബോധമാണുള്ളത്. സംവരണത്തിന് വേണ്ടിയുള്ള ഈ മുറിവിളി നീതിന്യായപരമായ സുപ്രീംകോടതിയിലേയും ഹൈക്കോടതിയിലേയും നിയമങ്ങളിലേക്കും അർധ നീതിന്യായപരമായ പബ്ലിക് സർവീസ് കമ്മീഷൻ തുടങ്ങിയവയിലേക്കുമൊക്കെയുണ്ടെന്ന് ബഹുമാനപുരസ്സരം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. മുസ്ലിം ജഡ്ജിമാർ, പട്ടികജാതി ജഡ്ജിമാർ എന്നിങ്ങനെയുള്ള ആവശ്യങ്ങൾ കോടതിയിലുള്ള വിശ്വാസക്കുറവോ, ആ അർഥത്തിൽ കോടതി അലക്ഷ്യമോ ആണെന്ന് ആരും ചൂണ്ടിക്കാണിച്ചിട്ടില്ല. ചില മതവിഭാഗങ്ങൾക്കോ ജാതികൾക്കോ വേണ്ടിയല്ലാതെ, ചില വർഗങ്ങൾക്ക്വേണ്ടി - തൊഴിലാളികൾക്കും കർഷകർക്കും പട്ടിക ജാതിക്കാർക്കും ഭൂരിപക്ഷക്കാരും ന്യൂനപക്ഷക്കാരും മേൽജാതി ഹിന്ദുക്കളും ഉൾപ്പെടുന്ന സാധാരണ ജന

ങ്ങൾക്കുംവേണ്ടി – വാദിക്കുകയും സമരം ചെയ്യുകയും അവരുടെ വർഗ വീക്ഷണത്തിൽ കോടതിയെ നോക്കിക്കാണുകയും ചെയ്യുന്നത് എങ്ങ നെയാണ് വിമർശനത്തിന്റെ അതിർത്തിവിടുന്നതും കോടതികളുടെ "അന്തസ് ഹനിക്കുന്നതും, അധികാരത്തെ ചോദ്യം ചെയ്യുന്നതും" ആയി വ്യാഖ്യാനിക്കാൻ കഴിയുക എന്ന് ചോദിക്കുകയാണ്. വാസ്തവത്തിൽ ചൂഷകവർഗത്തെ തടിച്ചുകൊഴുപ്പിക്കുന്നതിന് വേണ്ടി വിയർപ്പൊഴുക്കു കയും പണിയെടുക്കുകയും ചെയ്യുന്ന തൊഴിലാളിവർഗത്തിന്, മേൽജാതി, ഹിന്ദുമേധാവിത്വ ഭരണകൂടത്തെ എതിർക്കുന്ന കീഴ്ജാതിക്കാരെക്കാളും സമുദായക്കാരെക്കാളും അവരെ ചൂഷണം ചെയ്യുകയും അടിച്ചമർത്തു കയും ചെയ്യുന്ന ഈ ഭരണകൂടത്തെയും അത് ഉണ്ടാക്കുകയും നില നിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന അതിന്റെ ഉപകരണങ്ങ ളെയും അവിശ്വസിക്കാനുള്ള യുക്തികളുണ്ട്. ഈ ജാതി – സമുദായങ്ങ ളിലെയെല്ലാം ചെറിയൊരുഭാഗം (പട്ടികജാതിക്കാരിൽ വളരെ ചെറിയ), അളവിൽ വ്യത്യസ്തമായിട്ടാണെങ്കിലും മേൽജാതി ഹിന്ദുക്കളുടെ മേധാ വിത്വത്തിലുള്ള ഈ ഭരണകൂടത്തിന്റെ കീഴിൽ നടക്കുന്ന ചൂഷണത്തി ന്റെയും അടിച്ചമർത്തലിന്റെയും ഗുണഫലങ്ങൾ അനുഭവിച്ചുവരുന്നുണ്ട്. മറിച്ച് ചൂഷിതവർഗങ്ങളാകട്ടെ ആധുനിക കമ്യൂണിസ്റ്റ് ആചാര്യന്മാരുടെ വാചകങ്ങൾ കടമെടുത്തു പറഞ്ഞാൽ "സ്വന്തം കാൽച്ചങ്ങലകളല്ലാതെ മറ്റൊന്നും നഷ്ടപ്പെടാനില്ലാത്തവരാണ്. അവർക്കാകട്ടെ ഭരണകൂടത്തി ന്റെയും സാമൂഹ്യവ്യവസ്ഥയുടെയും വിപ്ലവകരമായ മാറ്റത്തിലൂടെ ഒരു പുതിയ ലോകം നേടാനുണ്ടുതാനും." അതുകൊണ്ടാണ് മാർക്സിസ്റ്റ് – ലെനിനിസ്റ്റുകാർ ഏറ്റവും പുരോഗമനപരവും വിപ്ലവകരവുമായ ഭരണ കൂടവ്യവസ്ഥാമാറ്റത്തിന്റെ ഉറച്ച വക്താക്കളായിരിക്കുന്നത്. ചൂഷകന്യൂ നപക്ഷത്തിന്റെ കൈകളിൽ ചൂഷിതരായ ഭൂരിപക്ഷത്തെ അടിച്ചമർത്തുന്ന മർദ്ദനോപാധിയെന്ന നിലയിൽ നിന്ന് ഭരണകൂടത്തെ ഭൂരിപക്ഷത്തിന്റെ കൈകളിൽ ന്യൂനപക്ഷത്തിനെതിരായ ഉപകരണമെന്ന നിലയിലേക്ക് മാറ്റാനാണ് മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർ ആഗ്രഹിക്കുന്നത്. അതിനു ശേഷം വർഗവിഭജനം അവസാനിപ്പിച്ച് ഭരണകൂടം തന്നെ കൊഴിഞ്ഞു പോകുന്നതിലേക്ക് വഴിതുറക്കാനും അവർ ആഗ്രഹിക്കുന്നു. മാർക്സിസ്റ്റ് ലെനിനിസ്റ്റുകാർ ഇത്രയേറെ വിപ്ലവകരമായ മാറ്റം ഭരണകൂടത്തിലും സമൂഹത്തിലും വരുത്താൻവേണ്ടിയാണ് നിലകൊള്ളുന്നത് എന്നതു കൊണ്ട് അവർ അക്രമത്തിന് വേണ്ടി നിലകൊള്ളുന്നുവെന്ന പ്രചാരണം നിരന്തരമായി നടക്കുന്നുണ്ട്. അക്കാര്യത്തെക്കുറിച്ച് പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ആ ആരോപണം നിഷേധിക്കുന്നു. ഹീന മായ സ്വന്തം പ്രവൃത്തികളെ മറച്ചുവെക്കുന്നതിനു വേണ്ടി 'കള്ളൻ' 'കള്ളൻ' എന്നു വിളിച്ചുകൂവുന്ന കള്ളന്റെ സ്വഭാവമാണ് മാർക്സിസ്റ്റു-ലെനിനിസ്റ്റുകാർക്കെതിരെ ഈ ആരോപണം ഉന്നയിക്കുന്നവർക്കുള്ള തെന്ന് ഞാൻ അവകാശപ്പെടുന്നു. 'അംഹിംസാസിദ്ധാന്തത്തിന്റെയും

സമാധാനപരമായ ഭരണഘടനാപ്രക്രിയയുടെയും' വക്താക്കളായി അവകാശപ്പെടുന്നവർ കഴിഞ്ഞ ഏതാനും ആഴ്ചകളായി അവർക്ക് ഇഷ്ടപ്പെടാത്ത സംസ്ഥാനമന്ത്രിസഭകളെയും കോൺഗ്രസിതര മന്ത്രിസഭകളെയും പുറത്താക്കുന്നതിനു വേണ്ടി ബലപ്രയോഗത്തിന്റെ ഉപകരണങ്ങളായ പൊലീസിനെയും സൈന്യത്തെയും ഉപയോഗിക്കുന്നതെങ്ങനെയെന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. 1967 ഒക്ടോബർ 2-ന് — ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ അഹിംസാപ്രക്ഷോഭത്തിന് രൂപം നൽകിയ മഹാനുവേണ്ടി സമർപ്പിക്കപ്പെട്ട ദിനത്തിൽ — ആണ് അന്ന് അജയ്മുഖർജിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസേതര മന്ത്രിസഭ പുനഃസംഘടിപ്പിക്കാനിടയുണ്ടെന്നതിന്റെ പേരിൽ ഗ്രേറ്റർ കൽക്കത്തയൊന്നാകെ സൈന്യത്തിന്റെ വരുതിയിലാക്കിക്കൊടുത്തത്. മുഖർജി എന്തായാലും ഇതിന് വഴങ്ങിയില്ല. അദ്ദേഹത്തിന്റെ മന്ത്രിസഭ മുമ്പത്തേതുപോലെ തുടർന്നു. അതിനാൽ ഗ്രേറ്റർ കൽക്കത്തയിലെ സൈനികസാന്നിധ്യം ഒക്ടോബർ ഏഴുവരെ തുടർന്നു. പട്ടാളത്തിന്റെ സഹായത്തോടെ അവസരവാദികളായ ചിലരുടെ കാലുമാറ്റങ്ങൾ സംഘടിപ്പിച്ച്, തകർന്നുകൊണ്ടിരിക്കുന്ന കോൺഗ്രസ്, അധികാരത്തിലിരിക്കുവാൻ വേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന നാണംകെട്ട കളികൾ ആണ് ഞാനിവിടെ സൂചിപ്പിച്ചത്. യൂണിയൻ ഗവൺമെന്റിന്റെ നിയമമന്ത്രി തന്നെയാണ് ഇതിനെ കമ്യൂണിസ്റ്റ് അട്ടിമറി തടയാൻ വേണ്ടിയുള്ള സൈന്യത്തിന്റെ പ്രവർത്തനമായി വിശേഷിപ്പിച്ച് ന്യായീകരിക്കാൻ തയ്യാറായത്. ഇത് പോരെങ്കിൽ കോൺഗ്രസിന്റെ ദേശീയപ്രസിഡണ്ടു തന്നെയാണ് നേരിട്ട് തന്റെ സംസ്ഥാനത്തെ (ഡി എം കെ) മുഖ്യമന്ത്രിയെ, നിങ്ങൾക്ക് പൊലീസുണ്ടെങ്കിൽ ഞങ്ങൾക്ക് പട്ടാളമുണ്ടെന്നു പറഞ്ഞ് ഭീഷണിപ്പെടുത്തിയത്. നവംബർ 21-ന് കൽക്കത്തയിൽ ഗവർണർ ധർമവീര ഭരണഘടനാവിരുദ്ധമായി മന്ത്രിസഭയെ പിരിച്ചുവിട്ടു. (നിയമസഭ നാലാഴ്ചക്കകം കൂടി വിധി നിശ്ചയിക്കാനിരിക്കുകയായിരുന്നു.) ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ ഒന്നായ ഇവിടത്തെ തെരുവുകൾ വെടിവെപ്പുണ്ടാക്കുന്ന വിധം ജനറൽ മനേക്ഷാ ആവശ്യത്തിന് പട്ടാളത്തെ വിന്യസിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് ഇത് ചെയ്തത്. അഹിംസാസിദ്ധാന്തത്തിന്റെ വാചകമടിക്കാരായ ഇക്കൂട്ടർക്ക് അവരുടെ ന്യൂനപക്ഷമായ ചൂഷകവിഭാഗത്തിന്റെ ശക്തിയെ ഭൂരിപക്ഷമായ ചൂഷിതവർഗത്തിന്റെ പ്രതിശക്തികൊണ്ട് നേരിടാൻ ഞങ്ങൾ തയ്യാറായിരുന്നെങ്കിൽ അവർക്ക് തള്ളിപ്പറയാൻ കഴിയുമായിരുന്നില്ല.

ഞങ്ങൾ ബലപ്രയോഗത്തിനോടോ അഹിംസയോടോ ഒരു തത്ത്വമെന്ന നിലയിൽ ബന്ധപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് വ്യക്തമാക്കാൻ എന്നെ അനുവദിക്കുക. ചൂഷിതഭൂരിപക്ഷത്തിന്റെ താൽപ്പര്യസംരക്ഷണത്തിന് നേതൃത്വം കൊടുക്കുന്നവരാണ് ഞങ്ങൾ എന്നതുകൊണ്ട് പരിവർത്തനം കഴിവിന്റെ പരമാവധി സാമാധാനപരമായും അഹിംസാധിഷ്ഠിതമായും

നടത്തണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അധികാരത്തിനു വേണ്ടി യുള്ള പോരാട്ടത്തിന്റെ ഭാഗമായ ബലപ്രയോഗത്തിന്റെ അനന്തരഫലം അനുഭവിക്കേണ്ടി വരുക ചൂഷിതഭൂരിപക്ഷമായിരിക്കും. ചൂഷിത ഭൂരിപ ക്ഷത്തിന്റെ താൽപ്പര്യങ്ങളാണ് ഞങ്ങൾ കൃത്യമായി പ്രതിനിധീകരിക്കു ന്നതെന്നതുകൊണ്ട് ഞങ്ങൾക്ക് ചൂഷകന്യൂനപക്ഷം സൈന്യം, പൊലീസ് തുടങ്ങിയ ബലപ്രയോഗരൂപങ്ങളെ ഉപയോഗിച്ചുകൊണ്ട് ഞങ്ങളുടെ പോരാട്ടത്തെ അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ. അഹിംസാ വാദികളായിരിക്കുവാൻ ഞങ്ങൾക്ക് കഴിയില്ല. സ്വയം രക്ഷക്കുവേണ്ടി, ഭൂരിപക്ഷം വരുന്ന അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ മൗലിക-ദീർഘ കാല താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, ബൂർഷ്വാ-ഭൂപ്രഭുവർഗ ഭരണത്തിന്റെ വ്യവസ്ഥാപിത ബലപ്രയോഗവാഴ്ചയെ പ്രത്യാക്രമണം കൊണ്ട് ചെറുക്കുന്നതിനാവശ്യമായ ബലപ്രയോഗത്തിനുള്ള തയ്യാറെ ടുപ്പു നടത്തുന്നതിന്റെ ആവശ്യകത മാർക്സിസം - ലെനിനിസം അംഗീ കരിക്കുന്നുണ്ട്. ഇതാണ് ഞങ്ങളുടെ പാർട്ടി പരിപാടി താഴെ പറയുന്ന വാക്കുകളിൽ വ്യക്തമാക്കിയത്:

> ജനകീയ ജനാധിപത്യം സ്ഥാപിക്കലും സോഷ്യലിസത്തിലേ ക്കുള്ള പരിവർത്തനവും സമാധാനപരമായ മാർഗങ്ങളിലൂടെ കൈവരിക്കാനാണ് ഇന്ത്യൻ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി പരിശ്രമിക്കുന്നത്. സുശക്തമായ ഒരു ബഹുജന വിപ്ലവ പ്രസ്ഥാനം വളർത്തിയെടുത്തുകൊണ്ടും പാർലമെന്ററി-പാർലമെന്റേതര സമ രരൂപങ്ങളെ കൂട്ടിയിണക്കിക്കൊണ്ടും പിന്തിരിപ്പൻ ശക്തികളുടെ എതിർപ്പിനെ പരാജയപ്പെടുത്താനും സമാധാനപരമായ മാർഗങ്ങ ളിലൂടെ പരിവർത്തനം സാധ്യമാക്കാനും വേണ്ടി തൊഴിലാളി വർഗവും അതിന്റെ സഖ്യശക്തികളും പരമാവധി പരിശ്രമിക്കുന്ന താണ്.
>
> പക്ഷേ ഭരണാധികാരിവർഗങ്ങൾ ഒരിക്കലും അവരുടെ അധികാരം സ്വമേധയാ കൈവെടിയുകയില്ലെന്ന് നാം എപ്പോഴും ഓർമ്മിക്കേ ണ്ടതുണ്ട്. ജനങ്ങളുടെ നിശ്ചയത്തെ ധിക്കരിക്കാനും അക്രമവും നിയമരാഹിത്യവും കൊണ്ട് അതിനെ തകിടം മറിക്കാനും അവർ ഒരുമ്പെടുന്നു. അതുകൊണ്ട് വിപ്ലവശക്തികൾ എല്ലായ്പ്പോഴും ജാഗ്രതയോടുകൂടി ഇരിക്കേണ്ടതും രാജ്യത്തിന്റെ രാഷ്ട്രീയ ജീവി തത്തിലുണ്ടാകുന്ന എല്ലാ വളവുതിരിവുകളെയും എല്ലാ പ്രത്യേക സാഹചര്യങ്ങളെയും നേരിടത്തക്കവിധം സ്വന്തം പ്രവർത്തനത്തെ തിരിച്ചുവിടേണ്ടതുമാണ്.

ഏറെക്കുറെ ഇതേ ആശയങ്ങൾ തന്നെയാണ് മറ്റേ കമ്യൂണിസ്റ്റ് പാർട്ടിയുടെയും പരിപാടിയിലുള്ളത്:

"പാർലമെന്ററി ജനാധിപത്യത്തിന്റെ പരിമിതികൾ നിലകൊള്ളുന്നത് അതിന്റെ മുതലാളിത്ത ഉള്ളടക്കത്തിൽനിന്നാണ്. കുത്തകകളുടെയും വലത് പിന്തിരിപ്പൻ ശക്തികളുടെയും വളർച്ചയോടെ നിലനിൽക്കുന്ന ജനാധിപത്യ അവകാശങ്ങളുടെയും പാർലമെന്ററി ജനാധിപത്യത്തിന്റെ തന്നെയും അടിത്തറ തകർക്കുകയെന്ന പുതിയ ഭീഷണി വളർന്നുവരുന്നു.

വലത് പിന്തിരിപ്പൻ ശക്തികളാണ് പാർലമെന്ററി വ്യവസ്ഥയെ അകത്തുനിന്നും പുറത്തുനിന്നും തകർക്കാൻ ശ്രമിക്കുന്നത്. എങ്ങനെയെന്നാൽ കഷ്ടപ്പെടുന്ന ജനതയെ അടിച്ചമർത്തുന്നതിനുവേണ്ടി തങ്ങളുടെ സങ്കുചിത വർഗതാൽപ്പര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഒരു ഉപകരണമായാണ് അവർ അതിനെ മാറ്റുന്നത്. കമ്യൂണിസ്റ്റ് പാർട്ടി പാർലമെന്ററി ജനാധിപത്യപരമായ സ്ഥാപനങ്ങളെ സംരക്ഷിക്കാനും അവയെ കൂടുതൽ വികസിപ്പിച്ചുകൊണ്ട് ജനാധിപത്യത്തെ വിപുലപ്പെടുത്താനും വേണ്ടി നിലകൊള്ളുന്നു.

സ്ഥിതി ചുരുക്കത്തിൽ ഇതാകുന്നു:- ഭരണഘടയ്ക്കു കീഴിൽ ജനങ്ങൾക്ക് ഉറപ്പു നൽകപ്പെട്ട എല്ലാ അവകാശങ്ങളേയും പ്രായപൂർത്തിവോട്ടവകാശം, സംസാരിക്കാനും സംഘടിക്കാനുമുള്ള അവകാശം, രാഷ്ട്രീയ പാർട്ടി രൂപീകരിക്കാനും പാർലമെന്ററി ജനാധിപത്യപ്രക്രിയയിൽ പങ്കെടുക്കാനുമുള്ള അവകാശം — എന്നിവയെ പൂർണമായി ഉപയോഗപ്പെടുത്താനും അതുവഴി രാഷ്ട്രീയ-സാമ്പത്തിക അധികാരഘടനകളിൽ അടിസ്ഥാനപരമായ മാറ്റം വരുത്താനും ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ പാർലമെന്ററി ജനാധിപത്യ പ്രക്രിയയെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിച്ചാൽ, ചൂഷിത ഭൂരിപക്ഷത്തെ സ്വയം രൂപപ്പെട്ട ഭരണാധികാരിവർഗമായി മാറുന്നതിനെ തടയാതിരുന്നാൽ ഞങ്ങൾക്ക് ഉറച്ചവിശ്വാസമുണ്ട്, ഒരു തരത്തിലുള്ള ബലപ്രയോഗത്തിന്റെയും ആവശ്യകത ഉണ്ടാവുകയില്ലെന്ന്. ചൂഷണത്തിന്റേതായ മേധാവിത്വത്തിൽനിന്നും സമാധാനപരവും ഭരണഘടനാപരവുമായ മാറ്റത്തിലൂടെ ഇതുവരെ ചൂഷണം ചെയ്യപ്പെട്ട ജനങ്ങളുടെ മേധാവിത്വമുണ്ടാക്കാൻ പരിശ്രമിച്ചാൽ ഞങ്ങൾക്ക് സ്വയം വഞ്ചിക്കാനോ തൊഴിലാളിവർഗത്തെ വഞ്ചിക്കുവാനോ കഴിയുകയില്ല. എന്നാൽ, ഭരണഘടനാപരമായി നടക്കുന്ന, ഈ സമാധാനപരമായ മാറ്റം സാധാരണ ജനങ്ങൾക്ക് മേൽ ഭരണവർഗം നടത്തിക്കൊണ്ടിരിക്കുന്ന ചൂഷണത്തിന് അറുതി വരുത്തുമെന്ന് കാണുമ്പോൾ ഭരണവർഗങ്ങൾ വെരുതെയിരിക്കുമെന്നു ഞങ്ങൾ കരുതുന്നില്ല എന്ന് പറയേണ്ടതുണ്ട്."

ഇതാണ് ഭരണകൂടത്തെ മൊത്തത്തിലെടുക്കുമ്പോൾ ഞങ്ങളുടെ അടിസ്ഥാനസമീപനം. നീതിപീഠത്തെക്കുറിച്ചുള്ള ഞങ്ങളുടെ സമീപനത്തിൽ ഒന്നാമതായി വളരെ കണിശമായ തരത്തിൽ കോടതികൾ ഓരോ കേസിലും പ്രഖ്യാപിക്കുന്ന വിധികൾ അത് നാട്ടിലെ നിയമമെന്ന നിലയിൽ അംഗീകരിക്കപ്പെടണം; അത് നിയമസഭകൾ മാറ്റുന്നതുവരെ.

രണ്ടാമതായി വ്യക്തിപരമായ വിധിന്യായങ്ങളിൽ പക്ഷപാതങ്ങളായ ആക്ഷേപങ്ങൾ ഉന്നയിക്കാതിരിക്കുകയും അതിൽ തെറ്റായ ലക്ഷ്യങ്ങൾ ഒന്നും ആരോപിക്കാതിരിക്കുകയും എന്നാൽ ഭരണഘടനയിലോ, മറ്റു ചട്ടങ്ങളിലോ നടപടികളിലോ പറയുന്നതുമായി ബന്ധപ്പെടുത്തി മാത്രം വിമർശിക്കുകയും ചെയ്യുക. (ഭരണഘടനാനുസൃതമായി സുപ്രീം കോടതി ഹൈക്കോടതി ജഡ്ജിമാരെ ഇംപീച്ച്മെന്റിന് വിധേയരാക്കുക, കാരണം ബോധിപ്പിച്ചുകൊണ്ട് ഒരു കോടതിയിൽ നടക്കുന്ന കേസ് മറ്റൊന്നിലേക്ക് മാറ്റാൻ അപേക്ഷ കൊടുക്കുക, തുടങ്ങിയവ.)

മൂന്നാമതായി, ജനപ്രതിനിധികൾ ഉണ്ടാക്കിയ നിയമങ്ങളുടെ അന്തഃസത്തക്കനുസരിച്ചല്ല കോടതിവിധികൾ വരുന്നതെങ്കിൽ അതുമായി ബന്ധപ്പെടുത്തി നീതിന്യായവ്യവസ്ഥയെ വിമർശിക്കുക.

നാലാമതായും അവസാനമായും ചൂഷിതരായ ഭൂരിപക്ഷത്തിനെതിരായി ചൂഷകവർഗങ്ങൾ ഉണ്ടാക്കുകയും ശക്തിപ്പെടുത്തി നിലനിർത്തുകയും ചെയ്യുന്നതാണ് നീതിന്യായവ്യവസ്ഥയടക്കമുള്ള മുഴുവൻ ഭരണകൂട ഉപകരണങ്ങളുമെന്ന് തൊഴിലാളി വർഗത്തിനെ നിരന്തരമായി പഠിപ്പിച്ചുകൊണ്ടിരിക്കുക.

കഴിഞ്ഞ മുപ്പതു വർഷങ്ങളായി ഒരു കമ്യൂണിസ്റ്റുകാരനെന്ന നിലയിൽ ഈ പ്രവർത്തനങ്ങളാണ് ഞാൻ നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതും. ഇത് ഭരണഘടനാദത്തമായി എനിക്കു ഉറപ്പു നൽകപ്പെട്ട അവകാശമാണെന്നും ഇത് പരിപൂർണമായും നീതിപീഠത്തിനെതിരെ ഒരു സ്ഥാപനമെന്ന നിലയിൽ നടത്തുന്ന സത്യസന്ധമായ വിമർശനത്തിന്റെ പരിധിക്കുള്ളിൽപ്പെടുന്നതാണെന്നും ഞാൻ ബോധിപ്പിക്കുന്നു. അതേസമയം ഞാൻ സത്യസന്ധമായ വിമർശനത്തിന്റെ പരിധിവിട്ടിട്ടില്ല. കോടതികളെ അവജ്ഞയുടെയും പരിഹാസത്തിന്റെയും പാതയിലേക്ക് കൊണ്ടുവരുന്ന അതിക്രമം ഞാൻ ചെയ്തിട്ടില്ല; ഒരു കോടതി വിധിയേയും ഞാൻ വെല്ലുവിളിച്ചിട്ടില്ല. ഒരു ജഡ്ജിക്ക് എതിരെയോ, ജഡ്ജിമാർക്കെതിരെ പൊതുവായോ ദുഷ്ടലക്ഷ്യങ്ങൾ ആരോപിച്ചിട്ടില്ല; നീതിപീഠത്തിലോ, കോടതിവിധികളിലോ ഉള്ള വിശ്വാസത്തെ തകർത്തിട്ടില്ല; അങ്ങനെ കോടതിയലക്ഷ്യമാരോപിക്കാവുന്ന യാതൊന്നും ചെയ്തിട്ടില്ല.

അതിനാൽ ഞാൻ ക്രിമിനലോ അല്ലാത്തതോ ആയ കോടതിയലക്ഷ്യമൊന്നും ചെയ്തിട്ടില്ലെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

പത്രാധിപർക്കൊരു കത്ത്

ഇ എം എസ്

പത്രാധിപർ,
കേരളാ ലോ ടൈംസ്,
എറണാകുളം.

സർ,

1970 ആഗസ്റ്റ് 24ന് പ്രസിദ്ധീകരിച്ച *കേരള ലോ ടൈംസിൽ* (588 കെ എൽ ടി 1970) കേരള ഹൈക്കോടതിയുടെ വിധിക്കെതിരെ ഞാൻ അപ്പീൽ വാദിയായി സുപ്രീംകോടതിയിൽ നൽകിയ അപ്പീലിലുണ്ടായ വിധി പ്രസിദ്ധീകരിച്ചതു കണ്ടു. അതിൽ സുപ്രീംകോടതി പിഴസംഖ്യ ആയിരത്തിൽനിന്ന് അമ്പതായി കുറച്ചതിനെ കുറിച്ചോ, ശിക്ഷ ശരിവെച്ചതിനെക്കുറിച്ചോ ഒന്നും പറയാനുദ്ദേശിക്കുന്നില്ല. മാർക്സിന്റെയും എംഗൽസിന്റെയും കൃതികൾ പഠിക്കുന്നതിൽ എനിക്കുണ്ടായ "തെറ്റ് തുറന്നുകാണിക്കുന്ന" ഭാഗത്തെക്കുറിച്ച് വിശദീകരിക്കാൻ മാത്രമാണ് ഞാനിവിടെ ഉദ്ദേശിക്കുന്നത്.

കഴിഞ്ഞ ഒന്നര പതിറ്റാണ്ടുകാലം മാർക്സിന്റെയും എംഗൽസിന്റെയും കൃതികൾ പഠിക്കാനും അവയിലെ ആശയങ്ങൾ ഉൾക്കൊള്ളാനും ഞാൻ ആത്മാർത്ഥമായി പരിശ്രമിച്ചുവെങ്കിലും അവരുടെ എല്ലാ കൃതികളും എനിക്ക് പഠിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഏറ്റുപറയാൻ എന്നെ അനുവദിച്ചാലും. തങ്ങൾ മാർക്സിന്റെയും എംഗൽസിന്റെയും എല്ലാ കൃതികളും പഠിച്ചിട്ടുണ്ടെന്ന അവകാശവാദത്തിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാർ എന്റെ "തെറ്റ്" "തുറന്നു കാട്ടാൻ" ശ്രമിക്കുന്നതുകൊണ്ടാണ് ഇപ്രകാരമൊരു ഏറ്റുപറയൽ എനിക്കു നടത്തേണ്ടിവന്നതെന്ന് സൂചി

പ്പിച്ചുകൊള്ളട്ടെ. (മാർക്സിന്റെയും എംഗൽസിന്റെയും) ഒരു കൃതിയും നീതിനിർവഹണ വിഭാഗത്തിനുനേരെ പ്രത്യക്ഷമായ കടന്നാക്രമണം നടത്തുന്നില്ലെന്നും ആ വിഭാഗത്തിനുനേരെ ജനരോഷം തിരിച്ചുവിടാൻ ശ്രമിക്കുന്നില്ലെന്നും വിധിന്യായത്തിൽ പറയുന്നു. മാർക്സിന്റെയും എംഗൽസിന്റെയും എല്ലാ കൃതികളും വായിച്ചുവെന്ന് അവകാശപ്പെടുന്നവർ ആരായാലും അവരുടെ ചങ്കൂറ്റത്തിനുമുമ്പിൽ തലകുനിക്കാൻ മാത്രമേ എനിക്ക് കഴിയൂ. മാർക്സിസത്തിന്റെ ഉപജ്ഞാതാക്കളുടെ കൃതികൾ മുഴുവൻ ഇനിയും ഇംഗ്ലീഷിൽ ലഭ്യമല്ലെന്ന് ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസും മറ്റു ജഡ്ജിമാരും അവയെല്ലാം ജർമൻ ഭാഷയിൽ തന്നെ വായിച്ചു മനസിലാക്കിയെന്നാണോ കരുതേണ്ടത്? അതെന്തായാലും 1944-ൽ പ്രസിദ്ധീകരിച്ച എംഗൽസിന്റെ *ഇംഗ്ലണ്ടിലെ തൊഴിലാളി വർഗത്തിന്റെ സ്ഥിതി* എന്ന മഹത്തായ കൃതിയിൽനിന്ന് ഒരു ചെറിയ ഉദ്ധരണി നൽകാൻ എന്നെ അനുവദിച്ചാലും:

> എല്ലാ നിയമങ്ങൾക്കും അടിയിലുള്ള ധാരണ തൊഴിലാളിവർഗം ഒരു ശത്രുവാണെന്നും അതിനെ പരാജയപ്പെടുത്തേണ്ടതുണ്ടെന്നുമാണ് ഇന്ന് ജഡ്ജിമാർ നിയമം നടപ്പിലാക്കുന്നതിൽനിന്ന് കാണാൻ കഴിയുന്നത്. ഇത് പ്രത്യേകമായും 'ജസ്റ്റിസ് ഓഫ് പീസിൽ' (ഇംഗ്ലണ്ടിലും പടിഞ്ഞാറൻ രാജ്യങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീതിന്യായം കൈകാര്യം ചെയ്യുന്നതിനുള്ള തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥൻ) പ്രകടമാണ്-അവർ ഇടത്തരം കുടുംബങ്ങളിലെ അംഗങ്ങളാണ്-ഇവരുമായാണ് രാജ്യത്തിന്റെ മിക്കവാറും എല്ലാ ഭാഗത്തുമുള്ള തൊഴിലാളി വർഗത്തിന് ബന്ധപ്പെടേണ്ടിവരിക. തൊഴിലാളി വർഗത്തെ താഴ്ത്തിക്കെട്ടാൻ വേണ്ടവിധത്തിൽ നീതിന്യായനിർവഹണത്തെ ഉപയോഗപ്പെടുത്തുന്നതിന് അവർക്ക് യാതൊരു മടിയുമില്ല. മധ്യവർഗത്തിലെ ഒരു പ്രമുഖനായ അംഗത്തോട് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാകാൻ കൽപ്പന കൊടുത്തുവെന്ന്-അല്ലെങ്കിൽ കൂടുതൽ ഭവ്യമായ ഭാഷയിൽ ഹാജരാകാൻ ക്ഷണിച്ചുവെന്ന് കരുതുക. കോടതി സ്വാഭാവികമായും അങ്ങനെയൊരാളെ ബുദ്ധിമുട്ടിക്കേണ്ടിവന്നതിൽ ആകുലത കാണിക്കും. കോടതി ആ പ്രതിക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് ആവുന്നതെല്ലാം ചെയ്യും. അയാൾക്കെതിരായ കുറ്റം തെളിയുകയാണെങ്കിൽ ആകാവുന്ന പരിഗണനകൾ എല്ലാം വാരിക്കോരി നൽകി നിസ്സാരമായൊരു പിഴ വിധിക്കും. ആ ധനവാൻ അവജ്ഞയോടെ പിഴ സംഖ്യ മേശപ്പുറത്ത് വലിച്ചെറിഞ്ഞ് പടി കടക്കും. എന്നാൽ ഒരു പാവപ്പെട്ട തൊഴിലാളിയാണ് പ്രതിയായി മജിസ്ട്രേറ്റിന്റെ മുമ്പിലെത്തുന്നതെങ്കിൽ കഥ മറ്റൊന്നായിരിക്കും. അയാൾ മറ്റു തടവുകാരോടൊപ്പം ഒരു രാത്രിയെങ്കിലും ലോക്കപ്പിൽ ചെലവഴിക്കേണ്ടതായി വരും. മജിസ്ട്രേറ്റ് അയാളോട്

ആക്രോശിക്കുകയും തുടക്കം മുതൽ തന്നെ കുറ്റവാളിയോടെന്ന പോലെ പെരുമാറുകയും ചെയ്യും. അയാളുടെ എതിർവാദങ്ങൾ വെറുപ്പോടെ തള്ളിക്കളഞ്ഞുകൊണ്ട് ഇങ്ങനെ അഭിപ്രായപ്പെടും: "ഇത്തരത്തിലുള്ള ഒഴികഴിവുകൾ ഞങ്ങൾ മുമ്പും കേട്ടിട്ടുണ്ട്." അതിന് ശേഷം പിഴയിടും-പിഴയടയ്ക്കാൻ പണമില്ലാത്തതിനാൽ ഒരുമാസം (ചിലപ്പോൾ അതിൽ കൂടുതൽ കാലം) ജയിലിൽ പോകേണ്ടതായും അവിടെ കഠിന ശിക്ഷകൾ അനുഭവിക്കേണ്ടതായും വരും. അയാൾക്കെതിരെ യാതൊരു തെളിവും കിട്ടിയില്ലെങ്കിലും അയാളെ "തെമ്മാടിയോ അലവലാതിയോ" അല്ലെങ്കിൽ രണ്ടുമോ ആണെന്ന് പറഞ്ഞുകൊണ്ട് ജയിലിലടയ്ക്കും. 'ജസ്റ്റിസ് ഓഫ് പീസി'ന്റെ വിവേചനങ്ങൾ-പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലുള്ളവരുടെ-തൊഴിലാളിവർഗത്തെ തെണ്ടികൾ എന്ന വിശേഷണത്തോടെയാണ് വിവരിക്കുന്നത്. ജനാഭിപ്രായം ഈ സ്ഥിതിവിശേഷത്തെ അംഗീകരിക്കുകയും വിവേചനത്തിന്റെ വളരെ അപമാനകരമായ ചില കേസുകൾ മാത്രം പത്രങ്ങളിൽ എന്തെങ്കിലും വിമർശനത്തിനിടയാക്കുകയും ചെയ്യുന്നു. സാധാരണ യാതൊരു വിമർശനവും കൂടാതെ വസ്തുതകൾ മാത്രം പ്രസിദ്ധീകരിക്കുന്നു. ഇതാണ് സാധാരണഗതിയിൽ ഒരാൾ പ്രതീക്ഷിക്കുന്നത്. ഈ കഴമ്പില്ലാത്തവർ സത്യത്തിൽ നിയമം എങ്ങനെയാണ് വ്യാഖ്യാനിക്കപ്പെടേണ്ടത്, എന്താണോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് അത്തരത്തിലാണ് വ്യാഖ്യാനിക്കുന്നത്.

ജസ്റ്റീസ് ഓഫ് പീസ് മിക്കവരും മുതലാളിവർഗത്തിൽ പെട്ടവരാണ്. അവരുടെ വർഗത്തിന്റെ താൽപ്പര്യമാണ് നിയമസമാധാനവ്യവസ്ഥയുടെ ആണിക്കല്ലെന്നാണ് അവർ കരുതുന്നത്.

സുപ്രീംകോടതിയുടെ വിധിന്യായത്തിൽ തന്നെ ഉദ്ധരിച്ചുചേർത്ത എംഗൽസിന്റെ വാചകം ബഹുമാനപുരസ്സരം ചൂണ്ടിക്കാണിക്കാൻ എന്നെ അനുവദിക്കുക:

"കേന്ദ്രീകരിക്കപ്പെട്ട ഭരണകൂടാധികാരം അതിന്റെ സർവവ്യാപിയായ ഉപകരണങ്ങളായ, സൈന്യം, പൊലീസ്, ഉദ്യോഗസ്ഥവൃന്ദം, പുരോഹിതന്മാർ, ന്യായാസന ഉപകരണങ്ങൾ എന്നിവയെല്ലാം വ്യവസ്ഥാപിതവും ശ്രേണീബദ്ധവുമായ തൊഴിൽ വിഭജനത്തിൽനിന്ന് രൂപംകൊണ്ടതാണ്. അതിന്റെ ആദ്യകാല കേന്ദ്രം സർവാധികാരിയായ രാജാവിന്റെ വാഴ്ചയായിരുന്നു. ഫ്യൂഡലിസത്തിനെതിരായ പോരാട്ടത്തിൽ ആധുനിക മധ്യവർഗ സമൂഹത്തിന് സഹായകമായ ആയുധങ്ങളായാണ് ഈ വിഭജനമുണ്ടായത്."

ഇതിൽനിന്നുതന്നെ എംഗൽസ് കേന്ദ്രീകൃതമായ ഭരണകൂടാധികാര

ഉപകരണങ്ങൾ ആയ സൈന്യം, പൊലീസ്, ഉദ്യോഗസ്ഥവൃന്ദം, പുരോഹിതന്മാർ, നീതിന്യായ ഉദ്യോഗസ്ഥർ എന്നിവയ്ക്കു തമ്മിൽ യാതൊരു വ്യത്യാസവും കാണുന്നില്ലെന്ന് വ്യക്തമാക്കുന്നു.

കോടതിക്ക് മുമ്പാകെ വരുന്ന ഒരു പ്രതിയുടെ രാഷ്ട്രീയ തത്ത്വ സംഹിതയിലുള്ള-പ്രത്യേകിച്ച് അതിൽ പ്രധാനപ്പെട്ട ഒന്നാണ് മാർക്സിന്റെയും എംഗൽസിന്റെയും ചിന്തകൾ-'തെറ്റുകൾ' തുറന്നുകാണിക്കൽ കോടതിയുടെ പ്രവർത്തന പരിധിയിൽ വരുമോ എന്നെനിക്കറിയില്ല. ഞാൻ മനസിലാക്കിയിട്ടുള്ളത് കോടതിയുടെ ചുമതല നിയമം വ്യാഖ്യാനിക്കലും അത് നടപ്പിലാക്കലുമാണെന്നാണ്. അല്ലാതെ വ്യവഹാരികളുടെ വ്യത്യസ്ത തത്ത്വചിന്തകളിലുള്ള വിശ്വാസം പരിശോധിച്ച് വിധി തയ്യാറാക്കലല്ല. വ്യത്യസ്ത രാഷ്ട്രീയ തത്ത്വസംഹിതകളുടെ വ്യാഖ്യാതാക്കളാവാൻ ജഡ്ജിമാരോടാവശ്യപ്പെട്ടാൽ അത് വളരെ സവിശേഷമായ സ്ഥിതിവിശേഷത്തിനിടയാകും. എനിക്ക് പറയാനുള്ളത് കോടതികളുടെ ചുമതല ഒരാൾ ചെയ്ത പ്രവൃത്തിയിൽ നിയമവിരുദ്ധമായി എന്താണുള്ളതെന്ന് പരിശോധിച്ച് തീർപ്പുണ്ടാക്കലാണ്. അതാവട്ടെ അയാളുടെ പ്രഖ്യാപിതമായ വിശ്വാസ പ്രമാണങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ട കാര്യവുമല്ല.

ഈ കേസിലേക്കു വന്നാൽ എന്റെ പ്രസംഗങ്ങളും പ്രസ്താവനകളും പരിശോധിച്ച് അത് നിയമവിധേയമാണോ അല്ലയോ എന്ന് കൃത്യമായ നിയമപ്രശ്നത്തിൽ മറുപടി പറയലാണ് കോടതിയുടെ ചുമതല. മാർക്സിന്റെയും എംഗൽസിന്റെയും ചിന്തകൾ വിശ്വസ്തതയോടെ പിന്തുടർന്നവനാണ് എന്ന എന്റെ അവകാശവാദം തെറ്റോ ശരിയോ എന്ന് പരിശോധിക്കാൻ ജഡ്ജിമാർ തയ്യാറായതിൽ ഞാൻ അത്ഭുതപ്പെടുന്നു. മാർക്സിനെയും എംഗൽസിനെയും പിന്തുടരുന്നുവെന്ന എന്റെ അവകാശവാദം പൂർണമായി ശരിയായാലും ഞാൻ ചെയ്ത പ്രവൃത്തി തെറ്റാണെന്നാണ് ജഡ്ജിമാർ വ്യാഖ്യാനിക്കുന്നതെങ്കിൽ അവർക്ക് എന്നെ ശിക്ഷിക്കുന്നതിന് അധികാരമുണ്ട്. മറിച്ച് എന്റെ അവകാശവാദം തറ്റാണെന്നിരിക്കിലും ജഡ്ജിമാർ വ്യാഖ്യാനിക്കുന്ന വിധത്തിൽ ഞാൻ നിയമത്തിന്റെ അതിർത്തി ലംഘിച്ചിട്ടില്ലെങ്കിൽ എന്നെ ശിക്ഷിക്കാൻ കഴിയില്ല. എന്നിട്ടും രാജ്യത്തിലെ പരമോന്നതനീതിപീഠം മാർക്സിന്റെയും എംഗൽസിന്റെയും ശരിയായ അനുശാസനങ്ങൾ എന്തായിരുന്നുവെന്ന് കണ്ടെത്താനും അതിന്റെ അടിസ്ഥാനത്തിൽ എനിക്കു പറ്റിയ 'തെറ്റെന്തെന്ന്' തുറന്നുകാട്ടാനും തയ്യാറാവുന്നു.! മാർക്സിന്റെയും എംഗൽസിന്റെയും ശരിയായ അനുശാസനങ്ങൾ എനിക്കല്ല തെറ്റിയതെന്ന് ഞാൻ വിനയത്തോടെ ചൂണ്ടിക്കാണിച്ചു കൊള്ളട്ടെ.

വിധിന്യായത്തിന്റെ വലിയൊരു ഭാഗവും ഈ വിഷയത്തിൽ എന്റെ അവകാശവാദം പരിശോധിക്കാനും അതിൽ എനിക്കു പറ്റിയ 'തെറ്റ്' തുറന്നു കാണിക്കാനുമാണ് ശ്രമിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കോടതിയുടെ പാണ്ഡിത്യത്തിനോടും വിജ്ഞാനത്തിനോടും ആധികാരികതയോ

ടുമുള്ള ബഹുമാനത്തോടെ പറയട്ടെ ഈ വിഷയത്തിൽ കോടതിയുടെ ധാരണ ശരിയല്ല. ഭരണകൂടത്തെയും അതിന്റെ കൊഴിഞ്ഞുപോകലിനെയും സംബന്ധിച്ചുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ചിന്തകൾ ചർച്ച ചെയ്തു കൊണ്ട് ജഡ്ജിമാർ പറയുന്നു:

"മാർക്സും എംഗൽസും ലെനിനുമെല്ലാം ചിന്തിച്ചത് ഭരണകൂടത്തിന്റെ കൊഴിഞ്ഞുപോകലിനെക്കുറിച്ചാണ്. എംഗൽസിന്റെ ചിന്തകൾ മാർക്സിസത്തിലുള്ള വെള്ളം ചേർക്കലാണെന്ന് ലെനിൻ കരുതിയത് ശരിയല്ല. മാർക്സ് തന്നെ ഇത് വിശ്വസിച്ചിരുന്നു. *തത്ത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം* എന്ന കൃതിയിൽ മാർക്സ് എഴുതി:

"തൊഴിലാളിവർഗം വളർച്ചയുടെ ഘട്ടത്തിൽ പഴയ ബൂർഷ്വാ സമൂഹത്തെ വർഗങ്ങളോ അവ തമ്മിലുള്ള ശത്രുതയോ ഇല്ലാത്ത ഒരു സംഘടിത രൂപം കൊണ്ടു പകരം വയ്ക്കും. അപ്പോൾ ഇപ്പോൾ വിളിക്കപ്പെടുന്ന രീതിയിലുള്ള രാഷ്ട്രീയാധികാരം ഉണ്ടാവില്ല. എന്തുകൊണ്ടെന്നാൽ രാഷ്ട്രീയാധികാരമെന്നാൽ ബൂർഷ്വാവ്യവസ്ഥയ്ക്കകത്തെ ശത്രുതയുടെ ഔദ്യോഗിക പ്രതിഫലനമാണ്" മാർക്സും എംഗൽസും *മാനിഫെസ്റ്റോ*യിൽ യഥാർഥ ഭരണകൂടത്തെ "തൊഴിലാളി വർഗം ഭരണവർഗമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള" ഒന്നായാണ് കണ്ടത്. കൗത്സ്കിയിസ്റ്റുകളാണ് (തൊഴിലാളി വർഗത്തിന്റെ സർവാധിപത്യം) മാർക്സിന്റെ സിദ്ധാന്തങ്ങളെ തെറ്റിദ്ധരിച്ച് തൊഴിലാളി വർഗത്തിന് ഭരണകൂടം ആവശ്യമുണ്ടെന്ന് പഠിപ്പിച്ചത്. മാർക്സിന്റെ അഭിപ്രായത്തിൽ തൊഴിലാളിവർഗത്തിനാവശ്യമായ ഭരണകൂടം, തൊഴിലാളിവർഗസർവാധിപത്യത്തിലേക്ക് നയിക്കും വിധം കൊഴിഞ്ഞുപോകേണ്ടതാണ്."

മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ക്ലാസിക്കുകളെ സംബന്ധിച്ച് ധാരണയുള്ള ആർക്കും മേൽക്കൊടുത്ത ഖണ്ഡികയിൽ മാർക്സിന്റെ ഉദ്ധരണിയും അവസാന വാചകത്തിന് തൊട്ടുമുമ്പ് കൗത്സ്കി മാർക്സിയൻ സിദ്ധാന്തങ്ങളെ തെറ്റായി ധരിച്ചു എന്ന വാചകവുമൊഴികെ മറ്റെല്ലാം തെറ്റാണെന്ന് ബോധ്യപ്പെടും. ഈ അവസാനം പറഞ്ഞകാര്യത്തിൽ കോടതി തന്നെ മാർക്സിനെ തെറ്റിദ്ധരിച്ചു. അതുകൊണ്ട് കൗത്സ്കിയുടെ തെറ്റിദ്ധാരണയുടെ മർമം എന്തെന്ന് മനസിലാക്കുവാൻ അതിന് കഴിയാതെ പോയി. എന്താണ് ആ തെറ്റിദ്ധാരണ?

(1) മാർക്സും എംഗൽസും ലെനിനും ഭരണകൂടത്തെ സ്ഥിരമായ ഒരു സംവിധാനമായി പരിഗണിച്ചിട്ടില്ല. മനുഷ്യ ചരിത്രത്തിൽ ഭരണകൂടമില്ലാത്ത ഒരു കാലഘട്ടമുണ്ടായിരുന്നു എന്ന് തെളിയിക്കുവാനായി അവർ ഏറെ ബുദ്ധിമുട്ടിയിട്ടുണ്ട്. ഭരണകൂടമില്ലാത്ത ഒരു കാലഘട്ടം വീണ്ടും മനുഷ്യജീവിതത്തിലുണ്ടാകും. ഈ രണ്ടു ഘട്ടത്തിനുമിടയിൽ ഭരണകൂടം നിലനിൽക്കും. എന്നാൽ അത് എല്ലായ്പ്പോഴും ഒരേപോലെയാവില്ല. അതിന്റെ അടിസ്ഥാന സ്വഭാവം തന്നെ ഒന്നിനൊന്നായി മാറിക്കൊണ്ടിരിക്കും. മാർക്സിന്റെയും എംഗൽസിന്റെയും ചിന്തകളുടെ അടിസ്ഥാനത്തിൽ ലെനിൻ വ്യക്തമായി വിശദീകരിച്ചതുപോലെ പൊതുവായ ഒരു

ഭരണകൂടമില്ല; ഭരണകൂടത്തിന്റെ സ്വഭാവം വർഗവ്യവസ്ഥയുടെ സ്വഭാവത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. കാരണം അത് വർഗവ്യവസ്ഥയുടെ സന്തതിയും രക്ഷിതാവുമാണ്. അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം തുടങ്ങിയ വ്യവസ്ഥകൾക്കൊക്കെ അതിനനുയോജ്യമായ വർഗ ഭരണകൂടങ്ങളുണ്ട്. ഇവയെല്ലാം അടിമയുടമ, ഫ്യൂഡൽപ്രഭു, മുതലാളി തുടങ്ങിയ ചൂഷകരായ ന്യൂനപക്ഷത്തിന് ഭൂരിപക്ഷം വരുന്ന ചൂഷിതരായ ഭൂരിപക്ഷത്തെ അടക്കിനിർത്താനുള്ള ഉപകരണങ്ങളാണ്. നമ്മുടേതു പോലുള്ള വർഗ സമൂഹങ്ങളിൽ, മേധാവിത്വം വഹിക്കുന്ന ബൂർഷ്വാ ഭൂപ്രഭു സംഖ്യശക്തികൾ ആണ് ചൂഷകരായ ന്യൂനപക്ഷം. ഈ ചൂഷകശക്തികൾ ചൂഷിതവർഗങ്ങളെ അടിച്ചമർത്തുന്നതിന് ഉപയോഗിക്കുന്ന ഉപകരണമാണ് ഭരണകൂടം.

(2) മാർക്സിന്റെയും എംഗൽസിന്റെയും ആ ചിന്താസരണിയെയാണ് കൗത്സ്കി തെറ്റായി ചിന്തിക്കുകയും തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്തത്. എന്നിട്ട് അദ്ദേഹം തൊഴിലാളി വർഗത്തിന് ബൂർഷ്വാ ഭരണകൂടത്തെ തന്നെ ഉപയോഗിച്ച് മുതലാളിത്ത വ്യവസ്ഥയെ തകർക്കാനും സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിക്കുവാനും കഴിയുമെന്ന സിദ്ധാന്തം മുമ്പോട്ടു വച്ചു. കൗത്സ്കിയുടെ ഈ തെറ്റിനെക്കുറിച്ച് തന്റെ അവസാനകാലത്ത് എംഗൽസ് സൂചിപ്പിച്ചിരുന്നുവെങ്കിലും ലെനിനാണ് കൗത്സ്കിയുടെ മാർക്സിസ്റ്റ് വിരുദ്ധ ചിന്താഗതി വ്യക്തമായി തുറന്നു കാട്ടിയത്. കൗത്സ്കിയുടെ ചിന്തക്ക് പറ്റിയ അടിസ്ഥാനപരമായ പിശക് ബൂർഷ്വാ ഭരണകൂടത്തിന്റെ വർഗപരമായ ഉള്ളടക്കത്തെ അവഗണിക്കുകയും ബൂർഷ്വാ ജനാധിപത്യത്തെ ജനങ്ങളുടെ ജനാധിപത്യമായി തെറ്റിദ്ധരിക്കുകയും ചെയ്തുവെന്നതാണ്. ആനുഷംഗികമായി പറയട്ടെ മാർക്സിനും എംഗൽസിനും തങ്ങളുടെ ജീവിതകാലം മുഴുവൻ പോരാടേണ്ടിവന്നത് ഈ തെറ്റായ ധാരണക്കെതിരായിട്ടായിരുന്നു.

(3) മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരുടെ അഭിപ്രായത്തിൽ മുതലാളിത്ത ഭരണകൂടമാണ് ചൂഷിതരായ ഭൂരിപക്ഷത്തിനെതിരായി ചൂഷകരായ ന്യൂനപക്ഷത്തിന്റെ പക്കലുള്ള മർദ്ദനോപകരണം. ആ അർഥത്തിൽ ഭരണകൂടത്തിന്റെ അവസാന രൂപം തൊഴിലാളി വർഗം കർഷകരുടെയും, ചെറുകിട ഭൂവുടമസ്ഥരുടെയും മറ്റും പിന്തുണയോടെ മുതലാളിത്ത ഭരണകൂടത്തെ തച്ചു തകർക്കുകയും തദ്വാര അത് ഭരണകൂടത്തെതന്നെ തകർക്കുകയും സ്വന്തം ഭരണകൂടം സ്ഥാപിക്കുകയും ചെയ്യുന്നു. ഈ സ്ഥിതിവിശേഷത്തെകുറിച്ച് രണ്ടു കാര്യങ്ങൾ കൂടി സൂചിപ്പിക്കാനുണ്ട്.

ഒന്നാമതായി അത് ചൂഷകരായ ന്യൂനപക്ഷത്തിന്റെ പക്കലുള്ള ചൂഷിത ഭൂരിപക്ഷത്തിനെതിരായ മർദ്ദനോപകരണമായിരിക്കില്ല. എന്തുകൊണ്ടെന്നാൽ മുമ്പ് ചൂഷിതരായിരുന്ന ഭൂരിപക്ഷം അവരുടെ മേധാവിത്വം സ്ഥാപിച്ചുകഴിഞ്ഞിരിക്കും. വാസ്തവത്തിൽ വർഗവിഭജന

വ്യവസ്ഥ ആരംഭിച്ചതിനു ശേഷം ഇതാദ്യമായിട്ടായിരിക്കും ഭൂരിപക്ഷം ചൂഷണവിമുക്തമാക്കുന്നത്.

രണ്ടാമതായി ഇതിന് ഇപ്പോഴും ഭരണകൂടത്തിന്റെ സ്വഭാവമുണ്ടായിരിക്കും. അതായത്, മർദ്ദനോപകരണമായിരിക്കും. അധികാരഭ്രഷ്ടമാക്കപ്പെട്ട ചൂഷക ന്യൂനപക്ഷം ഇപ്പോഴും തിരിച്ചുവരവിനുള്ള ശ്രമം നടത്താൻ മാത്രം ശക്തമായിരിക്കും. അത്തരം പുനഃസ്ഥാപനത്തിന് വേണ്ടിയുള്ള ശ്രമങ്ങളെ അടിച്ചമർത്താനാവശ്യമായ ആയുധങ്ങൾ കരുതിയിരിക്കണം. അതുകൊണ്ടാണിത് തൊഴിലാളി വർഗത്തിന്റെ സ്വേച്ഛാധിപത്യം എന്ന് അറിയപ്പെടുന്നത്. ഭരണകൂടത്തിന് നേതൃത്വം കൊടുക്കുന്ന തൊഴിലാളിവർഗവും അതിന്റെ സഖ്യശക്തികളായ കർഷകരും ചെറുകിട ഭൂവുടമസ്ഥരും ജനങ്ങൾക്ക് പരമാവധി ജനാധിപത്യാവകാശങ്ങൾ നൽകും. അതോടൊപ്പം അധികാര ഭ്രഷ്ടമാക്കപ്പെട്ട ചൂഷകവർഗം അധികാര പുനഃസ്ഥാപനത്തിന് വേണ്ടി നടത്തുന്ന ശ്രമങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ നിയന്ത്രണങ്ങൾ അവർക്കുമേൽ ഏർപ്പെടുത്തുകയും ചെയ്യും.

(4) ചരിത്രത്തിലെ ഈ അന്തരാള ഘട്ടത്തിനു ശേഷം, അതായത് എല്ലാ ഉൽപ്പാദന ഉപാധികളുടെയും സാമൂഹ്യവൽക്കരണം പൂർത്തീകരിക്കുകയും കായിക-മാനസിക അധ്വാനങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഇല്ലാതാവുകയും, നഗര-ഗ്രാമ ജീവിതങ്ങൾ തമ്മിലുള്ള വ്യത്യാസം അവസാനിക്കുകയും, സ്ത്രീ-പുരുഷ പദവി വ്യത്യാസങ്ങൾ ഇല്ലാതാവുകയും അങ്ങനെ വർഗ വ്യത്യാസത്തിന്റേതായ എല്ലാ അടയാളങ്ങളും ഇല്ലാതായതിനു ശേഷമായിരിക്കും ഭരണകൂടം കൊഴിഞ്ഞുപോവുക.

മാർക്സിന്റെയും എംഗൽസിന്റെയും അനുശാസനങ്ങൾ ശരിയായി മനസിലാക്കിയിട്ടില്ലെന്നു പറഞ്ഞ് എന്നെ തുറന്നു കാട്ടാൻ പുറപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാർക്ക് ഭരണകൂടത്തെക്കുറിച്ചുള്ള പൊതുവായ ചർച്ചതന്നെ മനസിലായിട്ടില്ല. മർദ്ദനോപകരണമെന്ന നിലയിൽ ഭരണകൂടം വഹിക്കുന്ന പങ്ക് മനസിലായിട്ടില്ല. അതിനാൽ അവരുടെ ധാരണ മാർക്സിന്റെയും എംഗൽസിന്റെയും കാഴ്ചപ്പാടിൽനിന്ന് അന്യമാണ്. ഈ തെറ്റാണ് കൗത്സ്കിക്കും പറ്റിയത്. എന്റെ എളിയ അഭിപ്രായത്തിൽ ജഡ്ജിമാരും ഈ തെറ്റിൽ വീണിരിക്കുന്നു. അതുകൊണ്ടാണ് തെറ്റാണെന്ന് വളരെ വേഗം വ്യക്തമാവുന്ന വിധം "മാർക്സിന്റെയും എംഗൽസിന്റെയും അഭിപ്രായത്തിൽ ഭരണകൂടം കൊഴിഞ്ഞുപോകുന്നത് തൊഴിലാളിവർഗ സർവാധിപത്യത്തിലേക്ക് നയിക്കും" എന്ന് വിധിന്യായത്തിൽ എഴുതി വച്ചിരിക്കുന്നത്.

വിശ്വസ്തതയോടെ

(ഒപ്പ്)

ഇ എം എസ് നമ്പൂതിരിപ്പാട്

തിരുവനന്തപുരം
29 ഡിസംബർ 1970

ഭരണഘടനാഭേദഗതികളെ സംബന്ധിച്ച് സി പി ഐ (എം)*

വരുന്ന പുറങ്ങളിൽ ഇന്ത്യൻ ഭരണഘടനയിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)യുടെ വീക്ഷണങ്ങളാണ് പരാമർശിക്കപ്പെടുന്നത്.

ഈ രേഖയുടെ അന്തിമരൂപം തയ്യാറാക്കപ്പെട്ടതിനുശേഷം ഭരണഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദേശങ്ങൾ വയ്ക്കുന്നതിനുവേണ്ടി കോൺഗ്രസ് പാർട്ടി നിയോഗിച്ച സ്വരൺസിങ്ങ് കമ്മിറ്റിയുടെ അന്തിമറിപ്പോർട്ട് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഹൈക്കോടതിയുടെ അധികാരപരിധിയെ സംബന്ധിച്ച് ഇടക്കാല റിപ്പോർട്ടിൽ പറഞ്ഞതിൽനിന്നു വ്യത്യസ്തമായി ലഘുവായ ചില മാറ്റങ്ങൾ നിർദേശിച്ചതു കൂടാതെ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ സ്വഭാവത്തെക്കുറിച്ച് പരാമർശിക്കുന്ന ആമുഖത്തിൽ സോഷ്യലിസം, മതേതരത്വം എന്നിവകൂടെ കൂട്ടിച്ചേർക്കണമെന്ന് നിർദേശിച്ചു.

ഇന്ത്യയിൽ കോൺഗ്രസിന്റെ ഗവൺമെന്റ് മുതലാളിത്തം കെട്ടിപ്പടുക്കുകയും വിദേശിയും ഇന്ത്യനുമായ കുത്തകകളെ ശക്തിപ്പെടുത്തുകയും ഭൂപ്രഭുക്കളുടെ നിക്ഷിപ്തതാൽപ്പര്യം സംരക്ഷിക്കുകയും ചെയ്യുമ്പോൾ തന്നെ കോൺഗ്രസ് "സോഷ്യലിസ്റ്റ് രീതി" "ജനാധിപത്യസോഷ്യലിസം" എന്നൊക്കെ പറയാൻ തുടങ്ങിയിട്ട് കാലമേറെയായി.

ഈ രാഷ്ട്രീയ വാചകകസർത്തിന്റെ തുടർച്ചയായിട്ടാണ് ഇപ്പോൾ

---

* 1976 ജൂണിൽ ഒരു ലഘുലേഖയായി പ്രസിദ്ധീകരിച്ചത്.

ഭരണഘടനയുടെ ആമുഖത്തിന് ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളതും സോഷ്യലിസം മുന്നേറ്റം നടത്തുകയും മുതലാളിത്തം തകരുകയും ചെയ്യുന്ന കാലഘട്ടത്തിൽ ലോകത്തിലെങ്ങും സോഷ്യലിസ്റ്റാശയങ്ങൾ ജനങ്ങളെ ആകർഷിക്കുകയും അവർ സോഷ്യലിസ്റ്റ് ഭാവിക്കായി പ്രയത്നിക്കുകയും ചെയ്യും. അപ്പോൾ വിവിധ രാജ്യങ്ങളിലെ ഭരണാധികാരികൾ, "ദേശീയ സോഷ്യലിസം" "ജനാധിപത്യ സോഷ്യലിസം" "മനുഷ്യത്വപരമായ സോഷ്യലിസം" എന്നിങ്ങനെയുള്ള മുഖപടങ്ങൾ എടുത്തണിയും. ഭരണാധികാരിവർഗം അവരുടെ പിന്തിരിപ്പൻ ചൂഷണാധിഷ്ഠിതനയങ്ങൾ മറച്ചുവയ്ക്കാൻ വേണ്ടി ഇത്തരം തന്ത്രങ്ങൾ നടപ്പാക്കിയതിന്റെ നിരവധി ഉദാഹരണങ്ങൾ ചരിത്രത്തിലുണ്ട്. സ്വരൺസിങ്ങ് കമ്മിറ്റിയുടെ ഇപ്പോഴത്തെ ഭേദഗതി നിർദ്ദേശങ്ങളും ഈ ഗണത്തിൽപ്പെടുന്നു. എല്ലാ പിന്തിരിപ്പൻ നിക്ഷിപ്ത താൽപ്പര്യങ്ങളെയും ശക്തിപ്പെടുത്തിക്കൊണ്ട് രാജ്യത്ത് മുതലാളിത്തം കെട്ടിപ്പടുത്തു. കൊണ്ടിരിക്കുകയാണെന്ന സത്യത്തെ സോഷ്യലിസ്റ്റ് മുഖംമൂടിയിട്ടുകൊണ്ട് മറയ്ക്കാനാവില്ല.

ഭരണഘടനമാറ്റങ്ങളെ സംബന്ധിച്ച് സി പി ഐ (എം)

കഴിഞ്ഞ ഏതാനും മാസങ്ങളായി ഭരണപാർട്ടി നേതാക്കൾ ഭരണഘടനാഭേദഗതിയുടെ അടിയന്തര ആവശ്യത്തെക്കുറിച്ച് പറഞ്ഞു കൊണ്ടിരിക്കുകയാണ്. ജനകീയാംഗീകാരത്തിന്റെ കാലാവധി കഴിഞ്ഞതും സ്വന്തം നിലനിൽപ്പ് ഉറപ്പാക്കുന്നതിനുവേണ്ടി അടിയന്തരാവസ്ഥാ അധികാരങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ളതുമായ ഒരു പാർലമെന്റിനെകൊണ്ട് അവർ ഉദ്ദേശിച്ച ഭേദഗതികൾ അംഗീകരിപ്പിക്കുന്നതിനുവേണ്ടി തിരക്കുപിടിക്കുകയാണ്.

ഭരണഘടനാ ഭേദഗതിക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലവും കാലഘട്ടവും വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. സ്വാതന്ത്ര്യത്തിനുശേഷം വിദേശകുത്തകളുമായി സഹകരിച്ചുകൊണ്ടും ഭൂപ്രഭുത്വവുമായി സന്ധിചെയ്തുകൊണ്ടും മുതലാളിത്തം വികസിപ്പിക്കുവാൻവേണ്ടി ഇന്ത്യാഗവൺമെന്റ് സ്വീകരിച്ച സമീപനങ്ങൾ നമ്മുടെ രാജ്യത്തെ രൂക്ഷമായ പ്രതിസന്ധിയിൽ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു. ജനങ്ങളുടെ ജീവിതനിലവാരം തകർന്നിരിക്കുന്നു. ഗ്രാമനഗരഭേദമെന്യേ തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്നു. ജനങ്ങൾക്ക് ക്രയശേഷിയില്ലാത്തതിനാൽ വ്യവസായങ്ങളുടെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ലക്ഷക്കണക്കിന് തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുകയും വൻതോതിൽ പിരിച്ചുവിടലും അടച്ചുപൂട്ടലും ഉണ്ടാകുംവിധം വ്യവസായങ്ങളെ മാന്ദ്യം പിടികൂടിയിരിക്കുകയുമാണ്. ഗ്രാമപ്രദേശങ്ങളിൽ കർഷകത്തൊഴിലാളികളെയും സാധാരണ കർഷകരെയും കെടുതിയിലാഴ്ത്തുംവിധം കുറഞ്ഞ കൂലി, കടബാധ്യത, വ്യക്തിപരമായ ഉപഭോഗത്തിനും കാർഷികവൃത്തിക്കാവശ്യമായ സാധ

നങ്ങളുടെ വിലക്കയറ്റം എന്നിവ രൂക്ഷമായിരിക്കുന്നു.

ഇതേ നയങ്ങൾ തന്നെ മറുഭാഗത്ത് വൻകുത്തകകളുടെ വളർച്ചയിലേക്കും ഗ്രാമപ്രദേശങ്ങളിൽ ഒരുപിടി ഉന്നതരുടെ സ്വത്തുസമ്പാദനത്തിലേക്കും നയിക്കുന്നു.

ഈ സാഹചര്യത്തിലും ഇന്ത്യാഗവൺമെന്റ് ഇതേ നയങ്ങൾതന്നെ നിർബന്ധപൂർവ്വം തുടരുകയും പ്രതിസന്ധി പരിഹരിക്കുവാനായി ബോണസ് നിഷേധിക്കുക, ഡി എ പിടിച്ചുവയ്ക്കുക, ഒരു തരത്തിലുള്ള വേതനവർധനവും അനുവദിക്കാതിരിക്കുക, ജോലിഭാരം വർധിപ്പിക്കുക എന്നീ നടപടികൾ നിരന്തരമായി അനുവർത്തിക്കുന്നു. അതേസമയം വൻകിട മുതലാളികൾക്ക് നിരന്തരമായി ഇളവുകൾ നൽകിക്കൊണ്ടിരിക്കുകയാണ്. സാമ്രാജ്യത്വരാജ്യങ്ങളിൽ നിന്നുള്ള കൂടുതൽ കൂടുതൽ സഹായത്തെയാണത് ആശ്രയിക്കുന്നത്.

ഈ നയങ്ങൾ ജനങ്ങളുടെ കഷ്ടപ്പാടുകൾ പരിഹരിക്കുകയല്ല അത് വർധിപ്പിക്കുകയും അതുവഴി ബഹുജനങ്ങളിൽ നിന്നുള്ള ചെറുത്തുനിൽപ്പിനിടയാക്കുകയും ചെയ്യും.

ഭരണഘടനാഭേദഗതി നിർദേശങ്ങൾ വരുന്ന ഈ സമയത്തുതന്നെയാണ് ട്രേഡ് യൂണിയൻ അവകാശങ്ങളും ജനാധിപത്യ അവകാശങ്ങളും പ്രയോഗിക്കുവാൻ അനുവദിക്കാതിരിക്കുന്നത്. പാർലമെന്റിലെ അംഗങ്ങളുടെ പ്രസംഗങ്ങൾ പോലും പ്രസിദ്ധീകരിക്കാൻ അനുവദിക്കാത്ത എക്സിക്യൂട്ടീവിന്റെ നടപടികൾ പോലും ചോദ്യം ചെയ്യുവാൻ പാർലമെന്റിന് ആവുന്നില്ല. വാസ്തവത്തിൽ ഈ ഭേദഗതി നിർദേശങ്ങൾ വന്നിട്ടുള്ളത് രാജ്യത്തിനകത്ത് അതിന് സംബന്ധിച്ചൊരു ചർച്ചപോലും അസാധ്യമായ സമയത്താണ്. ഭരിക്കുന്ന പാർട്ടിയുടെയും അതിനെ പിന്താങ്ങുന്നവരുടെയും വീക്ഷണങ്ങൾ കിട്ടാവുന്ന എല്ലാ മാധ്യമങ്ങളിലൂടെയും ജനങ്ങളിലേക്കെത്തിക്കുന്നു.

കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) അതിന്റെ പരിപാടിയിൽ ഇന്ത്യൻ ഭരണകൂടത്തിന്റെ സ്വഭാവത്തെ ഇങ്ങനെയാണ് വിലയിരുത്തിയിരിക്കുന്നത്. "മുതലാളിത്ത വികസനപാത നടപ്പാക്കുന്നതിനായി വിദേശഫൈനാൻസ് മൂലധനവുമായി കൂടുതൽ കൂടുതൽ സഹകരിക്കുന്നതും വൻകിട ബൂർഷ്വാസിയാൽ നയിക്കപ്പെടുന്നതുമായ ബൂർഷ്വാ-ഭൂപ്രഭുവർഗ ഭരണത്തിന്റെ ഉപകരണമാണ് ഇന്നത്തെ ഇന്ത്യൻ ഭരണകൂടം." ഈ വർഗസ്വഭാവമാണ് രാജ്യത്തിന്റെ ജീവിതഗതിയിൽ ഭരണകൂടത്തിന്റെ സ്ഥാനവും പ്രവർത്തനങ്ങളും നിശ്ചയിക്കുന്നത്.

സ്വാതന്ത്ര്യാനന്തരം രൂപംകൊടുത്ത ഭരണഘടനയും അതനുസരിച്ച് ഭരണകൂടത്തിന്റെ മൂന്ന് ഉപകരണങ്ങളും - നിയമനിർമാണസഭ, നിയമനിർവഹണവിഭാഗം, നീതിന്യായവ്യവസ്ഥ - ഭരണകൂടത്തിന്റെ ഈ സ്വഭാവമാണ് വെളിപ്പെടുത്തുന്നത്.

എന്തൊക്കെയായാലും ബ്രട്ടീഷ് ഭരണത്തിനെതിരായി നടന്ന

സുദീർഘസമരത്തിനുശേഷമാണ് ഇന്ത്യ നിലവിൽവന്നത്. ഈ കാല ഘട്ടത്തിൽ ദേശീയപ്രസ്ഥാനം പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടി സ്ഥാനത്തിലുള്ള പാർലമെന്ററിവ്യവസ്ഥ, ഫെഡറൽ റിപ്പബ്ലിക്, മൗലി കസ്വാതന്ത്ര്യങ്ങൾ എന്നീ ആവശ്യങ്ങൾ ഉയർത്തിയിരുന്നു. ഭരണഘട നയുടെ മൂന്നാം അധ്യായത്തിൽ മൗലികാവകാശങ്ങൾ ഉൾപ്പെടുത്തി യിട്ടുണ്ട്. ഭരണഘടനയുടെ 13-ാം ഖണ്ഡികപ്രകാരം ഈ മൗലികാവകാ ശങ്ങൾക്ക് എതിരായ നിയമങ്ങളോ പ്രവൃത്തികളോ നിയമനിർവഹണാ ധികാരികൾ ഉണ്ടാക്കിയാൽ അതിന് പ്രാബല്യമുണ്ടാവില്ലെന്നും അത്ത രത്തിൽ ലംഘനമുണ്ടായാൽ ജനങ്ങൾക്കത് സുപ്രീംകോടതിയിൽ റിട്ടു മുഖാന്തരം ചോദ്യം ചെയ്യാവുന്നതാണെന്നും ഉറപ്പു നൽകപ്പെട്ടിട്ടുണ്ട്.

ഈ അവകാശങ്ങളിൽ നിയമത്തിനു മുമ്പിൽ തുല്യത, ആശയപ്ര കാശത്തിനും സംസാരിക്കാനുമുള്ള അവകാശം സംഘംചേരാനും സംഘ ടനകളും യൂണിയനുകളും രൂപീകരിക്കുവാനുമുള്ള അവകാശം, സഞ്ചാ രസ്വാതന്ത്ര്യം, സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശം എന്നിവ ഇതിൽ ഉൾപ്പെടുന്നു. വലിയ പ്രാധാന്യത്തോടെ ഈ അവകാശങ്ങളൊക്കെ ഭര ണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയെ തകർക്കാനോ സാധാരണ ജനങ്ങളെ സംബന്ധിച്ച് അർഥശൂന്യമാക്കുവാനോ കഴിയുന്ന അവസ്ഥയുണ്ട്. സ്വാതന്ത്ര്യസമരകാലത്ത് ഇതൊരു നിയമരഹിത നിയ മമാണെന്ന് പറഞ്ഞ് കോൺഗ്രസ്തന്നെ ഇതിനെതിരെ സമരം ചെയ്തി ട്ടുള്ളതാണെങ്കിലും വിചാരണകൂടാതെ തടങ്കലിൽ സൂക്ഷിക്കുവാനുള്ള നിയമത്തെ അത് അംഗീകരിക്കുന്നു. സ്വാതന്ത്ര്യാനന്തരം നമ്മുടെ നിയ മപുസ്തകങ്ങളിലെ സ്ഥിരം നിയമങ്ങളിലൊന്നാണ് കൂടുതൽ തടങ്കൽ നിയമം.

ഉൽപ്പാദന ഉപാധികളിന്മേലുള്ള തുല്യമായ ബന്ധമെന്നതില്ലാതെ ഈ അവകാശങ്ങളെല്ലാം പേരിനുമാത്രമായിരിക്കുമെന്നത് അത് അംഗീ കരിക്കുന്നില്ല. എന്നാൽ മറുവശത്ത് ചെറുകിട സ്വത്തുടമകൾ ഒരു ഭാഗത്തും വൻഭൂപ്രഭുക്കളും, വൻകിട മുതലാളിമാർ, വിദേശകുത്തക കൾ തുടങ്ങിയവർ മറുഭാഗത്തും നിൽക്കുമ്പോൾ ഇവർക്കെല്ലാം സ്വത്ത് സമ്പാദിക്കുവാനും കൈവശം വയ്ക്കാനും വിറ്റഴിക്കാനുമുള്ള സ്വാതന്ത്ര്യം അത് ഉറപ്പുനൽകുന്നു. ഖണ്ഡിക 31 പ്രകാരം ഒരു പൊതു ആവശ്യത്തിന് വേണ്ടി സ്വത്ത് ഏറ്റെടുക്കുമ്പോൾപോലും അത് ന്യായമായ നഷ്ടപ്രതി ഫലം നല്കിയതിനുശേഷമേ ആകാവൂ. അതേസമയം സാധാരണ ജന ങ്ങളുടെ മുഖ്യ അവകാശങ്ങളിൽപ്പെട്ട, തൊഴിൽ ചെയ്യാനുള്ള അവകാശം ഇല്ലെങ്കിൽ തൊഴിലില്ലായ്മ ആശ്വാസം കിട്ടാനുള്ള അവകാശം, വിദ്യാ ഭ്യാസം, ആരോഗ്യരക്ഷ, വാർധക്യകാലസഹായം, സ്ത്രീക്കും പുരുഷനും തുല്യവേതനം തുടങ്ങിയവയൊന്നും മൗലികാവകാശങ്ങളിലൊന്നും ഉൾപ്പെടുത്തിയിട്ടുമില്ല. ജനവികാരത്തെ തലോടാൻ അധ്യായം 4-ൽ 'ഭരണകൂടത്തിന്റെ നിർദേശകതത്ത്വങ്ങൾ എന്ന പട്ടികയിൽ അത്

ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ലംഘിച്ചാൽ ഭരണഘടനാപരമായി യാതൊരു നടപടിയും സ്വീകരിക്കാനാവില്ല. ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങളെയും വെള്ളംകോരികളും വിറകുവെട്ടികളുമാക്കി നിർത്തി മുതലാളിത്ത വികസനം നടത്തുന്നതിനാണ് ഈ ഭരണഘടന രൂപപ്പെടുത്തിയിരിക്കുന്നത് എന്നാണിത് കാണിക്കുന്നത്.

"ഭരണകൂടഘടന ഫെഡറൽ സ്വഭാവമുള്ള ഒന്നായിരിക്കണമെന്നാണ് കരുതപ്പെട്ടിട്ടുള്ളതെങ്കിലും എല്ലാ അധികാരങ്ങളും കേന്ദ്രഗവൺമെന്റിൽ കേന്ദ്രീകരിച്ചിരിക്കുകയാണ് -സംസ്ഥാന ഗവൺമെന്റുകൾക്ക് ചുരുങ്ങിയ അധികാരങ്ങളും വിഭവങ്ങളുമാണുള്ളത്" എന്ന കാര്യം നമ്മുടെ പാർട്ടി പരിപാടി അടിവരയിടുന്നു.

അതുകൊണ്ടുതന്നെ പാർട്ടി ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി ഭരിക്കുന്ന ജനങ്ങളുടെതായ, ഒരു യഥാർഥ ജനാധിപത്യജീവിതം ഇന്ത്യയിലെ ജനങ്ങൾക്ക് ലഭ്യമാകണമെങ്കിൽ ജനങ്ങളുടെതായ ഒരു ഭരണഘടനയ്ക്കു കീഴിൽ അല്ലാതെ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത്തരമൊരു ഭരണം ഉറപ്പാക്കുവാൻ ബൂർഷ്വാ ഭൂപ്രഭുവർഗത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ മേധാവിത്വം അവസാനിപ്പിച്ചാലേ കഴിയൂ. ഒരു ജനകീയ ജനാധിപത്യഭരണകൂടത്തിന് മാത്രമേ ജനങ്ങൾക്ക് യഥാർഥ ജനാധിപത്യം പ്രധാനം ചെയ്യാനാവൂ.

ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടി കഠിനപരിശ്രമം നടത്തുമ്പോൾത്തന്നെ, ഇന്ത്യയിലെ ബൂർഷ്വാസിയുടെ ഒരു വർഗഭരണ ഉപകരണമായ പാർലമെന്ററി ജനാധിപത്യവ്യവസ്ഥ ജനങ്ങൾക്ക് ഒരു നേട്ടം കൂടെയാണെന്ന് പാർട്ടി പരിപാടി ഓർമ്മപ്പെടുത്തുന്നുണ്ട്. ഭരണകൂട നടപടികളിൽ ജനങ്ങളുടെ സമാധാനത്തിനും ജനാധിപത്യത്തിനും സാമൂഹ്യപുരോഗതിക്കും വേണ്ടിയുള്ള പോരാട്ടങ്ങളിന്മേലുള്ള ഭരണകൂട നടപടികളിൽ ഇടപെടാനും ജനങ്ങളുടെ അവകാശങ്ങൾ രക്ഷിക്കുവാനുമുള്ള ചില അവസരങ്ങൾ അത് നൽകുന്നുണ്ട്.

പാർട്ടിപരിപാടി താഴെ പറയുന്ന വസ്തുതയെ വളരെ ശക്തിയായിത്തന്നെ അടിവരയിടുന്നു. "പാർലമെന്ററി ജനാധിപത്യവ്യവസ്ഥക്കെതിരെയുള്ള ഭീഷണി ഉയരുന്നത് ചൂഷകവർഗങ്ങളിൽ നിന്നാണ്..... ജനങ്ങൾ അവരുടെ താൽപ്പര്യങ്ങൾ ഉയർത്താനായി പാർലമെന്ററി വ്യവസ്ഥയെ ഉപയോഗിക്കുമ്പോൾ..... ഈ വർഗങ്ങൾ പാർലമെന്ററി ജനാധിപത്യത്തെ അട്ടിമറിക്കാൻ മടിക്കില്ല." പാർലമെന്ററിയും ജനാധിപത്യപരവുമായ സ്ഥാപനങ്ങളെ അത്തരത്തിലുള്ള ഭീഷണയിൽനിന്ന് സംരക്ഷിക്കുക സർവപ്രധാനമാണ് എന്ന് പരിപാടി മുന്നറിയിപ്പു നൽകുന്നു.

ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടന നൽകിയിട്ടുള്ള പരിമിതമായ ജനാധിപത്യാവകാശങ്ങൾതന്നെ ഹനിക്കുവാൻ ഭരണഘടനയിലുള്ള ചില വകുപ്പുകളെ ഉപയോഗപ്പെടുത്തുമെന്ന വിമർശനമുള്ള പാർലമെന്റിന്റെ രണ്ടു സഭകളിലുമുള്ള നമ്മുടെ പാർട്ടി എം

പിമാർ ജനങ്ങളുടെ താൽപ്പര്യത്തിനു വിധേയമായി ഭരണഘടനയെ ഭേദഗതിചെയ്യുന്നതിനുള്ള ബില്ലുകൾ അവതരിപ്പിക്കുകയുണ്ടായി.

കഴിഞ്ഞ 26 വർഷത്തെ അനുഭവങ്ങൾ നമ്മുടെ പാർട്ടിനിലപാടിന്റെ ശരിമ തെളിയിക്കുകയും പാർട്ടി വിമർശിച്ച വകുപ്പുകളുടെ ദുർവിനിയോഗം വെളിപ്പെടുത്തുകയും ചെയ്തു.

ഗവൺമെന്റ് അവരുടെ അടിസ്ഥാനനയങ്ങളുടെ ഫലമായി ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന ജീവിതഭാരത്തിന്റെ ഫലമായി ഉയർന്നുവരുന്ന പൊതുജനമുന്നേറ്റങ്ങളെ അടിച്ചമർത്തുവാനായാണ് ഈ വകുപ്പുകൾ ഉപയോഗിക്കുന്നത്. പ്രസിഡണ്ടിന്റെ അധികാരങ്ങളെ ചൂഷണം ചെയ്ത് ഇടതു നേതൃത്വത്തിലുള്ള മുന്നണി ഗവൺമെന്റുകളെയും കോൺഗ്രസിതര ജനാധിപത്യഗവൺമെന്റുകളെയും അവർ സ്ഥാനഭ്രഷ്ടമാക്കി.

ഭരണഘടന നൽകിയിട്ടുള്ള മൗലികാവകാശങ്ങളെ—സംഘം ചേരാനും സംസാരിക്കുവാനും സംഘടനയുണ്ടാക്കുവാനുമുള്ള അവകാശങ്ങൾ—സംബന്ധിച്ച് ഇന്ന് നിലവിലുള്ള സ്ഥിതിവിശേഷം ഏറെ വിവരിക്കാതെ തന്നെ ഏവർക്കും അറിവുള്ളതാണ്. ജീവിക്കാനുള്ള അവകാശമടക്കം ഇത്തരത്തിലുള്ള യാതൊരു സ്വാതന്ത്ര്യവും അവകാശപ്പെടാൻ അടിയന്തരവസ്ഥക്കാലത്ത് പൗരന് അവകാശമില്ലെന്ന് ഗവൺമെന്റ് അഭിഭാഷകർ തന്നെ സുപ്രീംകോടതിയിൽ അവകാശവാദമുന്നയിച്ചു.

രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ശക്തിപ്പെടുത്തും വിധം ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളും സംസ്ഥാനങ്ങളുടെ അധികാരങ്ങളും വിപുലീകരിക്കുന്നതിന് സഹായകമായ വിധത്തിൽ ഭരണഘടന ഭേദഗതി ചെയ്യണമെന്ന നമ്മുടെ പാർട്ടിയുടെയും മറ്റ് ഇടതു പാർട്ടികളുടെയും ആവശ്യത്തോട് ബധിരകർണങ്ങളുമായാണ് ഇക്കാലമത്രയും ഗവൺമെന്റ് പ്രതികരിച്ചത്.

എന്നാൽ പെട്ടെന്ന് കഴിഞ്ഞ ഏതാനും മാസങ്ങളായി ഭരണഘടനാ ഭേദഗതിക്കുവേണ്ടിയുള്ള വൻപ്രചാരണ കോലാഹലമാണ് ഗവൺമെന്റും ഭരണവർഗപാർട്ടിയും അഴിച്ചുവിട്ടത്. വ്യാപകമായ പ്രചാരവേല നടത്തി ഭരണഘടനാ മാറ്റത്തിന്റെ ആവശ്യകതയെക്കുറിച്ച് അഴകൊഴമ്പൻ വാദങ്ങൾ ഉന്നയിച്ച് "സാമൂഹ്യമാറ്റത്തിനുള്ള ഉപകരണമാക്കി പ്രവർത്തിപ്പിക്കാൻ" എന്നൊക്കെ പറഞ്ഞു സർക്കാർ ആഭിമുഖ്യത്തിൽ ധാരാളം സമ്മേളനങ്ങൾ നടത്തി.

ഈ പ്രചാരവേലയാരംഭിച്ച ഭീതിജനകമായ കാലഘട്ടം തന്നെ ഭേദഗതികളുടെ ഉദ്ദേശ്യമെന്തെന്ന് വെളിപ്പെടുത്തുന്നുണ്ട്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിന് വേണ്ടിയാണ് പാർലമെന്റിന്റെ പരമാധികാരം, അവശജനവിഭാഗങ്ങളുടെ സുരക്ഷ, ഭരണഘടനയിലെ നിർദേശകതത്ത്വങ്ങൾ, ഹരിജനങ്ങളെയും ഗോത്രവർഗക്കാരെയും സംരക്ഷിക്കൽ, ഉള്ളവരിൽ നിന്ന് ഇല്ലാത്തവന് സംരക്ഷണം, നിയമപരവും നീതിന്യായപരവുമായ

പരിഷ്കാരങ്ങൾ. രാജ്യത്തിന്റെ ഐക്യം തുടങ്ങിയ മോഹന മുദ്രാവാക്യങ്ങൾ ഉയർത്തുന്നത്.

സാമ്പത്തികരംഗത്ത് ഗവൺമെന്റിന്റെ പരാജയം മൂടിവെക്കുന്നതിനും, സാധാരണ ജനങ്ങളുടെ കഷ്ടപ്പാടുകൾക്കും കുത്തകകളുടെയും നിക്ഷിപ്ത താൽപ്പര്യക്കാരുടേയും വളർച്ചക്കും, സാമൂഹ്യ അടിച്ചമർത്തൽ തടയുന്നതിലുണ്ടായ വീഴ്ചയ്ക്കുമൊക്കെ ബലിയാടുകളെ കണ്ടെത്തുകയാണ് ഇതുകൊണ്ടെല്ലാം ഉദ്ദേശിക്കുന്നത്.

ഇപ്പോൾ സ്വരൺസിങ്ങ് കമ്മറ്റി എന്തൊക്കെ ഭേദഗതികളാണ് വരുത്താവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള നിർദേശങ്ങൾ അവർ മുന്നോട്ടുവച്ചിരിക്കുന്നു. അതിനാൽ ഈ ഭേദഗതി ഉണ്ടാക്കുന്ന അനന്തരഫലങ്ങളും ഗവൺമെന്റ് ഇതുകൊണ്ട് വാസ്തവത്തിൽ എന്താണ് ഉദ്ദേശിക്കുന്നതെന്നും എന്തുകൊണ്ടാണിങ്ങനെ തിരക്കുപിടിച്ച് ഭേദഗതികൾ വരുത്തുന്നതെന്നും പരിശോധിക്കുവാനുള്ള അവസരമാണിത്.

സാമൂഹ്യ-സാമ്പത്തിക പരിഷ്കാരങ്ങൾ വിശേഷിച്ച് ഭൂപരിഷ്കാരം നടപ്പിലാക്കുന്നതിനുള്ള ഏറ്റവും വലിയ തടസം നീതിന്യായവ്യവസ്ഥയാണെന്നാണ് പറഞ്ഞിരിക്കുന്നത്. കോടതിവിധികളും അവയുടെ സ്വഭാവവുമാണ് സാമൂഹ്യനിയമനിർമാണം നടത്തുന്നതിനെ നീട്ടിക്കൊണ്ടുപോവുകയും വൈകിക്കുകയും ചെയ്യുന്ന ഏക ശത്രു എന്ന അവകാശവാദം ശരിയല്ല. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ ഒളിച്ചോട്ടത്തെ മറച്ചുപിടിക്കുന്നതിനുള്ള ഒരു സൂത്രം മാത്രമാണിത്.

കോടതികൾ സ്വത്തവകാശത്തിന്റെ കാര്യത്തിലും ഭൂപ്രഭുക്കളുടെ നിക്ഷിപ്തതാൽപ്പര്യം സംരക്ഷിക്കുന്നതിലുമൊക്കെ യാഥാസ്ഥിതിക സമീപനം എടുക്കാറുണ്ടെന്നത് വാസ്തവമാണ്.

എന്നാൽ ഭരണഘടനയുടെ കഴിഞ്ഞ ഭേദഗതിക്കുശേഷം ഇങ്ങനെയൊരു അവകാശവാദത്തിന് നിലനിൽപ്പില്ല. ഈ ഭേദഗതി (ഖണ്ഡിക 31 ബി) പ്രകാരം പാർലമെന്റിന് ഏത് നിയമത്തെയും ചട്ടത്തെയും ഭരണഘടനയുടെ 9-ാം പട്ടികയിൽപ്പെടുത്തി അതുവഴി ആ നിയമത്തെയോ ചട്ടത്തെയോ കോടതിയിൽ ചോദ്യം ചെയ്യുന്നതിൽനിന്ന് രക്ഷിക്കുവാൻ കഴിയും. കിസാൻസഭയുടെ ജനാധിപത്യ അഭിപ്രായരൂപീകരണമുണ്ടായിട്ടും ഗവൺമെന്റ് പല ഭൂപരിഷ്കരണ നിയമങ്ങളെയും ഒമ്പതാം പട്ടികയിൽപ്പെടുത്തുവാൻ തയ്യാറായിട്ടില്ല.

ഇതിലുപരി ഗവൺമെന്റുതന്നെ നിയമങ്ങളിൽ പഴുതുകളിടുകയും ഭൂപ്രഭുക്കൾക്ക് അതുപയോഗിച്ച് നിയമത്തിന്റെ ലക്ഷ്യത്തെത്തന്നെ മറികടക്കുകയും അതിന്റെ ഭാഗമായി കുറഞ്ഞ അളവിൽ മാത്രം മിച്ചഭൂമി വിതരണത്തിന് വിട്ടുകിട്ടുന്ന അവസ്ഥയുണ്ടാക്കുകയും ചെയ്യുന്നു എന്നതാണ് വാസ്തവം.

നിയമനിർമാണത്തെ കോടതികളിൽ ചോദ്യം ചെയ്യാനാകാതെ വരു

മ്പോൾ ഭൂപ്രഭുക്കൾ നിയമം നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരുടെ നടപടികൾക്കെതിരെ റിട്ട് പെറ്റീഷൻ കൊടുക്കുകയും നിയമം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാക്കുകയും ചെയ്യുന്നുവെന്ന് വാദിക്കപ്പെടുന്നുണ്ട്. എന്നാൽ ഇത്തരം അപേക്ഷകളിന്മേൽ സ്റ്റേ അനുവദിക്കുന്നത് തടയുവാൻ ഗവൺമെന്റ് ഒന്നും ചെയ്യാറില്ലെന്നും, കേസ് വേഗത്തിൽ തീർപ്പുണ്ടാക്കുന്നതിന് നടപടികളെടുക്കാറില്ലെന്നതും വാസ്തവമാണ്.

ഈ വക ഉപാധികളൊക്കെയുണ്ടായിട്ടും ഗവൺമെന്റിന് കഴിഞ്ഞ ദശകമെടുത്തിട്ടും ഭൂപരിഷ്കരണം നടപ്പിലാക്കുവാനായില്ലെന്നത് കാണിക്കുന്നത് ഈ ബൂർഷ്വാ ഭൂപ്രഭുഗവൺമെന്റിന് പരിമിതമായ ഭൂപരിഷ്കരണ നിയമങ്ങൾ തന്നെ നടപ്പിലാക്കുവാൻ താൽപ്പര്യമില്ലെന്നാണ്. ഭൂപ്രഭുത്വം അവസാനിപ്പിക്കുന്നതിനെക്കുറിച്ചും കൃഷിഭൂമി കൃഷിക്കാരന് കൊടുക്കേണ്ടതിനെക്കുറിച്ചുമൊക്കെ മുദ്രാവാക്യം ഉയർത്തുന്ന കേന്ദ്ര ഗവൺമെന്റ് ഭൂപരിഷ്കരണം നടപ്പിലാക്കണമെന്നാവശ്യപ്പെടുന്ന ഇടതു ജനാധിപത്യ ഗവൺമെന്റുകളെ സംസ്ഥാനതലത്തിൽ അട്ടിമറിക്കുവാൻ നടക്കുകയാണ്.

തൊട്ടുകൂടായ്മയ്ക്കെതിരായ പോരാട്ടത്തിലെ മുന്നേറ്റം ഗോത്രവർഗക്കാരുടെയും കർഷകത്തൊഴിലാളികളുടെയും ഉന്നമനം ഇവയെല്ലാം തടസപ്പെടുന്നത് ഏതെങ്കിലും കോടതിവിധിയുടെ ഭാഗമായിട്ടല്ല. തൊഴിലാളിവർഗത്തിനെയും കർഷകത്തൊഴിലാളികളെയും ഇടത്തരം-ദരിദ്രകർഷകരെയും മുതലാളി വർഗത്തിനും ഭൂപ്രഭുക്കൾക്കും വേണ്ടി അടിച്ചമർത്തുന്ന നയത്തിൽ നിന്നാണ് അവരുടെ വിവരണാതീതമായ പട്ടിണിയും പരിവട്ടവുമൊക്കെ ഉണ്ടാകുന്നത്.

1. ഭരണഘടനാ ഭേദഗതിക്കുള്ള അധികാരം

ഭരണഘടനയുടെ 368-ാം ഖണ്ഡികപ്രകാരം പാർലമെന്റിന്റെ ഇരു സഭകളിലേയും ആകെ അംഗസംഖ്യയുടെ പകുതിയിലേറെയും ഓരോ സഭയിലും ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടുപേരുടെയും പിന്തുണയുണ്ടായാൽ പ്രത്യേകം ബിൽകൊണ്ടുവന്ന് ഭരണഘടന ഭേദഗതി ചെയ്യാവുന്നതാണ്.

മുമ്പ് എന്തൊക്കെ സംഭവിച്ചിട്ടുണ്ടായിരുന്നാലും ഭാവിയിൽ പാർലമെന്റിൽ ഭരണഘടന ഉറപ്പു നൽകിയിട്ടുള്ള മൗലികാവകാശങ്ങളെ ഹനിക്കുന്ന യാതൊരു ഭേദഗതികളും വരുത്താൻ പാർലമെന്റിന് അവകാശമുണ്ടായിരിക്കുന്നതല്ല എന്ന് ഗോലക്നാഥ് കേസിൽ സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. ആ കേസ് സ്വകാര്യസ്വത്തവകാശ സംരക്ഷണവുമായി ബന്ധപ്പെട്ടതായിരുന്നതിനാൽ എല്ലാ പുരോഗമന കാംക്ഷികളുടെയും എതിർപ്പ് ആ വിധി ക്ഷണിച്ചുവരുത്തിയിരുന്നു. ഗോലക്നാഥ് കേസിലെ വിധി മറികടക്കാനായി പാർലമെന്റ് ഭരണഘടനയുടെ 368-ാം ഖണ്ഡിക ഭേദഗതി ചെയ്തുകൊണ്ട് ഒരു നിയമം പാസ്സാക്കി.

ഭേദഗതി 368-ാം ഖണ്ഡികയിൽ രണ്ട് ഉപവകുപ്പുകൾ കൂടെ കൂട്ടിച്ചേർത്തു. 368(1) ആയി ചേർക്കപ്പെട്ട ആ വകുപ്പിൽ ഇങ്ങനെ പറയുന്നു: "ഭരണഘടനയിൽ എന്തൊക്കെത്തന്നെ അടങ്ങിയിട്ടുണ്ടെങ്കിലും പാർലമെന്റിന് അതിന്റെ നിയമനിർമാണാധികാരം ഉപയോഗിച്ച് കൂട്ടിച്ചേർക്കലോ മാറ്റം വരുത്തലോ, ഏതെങ്കിലും വകുപ്പുകൾ ഭേദഗതി ചെയ്യലോ ഒക്കെ വരുത്തുവാൻ ഭരണഘടനയുടെ ഈ ഖണ്ഡികയിലെ നടപടികൾ പ്രകാരം അവകാശമുണ്ടായിരിക്കുന്നതാണ്." (നടപടികൾ മുമ്പത്തെ 368-ാം ഖണ്ഡികയിൽ പറഞ്ഞിരുന്നത് പുനഃക്രമീകരിച്ച് 368(2) എന്ന സംഖ്യ ചേർത്തു.)

ഖണ്ഡിക 363 (3) ആയി ചേർത്ത ഉപവകുപ്പ് ഇപ്രകാരമായിരുന്നു. "ഖണ്ഡിക 13-ൽ പറയുന്ന യാതൊന്നും ഈ ഖണ്ഡികയിൽ വരുത്തിയ ഭേദഗതിക്ക് ബാധകമല്ല."

അധ്യായം III ൽ ഖണ്ഡിക 13-ൽ ഉറപ്പുനൽകിയിട്ടുള്ളത് മൗലികാവകാശങ്ങളാണെന്ന് ഓർമ്മിക്കേണ്ടിയിരിക്കുന്നു.

ഈ രണ്ട് പുതിയ വകുപ്പുകൾ കൂട്ടിച്ചേർത്തതിലൂടെ മൗലികാവകാശങ്ങൾ അടക്കമുള്ള ഭരണഘടനയുടെ ഏത് ഖണ്ഡികയും ഭേദഗതി ചെയ്യുവാനുള്ള അധികാരം ഗവൺമെന്റിന് ലഭിച്ചിരിക്കുന്നു.

ഈ ഭേദഗതി കേശവാനന്ദഭാരതി കേസിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ സുപ്രീംകോടതി ഭേദഗതിയെ സാധൂകരിച്ചുകൊണ്ടുതന്നെ ഭേദഗതി ചെയ്യാനുള്ള അധികാരത്തിന് ചില പരിമിതികൾ നിശ്ചയിച്ചു. ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങളെ തന്നെ മാറ്റിമറിക്കുന്നതാവരുത് ഭേദഗതികൾ എന്നാണ് കോടതി പറഞ്ഞത്. അടിസ്ഥാന പ്രമാണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുവാൻ കോടതി തയ്യാറായില്ലെങ്കിൽ സ്വത്തവകാശം അടിസ്ഥാന പ്രമാണമല്ലെന്നുതന്നെയാണ് സാന്ദർഭികമായി സൂചിപ്പിച്ചത്.

സ്വത്തവകാശം വെട്ടിക്കുറക്കുന്നതോ, നീക്കം ചെയ്യുന്നതോ ആയ എല്ലാ ഭേദഗതികളേയും തടഞ്ഞ മുമ്പത്തെ ഗോലക്നാഥ് കേസിലെ വിധിയായിരുന്നു എല്ലാ സാമൂഹ്യ-സാമ്പത്തിക പദ്ധതികൾക്കും തടസ്സമായിരുന്നത് എന്നാണ് ഗവൺമെന്റിന്റെ വാദമെങ്കിൽ ആ തടസ്സം 1973 ഏപ്രിലിലെ കേശവാനന്ദ ഭാരതി വിധിയിലൂടെ മാറിക്കിട്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ ചെറുകിടസ്വത്തുടമസ്ഥർക്കു മാത്രം സ്വകാര്യസ്വത്തവകാശം ഉറപ്പാക്കിയും ഭൂപ്രഭുക്കൾക്കും കുത്തകകൾക്കും അത് എടുത്തുകളഞ്ഞുകൊണ്ടുമുള്ള ഒരു നിയമം ഗവൺമെന്റിന് നേരിട്ടുകൊണ്ടുവരാവുന്നതാണ്. പാർലമെന്റിന്റെ രണ്ടു സഭകളിലും മൂന്നിൽരണ്ടിലേറെ അംഗങ്ങൾ കോൺഗ്രസിനുണ്ട് എന്നതുകൊണ്ട് ഈ നിക്ഷിപ്ത താൽപ്പര്യക്കാരോടുള്ള താൽപ്പര്യമൊഴികെ മറ്റൊന്നും കോൺഗ്രസിനെ തടയുന്നുമില്ല.

അത്തരമൊരു ഭേദഗതി സ്വകാര്യസ്വത്തവകാശത്തിന്മേൽ കൊണ്ടു

വരുന്നതിന് ബദലായി സ്വരൺസിങ്ങ് കമ്മിറ്റി നിർദേശിക്കുന്നത് ഭരണ ഘടനാ ഭേദഗതിക്കുള്ള പാർലമെന്റിന്റെ അധികാരം പരിധികളില്ലാത്ത തായിരിക്കണം എന്നാണ്. ഈ ലക്ഷ്യത്തോടെ അത് ഇങ്ങനെ ശുപാർശ ചെയ്തിരിക്കുന്നു. "ഈ വിഷയത്തെ സംശയരഹിതമാക്കുന്നതിനു വേണ്ടി ഖണ്ഡിക 368-ൽ ഏത് ഭരണഘടനാഭേദഗതിയും ഒരു കോടതി യിലും ഒരു കാരണവശാലും ചോദ്യം ചെയ്യപ്പെട്ടുകൂടാ എന്ന ഒരു പുതി യ വകുപ്പു കൂടി ചേർക്കണം. ഭരണഘടന ഇന്ത്യയിലെ പരമോന്നത നിയമമാണ്. ഖണ്ഡിക 368-ൽ പറയുന്നതുപോലെ ഭരണഘടനയിലെ മറ്റു വകുപ്പുകളുടെ ഭേദഗതിയും മൗലിക നിയമത്തിന്മേലുള്ള ഭേദഗതി തന്നെയാണ്."

ഇത് ഭരണഘടനാ ഭേദഗതികളെ സംബന്ധിച്ചുള്ള അപേക്ഷക ളെല്ലാം കേൾക്കുന്നതിൽ നിന്ന് സുപ്രീംകോടതിയടക്കമുള്ള എല്ലാ കോട തികളെയും തടയുകയും എല്ലാ അധികാരങ്ങളും നിയമ നിർമാണസഭ കളിലും നിയമനിർവഹണാധികാരികൾക്കും കേന്ദ്രീകരിക്കുകയും ചെയ്യു ന്നു. നിയമനിർവഹണാധികാരികൾക്ക് ജനങ്ങളുടെ മൗലികസ്വാതന്ത്ര്യ ങ്ങളെ അട്ടിമറിക്കുവാനും മാറ്റിമറിക്കുവാനും നശിപ്പിക്കാനും ഉള്ള അധി കാരം ലഭ്യമാക്കുന്നതിനും പാർലമെന്റിന്റെ പരമാധികാരത്തിന്റെ പേരിൽ ഭരണഘടനയെത്തന്നെ അട്ടിമറിക്കുവാനുമുള്ള പരസ്യമായ ആഹ്വാന മാണിത്.

ഇത് ഭാവനയുടെ കാടുകയറലോ വസ്തുതകളുടെ പർവതീകര ണമോ അല്ല. കേശവാനന്ദ ഭാരതി കേസ് വിചാരണയിൽ സർക്കാർ ഭാഗം അഭിഭാഷകരുടെ ഭരണഘടനാഭേദഗതിക്ക് പരിപൂർണമായ അവകാശ മുണ്ട് എന്ന വാദത്തിൽനിന്നുതന്നെ വ്യക്തമായ സംഗതിയാണ്.

കൂട്ടുവിധി ന്യായത്തിൽ രണ്ടു ജഡ്ജിമാർ ഇങ്ങനെ പറഞ്ഞു: "ഒരു ഘട്ടത്തിൽ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും അഭിഭാഷകർ ഭര ണഘടനയുടെ 368-ാം ഖണ്ഡികയെ ഭരണഘടനയെത്തന്നെ അസാധു വാക്കാൻ അനുവദിക്കരുതെന്ന നിലപാടിനോട് വെറുപ്പോടെയാണെങ്കിലും യോജിക്കുകയും എന്നാൽ ഞങ്ങളിൽ ചിലർ പിന്നീട് നിർബന്ധപൂർവം ചോദിച്ചപ്പോൾ അവരിൽ ചിലർ നിലപാടുമാറ്റുകയും "അസാധുവാക്കൽ" എന്നതുകൊണ്ട് അവർ ഉദ്ദേശിച്ചത് ഭരണഘടന പൂർണമായിത്തന്നെ മാറ്റലാണെന്ന് പറയുകയും ചെയ്തു. ഭരണഘടനയുടെ 368-ാം ഖണ്ഡിക ഉപയോഗിച്ച് ഭരണഘടനയാകെ മാറ്റുവാൻ പാടില്ല എന്നതുകൊണ്ട് അവർ എന്താണ് ഉദ്ദേശിക്കുന്നതെന്ന് ചോദിച്ചപ്പോൾ ഭരണഘടനയിലെ ഒരു വകുപ്പെങ്കിലും മാറ്റാൻ പാടില്ലെന്ന മറുപടിയാണ് കിട്ടിയത്. ഭരണഘട നയുടെ ആമുഖം പോലും ഒഴിവാക്കി പുതിയത് കൂട്ടിച്ചേർക്കാം എന്നുമ വർക്ക് അഭിപ്രായമുണ്ട്. "ഇന്ത്യയുടെ ഭരണഘടന" എന്ന പ്രയോഗം മാത്രം നിലനിർത്തി ബാക്കി എല്ലാം 'മാറ്റാം' എന്നാണ് അവരുടെ നില പാട്.

തുടർന്ന് അവർ കൂട്ടിച്ചേർത്തു:

"കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും അഭിപ്രായത്തിൽ (ഭരണഘടനാ ഭേദഗതിയെന്നാൽ) മറ്റുപലതിന്റേയും കൂട്ടത്തിൽ ഈ അധികാരങ്ങൾ കൂടെ ഉണ്ടാവുന്നതായിരുന്നു:

1. ഈ രാജ്യത്തിന്റെ പരമാധികാരത്തെ നശിപ്പിക്കുന്നതും രാജ്യത്തെ മറ്റൊരു രാജ്യത്തിന്റെ ഉപഗ്രഹമാക്കുന്നതും.

2. ഈ രാജ്യത്തെ ഗവൺമെന്റിന്റെ ജനാധിപത്യ സ്വഭാവത്തെ ഏകാധിപത്യപരമോ സ്വേച്ഛാധിപത്യപരമോ ആക്കുന്നതും.

3. ഈ രാജ്യത്തിന്റെ ഐക്യത്തെ തകർക്കുന്നതും വിവിധ സംസ്ഥാനങ്ങൾ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതും.

4. ഈ രാജ്യത്തിന്റെ മതേതര സ്വഭാവത്തെ തകർക്കുന്നതും മതാധിഷ്ഠിതരാജ്യമാക്കുന്നതും.

5. പൗരന്മാർക്ക് നൽകിയിട്ടുള്ള എല്ലാ അവകാശങ്ങളും എടുത്തുകളയുന്നതും ന്യൂനപക്ഷാവകാശങ്ങൾ ഇല്ലാതാക്കുന്നതും.

6. ഒരു ക്ഷേമരാഷ്ട്രമായി മാറ്റുവാനുള്ള ജനവിധി അട്ടിമറിക്കുന്നതും.

7. പാർലമെന്റിന്റെ രണ്ടു സഭകളുടേയും കാലാവധി അനന്തമായി നീട്ടിക്കൊണ്ടുപോകുന്നതും.

8. ഭരണഘടന ഭേദഗതി ചെയ്യാനുള്ള ഭേദഗതി അവകാശമുപയോഗിച്ച് ഭേദഗതി ചെയ്യാനാവാത്തതോ ആകെ ഭേദഗതി വരുത്താനാവുന്ന ഒന്നാക്കി മാറ്റുന്നതും ആവാമെന്നായിരുന്നു.

മറ്റൊരു ജഡ്ജി പറഞ്ഞു '.....368-ാം ഖണ്ഡികയെ (ഭരണഘടനാ ഭേദഗതി ചെയ്യാനുള്ള അധികാരം) ഭരണഘടനയെത്തന്നെ അവസാനിപ്പിക്കുവാനോ അല്ലെങ്കിൽ നിയമപരമായ സ്വയംഹത്യയ്ക്കു പ്രേരിപ്പിക്കുന്നതോ ആകാം" എന്നാണ് ഉയർന്നുവന്ന വാദത്തിന്റെ അന്തഃസത്ത.

ഈ പരിതഃസ്ഥിതിയിൽ നിന്നുകൊണ്ടുവേണം സ്വരൺസിങ്ങ് കമ്മിറ്റി 368-ാം ഖണ്ഡികക്ക് വ്യക്തതയുണ്ടാക്കുവാൻ നിർദേശിക്കുന്ന വകുപ്പുകളുടെ ഉദ്ദേശ്യശുദ്ധി മനസ്സിലാക്കുവാൻ.

368-ാം ഖണ്ഡികക്കുള്ള ഭേദഗതി നിർദേശങ്ങൾ, 368 (1)ഉം 368 (3)ഉം ഒഴിവാക്കുകയും 368-ാം ഖണ്ഡികയെ പഴയതുപോലെതന്നെ നിലനിർത്തുകയും വേണം. അതിലുപരി ഖണ്ഡിക 13 സാധാരണ നിയമനിർമാണത്തിനു മാത്രമല്ല ഭരണഘടനാ ഭേദഗതിക്കും ബാധകമാണെന്ന് സംശയരഹിതമായി പ്രഖ്യാപിക്കണം.

2. മൗലികാവകാശങ്ങൾക്കു മേൽ നിർദേശകതത്ത്വങ്ങൾക്കുള്ള പ്രാധാന്യം

സ്വരൺസിങ്ങ് കമ്മിറ്റി പറയുന്നു:

ഖണ്ഡിക 39-ന്റെ വിഭാഗം (ബി) അല്ലെങ്കിൽ വിഭാഗം (സി) യിൽ

പറയുന്ന നിർദേശകതത്ത്വങ്ങൾക്ക് (സമൂഹത്തിന്റെ ഭൗതിക സ്വത്തുക്കളും അവയുടെ ഉടമാവകാശവും നിയന്ത്രണവും പൊതുനന്മയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തലും സ്വത്ത് കേന്ദ്രീകരിക്കാത്ത വിധത്തിൽ സമ്പദ്വ്യവസ്ഥ പ്രവർത്തിക്കലും) വിപരീതമായ നിയമങ്ങൾ ഭരണഘടനയുടെ 14, 19 അല്ലെങ്കിൽ 31 ഖണ്ഡികകൾക്ക് വിപരീതമായി കണക്കാക്കണം. ഭരണഘടനയുടെ ഭാഗം IV-ൽ പറയുന്ന നിർദേശകതത്ത്വങ്ങൾക്ക് മുഴുവൻ ബാധകമായോ ഏതെങ്കിലുമൊന്നിനു മാത്രം ബാധകമായോ ഉണ്ടാക്കുന്ന നിയമങ്ങളെയാകെ ഉൾക്കൊള്ളാവുന്നവിധം ഖണ്ഡിക 31 (സി)യെ വിപുലപ്പെടുത്തുകയും അവയൊന്നും ഭരണഘടനയുടെ ഭാഗം III-ൽ പറയുന്ന മൗലികാവകാശങ്ങൾക്ക് എതിരാണെന്നതിന്റെ പേരിൽ കോടതിയിൽ ചോദ്യം ചെയ്യുവാൻ അനുവദിക്കാതിരിക്കുകയും വേണം. എന്നാൽ അത്തരം നിയമങ്ങൾ മതന്യൂനപക്ഷങ്ങൾക്കോ പട്ടികജാതിക്കാർക്കോ ദോഷകരമായി ബാധിക്കാത്തവിധം പ്രത്യേക സംവിധാനം ഉണ്ടാക്കുകയും വേണം.

മൗലികാവകാശങ്ങൾക്ക് മേൽ നിർദേശകതത്ത്വങ്ങൾക്ക് മേൽക്കൈ ഉണ്ടാവുന്ന വിധത്തിൽ വകുപ്പുണ്ടാക്കണമെന്ന് പറയുന്നത് സദുദ്ദേശ്യത്തോടെയല്ല.

ഭരണഘടനയുടെ മൂന്നാം ഭാഗത്തുള്ള സ്വത്തവകാശം ഖണ്ഡിക 39 (ബി)യിലും 39 (സി)യിലും പറഞ്ഞിട്ടുള്ളത് നിർദേശകതത്ത്വങ്ങൾ നടപ്പിലാക്കുന്നതിൽ വിഘാതമുണ്ടാക്കുന്നു. സ്വത്തവകാശത്തിന്മേൽ ആക്രമണം നടത്തുന്നതിന് ബദലായി സ്വരൺസിങ്ങ് കമ്മിറ്റി എല്ലാ മൗലികാവകാശങ്ങളേയും ആക്രമണവിധേയമാക്കുന്നു. തൊഴിലവകാശം, വിദ്യാഭ്യാസത്തിനും, തൊഴിലില്ലായ്മ ആശ്വാസത്തിനുമുള്ള അവകാശം, വാർധക്യം, രോഗം, അവശത എന്നിവയ്ക്ക് ആശ്വാസം നൽകൽ, ജീവിക്കാനുള്ള വേതനം, കുട്ടികൾക്ക് സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം, ജീവിത നിലവാരവും പോഷകാഹാരവും വർധിപ്പിക്കൽ, സ്ത്രീ-പുരുഷന്മാർക്ക് തുല്യ ജോലിക്ക് തുല്യവേതനം, കുട്ടികളെയും യുവാക്കളെയും ചൂഷണവിമുക്തമാക്കൽ ഇവയ്ക്കൊക്കെ നിർദേശകതത്ത്വങ്ങൾക്കനുസരണമായി നിയമമുണ്ടാക്കാതിരുന്നത് ഏതെങ്കിലും നിയമപരമായ തടസങ്ങൾകൊണ്ടായിരുന്നുവോ?

ജനങ്ങളുടെ സംസാരസ്വാതന്ത്ര്യത്തിനും, സംഘം ചേരാനും സംഘടിപ്പിക്കുവാനുമുള്ള അവകാശത്തെ നിർദേശകതത്ത്വങ്ങൾ നടപ്പിലാക്കുന്ന നിയമം നശിപ്പിക്കുമെന്ന് ഭയപ്പെടുന്നത് എന്തുകൊണ്ടാണ്? മൗലികാവകാശങ്ങൾക്കു മേൽ നിർദേശകതത്ത്വങ്ങൾക്ക് മേൽക്കൈ വേണമെന്ന വാദം ഇതിലേക്കാണ് വിരൽചൂണ്ടുന്നത്.

നിർദേശകതത്ത്വങ്ങൾ നടപ്പിലാക്കുന്നതിൽ ഗവൺമെന്റിന് എന്തുമാത്രം ആത്മാർഥതയുണ്ടെന്ന് ഓരോരുത്തരും ചോദിക്കണം. ഖണ്ഡിക 39 പറയുന്നു: "ഭരണകൂടം അതിന്റെ നയങ്ങൾ താഴെപറയുന്നവ ലക്ഷ്യ

മിടണം:

(എ) അതിന്റെ പൗരന്മാർക്ക്-സ്ത്രീക്കും പുരുഷനും-ഒരേ പോലെ ആവശ്യമായ ജീവിത ഉപാധികൾ ലഭ്യമാക്കുക.

(ബി) പൊതുനന്മയ്ക്ക് ഉതകുംവിധം ഭൗതികസമ്പത്തുക്കളുടെ ഉടമസ്ഥതയും നിയന്ത്രണവും ഉറപ്പുവരുത്തുക.

(സി) സമ്പത്തിന്റെയും ഉൽപ്പാദന ഉപാധികളുടെയും കേന്ദ്രീകരണത്തിലേക്ക് നയിക്കത്തക്കവിധം പൊതുഗുണത്തിനു വേണ്ടി സമ്പദ്‌വ്യവസ്ഥയെ നയിക്കുക.

(ഡി) സ്ത്രീക്കും പുരുഷനും തുല്യജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തുക."

ഈ നിർദേശങ്ങളെല്ലാം ഏട്ടിലെ പശുക്കൾ മാത്രമാണ്. ഇതിനെതിരായ കാര്യങ്ങളാണ് നടക്കുന്നത്. ജനങ്ങളുടെ ജീവിതനിലവാരം അടിക്കടി താഴ്ന്നുകൊണ്ടിരിക്കുകയും തൊഴിലില്ലായ്മ വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ജനങ്ങൾക്ക് ജീവിത ഉപാധികൾ ആവശ്യാനുസരണം കിട്ടുന്നില്ല എന്നു മാത്രമല്ല അത് കിട്ടുന്നവരുടെ എണ്ണം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്.

സാമ്പത്തിക അസമത്വം കുറച്ചുകൊണ്ടുവരികയെന്നതാണ് മുഖ്യ ലക്ഷ്യമെന്ന് ഓരോ പഞ്ചവത്സരപദ്ധതിയും പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ കുത്തകകളുടെ വളർച്ചയും ഗ്രാമപ്രദേശങ്ങളിലെ ഉന്നതശ്രേണിയിലുള്ളവരുടെ കൈയിൽ ഭൂകേന്ദ്രീകരണവും നടത്തിക്കൊണ്ടാണ് ഓരോ പഞ്ചവത്സരപദ്ധതിയും കടന്നുപോകുന്നത്. ദശലക്ഷക്കണക്കിന് കൃഷിക്കാർക്കും ദരിദ്രകൃഷിക്കാർക്കും കുടിയിറക്കലും മറ്റും മൂലം അവരുടെ ഭൂമി നഷ്ടപ്പെട്ടു. കുത്തകനിയന്ത്രണനിയമത്തിലെ അക്ഷരങ്ങൾ മൃതാവസ്ഥയിലാണ്. "നിക്ഷേപത്തിനും ഉൽപ്പാദനത്തിനുമുള്ള ഇളവുകൾ" എന്ന പേരിൽ കുത്തകകൾക്കും നിക്ഷിപ്തതാൽപ്പര്യക്കാർക്കും ഇളവുകൾ വാരിക്കോരി നൽകുന്നു.

സ്ത്രീപുരുഷന്മാർക്ക് തുല്യ ജോലിക്ക് തുല്യവേതനത്തിനു വേണ്ടിയുള്ള നിർദേശകതത്ത്വം നടപ്പിലാക്കിക്കിട്ടുന്നതിനായി ട്രേഡ് യൂണിയനുകളും തൊഴിലാളികളും നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഇതുവരെയാതൊരു നടപടിയുമെടുത്തില്ല.

മറ്റു ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള തൊഴിലെടുക്കുവാനുള്ള അവകാശം, വിദ്യാഭ്യാസത്തിനും, ആരോഗ്യപരിരക്ഷയ്ക്കും, ന്യായമായ വേതനത്തിനും മറ്റുമുള്ള നിർദേശങ്ങളുടെ കാര്യവും വ്യത്യസ്തമല്ല.

ഈ നിർദേശകതത്ത്വങ്ങളെല്ലാം നടപ്പിലാക്കണമെന്ന കാര്യത്തിൽ ആത്മാർഥതയുണ്ടായിരുന്നുവെങ്കിൽ തൊഴിലവകാശം, തൊഴിലില്ലായ്മ ആശ്വാസം, വാർധക്യപെൻഷൻ, ആതുരസഹായം, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ എന്നിവ ഭാഗം മൂന്നിലുള്ള മൗലികാവകാശങ്ങളിൽ പെടുത്താമായിരുന്നു. അല്ലാത്തപക്ഷം കഴിഞ്ഞ 25 വർഷമായി ഒരു വ്യാജപ്ര

സ്താവമായി കിടന്നതുപോലെ അത് ഇനിയും കഴിയേണ്ടിവരും.

ജനങ്ങളുടെ മൗലികാവകാശങ്ങൾ ഹനിക്കുകയും അത് ചെയ്തതിന് അവയൊക്കെ നടപ്പിലാക്കുവാൻ കഴിയാത്തതായിരുന്നുവെന്ന പേരിൽ ന്യായം കണ്ടെത്തുകയുമാണ് വാസ്തവത്തിൽ ഭരണ പാർട്ടി ചെയ്യുന്നത്.

ഖണ്ഡിക 226

ഭാഗം മൂന്നിൽ പറഞ്ഞിട്ടുള്ള മൗലികാവകാശങ്ങൾ ഏതെങ്കിലും ഗവൺമെന്റ് നടപടികളാൽ ഹനിക്കപ്പെട്ടതായി ഏതെങ്കിലുമൊരു പൗരന് അനുഭവപ്പെട്ടാൽ ആ പൗരന് നേരിട്ട് സുപ്രീം കോടതിയെ സമീപിക്കാമെന്നാണ് ഭരണഘടനയുടെ 32-ാം ഖണ്ഡിക പറയുന്നത്.

ഇതേ മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടതായി തോന്നിയാൽ അതിന്റെ അധികാരപരിധിയിൽപ്പെട്ട ഏതൊരു വ്യക്തിക്കെതിരായോ, ഭരണാധികാരിക്കെതിരായോ, ഗവൺമെന്റിനെതിരായോ റിട്ട് പുറപ്പെടുവിക്കാനുള്ള അധികാരം ഭരണഘടനയുടെ അധ്യായം 32 ഹൈക്കോടതികൾക്കും നൽകിയിട്ടുണ്ട്. ഇതു കൂടാതെ, മൗലികാവകാശത്തിന്റെ സംരക്ഷണത്തിനല്ലാതെ മറ്റേതൊരു കാര്യത്തിനും റിട്ടു മുഖേനയോ മറ്റു നിർദേശങ്ങൾ മുഖേനയോ ഇടപെടാനുള്ള അധികാരം ഹൈക്കോടതികൾക്കുണ്ട്.

സ്വരൺസിങ്ങ് കമ്മിറ്റി റിപ്പോർട്ട് ഇതിൽ "മറ്റേതൊരു കാര്യത്തിനും" എന്നത് പൂർണമായി ഒഴിവാക്കണമെന്ന് നിർദേശിച്ചിരിക്കുന്നു. എന്താവും ഇതിന്റെ അനന്തരഫലം?

ഈ വ്യവസ്ഥപ്രകാരം ഉദ്യോഗസ്ഥന്മാരുടെയോ മറ്റ് അധികാരികളുടെയോ ശക്തരായ സ്വകാര്യവ്യക്തികളുടെയോ നിയമവിരുദ്ധപ്രവൃത്തികൾക്കെതിരായി കർഷകർക്കും തൊഴിലാളികൾക്കും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുമൊക്കെ ഹൈക്കോടതിയെ സമീപിക്കുവാനാകും. ഉദാഹരണത്തിന് പാവപ്പെട്ട കർഷകന്റെ ഭൂമി ചട്ടപ്രകാരമല്ലാതെയോ, ന്യായമായ നഷ്ടപരിഹാരം കൂടാതെയോ ഏതെങ്കിലും ഭരണാധികാരികൾ ഏറ്റെടുക്കുവാൻ ശ്രമിച്ചാൽ അവർക്ക് ഹൈക്കോടതിയെ സമീപിക്കാനാവും.

ഇതിന്റെ ഗുണഫലം അനുഭവിക്കുന്നത് വൻ വ്യവസായികളും നിക്ഷിപ്തതാൽപ്പര്യക്കാരുമാണെന്നത് സത്യമാണ്. എന്നാൽ സാധാരണ ജനങ്ങളെ സംബന്ധിച്ചേടത്തോളം ഇങ്ങനെയൊരു സാധ്യതതന്നെ ഇല്ലാതാവും.

സ്വരൺസിങ്ങ് കമ്മിറ്റിയുടെ ഈ നിർദേശം അംഗീകരിക്കപ്പെട്ടാൽ പൗരന്മാർക്ക് ഈ അവകാശങ്ങളാകെ ഇല്ലാതാവുകയും ഭരണാധികാരികൾക്കും നിക്ഷിപ്തതാൽപ്പര്യക്കാർക്കും നിയമമുണ്ടെങ്കിലും ഇല്ലെങ്കിലും അവർക്കിഷ്ടമുള്ളത് ചെയ്യാൻ പറ്റുന്ന അവസ്ഥ വരുകയും ചെയ്യും.

നിയമങ്ങളുടെ ഭരണഘടനാപരമായ സാധുത പരിശോധിക്കാനുള്ള സുപ്രീംകോടതിയുടെ അധികാരം

ഭരണഘടനയുടെ 368-ാം വകുപ്പിന് സ്വരൺസിങ്ങ് കമ്മിറ്റി നിർദേശിച്ചിട്ടുള്ള ഭേദഗതികൾ നടപ്പിലാക്കപ്പെട്ടാൽ, ഭരണഘടനാ ഭേദഗതികളുടെ ഭരണഘടനാ സാധുത പരിശോധിക്കുവാനുള്ള അവകാശം എടുത്തുകളഞ്ഞാൽ-പാർലമെന്റും നിയമസഭകളും നിർമിക്കുന്ന സാധാരണ നിയമങ്ങളുടെ സാധുത, ഭരണഘടനാ വിരുദ്ധമായി നിർമിക്കപ്പെട്ട ഭേദഗതികളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക എന്നതുമാത്രമാവും സുപ്രീംകോടതിക്ക് ചെയ്യാനാവുക. ഭരണഘടനയുടെ അടിസ്ഥാനതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാനാവില്ല.

ഇതു കൂടാതെ കോടതികളുടെ പരിമിതമായ ഈ അധികാരത്തെപ്പോലും വെട്ടിക്കുറയ്ക്കാൻ കമ്മിറ്റി ഉദ്ദേശിക്കുന്നുണ്ട്. ഈ പരിമിതമായ അധികാര പരിധിക്കുള്ളിൽപോലും സുപ്രീംകോടതിയുടെ ഏഴംഗബഞ്ചിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന്റെ അംഗീകാരത്തോടെ മാത്രമേ ഒരു നിയമം റദ്ദാക്കാനാവൂ എന്നാണ് നിർദേശം. ഇതിന്റെ അർഥം വളരെ ഋജുവും ലളിതവുമാണ്. ഒരു നിയമം അസാധുവാണെന്ന് ഭൂരിപക്ഷത്തിന്റെ വീക്ഷണമെങ്കിലും ന്യൂനപക്ഷത്തിന്റെ അഭിപ്രായത്തിന് മുൻകൈ കിട്ടുകയും നിയമം നടപ്പിലാവുകയും ചെയ്യും.

നിയമനിർമാണത്തിന്റെ സാധുതയിലേക്ക് കടക്കുവാൻ ഹൈക്കോടതിക്ക് അധികാരമില്ലാതാവും. ഈ നിർദേശങ്ങൾ തള്ളിക്കളയണം. ഭൂരിപക്ഷ തീർപ്പിന് ന്യൂനപക്ഷാഭിപ്രായത്തിന്മേൽ മേൽക്കൈ കിട്ടുന്ന ഇന്നത്തെ സ്ഥിതി തുടരണം. ഈ കാര്യത്തിൽ ഇന്ന് ഹൈക്കോടതികൾക്കുള്ള അധികാരം തുടർന്ന് നിലനിർത്തണം.

ഭക്ഷ്യധാന്യഉൽപ്പാദനം, ഭൂനികുതിപിരിവ്, ഭൂപരിഷ്കരണം നടപ്പിലാക്കൽ എന്നിവ കോടതിയുടെ അധികാര പരിധിയിൽ നിന്നൊഴിവാക്കൽ

ഭൂനികുതി പിരിവ്, ഭൂപരിഷ്കാരം നടപ്പിലാക്കൽ, ഭക്ഷ്യധാന്യ ശേഖരണം മുതലായവയുമായി ബന്ധപ്പെട്ട നിയമങ്ങളെ കോടതിയുടെ അധികാരപരിധിയിൽ നിന്നൊഴിവാക്കണമെന്ന് സ്വരൺസിങ്ങ് കമ്മിറ്റി നിർദേശിക്കുന്നു. ഇത് ഭരണനിർവഹണാധികാരികൾക്ക് പരമാധികാരം നൽകുന്നതിനുള്ള മറ്റൊരു മറയാണ്.

ഇതിനുള്ള കാരണമായി പറയുന്നത് ഈ നിയമങ്ങളുമായി ബന്ധപ്പെട്ട് കോടതികളിൽ കേസുകൾ കെട്ടിക്കിടക്കുന്നതിനാൽ ഭൂപരിഷ്കരണം നടപ്പാക്കാൻ ആവുന്നില്ലെന്നതാണ്. എന്നാൽ ഭൂപ്രഭുക്കളും ഗവൺമെന്റും തമ്മിൽ നടത്തുന്ന ഒത്തുകളിയാണിതിന്റെ പിന്നിൽ എന്നതാണ് വാസ്തവം.

കോടതിയിൽ പോകുക എന്ന സാധ്യത മുതലെടുക്കുന്ന സമ്പന്ന

വിഭാഗത്തെ മാത്രമേ ഇത് ബാധിക്കൂ എന്നതാണ് ഒരു വാദമുഖം. എന്നാൽ മിച്ചഭൂമി വിതരണം ചെയ്യുന്നതിൽ ധാരാളം ഏകപക്ഷീയതയും പക്ഷപാതിത്വവുമുണ്ടെന്നതാണ് വാസ്തവം. ഭൂമി ഗവൺമെന്റിന്റെ ഇഷ്ടക്കാർക്കിടയിൽ വിതരണം ചെയ്യുകയും അർഹരായ ഭൂരഹിതർക്ക് കിട്ടാതിരിക്കുകയും ചെയ്യുന്നു. നികുതി പിരിവിന്റെ കാര്യത്തിൽ ഭൂപ്രഭുക്കളും സമ്പന്ന വിഭാഗവും ഉദ്യോഗസ്ഥരുമായി ഒത്തുകളിക്കുകയും താഴ്ന്ന വരുമാനക്കാരും സാധാരണക്കാരും ഏകപക്ഷീയമായ നടപടികൾക്ക് വിധേയരാവുകയും ചെയ്യുന്നു. അതുപോലെ ലെവി പിരിക്കുന്ന ഉദ്യോഗസ്ഥർ ഭൂപ്രഭുക്കളും നിക്ഷിപ്ത താൽപ്പര്യക്കാരുമായി ഒത്തുതീർപ്പിലെത്തുകയും ഇടത്തരക്കാരും കുറഞ്ഞവരുമാനക്കാരുമായവരെ ദ്രോഹിക്കുകയും ചെയ്യുന്നു. ഈ നിർദേശമംഗീകരിച്ചാൽ ഉദ്യോഗസ്ഥ ഭരണത്തിന് സ്വാതന്ത്ര്യം നൽകുകയും ഭരണനിർവഹണ വിഭാഗത്തിന്റെ നീതികേടുകൾക്കെതിരെ കോടതിയിൽ പോകാൻപോലും പറ്റാതാവുകയും ചെയ്യും.

നിക്ഷിപ്ത താൽപ്പര്യക്കാർ ഈ വകുപ്പിൽനിന്ന് നേട്ടമുണ്ടാക്കുന്നുവെന്ന് ഞങ്ങൾക്കറിയാം. എന്നാൽ അതിന്റെ പേരിൽ സാധാരണക്കാരന് ഈ വഴി നിഷേധിക്കാനാവില്ല.

ഭൂപ്രഭുക്കൾ കോടതിയിൽ പോയി കാലതാമസം വരുത്തുന്ന സ്ഥിതിയൊഴിവാക്കാൻ ഗവൺമെന്റ് അതിന്റെ അഭിഭാഷകർക്ക് അത്തരം കേസുകളിൽ സ്റ്റേ കൊടുക്കുന്നതിനെ എതിർക്കാൻ നിർദേശം കൊടുക്കുകയും ഈവക കേസുകൾ രണ്ടു മാസത്തിനുള്ളിൽ തീർന്നിരിക്കണമെന്ന് നിർദേശം കൊടുക്കുകയും ചെയ്താൽ മതിയാവും.

സാമൂഹ്യനിയമനിർമാണത്തെ ജനതാൽപ്പര്യാർഥം നടപ്പിലാക്കാനെന്നപേരിൽ നീതിന്യായവിഭാഗത്തിന്റെ അധികാരങ്ങൾ എടുത്തുകളയുന്ന വിധത്തിൽ സ്വരൺസിങ്ങ് കമ്മിറ്റി കൊണ്ടുവന്ന നിർദേശങ്ങളിൽ യാതൊരു അടിസ്ഥാനവുമില്ലെന്ന് ഇതിൽനിന്നെല്ലാം മനസിലാക്കാം. അങ്ങനെ അവരുടെ നിർദേശങ്ങളെല്ലാം മൗലികാവകാശങ്ങളെ എതിർക്കുന്നതിനും, ജനങ്ങൾ അവ ഉപയോഗപ്പെടുത്തി ഈ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുമെതിരായിട്ടുള്ളവയാണ്. നേരത്തെ പറഞ്ഞതുപോലെ സ്വത്തവകാശത്തെ മാത്രം നിയന്ത്രിക്കാവുന്നതിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള നിർദേശങ്ങൾ അവർക്ക് വയ്ക്കാമായിരുന്നു. എന്നാൽ അവർ പറയുന്നതുപോലെ നടപ്പിലാക്കിക്കാൻ മൗലികാവകാശങ്ങളായ സംസാരസ്വാതന്ത്ര്യം, സംഘടിപ്പിക്കാനും സംഘടനകളും യൂണിയനുകളും രൂപീകരിക്കാനുമുള്ള അവകാശം എന്നിവയൊക്കെ നിയന്ത്രിക്കുന്ന നിർദേശങ്ങളാണ് വന്നിട്ടുള്ളത്. മൗലികസ്വാതന്ത്ര്യങ്ങളെ വിശാലമാക്കുന്നവിധം തൊഴിൽ അവകാശം, തൊഴിലില്ലായ്മാ സഹായം കിട്ടാനുള്ള അവകാശം, വാർധക്യ-രോഗ-അവശത സഹായങ്ങൾക്കുള്ള അവകാശം സൗജന്യ വിദ്യാഭ്യാസത്തിനും ആരോഗ്യരക്ഷയ്ക്കുമുള്ള അവകാശം എന്നിവ

യൊക്കെ ചേർത്തുകൊണ്ടുള്ള നിർദേശം അവർക്ക് വയ്ക്കാമായിരുന്നു.

ഇതിന്റെ തുടക്കത്തിൽതന്നെ സൂചിപ്പിച്ചതുപോലെ ഇന്ത്യയിലെ ഭരണകൂടം വൻകിട ബൂർഷ്വാസിയാൽ നയിക്കപ്പെടുന്ന ബൂർഷ്വാ-ഭൂപ്രഭുവർഗത്തിന്റേത് ആയതിനാൽ നിയമനിർമാണവിഭാഗം, നിയമനിർവഹണവിഭാഗം, നീതിന്യായ വിഭാഗം തുടങ്ങിയവയ്ക്കെല്ലാം ഈ വർഗനയങ്ങൾ പ്രതിഫലിപ്പിക്കാതിരിക്കാനാവില്ല.

ഇതിനുള്ള തിളങ്ങുന്ന ഉദാഹരണങ്ങളാണ് ബാങ്ക് ദേശസാൽക്കരണത്തിലും മുൻ രാജാക്കന്മാർക്കുള്ള രാജഭോഗം നിർത്തുന്നതിലും വന്ന സുപ്രീംകോടതി വിധികൾ.

വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുന്ന കാര്യത്തിലും അത് പല പ്പോഴും ഭരണനിർവഹണവിഭാഗത്തിന് വഴങ്ങിയിട്ടുണ്ട്. ഒരു ഉദ്യോഗസ്ഥന്റെ വ്യക്തിവൈരാഗ്യം നീക്കാനായിട്ടോ, തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലോ ആണെങ്കിൽപോലും മിസ തടവുകാരന് അടിയന്തരാവസ്ഥക്കാലത്ത് കോടതിയെ സമീപിക്കാനാവില്ലെന്ന ഭരണനിർവഹണവിഭാഗത്തിന്റെ വാദത്തെ സുപ്രീംകോടതി ശരിവെച്ചത് ഈയടുത്തകാലത്താണ്.

ഈ വ്യവസ്ഥയിൽ ഈ സാമൂഹ്യപ്രതിഭാസത്തിന് പരിഹാരം കാണാനാവില്ല. എന്നാൽ നേരത്തെ പറഞ്ഞതുപോലെ പല സന്ദർഭങ്ങളിലും കോടതികൾ ഭരണനിർവഹണ വിഭാഗത്തിന്റെയും വൻകിടക്കാരുടെയും ഏകാധിപത്യനടപടികളിൽ നിന്നും പൗരന്മാരെ രക്ഷിച്ചിട്ടുണ്ട് എന്ന കാര്യം കാണാതിരിക്കാനാവില്ല.

ജനങ്ങളുടെ മൗലികാവകാശങ്ങളും ജീവനും സ്വാതന്ത്ര്യവും ക്ഷേമവും സംരക്ഷിക്കുന്ന ഒരു സ്വതന്ത്ര നീതിന്യായവ്യവസ്ഥയല്ല ഇവിടത്തെ പ്രശ്നം. ഏകകക്ഷി സ്വേച്ഛാധിപത്യത്തിന്റെ സ്ഥാപനവും അതിന്റെ കീഴിൽ ഏകാധിപത്യപരമായ നിയമനിർവഹണവിഭാഗവും അതിന്റെ സ്വേച്ഛാധികാരങ്ങളെ മറച്ചുവയ്ക്കുന്നതിനു വേണ്ടി നടത്തുന്ന നികൃഷ്ടമായ ഗൂഢാലോചനയും തടയുക എന്നതാണ് ഇന്നത്തെ പ്രധാന വിഷയം. ഭരണനിർവഹണ വിഭാഗത്തിന്റെ ഏകാധിപത്യത്തിൽനിന്ന് അധികാരത്തിന്റെ മൂന്നുപകരണങ്ങൾ തമ്മിലുള്ള വേർതിരിവിനും, നീതിന്യായവ്യവസ്ഥയ്ക്ക് ഇന്നുള്ള അധികാരങ്ങൾ ഉപയോഗിച്ച് ഇന്നത്തെ അവസ്ഥയിൽ എങ്ങനെ തടയാമെന്നതാണ് പ്രധാന ചോദ്യം. ഈ വ്യവസ്ഥയ്ക്കകത്ത് പ്രവർത്തനം ആരംഭിച്ചതു മുതൽ നീതിന്യായവ്യവസ്ഥ നിർവഹണവിഭാഗത്തിന്റെ നടപടികൾക്കെതിരായി ജനങ്ങളുടെ ന്യായമായ അവകാശങ്ങളും പൗരന്റെ സ്വാതന്ത്ര്യവും സംരക്ഷിക്കുവാൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. നീതിന്യായവിഭാഗത്തിന് ഇന്നുള്ള അധികാരങ്ങൾ തുടർന്നുപോകുന്നത് അപകടകരമാണെന്നതോന്നൽ ഭരണപാർട്ടിക്കുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ നീതിന്യായവ്യവസ്ഥയുടെ ഇന്നത്തെ അധികാരങ്ങൾ നിലനിർത്തേണ്ടതുണ്ട്.

ഖണ്ഡിക 311 പ്രകാരമുള്ള കോടതികളുടെ അധികാരപരിധി എടുത്തുകളയലും സർവീസ് ട്രൈബ്യൂണലുകളും

ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനെ ഡിസ്മിസ് ചെയ്യുകയോ സർവീസിൽനിന്നൊഴിവാക്കുകയോ തരംതാഴ്ത്തുകയോ ചെയ്യണമെങ്കിൽ അയാൾക്ക് അയാൾ ചെയ്ത കുറ്റത്തെക്കുറിച്ച് ഒരു കുറ്റപത്രം കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് പറയാനുള്ളത് പറയാൻ അവസരം കൊടുക്കുകയും ചെയ്ത് ഒരു അന്വേഷം നടത്തണമെന്നാണ് ഭരണഘടനയുടെ ഖണ്ഡിക 311(2) പറയുന്നത്. ആ അന്വേഷണത്തിന് ശേഷം നടത്തുന്ന വിധിക്കുമേൽ അഭിപ്രായം പറയാൻ അവകാശം കൊടുക്കണമെന്നും ശിക്ഷ അന്വേഷണത്തിൽ വെളിവാക്കപ്പെട്ട തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്നും പറഞ്ഞിരിക്കുന്നു.

ഉദ്യോഗസ്ഥ മേധാവിത്വത്തിനു കീഴിലുള്ള പ്രവർത്തന സംവിധാനത്തിൽ അഴിമതി, പക്ഷപാതിത്വം, ധിക്കാരം, പ്രതികാരവാഞ്ഛ, രാഷ്ട്രീയ പക്ഷപാതിത്വം തുടങ്ങിയവയൊക്കെ ഗവൺമെന്റ് ജീവനക്കാർക്കെതിരായ അച്ചടക്ക നടപടിയിൽ പ്രതിഫലിക്കും. ഈ സ്ഥിതിയിലാണ് ഭരണഘടന, ജീവനക്കാർക്ക് ചില സംരക്ഷണങ്ങൾ നൽകിയിട്ടുള്ളത്. ഈ അവകാശങ്ങൾ തന്നെ ഖണ്ഡികയുടെ (ബി)യും (സി)യും വകുപ്പുകൾ കൊണ്ട് സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഈ വ്യവസ്ഥ ലംഘിച്ചാൽ ജീവനക്കാർക്ക് കോടതിയിൽ പോകാം.

സ്വരൺസിങ്ങ് കമ്മിറ്റിക്ക് കോടതികളുടെ ഈ അധികാരപരിധി എടുത്തുകളയുകയും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകൾ രൂപീകരിക്കുകയും വേണം.

ഇതൊരു അപകടകരമായ നിർദേശമാണ്. ഈ ട്രൈബ്യൂണലുകളിൽ ഗവൺമെന്റിന്റെ ഇഷ്ടക്കാരെയും ഭരണപാർട്ടിയുടെ ശിങ്കിടികളെയും കുത്തിനിറയ്ക്കുകയും അതുവഴി ഗവൺമെന്റ് ജീവനക്കാരെ ഭയപ്പെടുത്തുകയും പക്ഷപാതപരവും അവിഹിതവുമായ എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യാമെന്നതാണ് ഇതിന്റെ അപകടം.

തിരഞ്ഞെടുപ്പു തർക്കങ്ങളും അംഗങ്ങളുടെ യോഗ്യതയും

തിരഞ്ഞെടുപ്പു തർക്കങ്ങളും പാർലമെന്റ്-നിയമസഭാ അംഗങ്ങളുടെ യോഗ്യതയും സംബന്ധിച്ചുള്ള വിഷയങ്ങൾ കോടതിയുടെ അധികാരപരിധിയിൽ നിന്നൊഴിവാക്കുകയും ആ അധികാരങ്ങൾ പാർലമെന്റിനോ ഒരു പാർലമെന്ററി കമ്മിറ്റിക്കോ കൈമാറുകയും ചെയ്യണമെന്ന് സ്വരൺസിങ്ങ് കമ്മിറ്റി നിർദേശിക്കുന്നു. കഴിഞ്ഞ 25 വർഷത്തെ അനുഭവം കാണിക്കുന്നത് തിരഞ്ഞെടുപ്പു നിയമം ഉണ്ടാക്കിയവർ തന്നെ, പ്രധാനമന്ത്രിയടക്കം തിരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനായി അത് ലംഘിക്കുന്നുവെന്നാണ്.

ഏതൊക്കെ മാർഗത്തിലായാലും ശരി ജനവിധി അട്ടിമറിക്കുകയെന്നത് വൻ കുറ്റകൃത്യവും തിരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവകവും പണത്തിന്റെയും, ഉദ്യോഗസ്ഥ സ്വാധീനത്തിന്റെയും അഴിമതികളിൽ നിന്ന് വിമുക്തമാക്കേണ്ടത് ഭരണഘടനയുടെ ഉത്തരവാദിത്വമാണ്.

തിരഞ്ഞെടുപ്പു തർക്കങ്ങൾ സാധാരണ തർക്കങ്ങളല്ല, ഇതിൽ രാഷ്ട്രീയ പാർട്ടികളുടെ താൽപ്പര്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. ഈ തർക്കങ്ങൾ പാർലമെന്റിനോ പാർലമെന്ററി കമ്മിറ്റിക്കോ വിടുകയെന്നാൽ ഭരണ പാർട്ടിക്ക് മേധാവിത്വമുള്ള ഒരു സംഘത്തിന് അത് വിട്ടുകൊടുക്കലാണെന്നതിൽ സംശയമില്ല. ഭരണപാർട്ടികൾക്കെതിരായ കുറ്റാരോപണങ്ങൾ എത്ര ശക്തമായിരുന്നാലും അവരുടെയൊക്കെ തിരഞ്ഞെടുപ്പുകൾ ശരിവെക്കപ്പെടുകയും പ്രതിപക്ഷസ്ഥാനാർഥികൾക്കെതിരെ പക്ഷപാതപരമായ വിധികളുണ്ടാവുകയും ചെയ്യും.

വളരെ മുമ്പ് ബ്രിട്ടനിലെ പാർലമെന്റ് തിരഞ്ഞെടുപ്പു തർക്കങ്ങൾ ഈ രീതിയിൽ തീർപ്പാക്കിയിരുന്നെങ്കിലും പക്ഷപാതപരമായ സംഭവങ്ങളെക്കുറിച്ച് ആക്ഷേപമുണ്ടായപ്പോൾ അത് കോടതികളെ തന്നെ ഏൽപ്പിക്കുകയും ചെയ്തു.

കമ്മിറ്റിയുടെ ഈ നിർദേശം തിരഞ്ഞെടുപ്പുതർക്കം പരിഹരിക്കുവാൻ തർക്കത്തിലെ ഒരു കക്ഷിയെതന്നെ ചുമതലപ്പെടുത്തുന്നതിന് സമമാണ്. ഇത് തങ്ങൾക്ക് കീഴിൽ നിൽക്കാൻ തയ്യാറില്ലാത്ത ഒരു മധ്യസ്ഥന് കീഴ്പ്പെടാനുള്ള ഭരണകക്ഷിയുടെ ഭയത്തെയാണ് കാണിക്കുന്നത്.

കേന്ദ്ര-സംസ്ഥാനബന്ധങ്ങൾ

സ്വരൺസിങ്ങ് കമ്മിറ്റി താഴെപറയുന്ന നിർദേശങ്ങൾ കൂടി മുന്നോട്ടുവയ്ക്കുന്നു:

1. ഇപ്പോഴുള്ള സംസ്ഥാനപട്ടികയിൽനിന്ന് കൃഷിയെയും വിദ്യാഭ്യാസത്തെയും സമവർത്തിപട്ടികയിലേക്ക് മാറ്റണം. അതിനർഥം ഈ വിഷയങ്ങളിൽ കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും നിയമനിർമാണ സഭകൾക്ക് നിയമമുണ്ടാക്കാമെന്നും തർക്കമുണ്ടായാൽ കേന്ദ്രനിയമത്തിന് പ്രാബല്യം കിട്ടുമെന്നുമാണ്. ഈ പ്രധാന വിഷയങ്ങളിൽ അഖിലേന്ത്യാനയം വേണമെന്നാണ് ഇതിനു പറയുന്ന ന്യായം.

2. കേന്ദ്രഗവൺമെന്റിന് അതിന്റെ നിയന്ത്രണാധികാരത്തിൻ കീഴിൽ കേന്ദ്രപൊലീസിനെയോ തത്തുല്യമായ സേനകളെയോ ഏതു സംസ്ഥാനത്തും വിന്യസിക്കുവാൻ കഴിയണം. ക്രമസമാധാനത്തിന്റെ ഗൗരവപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനങ്ങളെ സഹായിക്കുവാനാണത്രെ ഇത്.

കഴിഞ്ഞ രണ്ട് ദശകങ്ങളായി സംസ്ഥാനങ്ങളുടെ സ്വയംഭരണം ഉറപ്പാക്കും വിധത്തിൽ കൂടുതൽ അധികാരങ്ങൾക്കുവേണ്ടിയുള്ള മുറവിളി ശക്തിപ്പെട്ടുകൊണ്ടിരിക്കെത്തന്നെ സംസ്ഥാനങ്ങളുടെ പരിമിതമായ അധി

കാരങ്ങൾപോലും എടുത്തുകളയാനുള്ള ശ്രമം സംസ്ഥാനങ്ങളുടെ ജനാധിപത്യപരമായ പ്രവർത്തനത്തെ തുരങ്കംവയ്ക്കും. ഭരണഘടനയുടെ സംസ്ഥാന ലിസ്റ്റിൽ അനുവദിക്കപ്പെട്ടിട്ടുള്ള പരിമിതാധികാരങ്ങൾക്കുകീഴിൽ സ്വന്തം കാര്യങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ജനങ്ങളുടെ അവകാശം വെട്ടിക്കുറയ്ക്കുന്നത് അപഹാസ്യമാണ്. ഇതിനായി, നേരിട്ട് കേന്ദ്രാധികാരം ഉപയോഗിക്കും. ചിലപ്പോൾ പരോക്ഷമായി കോൺഗ്രസിതര സംസ്ഥാനങ്ങൾക്ക് പണവും വിഭവങ്ങളും വെട്ടിക്കുറച്ചും, കോൺഗ്രസ് മുഖ്യമന്ത്രിമാരിൽ കേന്ദ്രീകരണവും സംഘടനാസംവിധാനവും ഉപയോഗിച്ചും എല്ലാത്തരത്തിലുള്ള സമ്മർദ്ദവും ചെലുത്തും. കഴിഞ്ഞ ദശകത്തിൽ കേന്ദ്ര റിസർവ്പൊലീസ്, അതിർത്തിരക്ഷാസേന, വ്യവസായ സംരക്ഷണസേന എന്നിവ വഴി സംസ്ഥാനങ്ങളുടെ ക്രമസമാധാനരംഗത്ത് കേന്ദ്രം വല വിരിക്കുകയാണ്. കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ കീഴിലുള്ള വകുപ്പുമാത്രമായി ഈ സംസ്ഥാനങ്ങളെ ചുരുക്കുന്ന പ്രവണതയാണിത്. അടിയന്തരാവസ്ഥ ഈ പ്രവണത ശക്തിപ്പെടുത്തുകയും കഴിഞ്ഞ പത്ത് മാസക്കാലത്തെടുത്ത നടപടികൾ കേന്ദ്രത്തിന് വഴങ്ങാത്ത സംസ്ഥാന മന്ത്രിസഭകളെ ഏതുവിധേനയും പുറത്താക്കുക എന്ന സ്ഥിതിയിലെത്തിക്കുകയും ചെയ്തിട്ടുണ്ട്.

തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഗവൺമെന്റുകളുടെ അനുമതിപോലുമില്ലാതെ അവർ എതിർത്താൽപോലും സംസ്ഥാനങ്ങളിൽ സായുധ പൊലീസിനെയും അർധസൈനിക വിഭാഗത്തെയും വിന്യസിക്കുവാനുള്ള അധികാരം വേണമെന്നാണിപ്പോൾ സ്വരൺസിങ്ങ് കമ്മിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്. കേന്ദ്രനയങ്ങൾക്ക് വഴങ്ങാതിരിക്കുകയും ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുവാൻ തയ്യാറാവുന്ന സംസ്ഥാന ഗവൺമെന്റുകളെ പിരിച്ചു വിടണമെന്നും അവർ ആഗ്രഹിക്കുന്നു. ഈ പ്രവൃത്തി സംസ്ഥാനത്തിന്റെ സ്വയംഭരണം ഇല്ലാതാക്കുകയും ഫെഡറൽ വ്യവസ്ഥ മാറ്റി ഇന്ത്യയെ ഒരു യൂണിറ്ററി സംവിധാനമാക്കുകയും ചെയ്യും.

ജനങ്ങളുടെയും അവരുടെ മൗലിക അവകാശങ്ങളുടെയും മേൽ ഭരണഘടനയുടെ നിയന്ത്രണങ്ങൾ എല്ലാം തകർത്തുകൊണ്ടുള്ള സർവതലസ്പർശിയായ ആക്രമണമാണ് ഈ നിർദേശങ്ങളിലുള്ളത്. ജനാധിപത്യസ്വഭാവത്തിന്മേലുള്ള ആക്രമണമാണത്. ഭരണഘടനയിൽ സംസ്ഥാനങ്ങൾക്ക് ലഭിച്ചിട്ടുള്ള സ്വയംഭരണാവകാശത്തിന്മേലുള്ള ആക്രമണവുമാണത്. നിയമനിർവഹണ വിഭാഗത്തിന് ജനങ്ങളെയും അവരുടെ അവകാശങ്ങളെയും ബലികൊടുക്കാനുള്ള നിർദേശമാണത്.

ഭരണപാർട്ടിനേതാക്കൾ പാർലമെന്ററിവ്യവസ്ഥയില്ലാതാക്കുവാനും പ്രസിഡൻഷ്യൽ ഏകാധിപത്യവാഴ്ചയ്ക്കുവേണ്ടിയും ഉള്ള ആശയപ്രചാരണത്തിലാണ്. ഈ നിർദേശത്തിനെതിരായി സകല വിഭാഗങ്ങളിൽനിന്നും എതിർപ്പുയരുകയും കയ്യോടെ പിടിക്കപ്പെടുകയും ചെയ്തതോടെ അവർ അതു നിഷേധിക്കുന്നു. എന്നിട്ടും അവർ ജനങ്ങളുടെ

അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കാനുള്ള ശ്രമം തുടരുന്നു. ഭരണ ഘടനയെ ഏകകക്ഷി ഭരണത്തിനുള്ള ഉപകരണമാക്കാൻ ശ്രമിക്കുന്നു. ബൂർഷ്വാ ഭൂപ്രഭുവർഗതാൽപ്പര്യങ്ങൾക്കായി അതിന്റെ ഭരണകുത്തക നിലനിർത്താനും ഭരണനിർവഹണ വിഭാഗത്തിന് അനിയന്ത്രിതാധികാരം നൽകുവാനും ശ്രമിക്കുന്നു.

സ്വരൺസിങ്ങ് കമ്മിറ്റി റിപ്പോർട്ട് ഈ ലക്ഷ്യത്തിലേക്കുള്ള ഒരു ഉപകരണമാണ്. അതിന്റെ ലക്ഷ്യം (1) ജനങ്ങളുടെ മൗലികാവകാശ ങ്ങളെ ആക്രമിക്കുക. (2) നീതിന്യായവ്യവസ്ഥയുടെ അടിസ്ഥാനപരമായ അധികാരങ്ങളെ ഇല്ലാതാക്കുക. (3) സംസ്ഥാനങ്ങളുടെ അധികാരം പ്രഹ സനമാക്കിത്തീർക്കുംവിധം സംസ്ഥാനാധികാരങ്ങൾ മറികടക്കുകയും സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശങ്ങളെയും ജനാധിപത്യത്തെയും കുറയ്ക്കുക. (4) നടപടികളിലും നീതിയിലും മാറ്റം വരുത്തി പാർല മെന്റിനു തന്നെ പ്രാധാന്യം കുറയ്ക്കുക. (5) ഇതെല്ലാം വഴി എല്ലാ അധി കാരങ്ങളും ഭരിക്കുന്ന കോൺഗ്രസ് പാർട്ടിക്കുകീഴിൽ കൊണ്ടുവരികയും അത് ഒരു കോക്കസിന് കൈകാര്യം ചെയ്യാവുന്ന അവസ്ഥയുണ്ടാക്കുക യുമാണ്.

ഇതിനുവേണ്ടിയാണ് പാർലമെന്റിന്റെ പരമാധികാരം എന്ന മുദ്രാ വാക്യം ഉയർത്തിയിട്ടുള്ളത്. ഇതിനെതിരായി ജനങ്ങളുടെ പരമാധികാരം എന്ന ഒന്നുണ്ടെന്നും അതാണ് രാജ്യത്തെ സർവോന്നത അധികാരമെന്നും തറപ്പിച്ചു പറയേണ്ടതുണ്ട്. ഭരണകൂടത്തിന്റെ ഒരു ഉപകരണത്തിനും അതിനെ മറികടക്കുവാനുള്ള അവകാശമില്ല.

പാർലമെന്റിന് പരമാധികാരം എന്ന മുദ്രാവാക്യത്തിനുപിന്നിൽ കോൺഗ്രസ് നേതാക്കൾ ജനങ്ങളുടെ മൗലികാവകാശങ്ങൾക്കുമേലുള്ള ഭരണനിർവഹണവിഭാഗത്തിന്റെ സർവാധികാരത്തെയാണ് കാണുന്നത്. ഭരണനിർവഹണവിഭാഗത്തിന് വിധേയമാവുന്ന ജനങ്ങളുടെ പരമാധികാ രമെന്ന ഈ കാഴ്ചപ്പാടിനെ കൈയോടെ തള്ളിക്കളയണം.

അടിച്ചമർത്തപ്പെട്ടവന് അനുകൂലമായി സാമൂഹ്യ-സാമ്പത്തിക നട പടികൾ കൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമാണിതെന്ന അവരുടെ അവകാശവാദം വസ്തുക്കൾക്ക് നിരക്കുന്നതല്ല. കഴിഞ്ഞ രണ്ടു ദശക ങ്ങളായിട്ടും കോടതികളുടെ അധികാരപരിധിക്ക് പുറമെ നിർത്താവുന്ന വിധം ഒമ്പതാം പട്ടികയിൽ പെടുത്തി ഭൂപരിഷ്കരണനിയമങ്ങൾ കൊണ്ടു വരാതിരുന്നതും ഗവൺമെന്റിന്റെ പിന്തുണയോടെ കുത്തകകളുടെ ഭീമാ കാരമായ വളർച്ചയും, കുത്തകകൾക്ക് ഇളവുകൾ നല്കുന്നതിൽ തുടർച്ച യായി വരുത്തുന്ന വർദ്ധനവും 'അച്ചടക്ക'വും കുറഞ്ഞ വിലയ്ക്കുള്ള അധ്വാനവും വാഗ്ദാനം ചെയ്തുകൊണ്ട് വിദേശ കുത്തകകളെ ക്ഷണി ക്കുന്നതും മറുഭാഗത്ത് തൊഴിലില്ലായ്മയും ബഹുജനങ്ങളുടെ ദാരിദ്ര വൽക്കരണവും ബോണസ്സും ക്ഷാമബത്തയും വേതനവും തടഞ്ഞുവെ ക്കൽ, ഇതൊക്കെ ഭരണപാർട്ടിയുടെ അവകാശവാദങ്ങൾ തെറ്റാണെന്ന്

തെളിയിക്കുന്നു.

സ്വരൺസിങ്ങ് കമ്മിറ്റി നിർദേശങ്ങൾ നടപ്പിലാക്കപ്പെട്ടാൽ ഭരണ ഘടനാദത്തമായി ജനങ്ങൾക്ക് കിട്ടിയിട്ടുള്ള ജനാധിപത്യാവശ്യങ്ങളെല്ലാം ഗുരുതരമായ അപകടത്തിൽപെടും. ചൂഷണത്തിനും അടിച്ചമർത്തലിനും എതിരെ ചെറുത്തുനിൽക്കുവാനും നല്ലൊരു ജീവിതത്തിനുവേണ്ടി പോരാടാനുമുള്ള അവകാശം നിഷേധിക്കപ്പെടും. തൊഴിലാളികൾ, കരകൗശലക്കാർ, തൊഴിൽരഹിതയുവാക്കൾ, പ്രൊഫഷണലുകൾ, അധ്യാപകർ, ചെറുകിടവ്യവസായികൾ പണ്ഡിതന്മാർ തുടങ്ങി ജനാധിപത്യം നിലനിന്നു കാണണമെന്നാഗ്രഹിക്കുന്നവരായിരിക്കണം ഏറ്റവും കൂടുതൽ സഹനത്തിന് വിധേയമാവുക. അതുകൊണ്ട് ഈ നിർദേശങ്ങൾ തള്ളിക്കളയണം.

ഈ അടിയന്തരാവസ്ഥകാലത്ത് ഭരണപാർട്ടി അതിന്റെ കൈവശമുള്ള കാലാവധി കഴിഞ്ഞ പാർലമെന്റിനെകൊണ്ട് ഭരണഘടനയ്ക്ക് നിന്ദ്യമായ ചില ഭേദഗതികൾ വരുത്തി എല്ലാ അടിസ്ഥാനസ്വാതന്ത്ര്യങ്ങളേയും ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളെയും ഫലത്തിൽ അപ്രസക്തമാക്കുകയാണ്. പാർലമെന്റിന്റെ പ്രവർത്തനത്തെതന്നെ ചട്ടങ്ങളിൽ കുടുക്കിയും അംഗങ്ങളുടെ പ്രസംഗങ്ങൾ പ്രസിദ്ധീകരിക്കുന്നത് തടഞ്ഞുകൊണ്ടുമൊക്കെ വെട്ടിക്കുറച്ചിരിക്കുന്നു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുടെ തെരഞ്ഞെടുപ്പു തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിന്ന് കോടതികളെ വിലക്കികൊണ്ട് അവർ ഒരു ഭരണഘടന ഭേദഗതിതന്നെ അംഗീകരിച്ചിരിക്കുന്നു. ഈ സ്ഥാനം വഹിക്കുന്നവരെ വിമർശിക്കുന്നത്, അതിക്ഷേപകരമായ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നത് തടയുന്നതിനുള്ള നിയമം മൂലം വിലക്കിയിരിക്കുന്നു. ജനാധിത്യം നിലനിൽക്കുന്ന മറ്റൊരു രാജ്യത്തെയും തൽസ്ഥാനീയർക്കില്ലാത്ത അതിഭാവുകത്വം ഇവർക്ക് നൽകപ്പെട്ടിരിക്കുന്നു. അത് ജനവിധിയില്ലാതെ പാർലമെന്റിന്റെ കാലാവധി നീട്ടിക്കൊടുത്തിരിക്കുന്നു. ഇതിൽനിന്നൊക്കെ ഈ നിർദേശങ്ങൾ അംഗീകരിച്ചാലുണ്ടാകുന്ന ആപത്ത് വെളിവാകുന്നുണ്ട്.

ഇപ്പോഴത്തെ ലോകസഭയിലെ അംഗങ്ങളെ ജനങ്ങൾ തിരഞ്ഞെടുത്തത് 1976 മാർച്ച് 18-ന് കാലാവധി അവസാനിക്കാവുന്ന വിധം അഞ്ചു വർഷക്കാലത്തേക്കാണ്. ഇപ്പോഴത്തെ ഗവൺമെന്റിനും പാർലമെന്റിനും ജനവിധിയില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പോൾ ചെയ്ത വോട്ടിന്റെ 43 ശതമാനം മാത്രമാണിപ്പോഴത്തെ ഭരണകക്ഷിക്ക് കിട്ടിയത്. കൂടാതെ ഭരണകക്ഷിയിലെ വിമതരും പ്രതിപക്ഷനേതാക്കളും വിചാരണയില്ലാതെ മിസ പ്രകാരം തടവിൽ കഴിയുകയാണ്. പാർലമെന്റിലെ എല്ലാ അംഗങ്ങളുടെയും മേൽ തടവുഭീഷണി നിലനിൽക്കുന്നുമുണ്ട്. ഇപ്പോഴത്തെ നിർദേശങ്ങൾ സംബന്ധിച്ച് പൊതു ചർച്ച അനുവദിക്കുന്നില്ല. അത്തരമൊരവസ്ഥയിൽ ഈ പാർലമെന്റിനെയും ഭരണകക്ഷിയെയും കൊണ്ട്

ഭരണഘടനയുടെ ഭാവിപ്രവർത്തനത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഭേദഗതികൾ അംഗീകരിക്കുവാൻ അനുവദിക്കുന്നത് ജനാധിപത്യത്തിന്റെ നിഷേധമാണ്. കാലാവധി കഴിഞ്ഞിട്ടും തിരഞ്ഞെടുപ്പ് നടക്കാതെ മുന്നോട്ടുവച്ച ഒരു ഭരണഘടനാഭേദഗതിയും അംഗീകരിക്കുവാൻ കഴിയില്ല.

ഈ അപകടകരങ്ങളായ നിർദേശങ്ങൾ തടയുകമാത്രമല്ല, കഴിഞ്ഞ 26 വർഷകാലത്തിനിടയിൽ ഭരണഘടനയുടെ പ്രവർത്തനത്തിൽ കണ്ട അടിസ്ഥാനപരമായ പോരായ്മകളും കണക്കിലെടുക്കണം. ആ വീഴ്ചകൾകൊണ്ടാണ് ഭരണകക്ഷി ഇത്തരമൊരു സ്ഥിതിവിശേഷത്തിൽ എത്തിപ്പെട്ടത്.

കഴിഞ്ഞകാല അനുഭവങ്ങൾ വ്യക്തമാക്കുന്നത് ഇതെല്ലാമാണ്. (1) ജനങ്ങൾക്കിടയിലുള്ള പിന്തുണയുടെ അടിസ്ഥാനത്തിലുള്ള പ്രാതിനിധ്യമല്ല ഭരണകക്ഷിക്കുള്ളത്. അവർ ഭരിക്കുന്നത് ന്യൂനപക്ഷവോട്ടുകളുടെ അടിസ്ഥാനത്തിലാണ്. (2) മറ്റു പാർട്ടികൾക്ക് അവരുടെ പിന്തുണയ്ക്കനുസരിച്ച് പ്രാതിനിധ്യം ലഭിക്കുന്നില്ല. (3) ജനങ്ങൾക്കും സമ്മതിദായകർക്കും അവർ തിരഞ്ഞെടുത്തയച്ചവരുടെ മേൽ തിരഞ്ഞെടുപ്പിനുശേഷം യാതൊരു നിയന്ത്രണാധികാരവുമില്ല. (4) ഭരണകക്ഷിയംഗങ്ങൾ ജനങ്ങളോടുള്ള വാഗ്ദാനങ്ങൾ ലംഘിക്കുകയും ഒളിച്ചോടുകയും ഭരണഘടനയെ സംരക്ഷിക്കാതെ ജനങ്ങളെ ആക്രമിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ പരമാധികാരമെന്നത് വെറും പ്രഹസനം മാത്രമായി മാറുന്നു. ജനങ്ങളുടെ ഉപകരണമായ പാർലമെന്റ് അവരുടെ യജമാനനാവുകയും അതുപയോഗപ്പെടുത്തി ജനങ്ങളെ അടിച്ചമർത്തുകയും ചെയ്യുന്നു.

ഇതുകൂടാതെ വിദൂരപ്രത്യാഘാതങ്ങളുണ്ടാക്കുംവിധം ദുരുപയോഗപ്പെടുത്താവുന്ന ചില പോരായ്മകൾ ഭരണഘടനയ്ക്കുണ്ട്. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുവാനും അടിയന്തരാവസ്ഥയിലുള്ള പ്രത്യേകാധികാരങ്ങൾ ഉപയോഗപ്പെടുത്തുവാനും ഉള്ള വകുപ്പുകൾ സ്വന്തം ഭൂരിപക്ഷം നഷ്ടപ്പെടുന്ന നികൃഷ്ടമായ ഒരു ഗവൺമെന്റിന് എടുത്തുപയോഗിക്കാനാവും; ആ ഭീഷണി അവസാനിക്കുന്നതുവരെ ഭരണം തുടരാനാവും; അടിയന്തരാവസ്ഥകാലത്ത് തെരഞ്ഞെടുപ്പുകൾ വേണ്ടെന്നുവയ്ക്കാനാവും. അതിന്റെ നയങ്ങളും പരിപാടികളും അംഗീകരിക്കാത്ത പാർലമെന്റംഗങ്ങളെ ജയിലിലിടാനാവും; ജനങ്ങൾക്കും വിദേശരാജ്യങ്ങൾക്കും മുമ്പിൽ അവശേഷിക്കുന്ന ഏറാൻമൂളി അംഗങ്ങളുടെ തീരുമാനങ്ങളെ ജനാധിപത്യപരമെന്ന് വ്യാഖ്യാനിക്കാൻ കഴിയും. ഈ തീരുമാനങ്ങൾക്ക് ഭരണഘടനയുടെ അടിത്തറതന്നെ തകർക്കുവാനും ജനങ്ങളുടെ മൗലികാവകാശങ്ങൾ ഹനിക്കുവാനും പാർലമെന്റിനെ ഏകാധിപത്യ വാഴ്ചയുടെ ഉപകരണമാക്കുവാനും കഴിയും. ദശകങ്ങൾ നീണ്ട പോരാട്ടത്തിലൂടെ ജനങ്ങൾ നേടിയെടുത്തതും ഭരണഘടനയിൽ ഉദ്ഘോഷിച്ചിട്ടുള്ളതുമായ ജനാധിപത്യ അവകാശങ്ങളെ അങ്ങനെ ഇല്ലാതാക്കാ

നാവും. ഈ പോരായ്മകൾ തിരുത്തപ്പെടണം. ഭരണഘടനയുടെ മൂല്യങ്ങൾ തകർക്കുന്ന നടപടികൾ എല്ലാ തരത്തിലും തടയപ്പെടണം. ജനകീയാവകാശങ്ങൾ സംരക്ഷിക്കപ്പെടണം.

ഈ ലക്ഷ്യത്തിനായി കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) താഴെപറയുന്ന മുഖ്യഭേദഗതികൾ നിർദേശിക്കുന്നു. അവ ദിശാസൂചകം മാത്രമാണ്. സമ്പൂർണ്ണമല്ല.

1. തിരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതിപൂർവകവുമാക്കുന്നതിനു വേണ്ടി പണശക്തിയും ഭരണസമ്മർദ്ദവും തടയുന്നതിന് വ്യവസ്ഥയുണ്ടാക്കണം. സർവകക്ഷി മേൽനോട്ടത്തിൽ തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കണം.

2. പാർലമെന്റിലേക്കും നിയമസഭകളിലേക്കും 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടവകാശം നൽകുകയും ആനുപാതിക പ്രാതിനിധ്യ സമ്പ്രദായം ഏർപ്പെടുത്തുകയും വേണം.

3. തിരഞ്ഞെടുത്ത പ്രതിനിധികളെ തിരിച്ചുവിളിക്കാൻ ആവശ്യമായ വ്യവസ്ഥയുണ്ടാക്കണം.

4. സ്വത്ത് സമ്പാദിക്കുവാനും കൈവശം വയ്ക്കുവാനും വിറ്റഴിക്കുവാനുമുള്ള ഖണ്ഡിക 19 (ഏഴ്)ലെ അവകാശം ചെറുകിടസ്വത്തുടമസ്ഥർക്കും ചെറുകിടസമ്പാദ്യക്കാർക്കും മാത്രമായി പരിമിതപ്പെടുത്തുകയും വൻ ഭൂപ്രഭുക്കൾക്കും, വൻകിട മുതലാളികൾക്കും ഈ മൗലികാവകാശം ലഭ്യമല്ലാതാക്കുകയും ചെയ്യണം. അത്തരം ഭൂമി നഷ്ടപരിഹാരം കൂടാതെ പിടിച്ചെടുക്കാനുള്ള വ്യവസ്ഥയുണ്ടാക്കണം.

5. കേശവാനന്ദ ഭാരതി കേസിലെ സുപ്രീം കോടതി വിധിയിൽ പറയുന്ന ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങൾ മാറ്റുന്ന വിധത്തിലുള്ള നിയമങ്ങൾ അസാധുവാണെന്ന ഭാഗം അവ്യക്തവും മറ്റൊരു വിധിയാൽ മാറ്റപ്പെടാവുന്നതുമാണ്.

ആയതിനാൽ 1971-ൽ കൊണ്ടുവന്ന ഭേദഗതി മാറ്റണം. അതിൽ പാർലമെന്റിന് ഖണ്ഡിക 13 നെ (മൗലികാവകാശങ്ങളെ സംബന്ധിച്ചത്) പരിഗണിക്കാതെതന്നെ ഭരണഘടനയെ മാറ്റാനും കൂട്ടിച്ചേർക്കാനും ഭേദഗതി ചെയ്യുവാനും അധികാരമുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്.

6 ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങളായ പാർലമെന്ററി റിപ്പബ്ലിക്, ഫെഡറൽ ഘടന, പ്രായപൂർത്തി വോട്ടവകാശം, നിയമനിർമാണസഭയോട് ഉത്തരവാദപ്പെട്ട ഭരണനിർവഹണവിഭാഗം, മന്ത്രിസഭയ്ക്ക് പാർലമെന്റിനോട് ഉത്തരവാദിത്വം, മൗലികാവകാശങ്ങൾ നിയന്ത്രിക്കുവാനോ വെട്ടിക്കളയനോ റദ്ദാക്കാനോ ഉള്ള നിയമഭേദഗതികൾ പാടില്ല എന്നിവ മാറ്റാൻ പാടില്ലെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്യണം.

7. പാർലമെന്റും നീതിന്യായവിഭാഗവും തമ്മിൽ ഒരു വിഷയത്തിന്റെ ഭരണഘടനാസാധുതയെ സംബന്ധിച്ച് ഒരു തർക്കം വന്നാൽ അത് പരിഹരിക്കുന്നതിനുവേണ്ടി റഫറണ്ടം നടത്തുകയും അതിന്റെ

ഫലം വരുന്നതുവരെ കോടതിവിധി പ്രാബല്യത്തിലിരിക്കുകയും വേണം.

ഇരുസഭയിലേയും അംഗങ്ങളിൽ ഏതെങ്കിലുമൊന്നിന്റെ 20 ശതമാനമോ മൂന്ന് നിയമസഭകളോ ഒരു വിഷയത്തിൽ ഭരണഘടനാഭേദഗതിയടക്കം റഫറണ്ടം ആവശ്യപ്പെട്ടാൽ അത് നടത്തുവാൻ വ്യവസ്ഥയുണ്ടാക്കണം.

8. വിചാരണ കൂടാതെ കരുതൽ തടങ്കൽ അനുവദിക്കുന്ന നിയമങ്ങൾ നീക്കം ചെയ്യുകയും അത്തരം നിയമം നിർമിക്കാൻ അധികാരം നൽകുന്ന ഖണ്ഡിക 22 ഭേദഗതി ചെയ്യുകയും വേണം.

9. മിസ പോലുള്ള നിയമങ്ങളോ, മൗലികാവകാശങ്ങളെ ഹനിക്കുന്ന നിയമങ്ങളോ സാമൂഹ്യസാമ്പത്തികരംഗത്ത് യാതൊരു പങ്കും നിർവഹിക്കാത്ത തിരഞ്ഞെടുപ്പു നിയമങ്ങളോ ഒമ്പതാം പട്ടികയുടെ സംരക്ഷണത്തിൽ കൊണ്ടുവരാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യണം. വൻകിട സ്വത്തുടമസ്ഥരുടെയും ഭൂപ്രഭുക്കളുടെയും സ്വത്തവകാശം നിയന്ത്രിക്കുകയോ വെട്ടിക്കുറയ്ക്കുകയോ അസാധുവാക്കുകയോ ചെയ്യുന്ന നിയമങ്ങൾ മാത്രമേ ഒമ്പതാം പട്ടികയിൽ കൊണ്ടുവരാൻ പാടുള്ളൂ.

10. ഖണ്ഡിക 10 (സി)യുടെ കീഴിൽ മൗലികാവകാശങ്ങളെല്ലാം ഹനിക്കുവാൻ കഴിയുമെന്നതിനാൽ അത് ഒഴിവാക്കണം. മുകളിൽ നിർദേശിച്ച പ്രകാരം സ്വത്തവകാശം എടുത്തുകളഞ്ഞാൽ ഈ ഖണ്ഡികയുടെ ആവശ്യം തന്നെ ഉണ്ടാവുകയില്ല.

11. ഭാഗം മൂന്നിലെ മൗലികാവകാശങ്ങളുടെ പട്ടികയിൽ താഴെപ്പറയുന്നവ കൂട്ടിച്ചേർക്കണം.

എല്ലാ പൗരന്മാർക്കും താഴെപറയുന്ന അവകാശങ്ങളുണ്ട്.

(എ) 16 വയസ്സ് പൂർത്തിയായാൽ തൊഴിൽ കിട്ടുന്നതിനും ജീവിക്കാനാവശ്യമായ വേതനം കിട്ടാനും,

(ബി) സെക്കന്ററിതലം വരെ സൗജന്യവിദ്യാഭ്യാസത്തിനും,

(സി) തൊഴിലില്ലായ്മ, വാർധക്യം, രോഗം, വൈകല്യം എന്നിവയ്ക്കു ഗവൺമെന്റ് സഹായം കിട്ടുന്നതിന്,

(ഡി) സൗജന്യമായ ചികിത്സ കിട്ടുന്നതിന്,

(ഇ) സ്ത്രീക്കും പുരുഷനും തുല്യമായ ജോലിക്ക് തുല്യവേതനം കിട്ടുന്നതിന്,

(എഫ്) ചെറിയ ആയുധങ്ങൾ കൈവശം വയ്ക്കുന്നതിന്,

12. അടിയന്തരാവസ്ഥ വ്യവസ്ഥകളിൽ പ്രസിഡണ്ടിന് വിവേചനാധികാരം നൽകിയിട്ടുള്ളത് 352 മുതൽ 360 വരെയുള്ള ഖണ്ഡികകളിൽ ആണ്. തത്ത്വദീക്ഷയില്ലാത്ത ഒരു ഭരണനിർവ്വഹണവിഭാഗത്തിന് തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഗവൺമെന്റുകളെ അട്ടിമറിക്കുന്നതിനും മറ്റു ദ്രോഹങ്ങൾ കാണിക്കുന്നതിനും എല്ലാം ദുരുപയോഗപ്പെടുത്തുന്നത് ഈ ഖണ്ഡികകളെയാണ്. ഈ വ്യവസ്ഥ ഫലപ്രദമായ രീതിയിൽ ഭേദഗതി ചെയ്യണം.

അടിയന്തരാവസ്ഥാപ്രഖ്യാപനം രാജ്യം യുദ്ധത്തിലേർപ്പെട്ടിരിക്കുമ്പോഴോ പുറത്തുനിന്നുള്ള ആക്രമണഭീഷിണി നിലനിൽക്കുമ്പോഴോ മാത്രമേ പാടുള്ളൂ. ഈ പ്രഖ്യാപനം ആയുധമെടുത്ത് യുദ്ധവൃത്തികൾ അവസാനിക്കുമ്പോഴോ പ്രഖ്യാപനം നടന്ന് ഒരു മാസത്തിനകം യുദ്ധമുണ്ടാവില്ലെങ്കിലോ സ്വയം റദ്ദായിപ്പോകണം.

ഖണ്ഡിക 19-ൽ പറയുന്ന മൗലികാവകാശങ്ങൾ സ്വയം സസ്പെന്റ് ചെയ്യപ്പെടുന്നതും മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കോടതിയിൽ പോകുന്നത് തടയുന്നതുമായ വകുപ്പുകൾ ഒഴിവാക്കണം.

സംസ്ഥാന ഗവൺമെന്റിനെയോ നിയമസഭയെയോ രണ്ടുമോ പിരിച്ചുവിടാൻ പ്രസിഡണ്ടിന് അധികാരം നൽകുന്ന 356, 357 ഖണ്ഡികകൾ ഒഴിവാക്കണം. ഒരു സംസ്ഥാനത്ത് ഭരണത്തകർച്ചയുണ്ടായാൽ അവിടെ തിരഞ്ഞെടുപ്പു നടത്തുവാനും പുതിയ ഗവൺമെന്റിനെ വയ്ക്കുവാനുമുള്ള ജനാധിപത്യപ്രക്രിയ കേന്ദ്രത്തിലേതുപോലെ സംസ്ഥാനങ്ങളിലുമുണ്ടാകണം. സാമ്പത്തിക അസ്ഥിരതയുടെ പേരിൽ ഏതെങ്കിലും സംസ്ഥാന ഭരണത്തിൽ പ്രസിഡണ്ടിനോ കേന്ദ്രത്തിനോ ഇടപെടാൻ അവസരം നൽകുന്ന ഖണ്ഡിക 360 ഒഴിവാക്കണം.

13. രാഷ്ട്രപതിക്കും ഗവർണർമാർക്കുമുള്ള ഓർഡിനൻസിറക്കുവാനുള്ള അധികാരം പരിമിതപ്പെടുത്തണം.

14. പ്രസിഡണ്ടിന്റെ അനുമതിക്കായി നിയമസഭ പാസ്സാക്കി നൽകുന്ന നിയമങ്ങൾ തിരസ്കരിക്കുവാൻ ഗവർണർക്ക് അധികാരം നൽകുന്ന ഖണ്ഡിക 200-ഉം, 201-ഉം ഒഴിവാക്കണം. സംസ്ഥാന കാര്യങ്ങളിലെ പരമാധികാരി സംസ്ഥാന നിയമസഭയായിരിക്കണം. ഈ പരിധിയിൽ ഇടപെടാൻ കേന്ദ്രത്തെ അനുവദിക്കരുത്.

15. ഗവർണരെ നോമിനേറ്റു ചെയ്യാനും കേന്ദ്രത്തിന്റെ പിണിയാളുകളായി അവരെ പ്രവർത്തിപ്പിക്കുവാനും ഉതകുന്നവിധം പ്രസിഡണ്ടിന് അധികാരം നൽകുന്ന ഖണ്ഡിക 155 ഒഴിവാക്കണം. ഈ വ്യവസ്ഥ പക്ഷപാതപരവും ജനാധിപത്യവിരുദ്ധവുമായാണ് ഉപയോഗപ്പെടുത്തുക.

ഇതിന് ബദലായി ഗവർണർമാരെ തിരഞ്ഞെടുക്കാനുള്ള അവകാശം സംസ്ഥാന നിയമസഭകൾക്ക് നൽകണം.

16. ദേശീയതാൽപ്പര്യത്തിന്റെ പേരിൽ സംസ്ഥാന ലിസ്റ്റിലുള്ള ഒരു കാര്യത്തിന്മേൽ നിയമനിർമാണം നടത്തുവാൻ പാർലമെന്റിന് അധികാരം നൽകുന്ന ഖണ്ഡിക 249 ഒഴിവാക്കണം.

17. സംസ്ഥാന-കേന്ദ്ര-സമവർത്തി പട്ടികകൾ സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരവും സമ്പത്തും നൽകാവുന്ന വിധം സമഗ്രമായി മാറ്റിയെഴുതുകയും അതുവഴി സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശം ഉറപ്പുവരുത്തുകയും വേണം.

18. ധനകാര്യകമ്മീഷൻ സംബന്ധിച്ച ഖണ്ഡിക കേന്ദ്രം പിരിക്കുന്ന മൊത്തം നികുതിയുടെ 75 ശതമാനം വിവിധ സംസ്ഥാനങ്ങൾക്ക് കിട്ടാ

വുന്നവിധം പുതുക്കിയെഴുതണം. സംസ്ഥാനങ്ങളുടെ ഭിക്ഷാംദേഹി സ്ഥിതിക്ക് മാറ്റം വരുത്തുവാൻ ഇത് സഹായിക്കും.

19. ഫെഡറൽ യൂണിറ്റുകളുടെ തുല്യത നിലനിർത്തുന്നതിനും സംസ്ഥാനങ്ങളുടെ സ്വയംഭരണാധികാരത്തിന്റെ തുടർന്നുള്ള ചോർച്ച അവസാനിപ്പിക്കുന്നതിനും രാജ്യസഭാംഗങ്ങളെ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കണം. 30 ലക്ഷത്തിലേറെ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾക്കെല്ലാം രാജ്യസഭയിൽ തുല്യപങ്കാളിത്തം നൽകണം. രണ്ടു സഭകൾക്കും തുല്യമായ അധികാരമുണ്ടായിരിക്കണം.

20. എല്ലാ ദേശീയ ഭാഷകൾക്കും ഭരണഘടനയിൽ തുല്യപരിഗണന നൽകണം.

21. ഖണ്ഡിക 311 (2)ന്റെ (ബി) (സി) വകുപ്പുകൾ ഒരു ഓഫീസർക്കോ രാഷ്ട്രപതിക്കോ ഗവർണർക്കോ ഒരു ഗവൺമെന്റ് ജീവനക്കാരനെതിരായ നടപടിക്കുമുമ്പ് അന്വേഷണം നടത്തേണ്ടതില്ലെന്ന് തീരുമാനിക്കുവാനുമുള്ള അധികാരം നൽകിയിരിക്കുന്നു. ഇത് ഭരണഘടനയുടെ 311 (2)ൽ നൽകുന്ന സംരക്ഷണത്തെ ഇല്ലാതാക്കുന്നതിനാൽ ഈ വകുപ്പ് ഒഴിവാക്കണം.

22. പ്രധാനമന്ത്രി, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്പീക്കർ എന്നിവർക്ക് പ്രത്യേക പരിരക്ഷ നൽകുന്ന ഭേദഗതിയും ആക്ഷേപകരമായ പ്രസിദ്ധീകരണ നിരോധനനിയമപ്രകാരം ന്യായമായി വിമർശനം നടത്തുവാനുള്ള അവകാശം നിഷേധിക്കുന്ന നിയമവും ഭേദഗതി ചെയ്യണം.

23. പാർലമെന്റിലെ പ്രസംഗങ്ങൾ പ്രസിദ്ധീകരിക്കാനുള്ള അധികാരം പുനഃസ്ഥാപിക്കണം.

24. ഭരണഘടനയിൽ പാർലമെന്റംഗങ്ങളെയും നിയമസഭാംഗങ്ങളെയും അറസ്റ്റു ചെയ്യുന്നത് വിലക്കുന്നതിന് വ്യവസ്ഥ ഉണ്ടാക്കണം.

25. ഐ എ എസ്, ഐ പി എസ് പോലുള്ള അഖിലേന്ത്യാ സർവീസിലുള്ളവർ സംസ്ഥാനങ്ങളിൽ ജോലിചെയ്യുകയും എന്നാൽ കേന്ദ്രത്തിന്റെ മേൽനോട്ടത്തിലും അച്ചടക്കനടപടിയധികാരത്തിനും കീഴിൽ നിലനിൽക്കുന്ന സ്ഥിതി ഒഴിവാക്കണം. കേന്ദ്രസർവീസുകളും സംസ്ഥാനസർവീസുകളും വെവ്വേറെയാക്കുകയും അതിലേക്കുള്ള നിയമങ്ങൾ കേന്ദ്രഗവൺമെന്റുകളും സംസ്ഥാനഗവൺമെന്റുകളും നടത്തുക എന്ന സ്ഥിതി ഉണ്ടാവണം. കേന്ദ്രസർവീസിലുള്ളവരുടെ മേൽ അച്ചടക്ക നിയന്ത്രണം കേന്ദ്രസർക്കാരും സംസ്ഥാനസർവീസിലുള്ളവരുടെ അച്ചടക്ക നിയന്ത്രണം ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനുമായിരിക്കണം. സംസ്ഥാനസർവീസിലുള്ളവരുടെമേൽ യാതൊരു നിയന്ത്രണാധികാരവും കേന്ദ്രഗവൺമെന്റിനുണ്ടാവരുത്.

26. ലേബർ അപ്പ്ലേറ്റ് ട്രൈബ്യൂണലിന് വ്യവസ്ഥയുണ്ടാവരുത്.

ഈ ഭേദഗതികൾകൊണ്ടുമാത്രം ചൂഷണം അവസാനിക്കുകയോ

ജനങ്ങൾക്കുമേലുള്ള അടിച്ചമർത്തൽ അവസാനിക്കുകയോ സാമൂഹ്യ-സാമ്പത്തിക മാറ്റങ്ങൾ വരികയോ ചെയ്യില്ല എന്നകാര്യം ഊന്നിപ്പറയേണ്ടതുണ്ട്. ഇത് ഉണ്ടാവണമെങ്കിൽ ചൂഷിതരും അടിച്ചമർത്തപ്പെട്ടവരും യോജിച്ചതും ത്യാഗപൂർണവുമായ പ്രവർത്തനങ്ങൾ സാമൂഹ്യ-സാമ്പത്തികമാറ്റങ്ങൾക്കായി നടത്തണം. എന്നാൽ അത്തരത്തിലുള്ള ഭരണഘടനാവകാശങ്ങൾ ജനങ്ങൾക്ക് സഹായകവും സാമൂഹ്യപുരോഗതിക്കുള്ള അവരുടെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതുമായിരിക്കും.

ഇന്ത്യൻ നീതിന്യായവ്യവസ്ഥയുടെ ഉയർച്ചയും വീഴ്ചയും

പി ഗോവിന്ദപിള്ള

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ചരിത്രത്തിൽ 1970കൾ എന്ന പതിറ്റാണ്ട് വളരെ നിർണായകമായ ഒന്നായിരുന്നു. 1947-ൽ സ്വാതന്ത്ര്യ പ്രാപ്തിക്ക് ശേഷം അവിടേയും ഇവിടേയും ചില്ലറ ഇടർച്ചകളോടെയാണെങ്കിലും ഈ മഹാരാജ്യത്തെയാകെ അഭംഗുരമായി അടക്കിവാണ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നെടുകെ പിളർന്നത് ഈ പതിറ്റാണ്ടിന്റെ തുടക്കത്തിലായിരുന്നു. ഈ പിളർപ്പിൽ യാഥാസ്ഥിതിക വൃദ്ധ നേതൃത്വത്തെ പിന്തള്ളി ഇന്ദിരാഗാന്ധി കോൺഗ്രസിന്റെയും അതുവഴി ഈ മഹാരാജ്യത്തിന്റെയാകെയും നേതൃത്വം പിടിച്ചടക്കിയത് സമീപ കാല ഭാരതചരിത്രത്തിലെ അത്ഭുതകരമായ ഒരഭ്യാസമായിരുന്നു.

തുടർന്ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ബംഗ്ലാദേശ് സ്വാതന്ത്ര്യ സമരത്തിൽ ഇന്ത്യ വിജയകരമായി ഇടപെട്ടതും, പാകിസ്ഥാനെ രണ്ടായി വിഭജിക്കുന്നതിലേക്ക് എത്തിച്ചതും സിക്കിം എന്ന് ചെറുതെങ്കിലും സ്വതന്ത്രമായിരുന്ന ഹിമാലയരാഷ്ട്രത്തെ ഒരു പേനത്തുമ്പ് മാത്രമുപയോഗിച്ച് ഇന്ത്യയിൽ ലയിപ്പിച്ചതും എല്ലാം ഇപ്പോൾ തിരിഞ്ഞു നോക്കുമ്പോൾ അത്ഭുതകരമായിതന്നെ അവശേഷിക്കുന്നു. 1964-ൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു നിര്യാതനായതിനെ തുടർന്ന് ഒരു ഇടവേളയ്ക്കു ശേഷം ഇന്ദിരാഗാന്ധി പ്രധാനമന്ത്രി പദം ഏൽക്കുമ്പോൾ-അവരെ അതിന് സഹായിച്ച കോൺഗ്രസ് പ്രസിഡന്റ് കാമരാജ് നാടാർ ഉൾപ്പെടെ പല പ്രഗത്ഭരായ നേതാക്കളെയും ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേക്ക് തൂത്തെറിയാൻ ഇന്ദിരാഗാന്ധിക്കു സാധിച്ചു. അങ്ങനെയവർ തൂത്തെറിഞ്ഞവരിൽ ബംഗാളിലെ അതുല്യ

ഘോഷ് ഉത്തർപ്രദേശിലെ സി ബി ഗുപ്ത, ആന്ധ്രാപ്രദേശിലെ സഞ്ജീവ് റെഡ്ഡി, ഗുജറാത്തിലെ മൊറാർജി ദേസായി, മഹാരാഷ്ട്രയിലെ എസ് കെ പാട്ടീൽ കർണ്ണാടകത്തിലെ നിജലിംഗപ്പ കേരളത്തിലെ കെ സി എബ്രഹാം തുടങ്ങിയ മഹാരഥന്മാർ ഉൾപ്പെടും. ഈ മേജർ രാഷ്ട്രീയ ശസ്ത്രക്രിയയ്ക്ക് ജനകീയമായ ഒരടിത്തറ നൽകാനും വലതുപക്ഷ പരാക്രമിയെ തൂത്തെറിഞ്ഞതിനു പകരം ശക്തിസംഭരിക്കുവാനും ഇന്ദിരാഗാന്ധി കൈക്കൊണ്ട മാർഗം ഇടതുപക്ഷക്കാർക്ക് സ്വീകാര്യമായ ബാങ്ക്ദേശസാൽക്കരണം, ചെല്ലപ്പണം റദ്ദാക്കൽ തുടങ്ങിയ നടപടികളോടെയായിരുന്നു. അതോടൊപ്പം ഇടതുപക്ഷത്തെ ഏറ്റവും കരുത്തുള്ള കക്ഷിയായിരുന്ന സി പി ഐ (എം) നെ ഒറ്റപ്പെടുത്താൻ സി പി ഐ, സോഷ്യലിസ്റ്റ് പാർട്ടി തുടങ്ങിയ ചെറിയ ഇടതുപക്ഷക്കാരെ പാട്ടിലാക്കുകയും സി പി ഐയിലെ മോഹൻകുമരമംഗലത്തെയും സോഷ്യലിസ്റ്റ് പാർട്ടിയിലെ അശോക് മേത്തയെയും പോലെ പലരേയും ഒറ്റയ്ക്ക് ഒറ്റയ്ക്ക് പ്രലോഭിപ്പിച്ച് വശത്താക്കുകയും ചെയ്തു.

ജവഹർലാൽ നെഹ്റുവിന്റെ നിര്യാണശേഷം നടന്ന ഒന്നാമത്തെ (റിപ്പബ്ലിക്കൻ ഭരണഘടനയ്ക്ക് ശേഷം നാലാമത്തെ) പൊതു തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം സംസ്ഥാനങ്ങളും പാർലമെന്റിൽ ഭൂരിപക്ഷത്തിനടുത്ത് സ്ഥാനങ്ങളും നഷ്ടപ്പെട്ട കോൺഗ്രസിന് 1972-ലെ അഞ്ചാം പൊതുതിരഞ്ഞെടുപ്പിൽ നെഹ്റുവിന്റെ കാലത്തുപോലും ലഭിക്കാതിരുന്ന ഭൂരിപക്ഷത്തോടെ തകർപ്പൻ വിജയം നേടിക്കൊടുക്കാൻ ഇന്ദിരാഗാന്ധിക്ക് സാധിച്ചത് നിരീക്ഷകരെ ഒരു രാഷ്ട്രീയ ഇന്ദ്രജാലംപോലെ വിഭ്രമിപ്പിച്ചു. എന്നാൽ ഈ ഇന്ദ്രജാലം തുടരാൻ ഇന്ദിരാഗാന്ധിക്ക് സാധിച്ചില്ല. വൻവിജയം തലയ്ക്ക് മത്തുപിടിപ്പിച്ചതുകൊണ്ടോ സ്വേച്ഛാധിപത്യപ്രവണതയും അധികാരഗർവ്വും സ്വതഃസിദ്ധ സ്വഭാവം ആയതിനാലോ അഥവാ രണ്ടും ചേർന്നോ ജനങ്ങൾ നൽകിയ ഉത്തുംഗപദത്തിൽനിന്നുള്ള വീഴ്ചയും താമസിയാതെ ആരംഭിച്ചു. തന്റെ ചുറ്റുമുള്ളവരെ അവിശ്വസിക്കാൻ തുടങ്ങി. ഉത്തരവാദിത്വങ്ങളേൽപ്പിക്കുന്നതിലും ആനുകൂല്യങ്ങൾ നൽകുന്നതിലും സ്വജനപക്ഷപാതം പ്രകടമായി. ചിരപരീക്ഷിതരും പരിണതപ്രജ്ഞരും ആയ സഹപ്രവർത്തകരെ പിന്തള്ളി ചൊൽപ്പടിക്ക് നിൽക്കുന്നവരെ ഉന്നത സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കാനും കോൺഗ്രസ് സംഘടനയിലെ ജനാധിപത്യ മുറകൾ ഓരോന്നോരോന്നായി തിരസ്കരിച്ച് അതിനെ ഒരു കൈപ്പാവയാക്കാനും അവർ പഠിച്ചു. അധികാരപ്രമത്തതയും രാഷ്ട്രീയ അപക്വതയും മാത്രം കൈമുതലായിരുന്ന ഇളയമകൻ സഞ്ജയ് ഗാന്ധിയായി അവരുടെ ഏകാശ്രയം.

കേരളത്തിൽ സി പി ഐയെയും മറ്റ് ഇടത് വലത് വർഗീയകക്ഷികളെയും കൂട്ടിക്കെട്ടി മാർക്സിസ്റ്റ് വിരുദ്ധ മുന്നണിയുണ്ടാക്കി സി അച്യുതമേനോനെ മുഖ്യമന്ത്രിയായി മുന്നിൽ നിർത്തി ഭരിക്കാൻ കഴിഞ്ഞെങ്കിലും പടിഞ്ഞാറൻ ബംഗാളിൽ അത്തരം അടവുകൾ വിലപ്പോയില്ല.

അവിടെ തിരഞ്ഞെടുപ്പിൽ കൃത്രിമം കാട്ടി പൊലീസിനെയും ഗുണ്ടാപ്പട യെയും ഉപയോഗപ്പെടുത്തി സിദ്ധാർഥശങ്കർ റേയെ മുഖ്യമന്ത്രിസ്ഥാ നത്ത് പ്രതിഷ്ഠിച്ച് അതിഭീകരമായ അർധ ഫാസിസ്റ്റ് തേർവാഴ്ച ആരം ഭിച്ചു. പതിനായിരക്കണക്കിന് ബംഗാളികൾ ഭീകരവാഴ്ചയിൽനിന്ന് രക്ഷ നേടി നാടുവിട്ടു. നൂറുകണക്കിന് സഖാക്കൾ പൊലീസ്-ഗുണ്ടാ കൈയേ റ്റങ്ങൾ മൂലം മരിക്കുകയും വീടുകളും കൃഷിയിടങ്ങളും നശിപ്പിക്കപ്പെടു കയും ചെയ്തു. ഈ സന്ദർഭത്തിൽ ഇത്രയും രൂക്ഷമല്ലെങ്കിലും വ്യാപ കമായ അഴിമതിക്കും അതിക്രമങ്ങൾക്കും എതിരെ ബീഹാറിൽ ജയപ്ര കാശ് നാരായണന്റെയും ഗുജറാത്തിൽ മൊറാർജി ദേസായിയുടെയും നേതൃത്വത്തിൽ ബഹുജനപ്രക്ഷോഭം ഇരമ്പാൻ തുടങ്ങി. അസ്വസ്ഥത യുടെ ഇടമിന്നലുകൾ ഇന്ത്യയെ വീണ്ടും പ്രകമ്പനം കൊള്ളിച്ചു തുട ങ്ങിയപ്പോൾ അലഹബാദ് ഹൈക്കോടതി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി യുടെ തിരഞ്ഞെടുപ്പ് ഗുരുതരമായ അഴിമതിയെ മുൻനിർത്തി റദ്ദാക്കി. അതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ വന്നത് ജസ്റ്റീസ് വി ആർ കൃഷ്ണയ്യരുടെ ബഞ്ചിലാണ്. ജ. കൃഷ്ണയ്യർ അലഹബാദ് ഹൈക്കോ ടതി വിധിഫലത്തിൽ സ്ഥിരീകരിക്കുകയും വോട്ട് ചെയ്യാനുള്ള അവകാ ശമില്ലാതെ പാർലമെന്റിൽ പങ്കെടുക്കാൻ മാത്രം ഇന്ദിരാഗാന്ധിയെ അനു വദിക്കുകയും ചെയ്തതോടെ ആകാശമാകെ മൂടിക്കെട്ടി പ്രതിഷേധ കാർമേഘങ്ങൾ ഇടിവെട്ടിപെയ്യാൻ തുടങ്ങിയപ്പോഴാണ് 1975 ജൂൺ 26ന് ഇന്ത്യൻ ഭരണഘടനയെ കാറ്റിൽ പറത്തിക്കൊണ്ട് ഇന്ദിരാഗാന്ധി അടി യന്തരാവസ്ഥ പ്രഖ്യാപിച്ച് ഒരു പെൺ ഹിറ്റ്ലറായി ഭീകരവാഴ്ച ആരം ഭിച്ചത്.

വിജയിക്കാൻ കഴിയുമെന്ന അമിതമായ ആത്മവിശ്വാസം മൂലം 1977-ൽ അടിയന്തരാവസ്ഥ റദ്ദാക്കാതെ പൊതു തിരഞ്ഞെടുപ്പ് പ്രഖ്യാ പിച്ചതും ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും കോൺഗ്രസ്-ഇന്ദിരാഗാന്ധിയും മകൻ സഞ്ജയ് ഗാന്ധിയും ഉൾപ്പെടെ-തോറ്റ് തുന്നം പാടിയതും, ജയപ്രകാശ് നാരായണന്റെ കാർമി കത്വത്തിൽ രൂപപ്പെട്ട ജനതാപാർട്ടി സർക്കാർ കേന്ദ്രത്തിൽ അധികാര ത്തിലെത്തിയതും മറ്റും കൂടുതൽ വിവരിക്കേണ്ടതില്ല. ജയപ്രകാശിന്റെ നിര്യാണശേഷം ആർ എസ് എസിന്റെയും ജനസംഘത്തിന്റെയും ഉപ ജാപങ്ങൾ മൂലം ജനതാപാർട്ടി ശിഥിലമായതും ജനതാപാർട്ടിയുടെ പ്രധാനമന്ത്രി മൊറാർജി ദേസായി അധികാരഭ്രഷ്ടനായതും തൽസ്ഥാ നത്ത് ചരൺസിങ്ങ് പ്രധാനമന്ത്രിയായതും ഈ ഭിന്നിപ്പുകൾ മുതലെടു ത്തുകൊണ്ട് ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് വീണ്ടും 1980 കളുടെ ആദ്യം അധികാരത്തിലെത്തിയതും മറ്റും ചരിത്രസ്മരണ കളാണ്. അങ്ങനെ കേന്ദ്രത്തിലും മറ്റ് പല സംസ്ഥാനങ്ങളിലും കോൺഗ്ര സിന് എതിരെയുള്ള ബൂർഷ്വാബദൽ തകർന്നപ്പോഴും 1977-ൽ അധികാ രത്തിലെത്തിയ ബംഗാളിലെ ഇടതുമുന്നണി കാൽനൂറ്റാണ്ട് പിന്നിട്ടിട്ടും

ഇപ്പോഴും ഊനം കൂടാതെ തുടരുന്നു.

അടിയന്തരാവസ്ഥയെ തുടർന്നുള്ള തിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയും കോൺഗ്രസും അഖിലേന്ത്യാതലത്തിൽ തറപറ്റിയെങ്കിലും കേരളത്തിൽ അവരുടെ മുന്നണിക്ക് വമ്പിച്ച വിജയമാണ് ഉണ്ടായത്. പക്ഷെ ആ വിജയം നീണ്ടു നിന്നില്ല. കോൺഗ്രസ് മുന്നണിയിലും കോൺഗ്രസിനകത്തും സംഭവിച്ച പിളർപ്പുകളെ തുടർന്നു 1980 കളുടെ ആദ്യം സി പി ഐ (എം) -സി പിഐ ഐക്യം വീണ്ടും കോൺഗ്രസിനെ പരാജയപ്പെടുത്തുകയും 1980 കളിലും 1990 കളിലും കേരളത്തിൽ ഇടതുമുന്നണികളും കോൺഗ്രസ് മുന്നണികളും മാറി മാറി അധികാരത്തിൽ വരുന്ന സ്ഥിതി സംജാതമാകുകയും ചെയ്തു. ഇതെല്ലാം 1970കളിലെ രാഷ്ട്രീയ കീഴ്മേൽ മറിച്ചിലുകളുടെ തുടർച്ചയായിരുന്നു. 1970 കളിലെ കോൺഗ്രസ് തകർച്ച മുതലെടുത്ത് ഇടതുപക്ഷത്തിന് ത്രിപുരയിലും ബംഗാളിലും മിക്കവാറും തുടർച്ചയായിട്ടും കേരളത്തിൽ ഇടവിട്ട് ഇടവിട്ടും അധികാരത്തിൽ വരാൻ സാധിച്ചു എന്നത് ആരോഗ്യകരമായ ഒരു രാഷ്ട്രീയസംഭവഗതിയായിരുന്നുവെങ്കിലും അതോടൊപ്പം ബി ജെ പി നേതൃത്വത്തിൽ സംഘപരിവാർ സഖ്യം ഉയർന്നു വന്നതും പല പ്രദേശിക ബൂർഷ്വാ പാർട്ടികളെയും അവർക്ക് ആകർഷിക്കാൻ കഴിഞ്ഞതും കേന്ദ്രത്തിൽ അവർക്ക് ആധിപത്യം സ്ഥാപിക്കാൻ കഴിഞ്ഞതും സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ഒരു ഇരുണ്ട യുഗത്തിന് വഴിവെച്ചു. അതോടെ കോൺഗ്രസിന്റെ അധികാര കുത്തക അസ്തമിച്ചുവെങ്കിലും മറ്റൊരു വിപത്ത് ഇന്ത്യൻ രാഷ്ട്രീയത്തെ വിഴുങ്ങാൻ തുടങ്ങി.

II

സ്വാതന്ത്ര്യാനന്തരഭാരതത്തിലെ ഈ രാഷ്ട്രീയ ഗതിവിഗതികൾ നീതിന്യായരംഗത്തും പ്രതിഫലനങ്ങളുളവാക്കി. 1970 കളിൽ നീതിന്യായരംഗത്തെ പുത്തൻ ചലനങ്ങൾ ആരോഗ്യകരമായിരുന്നു. എങ്കിലും ആ പ്രവണതകൾ ദുർബലപ്പെടുത്തുകയും തത്സ്ഥാനത്ത് വീണ്ടും സ്ഥാപിത താൽപ്പര്യങ്ങൾക്ക് മുന്നേറ്റം കുറിക്കാൻ കഴിഞ്ഞു എന്നതുമാണ് ഇന്ത്യൻ ജനാധിപത്യം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ആപൽപ്രവണത.

1970 കളിൽ നീതിന്യായരംഗത്ത് പ്രത്യക്ഷപ്പെട്ട പുരോഗമനപ്രവണതകളെ "ജുഡീഷ്യൽ ആക്ടിവിസം" എന്ന പേരിലാണ് വിശേഷിപ്പിച്ചു വരുന്നത്. ഈ മാറ്റങ്ങൾക്കൊക്കെ പരസ്പരപൂരകങ്ങളായ രണ്ട് ഘടകങ്ങൾ ഉണ്ടായിരുന്നു. കോടതികൾ പൊതുവെ എക്സിക്യൂട്ടീവ് അഥവാ ഭരണനിർവാഹക ഘടകങ്ങളുടെ," കടന്നുകയറ്റത്തെ ചെറുത്തുകൊണ്ട് ഭരണഘടനയിലെ മൗലികാവകാശങ്ങളെ പൂർവാധികം ഉയർത്തിപ്പിടിക്കുന്ന പ്രവണതയാണ് അവയിലൊന്ന്. പൗരാവകാശങ്ങളും മനുഷ്യാവകാശങ്ങളും സംരക്ഷിക്കുന്നതിൽ പൂർവാധികം ജാഗ്രത പ്രകടിപ്പിക്കു

വാൻ ചില കോടതികളും ന്യായാധിപന്മാരും ശ്രമിച്ചു തുടങ്ങി. ചില കോടതികളും ന്യായാധിപന്മാരും തങ്ങളുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്ന ഹർജികളുടെയും അപ്പീലുകളുടെയും കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ച് വിധി പറയുന്ന പതിവിന് അപ്പുറം പോകുകയും ഹർജിക്കാർക്കും അപ്പീലുകാർക്കും കൂടുതൽ പരിഗണന നൽകുകയും ഹർജികളിലും അപ്പീലുകളിലും ഒതുങ്ങിക്കൂടാതെ നേരിട്ട് ജനകീയ അവകാശങ്ങൾ സംസ്ഥാപിക്കാൻ നടപടികളെടുക്കുകയും ചെയ്യുക എന്നതായിരുന്നു ജുഡീഷ്യൽ ആക്ടിവിസത്തിന്റെ രണ്ടാമത്തെ ഘടകം. ജുഡീഷ്യൽ ആക്ടിവിസം എന്നാൽ കർത്തോന്മുഖമായ നീതിന്യായപാലനരീതിയാണ്. അഥവാ സമൂഹത്തിൽ ക്രിയാത്മകമായി ഇടപെട്ട് ജനകീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്ന സമ്പ്രദായമാണ്. നീതിന്യായപീഠങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുക അതിനെതിരെയുള്ള വിമർശനങ്ങളെ അസഹിഷ്ണുതയോടെ നോക്കിക്കണ്ട്, കോടതി അലക്ഷ്യനിയമം ഉപയോഗിച്ച് വിമർശകരുടെ നാവ് അടപ്പിക്കാൻ നടത്തിവന്ന ശ്രമങ്ങളെ നിരുത്സാഹപ്പെടുത്തുക-അത് ഈ പ്രവണതകളുടെ അനാരോഗ്യകരമായ ലക്ഷണമായി തീർന്നു.

1969-ലെ ഒരു സുപ്രധാനകേസ് ഇത്തരുണത്തിൽ ഓർമ്മിക്കാവുന്നതാണ്. അന്ന് കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന ഇ എം എസ് നമ്പൂതിരിപ്പാട് തികച്ചും താത്വികവും അക്കാദമികവുമായ രീതിയിൽ ജുഡീഷ്യറിയുടെ പരിമിതികളെകുറിച്ച് നടത്തിയ പരാമർശത്തെ കേരള ഹൈക്കോടതിക്ക് പൊറുപ്പിക്കാൻ കഴിഞ്ഞില്ല. സ്റ്റേറ്റ് അഥവാ ഭരണകൂടം വർഗാധിപത്യത്തിന്റെയും ഭരണീയ വർഗത്തിന് എതിരായ മർദ്ദക വാഴ്ചയുടെയും ഉപാധിയാണെന്നും ജുഡീഷ്യറി ഉൾപ്പെടെ ഭരണകൂടത്തിന്റെ ഘടകങ്ങൾ ഒന്നും ഈ ദൗർബല്യത്തിൽനിന്ന് വിമുക്തമല്ലെന്നും ഇ എം എസ് പ്രസ്താവിച്ചതാണ് കേരളാഹൈക്കോടതിയിലെ ഒരു കോടതി അലക്ഷ്യ കേസിന് ആധാരം. മാർക്സിസ്റ്റ് ഭരണകൂടസിദ്ധാന്തത്തിന്റെ അവിഭാജ്യ ഘടകമായ ഈ വാദം ഒരു താത്വിക പ്രശ്നം എന്ന നിലയിൽ മാത്രമാണ് ഇ എം എസ് സന്ദർഭവശാൽ അവതരിപ്പിച്ചത്. ഏതെങ്കിലും ഒരു കോടതിയെയോ ന്യായാധിപനെയോ വിധിന്യായത്തെയോ നേരിട്ട് സ്പർശിച്ചുകൊണ്ടായിരുന്നില്ല ഈ പരാമർശം. വി കെ കൃഷ്ണമേനോനെ പോലുള്ള വിശ്വപ്രശസ്ത നിയമപണ്ഡിതന്മാർ ഇ എം എസിന്റെ പരാമർശം ഒരു തരത്തിലും കോടതി അലക്ഷ്യ നിയമത്തിന്റെ പരിധിയിൽ പെടുന്നതല്ലെന്ന് ഹൈക്കോടതി മുമ്പാകെ വാദിച്ചു. എങ്കിലും മുഖ്യമന്ത്രി ഇ എം എസിനെ കുറ്റക്കാരനായി കണ്ട് നാമമാത്രമായിട്ടാണെങ്കിലും ഒരു രൂപ പിഴയടയ്ക്കാൻ വിധിക്കുകയാണ് ജസ്റ്റീസ് പി ടി രാമൻനായർ ചെയ്തത്. സുപ്രീംകോടതിയിൽ കൊടുത്ത അപ്പീൽ അന്നത്തെ ചീഫ് ജസ്റ്റീസ് ഹിദായത്തുള്ള തിരസ്കരിക്കുകയും ഹൈക്കോടതി വിധി ശരിവയയ്ക്കുകയും ചെയ്തു. ജസ്റ്റീസ് ഹിദായത്തുള്ളയുടെ വിധിപ്രസ്താവനയിൽ മാർക്സിസ്റ്റ് സിദ്ധാന്തത്തെക്കുറിച്ച്

അജ്ഞതാ വിലസിതമായ വിലയിരുത്തലുകൾ ഉണ്ടായിരുന്നു എന്നത് ഇ എം എസ് അന്ന് ആധികാരിക നീതിന്യായ കാലികങ്ങളിലൂടെ തുറന്നു കാട്ടിയിരുന്നു.

1970 കളിൽ ഈ ജുഡീഷ്യൽ ദുരധികാര പ്രമത്തത ദുർബലപ്പെടുകയും കോടതി നടപടികളെയും വിധിന്യായങ്ങളെയും കോടതികളോട് ഒട്ടും അനാദരവ് പുറപ്പെടുവിക്കാതെ തന്നെ യുക്തി യുക്തമായി വിമർശിക്കാമെന്ന അവസ്ഥ വരികയും ചെയ്തത് ഒരു വലിയ മാറ്റമായിരുന്നു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി തനിക്ക് അഭിമതരല്ലാത്ത മൂന്ന് സീനിയർ ജഡ്ജിമാരെ പിന്തള്ളി നാലാമനെ സുപ്രീംകോടതി ചീഫ്ജസ്റ്റീസായി നിയമച്ചതിനെതിരെ ഉണ്ടായ പരസ്യവിവാദം കോടതി അലക്ഷ്യ നടപടികൾക്ക് വിധേയമായില്ല. അവിഹിത മാർഗത്തിൽ രാഷ്ട്രപതിയെകൊണ്ട് ചെയ്യിച്ച കടുംകയ്യിൽ പ്രതിഷേധിച്ച് ജസ്റ്റീസ് ഖന്നയും മറ്റും രാജിവെച്ച് പരസ്യപ്രസ്താവനയുമായി രംഗത്തിറങ്ങിയത് നിശബ്ദമായി നോക്കി നിൽക്കാനേ ജുഡീഷ്യറിക്ക് കഴിഞ്ഞുള്ളു. നേരത്തെ ചർച്ച ചെയ്ത അലഹബാദ് ഹൈക്കോടതി വിധിയുടെ കാര്യത്തിൽ പ്രധാനമന്ത്രിയുടെ പാർലമെന്റ് അവകാശങ്ങളെ നിഷേധിച്ച ജ: വി. ആർ കൃഷ്ണയ്യരുടെ വിധി ജുഡീഷ്യറിക്ക് പുതിയ പദവിയും പരിവേഷവും നൽകാൻ സഹായിച്ചു. ഇതിൽ രോഷാകുലയായ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥയുടെ മറവിൽ ഈ വിധികളെ അസ്ഥിരപ്പെടുത്തി എന്നത് ഭരണഘടനാവിരുദ്ധമായ തേർവാഴ്ചയെ തുറന്നുകാട്ടാൻ മാത്രമേ സഹായിച്ചുള്ളു.

1970 കളിൽ നമ്മുടെ കോടതികളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയ ഈ ആക്ടിവിസ്റ്റ് ഊർജസ്വലതയുടെ ഒരു പ്രധാന പ്രഭവകേന്ദ്രം നിയമസഭാംഗവും മന്ത്രിയും ആയ ശേഷം കേരള ഹൈക്കോടതി ജഡ്ജിയും സുപ്രീംകോടതി ജഡ്ജിയും ആയി ഉയർന്ന ജ: വി ആർ കൃഷ്ണയ്യർ ആയിരുന്നു. ആന്ധ്രയിൽനിന്നും സുപ്രീംകോടതിയിൽ എത്തിയ ജ: ജീവൻ റെഡ്ഡി, കേരളത്തിൽനിന്നും സുപ്രീംകോടതിയിൽ എത്തിയ ജ: സുബ്രഹ്മണ്യൻ പോറ്റി, അലഹാബാദ് ഹൈക്കോടതിയിലെ ജ: മോഹൻകുമാർ കേരളത്തിലും ഗുജറാത്തിലും സേവനം അനുഷ്ഠിച്ച ജ: കെ സുകുമാരൻ തുടങ്ങി സാമൂഹ്യ പ്രതിബദ്ധതയും നിയമ വൈദഗ്ധ്യവും ധീരതയും ഉള്ള പല ജഡ്ജിമാരും ഇക്കാലയളവിൽ ഉയർന്നു വരുവാൻ തുടങ്ങിയിരുന്നു. ഈ പരിഷ്കർത്താക്കളായ ഏതാനും നിയമവിശാരദർക്ക് പുതിയ നീതിന്യായ മാർഗങ്ങൾ വെട്ടിത്തുറക്കാൻ സഹായകരമായ ഒരന്തരീക്ഷമാണ് 1970 കളിലെ രാഷ്ട്രീയ വഴിത്തിരിവുകളും കോളിളക്കങ്ങളും സൃഷ്ടിച്ചത്. (ഇവരിൽ ജ: സുകുമാരൻ 1980 കളിലാണ് ബാറിൽനിന്നും ബഞ്ചിലേക്ക് ഉയർത്തപ്പെട്ടത്.)

കുറ്റകൃത്യ സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കുക, കാരാഗൃഹങ്ങളിൽ കയറിച്ചെന്ന് തടവുകാരുടെ അവസ്ഥ പരിശോധിക്കുക എന്തെങ്കിലും കഴമ്പുണ്ടെന്ന് തോന്നുന്ന പരാതികൾ ആരെങ്കിലും കാർഡിൽ എഴുതി

അയച്ചാൽ അതും റിട്ടു ഹർജിയായി പരിഗണിച്ച് കേസന്വേഷിക്കുക, പത്രത്തിൽ വരുന്ന വാർത്തകൾ പോലും ഗുരുതരമായ അനീതിയെയോ മനുഷ്യാവകാശ ലംഘനത്തെയോ കുറിച്ചാണെങ്കിൽ അവ "സുവോ മോട്ടോ" ആയി സ്വീകരിച്ച് വിചാരണ ചെയ്യുക എന്നിങ്ങനെ പല നവീന സമ്പ്രദായങ്ങളും നീതിന്യായ പാലനത്തിനായി ജ: കൃഷ്ണയ്യരും മറ്റും പ്രയോഗിക്കുകയുണ്ടായി. അടിയന്തരാവസ്ഥക്കാലത്തെ രാജൻ കൊല കേസിൽ പൊലീസ് മേധാവി ജയറാംപടിക്കലിനെയും അന്നത്തെ ആഭ്യന്തരമന്ത്രിയും കേസ് വിചാരണസമയത്ത് മുഖ്യമന്ത്രിയും ആയിരുന്ന കരുണാകരനെയും നിയമത്തിന്റെ പിടിയിൽ കൊണ്ടുവരാൻ കേരള ചീഫ് ജസ്റ്റീസ് പി സുബ്രഹ്മണ്യം പോറ്റി കൈക്കൊണ്ട നടപടികൾ തികച്ചും നിയമാധിഷ്ഠിതം ആയിരുന്നു. എങ്കിലും അതുവരെ ആരും തന്നെ കൈക്കൊള്ളാൻ ധൈര്യപ്പെട്ടിട്ടുള്ള സമ്പ്രദായങ്ങൾ ആയിരുന്നില്ല അവ. ബീഹാറിലെ പട്ന സെൻട്രൽ ജയിലിൽ ഒരു ദിവസം പെട്ടെന്ന് കയറിച്ചെന്ന് തടവുകാരുടെ കേസ്സുകൾ പരിശോധിച്ച ജ: കൃഷ്ണയ്യർ കണ്ടത് അനേക വർഷങ്ങളായി കുറ്റപത്രങ്ങൾ പോലും നൽകാതെയും വിചാരണകൂടാതെയും നരകിക്കുന്ന അനവധി പാവപ്പെട്ട തടവുകാരെയാണ്. അവരുടെ കേസ് ഷീറ്റുകൾ പരിശോധിച്ചശേഷം കുറെപ്പേരെ ഉടൻ മോചിപ്പിക്കാനും കുറ്റവാളികളായ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി എടുക്കാനും ജ: കൃഷ്ണയ്യർ ഉത്തരവിട്ടത് നിയമവ്യവസ്ഥയുടെ കർശനമായ പാലനമായിരുന്നു. അതുപോലെ തന്നെയാണ് ബിഹാറിൽ കൊള്ളക്കാർ എന്നാരോപിക്കപ്പെട്ട് പിടികൂടി തടവിലിട്ട് അവരുടെ കണ്ണുകൾ കുത്തിപൊട്ടിച്ച നിയമലംഘകരും മഹാപാപികളും ആയ ഉദ്യോഗസ്ഥന്മാർക്കെതിരെ ജ: കൃഷ്ണയ്യർ സ്വമേധയാ കേസെടുത്ത് നടപടികൾ ആരംഭിച്ചത്.

ഇതുപോലുള്ള ഉദാഹരണങ്ങൾ ഡസൻ കണക്കിന് പട്ടികയായി നിരത്താനുണ്ടെങ്കിലും അതിനിവിടെ തുനിയുന്നില്ല. ഇപ്പറഞ്ഞതിൽനിന്ന് നമ്മുടെ വിവിധ തലങ്ങളിലുള്ള കോടതികളും ന്യായാധിപന്മാരും പൊടുന്നനെ മാലാഖമാരായി മാറിയെന്ന് ധരിക്കേണ്ടതുമില്ല. ജുഡീഷ്യൽ ആക്ടിവിസ്റ്റുകൾ അപ്പോഴും ഒരു ന്യൂനപക്ഷം തന്നെയായിരുന്നു. എങ്കിലും അവരുടെ മാതൃകയും അതുണർത്തി വിട്ട പുതിയ തരംഗങ്ങളും ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്കു തിളക്കം വർധിപ്പിക്കുകയും പഴമയുടെ പാഴ്കുണ്ടുകളിൽ കീഴ്വഴക്കങ്ങളെ പുണർന്ന് കാലയാപനം നടത്തിവന്ന നിരവധി ന്യായാധിപതികൾക്ക് പുത്തൻ ഉണർവ് പ്രദാനം ചെയ്യുകയും ചെയ്തു.

III

1970 കളിൽ പൂത്തുലഞ്ഞ ഈ പുത്തനുണർവ് 1980 കളിലും കുറെയൊക്കെ തുടർന്നുവെങ്കിലും 1990 കൾ ആയപ്പോഴേക്കും ക്ഷയോന്മുഖ

മായി. ഈ കാലയളവിൽ ഇതേ അളവിൽ തന്നെയാണ് രാഷ്ട്രീയ രംഗത്തെ അധോഗതി എന്ന് നാം കണ്ടുവല്ലോ. ഈ അധോഗതിയുടെ ലക്ഷണങ്ങൾ സുപ്രീംകോടതികളും ഹൈക്കോടതികളും പുറപ്പെടുവിച്ച പിന്തിരിപ്പൻ വിധിന്യായങ്ങളിൽ ഒതുങ്ങി നിന്നില്ല. ചില ജഡ്ജിമാരെ കുറിച്ച് ഉയർന്നു വന്ന അഴിമതിയാരോപണങ്ങൾ കോടതികളുടെ വിശ്വാസ്യതയ്ക്കു മുറിവേൽപ്പിച്ചു. ഇവയിൽ ഏറ്റവും കുപ്രസിദ്ധമായത് ജ: രാമസ്വാമിയെകുറിച്ചു വന്ന ആക്ഷേപവും അത് അന്വേഷിക്കുന്നതിലും പരിഹാര നടപടി എടുക്കുന്നതിലും സുപ്രീംകോടതിക്ക് ഉണ്ടായ പരാജയവുമാണ്.

ഇക്കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷക്കാലത്ത് സുപ്രീംകോടതിയിലും പല ഹൈക്കോടതികളും എടുത്ത തീരുമാനങ്ങൾ എല്ലാം പിശകും പിന്തിരിപ്പനും ആയിരുന്നു എന്ന് ഇവിടെ വാദിക്കുന്നില്ല. അഴിമതി കേസുകളിലും ക്രിമിനൽ കേസുകളിലും ആഭ്യന്തര വകുപ്പുകളും സെൻട്രൽ ബ്യൂറോ ഒഫ് ഇൻവെസ്റ്റിഗേഷനും (സി ബി ഐ) അഴിമതി നിരോധന (വിജിലൻസ്) ഉദ്യോഗസ്ഥരും കേന്ദ്ര-സംസ്ഥാന സർക്കാരുകളും കൈക്കൊണ്ട തെറ്റായ നടപടിക്രമങ്ങളെ വിമർശിച്ച് തിരുത്താൻ ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. 1992 മുതൽ ഇന്ത്യൻ രാഷ്ട്രീയത്തെ ആകെ കീഴ്മേൽ മറിച്ചുകൊണ്ടിരിക്കുന്ന അയോധ്യയിലെ ബാബറിമസ്ജിദ് പൊളിച്ചത് സംബന്ധിച്ചുള്ള കേസുകളിൽ പലപ്പോഴും വിവിധ നിലവാരത്തിൽ ഉള്ള കോടതികൾ ഭരണഘടനാ വ്യവസ്ഥകളെയും ക്രിമിനൽ നടപടിക്രമങ്ങളെയും ഉയർത്തി പിടിക്കാൻ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ചില നിർണായക സന്ദർഭങ്ങളിൽ കൃത്യവിലോപം എന്നുപോലും വിശേഷിപ്പിക്കാവുന്ന വിധികളിൽ ആടിക്കളിച്ചിട്ടുണ്ട്. 1992 ഡിസംബർ ആറിന് നടന്ന പള്ളി പൊളിക്കൽ എന്ന ഗർഹണീയമായ ക്രിമിനൽ കുറ്റത്തിൽ ഉപപ്രധാനമന്ത്രിയായ ലാൽകിഷൻ അദ്വാനിയും മാനവിഭശേഷി മന്ത്രിയായ മുരളീമനോഹർ ജോഷിയും മുൻകേന്ദ്രമന്ത്രിയും ഇപ്പോൾ മധ്യപ്രദേശ് മുഖ്യമന്ത്രിയും ആയ ഉമാഭാരതിയും പങ്കാളികൾ ആണെന്ന് സ്ഥാപിക്കപ്പെട്ടിരുന്നു. എന്നാൽ വിശ്വസിക്കാൻ കഴിയുന്ന കാരണങ്ങൾ ഒന്നും എടുത്ത് കാട്ടാതെ ഈയിടെ അദ്വാനിയെ കോടതി കുറ്റവിമുക്തനായി പ്രഖ്യാപിച്ചു. മറ്റു രണ്ടുപേരെയും കുറ്റവാളികളുടെ പട്ടികയിൽ നിലനിറുത്തി. ഇങ്ങനെ കുറ്റപത്രത്തിന് അർഹനായതിനാൽ കേന്ദ്രമന്ത്രിസ്ഥാനം തന്നെ രാജിവെയ്ക്കാൻ ജോഷി ഒരുങ്ങിയിരുന്നു എന്ന ഈ കുറ്റകൃത്യത്തിന്റെ ഗൗരവവും രാഷ്ട്രീയമായി ഉണ്ടാകാവുന്ന ഗുരുതരമായ പ്രതികരണവും വ്യക്തമാക്കുന്നു. ഈ രാഷ്ട്രീയ പ്രതിസന്ധിയെ ഭയന്നിട്ടാകാം ജോഷിയെ രാജിശ്രമത്തിൽ നിന്ന് പ്രധാനമന്ത്രി വാജ്പേയ് പിന്തിരിപ്പിച്ചത്. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോഴും കേസ് സംബന്ധിച്ച് ഇതുവരെ നടന്ന നടപടിക്രമങ്ങൾ പരിശോധിക്കുമ്പോഴും ഉപപ്രധാനമന്ത്രിയെ കുറ്റപത്രത്തിൽനിന്ന് ഒഴിവാക്കിയതിന് പുറകിൽ

അവിഹിതമായ സ്വാധീനവും ഇടപെടലും ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാണല്ലോ. ഇന്ത്യൻ ജുഡീഷ്യറിയുടെ അധോഗതിയിൽ ഇതൊരു നാഴികക്കല്ലായി തീർന്നിരിക്കുന്നു.

1980-കൾ വരെ ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ പ്രബലപ്പെട്ടുകൊണ്ടിരുന്ന ക്രിയാത്മകമായ നീതിന്യായപാലക പ്രവണത 1990 കളോടുകൂടി ക്ഷയോന്മുഖമായി എന്ന് പറയുന്നതിനെക്കാൾ കൂടുതൽ ശരിയാവുക ഈ ക്രിയാത്മക പ്രവണത മനഷ്യാവകാശ ലംഘനത്തിന് വേണ്ടി ഉപയോഗിച്ച് തുടങ്ങി എന്നു പറയുന്നതായിരിക്കും. ഹർത്താലും ബന്ദും മറ്റുമായ ജനകീയ പ്രതിഷേധ സമ്പ്രദായങ്ങളെയും വിദ്യാർഥികളുടെ രാഷ്ട്രീയ പ്രവർത്തനം എന്നപേരിൽ അറിയപ്പെടുന്ന ഉദ്ബുദ്ധ ശൈലിയും നിരോധിക്കാൻ കേരളാഹൈക്കോടതി ഉന്നയിച്ച വാദഗതികൾ കാണുമ്പോൾ ഭരണഘടനയുടെ അതിരുകളെ ഉല്ലംഘിച്ചും ചില രാഷ്ട്രീയ തീരുമാനങ്ങൾ സ്ഥാപിത താൽപ്പര്യക്കാർക്ക് സഹായകമായ വിധത്തിൽ എടുക്കാൻ ചില ജഡ്ജിമാർക്കെങ്കിലും മടിയില്ലാ എന്നാണ്. അതുപോലെതന്നെ സ്വകാര്യ വിദ്യാലയങ്ങളുടെയും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെയും കാര്യത്തിൽ ലാഭമാത്ര പ്രാണരായ സ്വകാര്യ മാനേജ്മെന്റുകളെ തുണയ്ക്കാനും വിദ്യാർഥികളെയും രക്ഷകർത്താക്കളെയും തുലയ്ക്കാനും ഉതകുംവിധം വിധിന്യായം പുറപ്പെടുവിച്ചതിന്റെ പുറകിൽ നീതിബോധത്തെക്കാൾ ഏറെ മറ്റുചില ബോധങ്ങളാണ് നിഴലിക്കുന്നത്. സുപ്രസിദ്ധമായ ഉണ്ണിക്കൃഷ്ണൻ കേസിൽ സുപ്രീംകോടതി വർഷങ്ങൾക്ക് മുമ്പ് പുറപ്പെടുവിച്ച വിധിന്യായത്തെ കാര്യമായ കാരണങ്ങൾ ഒന്നും കാണിക്കാതെ കാറ്റിൽ പറത്തുകയാണ്, സ്വാശ്രയ-സ്വകാര്യ കോളേജുകളിലെ പ്രവേശനം, സംവരണം, ഫീസ് മുതലായ കാര്യങ്ങളെക്കുറിച്ച് ഈയിടെ ഹൈക്കോടതിയും സുപ്രീംകോടതിയും പുറപ്പെടുവിച്ച വിധിന്യായങ്ങൾ.

എന്നാൽ ജുഡീഷ്യൽ ആക്ടിവിസം അതിരുകടന്നാൽ അപകടമാകുമെന്നും ജനകീയ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി അതിനെ യാഥാസ്ഥിതികരായ ചില ജഡ്ജിമാർ ദുരുപയോഗപ്പെടുത്തുമെന്നും മാധ്യമങ്ങളിലെ തലവാചകങ്ങളിൽ കടന്നുകൂടാനുള്ള ചില അനർഹരുടെ അൽപ്പജ്ഞതയ്ക്ക് അത് വളംവയ്ക്കുമെന്നും വിമർശകർ ചൂണ്ടിക്കാട്ടിയിരുന്നു. അടുത്ത കാലത്തുണ്ടായ ചില കോടതിവിധികൾ ഇത്തരം ആശങ്കകളെ ബലപ്പെടുത്തുന്നു. ചില കോടതിവിധികൾ നിയമനിർമാണ സഭയുടെയും ഭരണനിർവാഹക സംഘത്തിന്റെയും (ലജിസ്ലേറ്റീവും എക്സിക്യൂട്ടീവും) മേഖലകളിൽ അനധികൃതമായി കടന്നുവരികയല്ലേ എന്ന സംശയം വ്യാപകമായിട്ടുണ്ട്. ഉദാഹരണത്തിന്, ഹർത്താൽ തുടങ്ങിയ ജനകീയ പ്രതിഷേധപ്രകടനങ്ങൾ നിയമവിരുദ്ധമാണെന്നുള്ള ഹൈക്കോടതിയുടെ അഭിപ്രായപ്രകടനം നോക്കുക. അതൊരു അഭിപ്രായപ്രകടനം മാത്രമാണ്. വിധിന്യായത്തിന്റെ നിയമപ്രാബല്യം ഇല്ലാത്ത

അഭിപ്രായപ്രകടനം. ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളിൽ ഒന്നാണ് പണിമുടക്ക് അവകാശവും പ്രതിഷേധപ്രകടനസ്വാതന്ത്ര്യവും. അതു നിരോധിക്കണമെങ്കിൽ ഭരണഘടനയുടെ മൗലികാവകാശവ്യവസ്ഥകളെല്ലാം ഭേദഗതി ചെയ്യണം. അതിനു പ്രത്യേക നിയമനിർമാണം വേണം. അത് ചെയ്യേണ്ടത് നിയമനിർമാണസഭയാണ്. ഹൈക്കോടതിയല്ല. ഹർത്താൽ ഇതുവരെ നിയമദൃഷ്ട്യാ നിർവചിക്കപ്പെട്ടിട്ടില്ല. ഹൈക്കോടതിയുടെ അഭിപ്രായപ്രകടന പ്രസ്താവനയിലും അതിന് നിഷ്കൃഷ്ടമായ നിർവചനം കാണുന്നില്ല. അനിർവചിതമായ ഒന്നിനെ നിരോധിക്കുന്നത് എങ്ങനെയാണ് നടപ്പാക്കാൻ ഒരു സർക്കാരിന് കഴിയുക. ഒരാളോ ഏതാനും പേരോ അവരുടെ കടകൾ അടച്ചിട്ടാൽ അത് ഹർത്താലാകുമോ? പുറത്തേക്ക് നാല് കതകുള്ള ഒരു കടയുടെ രണ്ട് കതക് അടച്ചിട്ടാൽ അത് ഹർത്താലാകുമോ? ഈ ഹർത്താലുകൾ തടയാൻ പട്ടാളത്തെ വിളിക്കുമെന്നു പറയാൻ ഹൈക്കോടതിക്ക് എന്ത് കാര്യം. എക്സിക്യൂട്ടിവാണ് നിയമസമാധാനം പാലിക്കാൻ പൊലീസിനെയാണോ പട്ടാളത്തെയാണോ വിളിക്കേണ്ടത് എന്ന് തീരുമാനിക്കാൻ. ഇനി ഒരു പടികൂടി കടന്ന് കണ്ടവരെ കണ്ടിടത്തുവെച്ച് വെടിവയ്ക്കണമെന്നും കൂടി 'വിധിന്യായ'ത്തിൽ എഴുതിപ്പിടിപ്പിക്കുകയും ചെയ്താലത്തെ കഥ വിചിത്രമായിരിക്കും. ബലം പ്രയോഗിച്ച് സമ്മതമില്ലാത്തവരെ കൊണ്ട് കട അടപ്പിക്കരുത് എന്നാണങ്കിൽ അതിന് ഇപ്പോൾതന്നെ ക്രിമിനൽ നടപടി നിയമത്തിൽ വ്യവസ്ഥകളുണ്ട്.

ഇതുപോലൊരു ഏർപ്പാടാണ് പെരുവഴിയിൽ ജാഥകളും പ്രകടനങ്ങളും പാടില്ലെന്ന കോടതി ഉത്തരവ്. പൊതുനിരത്തുകളിൽ പ്രകടനം പാടില്ലെങ്കിൽ സ്വകാര്യ നിരത്തുകളിൽ ആയിക്കൊള്ളു എന്നാണ് പണ്ഡിതന്മാരായ ജഡ്ജിമാരുടെ വിധി. പൊതുനിരത്തുകളിൽ നടത്തുന്ന പ്രകടനങ്ങൾ, പ്രകടനത്തിൽ പങ്കെടുക്കാത്ത ആരുടെയെങ്കിലും സ്വാതന്ത്ര്യത്തെ ഹനിക്കുന്നുണ്ടെങ്കിൽ അതിനും നിലവിലുള്ള നിയമങ്ങളിൽ പ്രതിവിധിയുണ്ട്.

വിചിത്രവും വിഫലവുമായ മറ്റൊരു വിധിന്യായമോ അഭിപ്രായപ്രകടനമോ ആണ് വിവാദവിഷയമായ കാമ്പസ് രാഷ്ട്രീയ നിരോധനം. ഇവിടെയും നിർവചനം ഒരു പ്രശ്നമാണ്. വിദ്യാലയം ചോർന്നൊലിക്കുന്നു; കെട്ടിമേയണം; മധ്യവേനൽ അവധികഴിഞ്ഞ് മാസം രണ്ടു കഴിഞ്ഞിട്ടും അധ്യാപകരെ നിയമിക്കാത്തതിനാൽ കുട്ടികളുടെ സമയം പാഴാകുന്നു, പാഠപുസ്തകങ്ങളിൽ മതനിരപേക്ഷതയ്ക്ക് വിരുദ്ധമായ പരാമർശങ്ങളുള്ളത് മാറ്റണം എന്നൊക്കെ പറഞ്ഞാൽ അത് രാഷ്ട്രീയമാകുമോ? ചരിത്രപാഠപുസ്തകത്തിൽ അടിയന്തരാവസ്ഥയും മുഗൾ സാമ്രാജ്യത്തെയും ഗാന്ധിയൻ സത്യഗ്രഹത്തെയും കുറിച്ച് അധ്യാപകൻ സംസാരിക്കുകയോ വിദ്യാർഥികൾ സംശയം ഉന്നയിക്കുകയോ ചെയ്താൽ അത് രാഷ്ട്രീയമാകുമോ? കാമ്പസ് രാഷ്ട്രീയം എന്നത്

വിദ്യാലയങ്ങളുടെ പുറംഭിത്തിക്ക് അകത്തുള്ള പ്രവർത്തനങ്ങൾ മാത്രമോ അതോ പുറത്തുള്ളതുകൂടി ഉൾപ്പെടുമോ? വിദ്യാർഥികളുടെ സർവതോമുഖമായ പുരോഗതിക്കും രാജ്യത്തിന്റെ നന്മയ്ക്കും വേണ്ടി പ്രവർത്തിക്കാൻ എന്ന് ഉദ്ദേശ്യലക്ഷ്യങ്ങളിൽ എഴുതിവച്ച ഒരു വിദ്യാർഥി സംഘടന രാഷ്ട്രീയ സംഘടനയാകുമോ? കാമ്പസ് രാഷ്ട്രീയം ഉത്തരവ് പുറപ്പെടുവിക്കും മുമ്പ് ഇതൊക്കെ വ്യക്തമാക്കേണ്ട കടമ ഉത്തരവ് പുറപ്പെടുവിക്കുന്നവർക്കില്ലേ? 18 വയസ്സു കഴിഞ്ഞ ഏതൊരാൾക്കും സമ്മതിദാനാവകാശമുള്ള ഇന്ത്യയിൽ രാഷ്ട്രീയകാര്യങ്ങൾ ഒന്നും പഠിക്കാതെ, "രാഷ്ട്രീയം കേൾക്കരുത്, കാണരുത്, മിണ്ടരുത്" എന്ന് ധ്യാനിച്ച് കഴിയുന്ന ചെകിടരും കുരുടരും മൂകരും ആയവർ ഈ മഹാരാജ്യത്തിന്റെ ഭാവി സുരക്ഷിതമാക്കിക്കൊള്ളുമെന്നാണോ വിധികർത്താക്കളുടെ മുൻവിധി?

ഈ വഴിക്കുള്ള വ്യർഥവ്യായാമ പരമ്പരയിൽപ്പെട്ടതാണ് കേരള ഹൈക്കോടതിയിലെ ജസ്റ്റീസുമാരായ കെ എസ് രാധാകൃഷ്ണനും, കെ പത്മനാഭൻ നായരും ചേർന്ന് കോളേജ് യൂണിയൻ തിരഞ്ഞെടുപ്പുകളെക്കുറിച്ച് സർവകലാശാലയുടെ നിർദേശങ്ങൾ നിരാകരിക്കാൻ സ്കൂൾ മാനേജ്മെന്റുകൾക്ക് അവകാശം നൽകിക്കൊണ്ടു ചെയ്ത വിധി പ്രസ്താവന. യൂണിവേഴ്സിറ്റി യൂണിയൻ യൂണിവേഴ്സിറ്റി ബജറ്റിൽനിന്ന് സഹായധനം വാങ്ങി പ്രവർത്തിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി സംഘടനയാണെന്നും ആ സംഘടനയിലേക്കുള്ള തിരഞ്ഞെടുപ്പുരീതികൾ സർവകലാശാലയാണ് നിശ്ചയിക്കേണ്ടത് എന്നും കേരള സർവകലാശാലയും മറ്റും ചില സർവകലാശാലകളും അതിനായി വിശദമായ നിർദേശങ്ങൾ നിയമാധിഷ്ഠിതമായി പുറപ്പെടുവിച്ചിട്ടുണ്ട് എന്നും ഹൈക്കോടതിക്ക് അറിയാമായിരിക്കണം. സർവകലാശാലയുടെ പരമാധികാര സമിതികളായ സെനറ്റും സിൻഡിക്കേറ്റും തിരഞ്ഞെടുക്കപ്പെടുമ്പോൾ അതിലേക്ക് ഏതാനും അംഗങ്ങളെ നിയോഗിക്കേണ്ട ചുമതല യൂണിവേഴ്സിറ്റി യൂണിയന്റെ കൗൺസിലിനാണെന്നും അവ സംബന്ധിച്ച ചട്ടങ്ങൾ വായിക്കുന്ന ആർക്കും മനസ്സിലാകും. അതായത് യൂണിവേഴ്സിറ്റി ഘടന തന്നെ ശരിയായ യൂണിയൻ തിരഞ്ഞെടുപ്പിനെ ആശ്രയിച്ചിരിക്കുന്നു. ഈ യൂണിയൻ തിരഞ്ഞെടുപ്പുകളും അവയുടെ മുന്നോടിയായി നടക്കുന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പുകളും സർവകലാശാല നിയമപ്രകാരം തിരഞ്ഞെടുക്കേണ്ടതില്ലന്നും അതൊക്കെ അതതു കോളേജ് മാനേജ്മെന്റുകൾ നിശ്ചയിക്കുന്നതുപ്രകാരം മതിയെന്നും പറഞ്ഞാൽ അത് സർവ്വകലാശാല നിയമം സൃഷ്ടിച്ച നിയമസഭയുടെ ഇംഗിതത്തിന് വിപരീതമാകും. അങ്ങനെ വിപരീതമാകണം എന്നാണോ ഹൈക്കോടതി നിർദേശിക്കുന്നത്? ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രായപൂർത്തിയെത്തിയ യുവതീയുവാക്കളെ കന്നുകാലിക്കൂട്ടത്തെപോലെ തെളിച്ചുകൊണ്ടു നടക്കേണ്ടവരാണ് മാനേജുമെന്റുകൾ എന്ന വിചിത്രമായ വീക്ഷണം ആർക്കാണ് ഭൂഷണമാവുക?

ഏതെങ്കിലും നിയമങ്ങളോ ചട്ടങ്ങളോ നടപടികളോ അടിസ്ഥാന നിയമമായ ഭരണഘടനാ വ്യവസ്ഥകൾക്ക് വിപരീതമാകുമ്പോൾ അത് ചൂണ്ടിക്കാട്ടി ആ നിയമസഭാ ചട്ടങ്ങളോ നടപടികളോ റദ്ദാക്കാൻ ഹൈക്കോടതിക്ക് അവകാശമുണ്ട്. തൽസ്ഥാനത്ത് മറ്റേതെങ്കിലും നിയമവ്യവസ്ഥയോ നടപടിയോ വേണമെങ്കിൽ അതുസംബന്ധിച്ച് നിയമസഭയ്ക്കും ഭരണനിർവാഹകർക്കും സൂചനയോ ഉപദേശമോ നൽകാനും ഹൈക്കോടതിക്ക് ചുമതലയുണ്ട്. അതിനപ്പുറം പോയി പുതിയ നിയമം സൃഷ്ടിക്കുക എന്നത് ഹൈക്കോടതിയുടെ കടമയല്ല.

കേസ് ലോ എന്ന പേരിൽ അറിയപ്പെടുന്ന ഒരേർപ്പാടുണ്ട്. നിലവിലുള്ള നിയമങ്ങളിലെ അവ്യക്തതകൾ പരിഹരിക്കാനും വിടവുകൾ അടയ്ക്കാനും ഏതെങ്കിലും ഒരു കേസിലെ വിധി ആവശ്യമായിവരുമ്പോൾ ചെയ്യുന്ന കൃത്യമാണിത്. മേൽക്കോടതികൾ റദ്ദാക്കാത്തിടത്തോളം കാലം അതിന് നിയമപ്രാബല്യം ഉണ്ട്. മേൽവിവരിച്ച വിധിന്യായങ്ങളോ അഭിപ്രായപ്രകടനങ്ങളോ ഒന്നും ഇത്തരം കേസ് ലോ മാതൃകയിൽ പെടുന്നതല്ല. ജസ്റ്റീസ് വി. ആർ കൃഷ്ണയ്യരും മറ്റും തുടങ്ങിവെച്ച നീതിന്യായ കർമോന്മുഖത ജനകീയ താൽപ്പര്യങ്ങൾ സംരക്ഷിക്കാനായിരുന്നുവെങ്കിൽ ഇപ്പോഴത്തേത് സ്ഥാപിത താൽപ്പര്യങ്ങൾ പരിരക്ഷിക്കാനുള്ള വെമ്പലാണ്.

മറ്റൊരു കാര്യം ബന്ധപ്പെട്ടവരെല്ലാം ഓർക്കേണ്ടതുണ്ട്. എന്തു മഹത്തായ ലക്ഷ്യത്തോടുകൂടിയാണെങ്കിലും ഒരിക്കലും നടപ്പാക്കാനാകാത്ത നിയമനിർമാണത്തിന് നിയമസഭയോ വിധിന്യായത്തിന് കോടതിയോ മുതിർന്നാൽ അത് അതതു സ്ഥാപനങ്ങളെ ജനദൃഷ്ടിയിൽ പരിഹാസ്യമാക്കാൻ മാത്രമേ ഉതകൂ. നമ്മുടെ കോടതികളും നിയമസഭകളും അങ്ങനെ പരിഹാസ്യമാകുന്നത് നിയമവാഴ്ചയ്ക്ക് നന്നല്ല. പെരുവഴിയേ പോകുന്നപ്രകടനങ്ങൾ നിരോധിച്ചിട്ടും ഹർത്താലിനെതിരെ വാളിളക്കിയിട്ടും എന്തു പ്രയോജനമുണ്ടായി? കൂടെക്കൂടെ പ്രകടനങ്ങളും ഹർത്താലുകളും നടക്കുമ്പോൾ ഹൈക്കോടതിയും സർക്കാരും നിസ്സഹരായി നോക്കിനിൽക്കുകയല്ലേ ചെയ്യുന്നത്. അതിനപ്പുറം എന്തെങ്കിലും ചെയ്യാൻ മുതിർന്നാൽ അതു കൂടുതൽ ശക്തവും വ്യാപകവുമായ പ്രകടനങ്ങൾക്കും ഹർത്താലുകൾക്കും വഴിവെക്കുമെന്നല്ലാതെ എന്തു പ്രയോജനം? ഈ സമരമാർഗങ്ങളിൽ സംഭവിച്ചേക്കാവുന്ന അനാശാസ്യ നടപടികളെ നിയന്ത്രിക്കുക എന്നല്ലാതെ സമ്പൂർണ നിരോധനത്തിനൊരുങ്ങുന്നത് നിയമവാഴ്ചയെ അവതാളത്തിലാക്കുന്ന വ്യയമാണ്.

ഈവക നടപടികൾ എല്ലാം വിവരിക്കുക എന്നത് ഈ ഒരു ലേഖനത്തിന്റെ സ്ഥലപരിധിയിൽ ഒതുങ്ങുന്നതല്ല. അതുകൊണ്ട് പണിമുടക്കുകളെ അപ്പാടെ നിരോധിച്ച് ഈയിടെ സുപ്രീംകോടതിയുടെ ഒരു ഡിവിഷൻബഞ്ച് പുറപ്പെടുവിച്ച വിധിന്യായത്തെ കൂടി പരാമർശിച്ച് ഉപസംഹരിക്കാം.

സർക്കാർ ജീവനക്കാർ നീണ്ടകാലത്തെ ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളിലൂടെ നേടിയതും പരിഷ്കൃതജനാധിപത്യരാഷ്ട്രങ്ങളിലെ ജീവനക്കാരെല്ലാം അനുഭവിച്ചു വരുന്നതുമായ അവകാശങ്ങളെയും ആനുകൂല്യങ്ങളെയും ആഗോളവൽക്കരണാദി ദുരുപദിഷ്ടനയങ്ങളെ ആസ്പദമാക്കി തമിഴ്നാട്ടിലെ എ ഐ ഡി എം കെ സർക്കാർ പിൻവലിച്ചതാണ് വ്യാപകമായ പണിമുടക്കിന് വഴിവച്ചത്.

വിവിധ കക്ഷികളോട് കൂറുപുലർത്തുന്നവരും കക്ഷിരഹിതരും ആയ മിക്കവാറും എല്ലാ യൂണിയനുകളും സംയുക്തമായി നടത്തിയ പണിമുടക്ക് സമ്പൂർണവും ആ നിലയിൽ അഭൂതപൂർവ്വമായ വിജയവും ആയിരുന്നു. 2003 ജൂലൈ 2-ന് ആരംഭിച്ച പണിമുടക്കിൽ സർക്കാർ ജീവനക്കാരും അധ്യാപകരും ഉൾപ്പെടെ 30 ലക്ഷം പേർ പങ്കെടുത്തു. ഈ വിജയം കണ്ട് സമനിലതെറ്റി ഇതികർത്തവ്യതാമൂഢയായിത്തീർന്ന മുഖ്യമന്ത്രി ജെ ജയലളിത ഇന്ത്യയിൽ എന്നല്ല ലോകത്തിൽ ഒരു സർക്കാരും ഇതുവരെ ചെയ്തിട്ടില്ലാത്ത ചില ഭ്രാന്തൻ നടപടികൾക്ക് മുതിർന്നു. തമിഴ്നാട് അവശ്യസർവീസ് സംരക്ഷണനിയമത്തെ (ടെസ്മ) ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ച് 2003-ലെ മൂന്നാം ഓർഡിനൻസിലെ കരിനിയമ വകുപ്പുകൾ ഉപയോഗിച്ചുകൊണ്ട് 1,70,000ത്തിൽപ്പരം ജീവനക്കാരെ പിരിച്ചുവിട്ടു. സാധാരണ കൃത്യവിലോപം കാട്ടുന്ന ജീവനക്കാരെ പിരിച്ചുവിടാനുള്ള ചില നടപടിക്രമങ്ങളുണ്ട്. കുറ്റം വിവരിച്ച് ശിക്ഷാനടപടികൾ എടുക്കാൻ കാരണം ചോദിച്ചുകൊണ്ട് ജീവനക്കാരന് നോട്ടീസ് അയയ്ക്കുകയും ജീവനക്കാരന്റെ വിശദീകരണം വായിച്ച് തൃപ്തികരം അല്ലെന്ന് കാണുകയാണെങ്കിൽ പിരിച്ചുവിടൽ ഉത്തരവ് പുറപ്പെടുവിക്കുകയുമാണ് ഈ നടപടിക്രമങ്ങളുടെ കാതൽ. 2003-ലെ 3-ാം ഓർഡിനൻസ് പ്രകാരം ഈ നടപടിക്രമം ഒന്നും പാലിക്കേണ്ടതില്ല. സമാധാനം ചോദിക്കേണ്ടതില്ല. കുറ്റം എന്തെന്ന് നിർവചിക്കേണ്ടതില്ല. പിരിച്ചുവിടൽ ഉത്തരവ് കുറ്റക്കാരനായ ജീവനക്കാരനു നൽകുകപോലും വേണ്ട. ഇന്നയാളെ ഇന്ന ഓർഡിനൻസ് പ്രകാരം ജോലിയിൽനിന്ന് പിരിച്ചുവിട്ടിരിക്കുന്നു എന്ന് കാണിച്ച് ഒന്നോ രണ്ടോ വാചകത്തിൽ ഒരു കുറിപ്പെഴുതി ആഫീസിലെ നോട്ടീസ് ബോർഡിൽ ഇട്ടാൽ കാര്യം കലാശിച്ചു. ഇത്തരം പ്രാകൃതമായ ഒരു നടപടിക്രമം അന്യായമാണ് എന്നതിനാൽ തമിഴ്നാട് ഹൈക്കോടതി 1,70,000ൽപ്പരം പേരെ പിരിച്ചുവിട്ടത് റദ്ദാക്കിയതിനെതിരെ തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തു. ഈ അപ്പീലും അതുമായി ബന്ധപ്പെട്ട് മറ്റു ചിലർ നൽകിയ കേസുകളും വിചാരണചെയ്ത ശേഷമാണ് സുപ്രീംകോടതിയിലെ ഒരു ഡിവിഷൻ ബഞ്ച് 2003 ആഗസ്റ്റ് 6-ാം തീയതി വിവാദവിഷയമായ വിധി പ്രസ്താവിച്ചത് ജ: എം ബി ഷായും ജ: എ ആർ ലക്ഷ്മണനും അടങ്ങിയ ഡിവിഷൻ ബഞ്ചാണ് ഒരു സാഹചര്യത്തിലും പണിമുടക്കാൻ ജീവനക്കാർക്ക് അവകാശം ഇല്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിധിന്യായം പുറപ്പെടുവിച്ചത്.

വിവിധ ട്രേഡ് യൂണിയനുകളും പല രാഷ്ട്രീയ കക്ഷികളും മാത്ര മല്ല ഇപ്പോഴത്തെ അറ്റോർണി ജനറലായ സോളി സൊറാബ്ജിയും ജ: വി ആർ കൃഷ്ണയ്യർ, രാജീവ് ധവാൻ തുടങ്ങി പല ആധികാരിക നിയമ പണ്ഡിതരും ഈ ഡിവിഷൻ ബഞ്ച് വിധിയെ നിശിതമായി വിമർശിച്ചു കൊണ്ട് രംഗത്ത് വന്നിട്ടുണ്ട്. ഇവരുടെ വിമർശനത്തിൽ സാമൂഹ്യ നീതി യുടെയും ഭരണമര്യാദകളുടെയും പ്രശ്നങ്ങൾ അടങ്ങിയിട്ടുണ്ടെങ്കിലും ഏറ്റവും പ്രധാനമായി അവർ ഊന്നുന്നത് നിയമവും മൗലികാവകാശവും നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും അവഗണിച്ചുകൊണ്ട് പ്രസക്തവും അപ്രസക്തവും ആയ കാര്യങ്ങൾ കൂട്ടിക്കുഴച്ച് എതിർവാദങ്ങൾ നിഷേ ധിക്കാനെങ്കിലും പരിശ്രമിക്കാതെ പ്രസ്താവിച്ച വിധിന്യായത്തിലെ പാക പ്പിഴകളാണ്. സാധാരണ ഇത്തരം പ്രധാനപ്പെട്ട ഒരു കേസ് വിചാരണ ചെയ്യേണ്ടതും അതിൽ വിധി പ്രസ്താവിക്കേണ്ടതും ഭരണഘടനാ ബഞ്ചോ പൂർണബഞ്ചോ ആയിരുന്നു എന്നവർ ചൂണ്ടിക്കാട്ടുന്നു. പ്രശസ്ത ഗ്രന്ഥകാരനും അഗാധ നിയമകാര്യ പണ്ഡിതനും അഭിഭാഷ കനും ആയ എ ജി നൂറാനിയുടെ ഒരു ഉദ്ധരണികൊണ്ട് തൽക്കാലം നമുക്ക് തൃപ്തിപ്പെടാം.

> ഇന്നിപ്പോൾ പ്രസിദ്ധമായ "പണിമുടക്കാനുള്ള അവകാശ"ത്തെ സംബന്ധിച്ച കേസിൽ ആഗസ്ത് ആറിന് ജസ്റ്റീസ് എം ബി ഷായും ജസ്റ്റീസ് എ ആർ ലക്ഷ്മണനും വിധി പ്രസ്താവിച്ചപ്പോൾ ആത്മ നിയന്ത്രണത്തിന്റെ ആവശ്യകതയെ സംബന്ധിച്ച അവബോധ മൊന്നും ആ വിധിയിൽ പ്രകടമായി കാണുകയുണ്ടായില്ല. നിയമ പുസ്തകത്തിലെ നിയമങ്ങൾ ഓരോന്നും ലംഘിക്കപ്പെട്ടു. ആ കേസിന്റെ കാര്യത്തിൽ വിധി പറയുമ്പോൾ താൻ നടത്തേണ്ട ആവശ്യമില്ലാത്ത പല നിരീക്ഷണങ്ങളും ജസ്റ്റീസ് ഷാ അതിനിട യിൽ നടത്തി: യാതൊരു തരംതിരിവുമില്ലാത്ത വിധം സർവ സ്പർശിയാണവ; അനുചിതവുമാണ്. ഇന്നത്തെ കാലത്തിന്റെ അന്തസ്സത്തയ്ക്ക് എതിരായിട്ടാണ് അവ നടത്തപ്പെട്ടത് എന്നു മാത്ര മല്ല. ഇന്ത്യയിലെ സാർവദേശീയ കടപ്പാടുകളടക്കം നിയമത്തിലെ ആധുനിക പ്രവണതകളെക്കുറിച്ച് ധാരണയില്ലാതെയാണ് നടത്ത പ്പെട്ടത്. പണിമുടക്കാനുള്ള അവകാശത്തെക്കുറിച്ച് വാദം കേൾക്കാ തെയാണ് ആ നിരീക്ഷണങ്ങൾ നടത്തിയതെന്ന് ആ വിധി യിൽനിന്ന് കാണാവുന്നതാണ്. കാരണം അവകാശത്തെ കുറി ച്ചുള്ള കേസിനെ സംബന്ധിച്ച് വിധിന്യായത്തിൽ പറയുന്നതേയി ല്ല. ഇത്രമാത്രം പ്രധാന്യമുള്ള ഒരു വിഷയത്തെ സംബന്ധിച്ച് (ഇ വിടെ ചെയ്തതുപോലെ) രണ്ടംഗ ഡിവിഷൻ ബഞ്ചല്ല വിധി പറ യേണ്ടത്.
>
> ടി കെ രംഗരാജനും തമിഴ്നാട് ഗവൺമെന്റും തമ്മിലുള്ള ഈ കേസ് വളരെ ചുരുങ്ങിയ ഒരു വൃത്തിൽ നിന്നുകൊണ്ട് തീരുമാ

9887


നിക്കേണ്ട ജഡ്ജുവായ കേസാണ്. പണിമുടക്കിയ തങ്ങളുടെ ജീവനക്കാരെയെല്ലാം തമിഴ്നാട് ഗവൺമെന്റ് (കോടതി ചൂണ്ടിക്കാണിക്കുന്നതുപോലെ) മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ സർവീസിൽ നിന്ന് പിരിച്ചു വിട്ടു: അവർ ഒരു റിട്ട് പെറ്റീഷനിലൂടെ ആ നടപടിയെ മദിരാശി ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ഒരു സിംഗിൾ ബഞ്ച് നൽകിയ ഇടക്കാല ഉത്തരവിൽ "അന്വേഷണം നടത്താതെ ജീവനക്കാരെ സസ്പെൻഡ് ചെയ്തതും പിരിച്ചുവിട്ടതും മറ്റൊരു ഉത്തരവുണ്ടാകുന്നതുവരെ തൽക്കാലം നിർത്തി വയ്ക്കണമെന്നും അത്തരം ജീവനക്കാരോട് ജോലിക്കു കയറാൻ നിർദേശിക്കണമെന്നും ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. സംസ്ഥാനഗവൺമെന്റ് അപ്പീൽ നൽകി. തമിഴ്നാട് അവശ്യ സർവീസ് നിർത്തൽ നിയമത്തിന്റെയും (എസ്മ 2000) തമിഴ്നാട് ഓർഡിനൻസ്-3ന്റെയും (2003) സാധുതയെ ജീവനക്കാരും ചോദ്യം ചെയ്തു."

അങ്ങനെ ജുഡീഷ്യൽ ആക്ടിവിസവും രാഷ്ട്രത്തോടും സമൂഹത്തോടുമുള്ള ന്യായാധിപന്മാരുടെ പ്രതിബദ്ധതയും കുറഞ്ഞു വരികയും അതോടൊപ്പം ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യത ഇടിഞ്ഞ് വരുകയും ചെയ്യുന്ന ഒരു കാഴ്ചയാണ് 21-ാം നൂറ്റാണ്ടിലെ ഇന്ത്യ സാക്ഷ്യം വഹിക്കുന്നത്. ഈ അധോഗതിയെ തടയാൻ ജനങ്ങളും മാധ്യമങ്ങളും നീതിന്യായ പ്രൊഫഷനും ഒത്തൊരുമിച്ച് പ്രവർത്തിക്കാത്ത പക്ഷം ഭാരതത്തിന്റെ ഭാവി ഇരുണ്ടതായിരിക്കും.





ഇഎംഎസ് ബിടിആർ പി ജി



ഇന്ത്യൻ ഭരണഘടനയും നീതിന്യായവ്യവസ്ഥയും

ഒരു മാർക്സിസ്റ്റ് അന്വേഷണം

നിയമവ്യവസ്ഥയ്ക്ക് വർഗബന്ധങ്ങളുടെ ചരിത്രത്തിൽനിന്നു വ്യത്യസ്തമായ നിലപാടില്ലെന്ന മാർക്സിയൻ കാഴ്ചപ്പാട് സ്ഥാപിച്ചുറപ്പിക്കുന്ന പ്രൗഢഗ്രന്ഥം.

ഇ എം എസിനെതിരായ കോടതിയലക്ഷ്യക്കേസിന്റെ വിധിതീർപ്പുകളുടെ പശ്ചാത്തലത്തിൽ ബി ടി ആർ നടത്തിയ പഠനങ്ങൾ, സുപ്രീംകോടതി ചീഫ് ജസ്റ്റിസിന് ഇ എം എസ് എഴുതിയ തുറന്നകത്ത് എന്നിവ രാഷ്ട്രീയ-ചരിത്ര വിദ്യാർത്ഥികൾക്ക് വിലപ്പെട്ട രേഖകളാണ്.

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം

80 രൂപ